ജനകീയാസൂത്രണം

# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്



# വികസനരേഖ '96



തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്
അഡ്മിനിസ്ട്രേഷൻ മേപ്പ്
1
2
3
4
5
6
7
8
9
10
11
12
13
14
15
16
17
18
19
20
21
22
23
24
25
25A
26
27
28
29
30
31
32
33
34

# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് സർക്കാർ – പൊതു സ്ഥാപനങ്ങൾ

1. കുഞ്ഞോം ബി പി ഒ
2. കുഞ്ഞോം ഗവ. എൽ പി സ്കൂൾ
3. ഐ പി പി. സബ് സെൻറർ, കുഞ്ഞോം
4. കരിമ്പിൽ സാംസ്കാരിക നിലയം
5. ഐ പി പി സബ്സെൻറർ, കരിമ്പിൽ
6. ട്രൈബൽ ഹോസ്റ്റൽ കുഞ്ഞോം.
7. മട്ടിലയം ബി പി ഒ
8. കുഞ്ഞോം എ യു പി സ്കൂൾ, നിരവിൽപുഴ
9. ഫോറസ്റ്റ് സ്റ്റേഷൻ കുഞ്ഞോം.
10. ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസ്.
11. ആയുർവേദ ഡിസ്പെൻസറി നിരവിൽപുഴ
12. ഐ പി പി സബ്സെൻറർ, നിരവിൽപുഴ

12 Aതൊണ്ടനാട് വില്ലേജ് ഓഫീസ്

13. ജി എൽ പി സ്കൂൾ കോറോം
14. കോറോം ടി ബി

14Aപൊലീസ് ഔട്ട് പോസ്റ്റ്, കോറോം

15. കനറാബേങ്ക്
16. ഗ്രാമ വികസന ഓഫീസ്, തൊണ്ടർനാട്
17. പഞ്ചായത്ത് ഓഫീസ്, ലൈബ്രറി, സാംസ്കാരിക നിലയം
18. പ്രാഥമിക ആരോഗ്യകേന്ദ്രം തൊണ്ടർനാട്
19. ബി പി ഒ തൊണ്ടർനാട്
20. എം ടി ഡി എം ഹൈസ്കൂൾ, തൊണ്ടർനാട്
21. ഐ പി പി സബ്സെൻറർ കുന്നേരി
22. തൊണ്ടർനാട് സർവീസ്സഹകരണ ബേങ്ക്
23. കൃഷിഭവൻ
24. ബി പി ഒ മക്കിയാട്
25. മൃഗാശുപത്രി
26. കാഞ്ഞിരങ്ങാട് വില്ലേജ് ഓഫീസ്
27. ഗ്രാമവികസന ഓഫീസ് കാഞ്ഞിരങ്ങാട്
28. എ യു പി സ്കൂൾ വഞ്ഞോട്
29. ബി പി ഒ വഞ്ഞോട്

30 ഐ പി പി സബ്സെൻറർ വഞ്ഞോട്

32. ബി പി ഒ പുതുശ്ശേരി
33. ഐ പി പി സബ്സെൻറർ, ഇണ്ട്യേരിക്കുന്ന്
34. ജി യു പി സ്കൂൾ, തേറ്റമല.



നിങ്ങൾ കണ്ടിട്ടുള്ളതിൽ വെച്ച്
ഏറ്റവും ദരിദ്രനായ,
ഏറ്റവും നിസ്സഹായനായ
മനുഷ്യന്റെ മുഖം
സങ്കല്പിച്ചു നോക്കുക.
എന്നിട്ട് നിങ്ങൾ
ചെയ്യാനുദ്ദേശിക്കുന്ന കാര്യം
അയാൾക്ക്
എന്തെങ്കിലും രീതിയിൽ
പ്രയോജനപ്പെടുമോ എന്ന്
സ്വയം ചോദിച്ചു നോക്കുക.......

-ഗാന്ധിജി


**പത്രാധിപ സമിതി**

ബേബി കാസ്ട്രോ
സത്യൻ കെ
വേണു മുള്ളോട്ട്
ജോൺ പി എ
നാരായണൻ കെ
മുരളീധരൻ എൻ
മത്തായി ഐസക്
ആസ്യാമൊയ്തു
നിശാന്ത് എം കെ

●

**ഭൂപടങ്ങൾ**

ജോൺ പി. എ. (സർവെയർ)
ചന്തു എം എം
മുഖചിത്രം: കോറോം ടി.ബി
ദീപ സ്റ്റുഡിയോ, വെള്ളമുണ്ട


അധികാരം ജനങ്ങളിലേക്ക്

# തൊണ്ടർനാട് ഗ്രാമ പഞ്ചായത്ത് ഭരണസമിതി



പ്രസിഡണ്ട്
**ലക്ഷ്മിസോമൻ**



വൈസ് പ്രസിഡണ്ട്
**ആസ്യാമൊയ്തു**



സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ
**മത്തായി ഐസക്**

**അംഗങ്ങൾ.**

പി കെ കുഞ്ഞമ്മദ് കുട്ടിഹാജി
ഇ എം കുഞ്ഞികൃഷ്ണൻ നായർ
പി കുഞ്ഞബ്ദുള്ള ഹാജി
പി പി മൊയ്തീൻ
സി കെ ചന്തു
കെ വിമലകുമാരി ടീച്ചർ
സഫിയാ അലി

# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്
# സ്റ്റാൻറിംഗ് കമ്മിറ്റി

---

**ചെയർമാൻ:**

**മത്തായി ഐസക്ക്**

**അംഗങ്ങൾ**

**പി കെ കുഞ്ഞഹമ്മദ്കുട്ടിഹാജി**
**പി പി മൊയ്തീൻ**
**സി കെ ചന്തു**
**സഫിയാ അലി**

# വികസനരേഖ തയ്യാറാക്കിയ കോർഗ്രൂപ്പ്

-----------------------------

**കൺവീനർ: കെ. സത്യൻ**

**1. കൃഷിജലസേചനം**

------

അനിൽകുമാർ. കെ (കൺവീനർ)
ജോൺ പി.എ.
കുഞ്ഞമ്മത്. കെ.
മത്തായി ഐസക്
ബാബു. പി.എ.
ബാബു. പി.എം.

**2. ഗതാഗതം ഊർജം മാർക്കറ്റ്**

---------------------

വേണു മുള്ളോട്ട് (കൺവീനർ)
കുഞ്ഞിക്കൃഷ്ണൻ കെ.ടി.
കുഞ്ഞമ്മത്കുട്ടി ഹാജി

**3. മൃഗസംരക്ഷണം മത്സ്യകൃഷി**

-----------

ബേബി കാസ്ട്രോ (കൺവീനർ)
ഡോ. ജയചന്ദ്രൻ
സഫിയ ആലി
മുഹമ്മദലി വി.പി.

**4. പാർപ്പിടവും സാമൂഹ്യക്ഷേമം**

---------------------

നാരായണൻ കെ. (കൺവീനർ)
ഗംഗാധരൻ ടി. എം

**5. വിദ്യാഭ്യാസം**

---------

രാജൻ. ടി. (കൺവീനർ)
സുരേഷ് പി.കെ.
കുഞ്ഞിക്കൃഷ്ണൻ നായർ ഇ.എം.
ബേബി എം.എ.
പ്രമോദ് എസ്.

**6. സംസ്ക്കാരം**

----------

പൗലോസ് ഒ.വി. (കൺവീനർ)
ഫാ. വിൻസൻറ്
മോഹനൻ എം.ഐ.

**7. കുടിവെള്ളം-പെതുജനാരോഗ്യം**

-----------------------

എ. കെ. ശങ്കരൻ (കൺവീനർ)
സന്തോഷ് ശേഖർ
വിമലകുമാരി കെ.
മാലതി പി.പി
രവിന്ദ്രൻ എം.കെ.
ഡോ. കുമാരൻ നമ്പൂതിരി

**8. വനിത**

----------

വിജയഭാരതി ഒ.വി. (കൺവീനർ)
ആസ്യ മൊയത്
ശിവരാമപിള്ള എ.എം.
പി. കുഞ്ഞബ്ദുള്ള ഹാജി

**9. വ്യവസായം, പ്ലാൻേരഷൻ**

------

നിശാന്ത്. എം. കെ. (കൺവീനർ)
മൊയ്തീൻ. പി.പി.
ശങ്കരൻ എ. എം.

**10. സഹകരണമേഖല**

-----------

റഹിം. കെ (കൺവീനർ)
ഇബ്രാഹിം വി.
ശിവദാസൻ. ഇ.പി.

**11. പട്ടികജാതി-പട്ടികവർഗ്ഗം**

-------------------------

ചന്തു. എം.എം. (കൺവീനർ)
ലക്ഷ്മി സോമൻ
ചന്തു. സി.കെ.
മുരളീധരൻ. എൻ.
സക്കീർ ഹുസൈൻ. വി

**12. വിഭവസമാഹരണം**

---------------

രാജപ്പൻ. ഒ.എൻ.
മനോജ് എ.പി.
മധുസൂദനൻ

# താളുകൾ മറിക്കുമ്പോൾ


1. അഭിമാനത്തോടെ, വിനയത്തോടെ........................................
2. പഞ്ചായത്ത് ഒറ്റ നോട്ടത്തിൽ........................................
3. സാമൂഹ്യ സാംസ്കാരിക ചരിത്രം........................................
4. ഭൂജല-ജന- പ്രകൃതി........................................
5. വികസന മേഖലകൾ........................................
    1. കൃഷിയും ജലസേചനവും........................................
    2. മൃഗ സംരക്ഷണം, മത്സ്യകൃഷി........................................
    3. വിദ്യാഭ്യാസം........................................
    4. കുടിവെള്ളവും പൊതുജനാരോഗ്യവും........................................
    5. വ്യവസായം, പ്ലനേറഷൻ, ടൂറിസം........................................
    6. ഗതാഗതവും ഊർജവും........................................
    7. പാർപ്പിടവും സാമൂഹ്യക്ഷേമവും........................................
    8. സംസ്കാരം, കായികരംഗം........................................
    9. വനിത........................................
    10. സഹകരണമേഖല........................................
    11. പട്ടികജാതി പട്ടികവർഗക്ഷേമം........................................
    12. വിഭവസമാഹരണം........................................

# 1. അഭിമാനത്തോടെ.... വിനയത്തോടെ

ഒമ്പതാം പഞ്ചവത്സര പദ്ധതി ജനാധിപത്യപരമായും, വികേന്ദ്രീകൃതമായും, ജന പങ്കാളിത്തത്തോടെയും ആസൂത്രണം ചെയ്യാനുള്ള മഹത്തായ പ്രവർത്തനങ്ങൾ കേരളത്തിലാകമാനം നടന്നവരികയാണല്ലോ. ആസൂത്രണ പ്രക്രിയയിൽ ഇത്തരമൊരു സംരഭം ലോകചരിത്രത്തിൽ തന്നെ ഇദം പ്രഥമാണെന്ന് കരുതപ്പെടുന്നു. സ്വന്തം ഭാഗധേയം സ്വയം നിർണ്ണയിക്കുവാനുള്ള ജനങ്ങളുടെ അവകാശത്തെയാണല്ലോ ജനാധിപത്യം എന്നതുകൊണ്ട് വിവക്ഷിക്കുന്നത്. ഭരണപരവും സാമ്പത്തികവുമായ നിർവഹണ പ്രക്രിയയിൽ സാർത്ഥമായി ഇടപെടാനുള്ള അവസരം ലഭിക്കുമ്പോൾ മാത്രമേ ജനധിപത്യം പൂർണമാവുന്നുള്ളൂ. അതിനുള്ള രാഷ്ട്രീയ ഇച്ഛാശക്തയാണ് 'ഒമ്പതാം പദ്ധതി, ജനകീയ പദ്ധതി"യായി പ്രഖ്യാപിച്ചതിലൂടെ കേരള സർക്കാർ പ്രകടിപ്പിച്ചിരിക്കുന്നത്.

അവികസിത ജില്ലയായ വയനാട്ടിലെ പിന്നോക്ക പഞ്ചായത്തുകളിൽ ഒന്നായ തൊണ്ടർനാടും ഒട്ടേറെ പരിമിതികൾക്കിടയിലും ഈ ചരിത്ര പ്രക്രിയയിൽ ആവേശപൂർവം പങ്കാളികളാവുക തന്നെയാണ്. 1996- സപ്തംബർ 9,10 11 തീയതികളിൽ മാനന്തവാടിയിൽ വെച്ച് നടന്ന ജില്ലാ തല ജനകീയാസൂത്രണ പരിശീലനത്തിൽ നമ്മുടെ പഞ്ചായത്തിൽ നിന്നും ഒമ്പത് പേർ പങ്കെടുത്തു. തുടർന്ന് 17-9-96ന് കോറോത്ത് വെച്ചു നടന്ന പഞ്ചായത്ത് തല ഏക ദിന ശില്പശാലയിൽ 54 പേർ സംബന്ധിച്ചു.

### ഗ്രാമസഭകൾ

പഞ്ചായത്തിലെ പത്തു വാഡുകളിലും സാമാന്യം വിജയകരമായി ഗ്രാമസഭകൾ ചേർന്നു. ശരാശരി 151പേർ ഓരോ ഗ്രാമസഭയിലും പങ്കെടുത്തു. ഏറ്റവും കുറവ് 116 പേരും ഏറ്റവും കൂടുതൽ 243 പേരുമാണ്. യഥാക്രമം മൂന്നും ആറും വാഡുകളിൽ 24-9-96 മുതൽ 6-10-96 വരെയുള്ള കാലയളവിലാണ് ഗ്രാമസഭകൾ ചേർന്നത്. ദ്വിതീയ സ്ഥിതി വിവരങ്ങൾക്കനുസൃതമായി 3 സ്ക്വാഡുകൾ രൂപീകരിച്ചു. ദ്വിതീയ വിവര ശേഖരണത്തിനായി വിവിധ സർകാർ ആപ്പീസുകൾ കയറിയിറങ്ങിയ പ്രവർത്തകർക്ക് പലപ്പോഴും നിരാശാജനകമായ അനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്.

### രണ്ടാംഘട്ട- ജില്ലാതല പരിശീലനം

ഒക്ടോബർ 23, 24, 25 തീയതികളിൽ മാനന്തവാടിയിൽ വെച്ചു നടന്നു. ഇതിൽ പഞ്ചായത്തിൽ നിന്ന് 10 പേർ പങ്കെടുത്തു. രണ്ടാം ഘട്ട ഏകദിന പഞ്ചായത്തുതല പരിശീലനം 8-11-96 ന് നടന്നു. 54 പേർ ഈ പരിശീലനത്തിൽ പങ്കാളികളായി. ഒന്നാം ഘട്ടത്തിൽ പങ്കെടുത്ത 19 പേർ രണ്ടാം ഘട്ടത്തിൽ ഉണ്ടായിരുന്നില്ല. എന്നാൽ അത്രയും പുതിയ അംഗങ്ങൾ ഈ പരിശീലനത്തിൽ പങ്കെടുത്തു. വിവിധ സർകാർ വകുപ്പുകളിൽ കാലാകാലങ്ങളിലായി ശേഖരിച്ചു വച്ചിരിക്കുന്ന സ്ഥിതി വിവരണകണക്കുകൾ വസ്തുതകളുമായി വിദൂര ബന്ധം പോലുമില്ലെന്ന കണ്ടെത്തൽ പ്രാഥമിക സ്ഥിതി വിവര ശേഖരണത്തിൻെറ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടി പ്രാഥമിക വിവര ശേഖരണത്തിനായി ഉപയോഗിച്ച പട്ടികയുടെ മാതൃക ഇവിടെ ചേർക്കുന്നു.

വാർഡ് നമ്പർ :
വീട്ടുനമ്പർ മുതൽ വരെ.

# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്

പ്രാഥമിക സ്ഥിതിവിവര പട്ടിക - 1996 -

ഗ്രൂപ്പ് നമ്പർ :

| ക്രമനമ്പർ | വീട്ടുനമ്പർ | ഗൃഹനാഥന്റെ പേരും വീട്ടുപേരും | 1. പട്ടികജാതി - SC / 2. പട്ടികവർഗ്ഗം ST } ആണോ? | അംഗങ്ങളുടെ എണ്ണം: പു. | സ്ത്രീ | കുട്ടികൾ (18 വയസ്സിൽ താഴെ) | കൃഷി - നിലം | | | | | | | | | | | കരഭൂമി | | | | | | | | | | | | | പച്ചക്കറി | | | കൃഷിഭവൻ | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | 16 | 17 | 18 | 19 | 20 | 21 | 22 | 23 | 24 | 25 | 26 | 27 | 28 | 29 | 30 | 31 | 32 | 33 | 34 | 35 | 36 | 37 | 38 | 39 | 40 | 41 | 42 |

— 2 —

വിവരങ്ങൾ ശേഖരിച്ചവരുടെ } 1.
പേരും ഒപ്പും } 2.

| ക്രമനമ്പർ | വിദ്യാഭ്യാസം | | | | | | തൊഴിൽ | | | | | | | | | | | | | പാർപ്പിടം | | | | | | | | | | | | | | | | | | സാമൂഹ്യക്ഷേമം | | | | | | | | | | മൃഗസംരക്ഷണം | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| 43 | 44 | 45 | 46 | 47 | 48 | 49 | 50 | 51 | 52 | 53 | 54 | 55 | 56 | 57 | 58 | 59 | 60 | 61 | 62 | 63 | 64 | 65 | 66 | 67 | 68 | 69 | 70 | 71 | 72 | 73 | 74 | 75 | 76 | 77 | 78 | 79 | 80 | 81 | 82 | 83 | 84 | 85 | 86 | 87 | 88 | 89 | 90 | 91 | 92 | 93 | 94 | 95 | 96 | 97 | 98 | 99 | 100 | 101 | 102 | 103 |

10

എന്നാൽ ആസൂത്രണത്തിനാവശ്യമായ മുഴുവൻ സ്ഥിതി വിവരണങ്ങളും പരിമിതമായ സമയത്തിനുള്ളിൽ ശേഖരിക്കേണ്ടി വന്നതും, ജനങ്ങളുടെ അജ്ഞത മൂലം ശരിയായ വിവിരങ്ങൾ നലകാതിരുന്നതും ഈ ഉദ്യമത്തെ ദുഷ്കരമാക്കി. എങ്കിലും പത്ത് വാർഡുകളിലും സന്നദ്ധ പ്രവർത്തകരുടെ നേതൃത്വത്തിൽ പത്തു വീതം സ്ക്വാഡുകൾ വീടു വീടാന്തരം കയറിയിറങ്ങി, ശ്രമകരമായി ഈ ജോലികൾ പൂർത്തീകരിച്ചു.

1-11-96ന് പുനരർപ്പണ ദിനത്തിൻെറ ഭാഗമായി മിക്ക വാർഡുകളിലും നിർമ്മാണപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്. പഞ്ചായത്ത്തലത്തിൽ നെല്ലേരി-പെർളോം റോഡിൻെറ പണി ജില്ലാ പഞ്ചായത്ത് മെമ്പർ ശ്രീമതി. സി. യു. ഏലമ്മ ഉദ്ഘാടനം ചെയ്തു. കോറോം-പാലേരി റോഡിൻെറ കാടുവെട്ടൽ പ്രവൃത്തി ഹൈസ്കൂൾ വിദ്യാർത്ഥികളും അദ്ധ്യാപകരും ചെയ്തു. ചുരുളി -പാമ്പോള റോഡ്, കുഞ്ഞോം-വളക്കോടിതാഴെ റോഡ്, തുമ്പശ്ശേരിമുക്ക്-നീലോം റോഡ് എന്നിവയും അന്നേദിവസം പ്രവൃത്തി നടക്കുന്നവയാണ്.

പഞ്ചായത്തിൻെറ ഭൂപ്രകൃതി പഠനത്തിനായി 11 അംഗ സംഘം 11-11-96ന് കാലത്ത് ചരിത്ര പ്രാധാന്യമുള്ള കുങ്കിച്ചിറയുടെ പടിഞ്ഞാറ് ഭാഗത്തെ നിബിഡവനത്തിൽ നിന്ന് ആരംഭിച്ച് കുങ്കിച്ചിറ വഴി കിഴക്കോട്ട് സഞ്ചരിച്ച് പഞ്ചായത്തിൻെറ കിഴക്കെ അതിർത്തിയിലുള്ള നാരോച്ചാലിൽ വൈകുന്നേരം 6 മണിക്ക് എത്തിച്ചേർന്നു.

പഠനപര്യടന ഭൂപടം



വിവിധ വികസനതുറകളെ ആസ്പദമാക്കി. രൂപീകരിച്ച 12 കോർഗ്രൂപ്പുകൾ ഗ്രാമസഭാ ചർച്ചകൾ, പ്രാഥമിക-ദ്വിതീയ സ്ഥിതി വിവരങ്ങൾ, കാരണവർ ചർച്ചകൾ, വാമൊഴിയായും വരമൊഴിയായും ലഭിച്ച ചരിത്ര വസ്തുതകൾ പഠന പര്യടനത്തിലൂടെ ലഭിച്ച വിവരങ്ങൾ എന്നിവയുടെയെല്ലാം അടിസ്ഥാനത്തിൽ തയ്യാറാക്കിയ വികസന റിപ്പോർട്ടാണിത്.

സ്ഥായിയും, സന്തുലിതവും, നീതിപൂർവവുമായ സമഗ്രവികസനത്തിനുള്ള ജനകീയവും വികേന്ദ്രീകൃതവുമായ ആസൂത്രണത്തിൻെറ ചാലക ശക്തിയായി വർത്തിക്കേണ്ട ജനസാമാന്യത്തിനു മുന്നിൽ അഭിമാനത്തോടും വിനയത്തോടുംകൂടി ഈ രേഖ സമർപ്പിക്കുന്നു.

## 2. നമ്മുടെ പഞ്ചായത്ത്-ഒറ്റനോട്ടത്തിൽ

| | | |
|---|---|---|
| പേര് | - | തൊണ്ടർനാട് |
| ഉൾപ്പെടുന്ന വില്ലേജുകൾ | - | തൊണ്ടർനാട്, കാഞ്ഞിരങ്ങാട് |
| ബ്ലോക്ക് പഞ്ചായത്ത് | - | മാനന്തവാടി |
| ഡിവിഷൻ | - | തൊണ്ടർനാട് |
| ജില്ലാ പഞ്ചായത്ത് | - | വയനാട് |
| അസംബ്ലി മണ്ഡലം | - | വടക്കെവയനാട് |
| ഡിവിഷൻ | - | തൊണ്ടർനാട് |
| ലോകസഭാമണ്ഡലം | - | കണ്ണൂർ |
| താലൂക്ക് | - | മാനന്തവാടി |
| വാഡുകളുടെ എണ്ണം | - | 10 |
| വിസ്തീർണ്ണം | - | 131.15 ച.കി.മീ |
| ജനസംഖ്യ | - | 19639 |
| ആണുങ്ങൾ | - | 9893 |
| പെണ്ണുങ്ങൾ | - | 9746 |
| ജനസാന്ദ്രത | - | 150.00 / ച. കി. മീ |

## ജനപ്രതിനിധികൾ

| | | |
|---|---|---|
| ലോകസഭാംഗം | - | ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ |
| നിയമസഭാംഗം | - | ശ്രീമതി രാധാരാഘവൻ |
| ജില്ലാ പഞ്ചായത്ത് അംഗം | - | ശ്രീമതി സി. യു. ഏലമ്മ |
| ബ്ലോക്ക് പഞ്ചായത്ത് അംഗം | - | ശ്രീ. പടയൻ അബ്ദുള്ള |

## സാക്ഷരത

| | | |
|---|---|---|
| ആകെ | - | 13832 |
| ശതമാനം | - | 70.43 |
| ആണുങ്ങൾ | - | 7488 |
| ശതമാനം | - | 75.68 |
| പെണ്ണുങ്ങൾ | - | 6344 |
| ശതമാനം | - | 65.09 |

## പട്ടികജാതി

| | | |
|---|---|---|
| ജനസംഖ്യ | - | 469 (2.38% |
| ആണുങ്ങൾ | - | 224 |
| പെണ്ണുങ്ങൾ | - | 245 |

## പട്ടിക വർഗ്ഗം

| | | |
|---|---|---|
| ജനസംഖ്യ | - | 3711 (18.89%) |
| ആണുങ്ങൾ | - | 1874 |
| പെണ്ണുങ്ങൾ | - | 1837 |

| | | |
|---|---|---|
| പഞ്ചായത്ത് പ്രസിഡണ്ട് | - | ശ്രീമതി ലക്ഷ്മി സോമൻ |
| വൈ.പ്രസിഡണ്ട് | - | ശ്രീമതി അഡ്വ മൊയ്തു. |
| സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ | - | ശ്രീമതി മത്തായി ഐസക് |

## അതിരുകൾ

| | | |
|---|---|---|
| വടക്ക് | - | തവിഞ്ഞാൽ പഞ്ചായത്ത്, കണ്ണൂർ ജില്ല. |
| തെക്ക് | - | കോഴിക്കോട് ജില്ല. |
| കിഴക്ക് | - | എടവക, വെള്ളമുണ്ട പഞ്ചായത്തുകൾ |
| പടിഞ്ഞാറ് | - | കോഴിക്കോട്, കണ്ണൂർ ജില്ലകൾ |

# 3. സാമൂഹ്യ സാംസ്കാരിക ചരിത്രം

സൂര്യനസ്തമിക്കാത്ത ബ്രിട്ടീഷ് സാമ്രാജ്യത്തോട് അവസാനശ്വാസംവരെ പൊരുതി വീരമൃത്യു വരിച്ച കേരളവർമ്മ പഴശ്ശിരാജാവിൻെറ മായാത്ത പാദമുദ്രകൾ പതിഞ്ഞതാണ് തൊണ്ടർനാട്ടിലെ മണ്ണ്. സ്വാശ്രയ വികസനത്തിനു വേണ്ടിയുള്ള നമ്മുടെ പരിശ്രമങ്ങളിൽ , സ്വന്തം മണ്ണിനെയും മനുഷ്യനെയും സ്നേഹിച്ച ആ ധീര ദേശാഭിമാനിയുടെ സ്മരണ നമുക്ക് വഴികാട്ടട്ടെ.

കോട്ടയം ഭരണകാലത്തെ വയനാട്ടിലെ പത്തു നാടുകൾ-മൂത്തോർനാട്, ഇളംകൂർനാട്, വയനാട് സ്വരൂപം, പൊരുന്നന്നൂർ സ്വരൂപം, നല്ലൂർനാട്, കുറുമ്പാലനാട്, എടനാടലംക്കൂർ, തൊണ്ടർനാട്, വേലിയമ്പം, പാക്കംസ്വരൂപം ഇവയായിരുന്നു.

നെല്ലിയോട് തിരുമുൽപ്പാടിനവകാശപ്പെട്ട തൊണ്ടർനാടിൻെറ ഭരണം നടത്തിയത് തൊണ്ടർ നമ്പിയാരായിരുന്നു. തൊണ്ടർനമ്പിയാർ ഭരിച്ച നാടിന് തൊണ്ടർനാട് എന്നു പേർസിദ്ധിച്ചു.

1797 ഏപ്രിൽ 21-ന് ബോംബെ ഗവർണറായിരുന്ന ജോനാഥൻ ഡങ്കന് പഴശ്ശി സന്ദേശമയച്ചത് നമ്മുടെ പഞ്ചായത്തിൻെറ ആസ്ഥാനമായ കോറോത്തു നിന്നായിരുന്നു. ആ സന്ദേശം ഒരു സമാധാന ശ്രമമായിരുന്നു.

Foregn Political consultation .NO 54-1977 july 10

പക്ഷേ അത് ഉദ്ദേശിച്ച ഫലം ചെയ്തില്ല. യുദ്ധം തുടങ്ങി. കുറ്റ്യാടിചുരം വഴി അഞ്ച് കമ്പനി നാടൻ ശിപായികളും ഒരു കമ്പനി യൂറോപ്യൻ സൈനികരും മേജർ ഹൗഡൻെറ നേതൃത്വത്തിൽ തൊണ്ടർ നാടിൽ എത്തിയിരുന്നു. ഇതു

പോലെ പഴശ്ശി ചരിത്രവുമായി ബന്ധപ്പെട്ട നിരവധി സ്ഥലങ്ങൾ വയനാട്ടിലെ മറ്റിടങ്ങളിലെപ്പോലെ നമ്മുടെ പഞ്ചായത്തിലുമുണ്ട്.

1805 നവംബർ 30ന് വീരപഴശ്ശിയുടെ ചരമത്തോടെ തൊണ്ടർനാട് ബ്രിട്ടീഷുകാരുടെ അധീനതയിലായി. 1863 ജനുവരിയിൽ ഫോർട്ട് സെൻറ് ജോർജജ് ഗസറ്റ് ഉത്തരവു പ്രകാരം തൊണ്ടർനാട് അംശം നിലവിൽ വന്നു.

1877-ൽ അന്നത്തെ മലബാർ കലക്ടർ ആയിരുന്ന വില്യം ലോഗൻ മാനന്തവാടിയിലേക്കു വന്നത് കുറ്റ്യാടി ചുരം വഴി കയറി തൊണ്ടർനാട്ടിലൂടെയാണ്. അദ്ദേഹം കോറോം ടി ബിയിൽ താമസിക്കുകയും ഈ പ്രദേശത്തെ കൃഷി, ഭൂപ്രകൃതി, സസ്യജാലങ്ങൾ, ജനങ്ങളുടെജീവിത രീതി എന്നിവ അദ്ദേഹത്തിൻെറ വിഖ്യാത ചരിത്ര-പഠന ഗ്രന്ഥമായ മലബാർ മാന്വലിൽ രേഖപ്പെടുത്തിയിട്ടുമുണ്ട്. കോറോം പൊലീസ് സറ്റേഷൻ അന്ന് ഉണ്ടായിരുന്നതായും രേഖപ്പെടുത്തിയിട്ടുണ്ട്. 1881-ലെ സെൻസസ് പ്രകാരം മലബാർ ജില്ലയിൽ ശരാശരി ജനസാന്ദ്രത ചതുരശ്രനാഴികക്ക് 272 ആയിരുന്നപ്പോൾ വയനാട്ടിൽ 92 ആയിരുന്നു. ആൾപാർപ്പുള്ള വീടുകളിലെ ശരാശരി അംഗസംഖ്യ മലബാർ ജില്ലയിൽ 5.8 ആയിരുന്നപ്പോൾ വയനാട്ടിൽ 10.1 ആയിരുന്നു. ഇതു രണ്ടും മലബാർ ജില്ലയിലെ ഇതരപ്രദേശങ്ങളെ അപേക്ഷിച്ച് യഥാക്രമം ഏറ്റവും കുറവും ഏറ്റവും കൂടുതലും ആയിരുന്നു.

ദേശീയ സ്വാതന്ത്ര്യ സമര പ്രസ്ഥാനവുമായി ബന്ധപ്പെട്ട സുപ്രധാന സംഭവങ്ങൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ നടന്നതായി അറിവില്ല. എങ്കിലും വയനാടൻ ഗാന്ധി എന്നറിയപ്പെട്ടിരുന്ന ശ്രീ കെ പി കൃഷ്ണൻനായർ ദേശീയ പ്രസ്ഥാനത്തെ നയിച്ച വയനാട്ടുകാരിൽ പ്രമുഖനായിരുന്നു. ഇദ്ദേഹത്തിൻെറ സ്മരണ നിലനിർത്തുന്ന സാംസ്കാരിക സ്ഥാപനമാണ് നിരവിൽ പുഴയിലെ ശ്രീ കെ പി കൃഷ്ണൻ നായർ സ്മാരക വായനശാല.

സ്വാതന്ത്ര്യാനന്തരം കേരളത്തിലാകെ അലയടിച്ച ജന്മിത്തവിരുദ്ധ സമരത്തിൻെറ അലയൊലികൾ ഇവിടെയുമുണ്ടായിട്ടുണ്ട്. 1950 കളിൽ പാട്ട വ്യവസ്ഥക്കെതിരായ പ്രതിഷേധങ്ങൾ അങ്ങിങ്ങ് ഉയരുകയുണ്ടായി. 50 കളിലെയും മറ്റും ശക്തമായ കുടിയേറ്റമാണ് എടുത്തുപറയേണ്ട മറ്റൊരു വസ്തുത. 1963-ൽ രൂപീകൃതമായ ഈ പഞ്ചായത്തിൻെറ ആദ്യപ്രസിഡണ്ട് സ്വാതന്ത്ര്യ സമരസേനാനിയും സാമൂഹ്യ പ്രവർത്തകനുമായിരുന്ന കെ പി കൃഷ്ണൻ നായർ ആയിരുന്നു. അദ്ദേഹത്തിനു പുറമെ സർവശ്രീ കുഞ്ഞായൻ കുട്ടി, ചെറിയവെളുക്കൻ, എ സി മമ്മുട്ടിഹാജി, പി സി തർവ്വയി, ജോസഫ് പുല്ലാട്ട്തടത്തിൽ തോമസ് പി സി എന്നിവരായിരുന്നു ഭരണസമിതിയിലെ അംഗങ്ങൾ. അതിനുശേഷം സർവശ്രീ:- ഒ വി പൗലോസ്, കെ കുഞ്ഞബ്ദുള്ള, എം പി കുര്യാക്കോസ്, പി ഇബ്രാഹിംഹാജി, പി കുഞ്ഞബ്ദുല്ലഹാജി എന്നിവർ പ്രസിഡണ്ടുമാരായിട്ടുണ്ട്. ഈ സ്ഥാനത്തെത്തുന്ന ആദ്യ വനിത ഇപ്പോഴത്തെ പ്രസിഡണ്ട് ശ്രീമതി ലക്ഷ്മീ സോമനാണ്.

അവലംബം: ലോഗൻെറ 'മലബാർമാന്വൽ' ഒ കെ ജോണിയുടെ വയനാടിൻെറ സാംസ്കാരിക ഭൂമിക

■

# 4. ഭൂ-ജല-ജനപ്രകൃതി

## ഭൂപ്രകൃതി

പശ്ചിമഘട്ടത്തിലെ ബാണാസുര മലനിരകളുടെ ചാരത്ത് സ്ഥിതിചെയ്യുന്ന ഭൂവിഭാഗമാണ് തൊണ്ടർനാട്. വയനാട് ജില്ലയിലെ വിസ്തൃതമായ പഞ്ചായത്തുകളിൽ ഒന്നായ തൊണ്ടർനാടിന് 131.15 ച.കി.മീ വിസ്തീർണ്ണമാണുള്ളത്. എന്നാൽ മൊത്തം ഭൂവിസ്തൃതിയുടെ 56ശതമാനവും വനഭൂമിയാണ്. രണ്ട് ശതമാനം മറ്റ് സർക്കാർ ഭൂമിയും. കഴിച്ച് 42ശതമാനം മാത്രമേ കൃഷിഭൂമിയുള്ളു. മൊത്തം കൃഷിഭൂമിയിൽ 14ശതമാനം നിലവും 86 ശതമാനം കരഭൂമിയുമാണ്. വയനാട് ജില്ലയുടെ പടിഞ്ഞാറെ അരികിൽകിടക്കുന്ന ഈ പഞ്ചായത്തിൻെറ തെക്കും പടിഞ്ഞാറും വന നിബിഡമായ ഭൂമിയും വടക്ക് തവിഞ്ഞാൽ പഞ്ചായത്തും കണ്ണൂർ ജില്ലയിൽ ഉൾപ്പെട്ട വനപ്രദേശവുമാണ്. കിഴക്ക് എടവക, വെള്ളമുണ്ട പഞ്ചായത്തുകളാണ്.

തൊണ്ടർ നാട് പഞ്ചായത്തിൽ ഭൂരിഭാഗവും നിമ്നോന്നതങ്ങളായ പ്രദേശങ്ങളാണ്. ഫലപുയിഷ്ഠി കുറഞ്ഞതും കല്ലും കലർന്നതുമായ ചെമ്മണ്ണാണ് മിക്കവാറും എല്ലായിടത്തും കാണുന്നത്. വയലുകളിലെ മണ്ണ് മണൽ കലർന്ന് പശിമകുറഞ്ഞതും വേഗം വരണ്ട് പോകുന്നതുമാണ്.

1. കുന്നുകൾ
2. ചരിവ്തലം
3. ചെറിയതും ഇടുങ്ങിയതുമായ താഴ്വര
4. ചെറുപുഴകളും തോടുകളും
5. ചതുപ്പുകൾ
6. വയലുകൾ

എന്നിങ്ങനെ പഞ്ചായത്തിലെ ഭൂപ്രകൃതിയെ ആറായി തരംതിരിക്കാം. സമുദ്ര നിരപ്പിൽ നിന്നും ഏകദേശം 800 മീറ്റർ ഉയരത്തിൽ സ്ഥിതിചെയ്യുന്ന ഭൂവിഭാഗമാണ് ഇത്.

### മൺതരങ്ങൾ

കരഭൂമിയിലെ മിക്കവാറും സ്ഥലങ്ങൾ കല്ലുകലർന്ന ചെമ്മണ്ണാണ്. അടുക്കടുക്കായും ഒറ്റപ്പെട്ടും കാണുന്ന കല്ലുകൾ മണ്ണിന് ഇളക്കവും ജലസംഭരണശേഷിയും വർദ്ധിപ്പിക്കുന്നു. കിഴക്കോട്ട് ചരിഞ്ഞ ഭൂമി ഫലഭൂയിഷ്ടവും ജലാഗിരണശേഷിയുള്ളതുമാണ്. ഏറ്റവും മോശമായത് പടിഞ്ഞാറോട്ടു ചരിഞ്ഞ ഭൂമിയാണ്.




വയലിലേത് മണൽ കലർന്ന ചെളിമണ്ണാണ്. ഇതു പൊതുവെ ജൈവാംശം കുറഞ്ഞതും വേഗം വരളുന്ന സ്വഭാമുള്ളതുമാണ്.

### ജലപ്രകൃതി

വനനിബിഡമായ മലകളിൽ നിന്നുത്ഭവിക്കുന്ന പുഴകളാലും തോടുകളാലും സമൃദ്ധമാണ് തൊണ്ടർനാട്. ചെറുമുണ്ടേരി വനത്തിൽ നിന്ന് ഉത്ഭവിച്ച് മക്കിയാട്, മരച്ചുവട്, മാമ്പട്ടി വഴി എത്തുന്ന പുഴയും കോളിപ്പാട് മലയിൽ നിന്നുത്ഭവിച്ച് നിരവിൽപുഴ, നെല്ലിയേരി വഴി എത്തുന്ന പുഴയും പാലേരി ഇരുമ്പകക്കടവിൽ സംഗമിക്കുന്നു. വീണ്ടും വടക്കോട്ടൊഴുകി പഞ്ചായത്തിൻെറ വടക്കുകിഴക്കെ അതിർത്തിയിലെത്തി തവിഞ്ഞാൽ പഞ്ചായത്തിലേക്കൊഴുകുന്നു. ഇതു കൂടാതെ ചില്ല തോടുകളും അനേകം കുളങ്ങളും ഈ പഞ്ചായത്തിലുണ്ട്.

### കാലാവസ്ഥ

വയനാട്ടിലെ ഇതരപ്രദേശങ്ങളെപ്പോലെ തന്നെ കേവലം മൂന്ന് ദശാബ്ദങ്ങൾക്ക് മുമ്പ് കഠിനശൈത്യം അനുഭവപ്പെട്ടിരുന്ന സ്ഥലമാണ് തൊണ്ടർനാട്. എന്നാൽ ക്രമമായി ഈ കാലാവസ്ഥ മാറിവരുകയും ഇക്കാര്യത്തിൽ സമീപ ജില്ലകളോട് താദാത്മ്യം പ്രാപിച്ച് വരികയും ചെയ്യുന്നു.വർദ്ധിച്ചു വരുന്ന ജനസാന്ദ്രത വ്യാപകമായ വന നശീകരണം എന്നിവയൊക്കെ ഇതിനു കാരണമായിട്ടുണ്ട്. വൈകിയെത്തുന്ന മഴയും വന്നാൽ തുടർച്ചയായി പെയ്യുന്ന സ്ഥിതിയുമാണ് ഇപ്പോഴുള്ളത്.

### മഴലഭ്യത

| വർഷം | മഴ | പെയ്ത ദിനം |
|---|---|---|
| 1994-95 | 174.58 ഇഞ്ച് | 128 |
| 1995-96 | 129.79 ഇഞ്ച് | 23 |
| 1996oct31 വരെ | 143.94 ഇഞ്ച് | 86 |

### ജനപ്രകൃതി

1991 സെൻസസ് പ്രകാരം തൊണ്ടർനാട്ടിലെ ജനസംഖ്യ 19639 ആണ്. ഇതിൽ ആണുങ്ങൾ

ജനസംഖ്യ 19639 ആണ്. ഇതിൽ ആണുങ്ങൾ 9893 ഉം പെണ്ണുങ്ങൾ 9746 ഉം ആകുന്നു. സ്ത്രീകളെക്കാൾ പുരുഷന്മാരാണ് കൂടുതൽ ഇത്സാമൂഹ്യ പിന്നോക്കാവസ്ഥയുടെ ഒരു സൂചകമാണെന്ന് അറിയാമല്ലോ. 131.15 ച. കി. മി. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിലെ ജനസാന്ദ്രത ച. കി. മീറ്ററിന് 150 ആണ്. വിസ്തൃതിയിൽ പകുതിയിലേറെ വനഭൂമിയാണെന്നതിനാലാണ് ജനസാന്ദ്രത ഇത്രയും കുറവായത്. ജനസംഖ്യയുടെ 2.38% പട്ടികജാതിക്കാരാണ് 469പേർ 18.89% പട്ടിക വർഗ്ഗക്കാരും 3711 പേർ. ഇവരിൽ പട്ടിക ജാതി സ്ത്രീകൾ 245 ഉം ആണുങ്ങൾ 224ഉം ആണ്. പട്ടികവർഗ്ഗ സ്ത്രീകൾ 1837-ഉം പുരുഷന്മാർ 1874 ഉം ആണ്

ആകെ സാക്ഷരർ 13832 ആണ്. ഇത് മൊത്തം ജനസംഖ്യയുടെ 70.43 % വരും. സാക്ഷരിൽ പുരുഷന്മാർ 75.65% സ്ത്രീകൾ 65.09 % ആണ് ഇവരിൽ ഗണ്യമായൊരു വിഭാഗം 1990-ലെ സാക്ഷരതാ യജ്ഞത്തിലൂടെ സാക്ഷരർ ആയവരാണ്. ജനങ്ങളിൽ ഭൂരിഭാഗവും കൃഷിയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. അടുത്ത കാലത്തായി ഗണ്യമായ ഒരുവിഭാഗം തൊഴിലാളികൾ നിർമ്മാണ മേഖലയിലേക്ക് ആകർഷിക്കപ്പെട്ടിട്ടുണ്ട്. വിനവിഭവ ശേഖരണം, തടിവെട്ട്, കാർഷികതൊഴിൽ തുടങ്ങിയ മേഖലകളിൽ വൈദഗ്ധ്യമുള്ളവരാണ് ആദിവാസി ജനത. ചെറുതല്ലാത്ത ഒരുവിഭാഗം വിദേശരാജ്യങ്ങളിൽ ജോലിചെയ്യുന്നുണ്ട്. പരമ്പരാഗതമായി വ്യാപാരം തൊഴിലാക്കിയവരിൽ ഭൂരിഭാഗവും മുസ്ലിങ്ങളാണ്.ഭൂമിയുടെ വലിയൊരു ഭാഗം കൃഷിക്ക് ഉപയുക്തമാക്കപ്പെട്ടത് കൃസ്ത്യൻ കുടുയേറ്റത്തെ തുടർന്നാണ്. ഏതാനും പതിറ്റാണ്ടുകൾക്കപ്പുറം മുൻപ് മാത്രം തിരുവിതാംകൂറിൽ നിന്ന് കുടിയേറിയ ജനത ഇന്ന് ജനസംഖ്യയിൽ അവഗണിക്കാനാവാത്ത പ്രാതിനിധ്യം നേടിക്കഴിഞ്ഞു.

ജനസംഖ്യയിലെ 20 ശതമാനം വരുന്ന ആദിവാസി ജനത ഇന്നും പലവിധ ചൂഷണങ്ങൾക്ക് വിധേയമാകുന്നുണ്ട്. വിദ്യാഭ്യാസപരമായും സാംസ്കാരികമായുള്ള പിന്നോക്കാവസ്ഥ ഇവിടുത്തെ ജനതയുടെ പൊതു നിലവാരത്തെ ദോഷമായി ബാധിച്ചിട്ടുണ്ട്.



തൊണ്ടർനാട് ഗ്രാ പഞ്ചായത്ത്
ഭൂവിനിയോഗം
തൊണ്ടർനാട് വില്ലേജ്
കാഞ്ഞിരങ്ങാട് വില്ലേജ്
വനം
വയൽ



# 5– വികസന മേഖലകൾ
## 5.1. കൃഷിയും ജലസേചനവും

### ആമുഖം

കൃഷി ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്നവരാണ് തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ ബഹുഭൂരിപക്ഷം ജനങ്ങളും. സമുദ്രനിരപ്പിൽനിന്നും ഉദ്ദേശം 800 മീറ്ററോളം ഉയരത്തിലാണ് ഈ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നത്. പഞ്ചായത്തിന്റെ മൊത്തം വിസ്തൃതിയിൽ 56% വും വനഭൂമിയാണ്. രണ്ടുശതമാനം മറ്റു സർക്കാർ ഭൂമികളും കഴിച്ച് 42% മാത്രമെ കൃഷി ഭൂമിയായിട്ടുള്ളൂ. മൊത്തം കൃഷിഭൂമിയിൽ 14% നിലവും 86% പുരയിടവുമാണ്. പഞ്ചായത്തിലെ മുഴുവൻ ഭാഗവും നിമ്നോന്നതങ്ങളായ പ്രദേശങ്ങളാണ്. വൈകിമാത്രം കാലവർഷം എത്തുകയും എത്തിയാൽ തുടർച്ചയായി പെയ്യുകയും മറ്റ് പ്രദേശങ്ങളെ അപേക്ഷിച്ച് വൈകിമാത്രം കാലവർഷം പിൻവാങ്ങുകയും ചെയ്യുന്നു. അരുവികളാലും പുഴകളാലും സമ്പന്നമാണ് എങ്കിലും അവയെ ഫലപ്രദമായി ഉപയോഗിച്ചിട്ടില്ല. ഔഷധ പ്രാധാന്യമുള്ള സസ്യജാലങ്ങളാലും ഓർക്കിഡ് പോലുള്ള അപൂർവ പുഷ്പങ്ങളാലും പക്ഷിമൃഗാദികളാലും സമൃദ്ധമാണിവിടം.

കാപ്പി, കുരുമുളക്, കവുങ്ങ്, ഏലം, ഇഞ്ചി, കശുമാവ് എന്നീ നാണ്യവിളകളും നെല്ല്, വാഴ, കിഴങ്ങുവർഗ്ഗങ്ങൾ എന്നീ ഭക്ഷ്യവിളകളും പ്രധാനമായി കൃഷി ചെയ്യുന്നുണ്ടെങ്കിലും എല്ലാ വിളകളും തന്നെ പഞ്ചായത്തിൽ കൃഷി ചെയ്യുന്നുണ്ട്. മുൻകാലങ്ങളിലുണ്ടായിരുന്ന ഓറഞ്ച്, കരിമ്പ് എന്നീ കൃഷികൾ പൂർണ്ണമായും പുൽത്തൈല നിർമ്മാണം ഏകദേശം പൂർണ്ണമായും നശിച്ചിരിക്കുന്നു.

നെൽകൃഷി പൊതുവെ കുറഞ്ഞുവരുകയും വയലേലകൾ വാഴ, ഇഞ്ചി, കവുങ്ങ് എന്നിവ കൈയ്യടക്കി കൊണ്ടിരിക്കുകയും ചെയ്യുന്നു. പച്ചക്കറി കൃഷി പൊതുവെ വർദ്ധിച്ചുവരുന്നുണ്ട്. കാലാവസ്ഥാനുസൃതമായി അവ വേനൽക്കാലത്തേക്കു മാത്രമായി പരിമിതപ്പെട്ടിരിക്കുന്നു.

മൊത്തം കൃഷിക്കാരുടെ കൈവശഭൂമിയെ കുറിച്ചുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു. വിസ്തീർണ്ണം ഏക്കറിൽ.

| |
|---|
| 1 സെ. മുതൽ 10 സെ. വരെ 4.4% |
| 10 സെ. മുതൽ 25 സെ. വരെ 6.3% |
| 25 സെ. മുതൽ 50 സെ. വരെ 5.8% |
| 50 സെ. മുതൽ 1. ഏ. വരെ 32% |
| 1ഏ മുതൽ 2ഏ വരെ 34.3% |
| 2 ഏ മുതൽ 5ഏ വരെ 14% |
| 5 ഏക്കറിനുമേൽ 3.2% |

(അവലംബം റവന്യൂരേഖകൾ)

## കാർഷിക ചരിത്രം

ഇവിടുത്തെ കൃഷിഭൂമി പ്രധാനമായും ശ്രീപുള്ളി മാലമ്മദേവസ്വം, പൊറളോം ദേവസ്വം, പാലേരി ദേവസ്വം എന്നീ ദേവസ്വങ്ങളുടെയും ഏതാനും വൻകിട ജന്മിമാരുടെയും കൈവശമായിരുന്നു. ആദ്യകാലങ്ങളിൽ നെൽകൃഷി വളരെ വ്യാപകമായിരുന്നു. ജൈവവളം (പച്ചിലവളവും ചാണകവും) ഉപയോഗിച്ചു മാത്രമായിരുന്നു അന്നൊക്കെ കൃഷി. രോഗപ്രതിരോധശേഷി കൂടിയ വെളിയൻ, ചെന്താടി, ഓക്കൻപുഞ്ച, തൊണ്ടി, ഗന്ധകശാല, കയമ, ജീരകശാല, വെളമ്പാല, അടുക്കൻ തുടങ്ങിയ നെല്ലിനങ്ങൾ വയലുകളിലും. പെരുവാഴ, പൂതകാളി, കുറുവ, ഞവര, എന്നീ നെല്ലിനങ്ങൾ കരയിലും കൃഷി ചെയ്തിരുന്നു. മുൻകാലങ്ങളിൽ വയലിൽ നെൽകൃഷി മാത്രമായിരുന്നു. വേനൽക്കാലത്ത് അപൂർവമായി പച്ചക്കറിയും കരയിൽ അറബികാപ്പിയും വയനാടൻ കുരുമുളകും (ഉതിരൻ, ബാലൻകോട്ട, കരിങ്കോട്ട തുടങ്ങിയ ഇനങ്ങൾ) വയലിനോട് ചേർന്ന തണുപ്പുള്ള കരസ്ഥലങ്ങളിൽ കവുങ്ങും കൂടാതെ മുത്താറി (Raghi) ചാമ, തിന, കടുക് എന്നിവ ഒന്നിച്ചും കൃഷി ചെയ്തിരുന്നു. കാപ്പിതോട്ടങ്ങളിൽ ധാരാളമായി ഓറഞ്ച് കൃഷി ചെയ്തിരുന്നു. കാച്ചിലിനോട് സാമ്യമുള്ള കണ്ടിക്കിഴങ്ങ് ഒരു പ്രധാന വിളയായിരുന്നു. ക്ഷാമകാലത്ത് മുഖ്യ ആഹാരപദാർത്ഥവും. കുടിയേറ്റകാലം വരെ കാർഷികമേഖലയിൽ ആദിവാസികൾ മാത്രമായിരുന്നു തൊഴിലാളികൾ. ആദിവാസികൾക്ക് കൂലി "വല്ലി"യായിരുന്നു (നെല്ല്) കാശായോ രൂപയായോ കൊടുത്തിരുന്നില്ല. അന്നൊക്കെ കടയിൽനിന്നും സാധനങ്ങൾ വാങ്ങുമ്പോൾ പകരം വിലയായി നെല്ല് നൽകിയിരുന്നു. (ബാർട്ടർ സിസ്റ്റം) നെൽകൃഷിക്കാലത്ത് "കംമ്പളം"ങ്ങൾ നടത്തിയിരുന്നു. നിലം ഉഴുന്നതിനും നെല്ല് മെതിക്കുന്നതിനും കാലികളെയാണ് ഉപയോഗിച്ചിരുന്നത്. നിർദിഷ്ട മാനന്തവാടി ജലവൈദ്യുത പദ്ധതി 1970 കാല ഘട്ടങ്ങളിൽ നപ്പാകുമെന്നുറപ്പിച്ച്ഈ പ്രദേശത്തെ കൃഷികൾക്ക് ബാങ്ക് വായ്പാസഹായം പോലും നിർത്തിവെച്ചത് കൃഷിയെ ബാധിച്ചു എന്നുപറയാം. കർഷകർ അന്നൊക്കെ ഈ പദ്ധതി വരുന്നു എന്നു കേട്ട് ഇവിടെ നിന്നും എന്ന് മാറേണ്ടിവരും എന്ന് മാത്രം ചിന്തിച്ച് ജീവിതം തള്ളി നീക്കുകയായിരുന്നു. പുരയിടങ്ങളിൽ മരങ്ങൾ മിക്കവാറും മറിച്ചുനീക്കുകയും ഹ്രസ്വകാലവിളകൾ മാത്രം കൃഷി ചെയ്യുകയുമുണ്ടായി. ജനജീവിതത്തിലാകമാനം ഈ അനിശ്ചിതാവസ്ഥ മുരടിപ്പുളവാക്കി.

എന്നാൽ ഇന്ന് വീണ്ടും കൃഷിയിൽ നല്ല ഊന്നൽ നല്കിക്കൊണ്ട്, തങ്ങളുടെ സ്ഥലങ്ങൾ കഴിയുന്നത്ര ഉപയുക്തമാക്കാൻ ജനങ്ങൾ ശ്രമിച്ചുവരുന്നു.

## കുടിയേറ്റവും കാർഷിക വികസനവും

1940കളിൽ ആരംഭിച്ച കുടിയേറ്റം ഈ പഞ്ചായത്തിലെ കാർഷിക അഭിവൃദ്ധിയെ ത്വരിതപ്പെടുത്തി. 1950കളിൽ കുടിയേറ്റം വ്യാപകമായി. കുടിയേറ്റക്കാർ അന്നത്തെ ജൻമികളിൽ നിന്നും സ്ഥലം പാട്ടത്തിനെടുത്താണ് കൃഷി ചെയ്തിരുന്നത്. നെല്ല്, കോഴി, കാലി, പശുവിൻനെയ്യ് എന്നിവയാണ് പാട്ടമായി നൽകിയിരുന്നത്. സ്ഥലം വാങ്ങിക്കുമ്പോൾ ഇവ തന്നെയാണ് പ്രതിഫലമായി നൽകിയിരുന്നത്.

മരച്ചീനി, തെരുവപ്പുല്ല്, കരിമ്പ് എന്നിവ കുടിയേറ്റക്കാർ ഇവിടെ പുതുതായി കൊണ്ട് വന്നതാണ്. കുടിയേറ്റക്കാർ ആദ്യമൊക്കെ നിലനിന്ന് പോന്നതും മരച്ചീനിയേയും, പുൽതൈലത്തേയും ആശ്രയിച്ചാണ്. എന്നാൽ വനനശീകരണത്തിനും ഈ കൃഷികൾ കാരണമായി ഇഞ്ചി, വാഴ എന്നിവ ഇന്നത്തെ രീതിയിൽ ധാരാളമായി കൃഷി ചെയ്യാൻ തുടങ്ങിയിട്ട് ഉദ്ദേശം 10-15 വർഷമേ ആയിട്ടുള്ളൂ.

## വിളകൾ

**ഏലം:** പ്രധാനമായും വൻകിട തോട്ടങ്ങളിൽ മാത്രമായി ഒതുങ്ങിയിരിക്കുന്നു.

**കാപ്പി:-** ഒരുകാലത്ത് സമൃദ്ധമായിരുന്ന കൃഷി പിൽക്കാലത്ത് സർക്കാറിന്റെ നിയന്ത്രണങ്ങളും കോഫീ ബോർഡിന്റെ ചൂഷണവും കാലാവസ്ഥയുടെ തകിടം മറിച്ചിലുകളും മൂലം നഷ്ടത്തിലാവുകയും ആനയെ ഉപയോഗിച്ച് പിഴുതുമാറ്റുവാൻ പോലും നിർബന്ധിതരാവുകയും ചെയ്തു. എന്നാൽ അടുത്ത കാലത്തായി സർക്കാറിന്റെ നിയന്ത്രണങ്ങൾ നീക്കിയപ്പോൾ വന്ന വിലക്കയറ്റം, കർഷകരുടെ ശ്രദ്ധ വീണ്ടും ഈ കൃഷിയിലേക്ക് തിരിച്ചുവിടാൻ സഹായകരമായി റോബസ്റ്റ കാപ്പിയാണ് ഇപ്പോൾ പ്രധാനമായി കൃഷി ചെയ്യുന്നത്.

**കുരുമുളക്:-** കൃഷി വ്യാപകമായുണ്ടെങ്കിലും ഇതിനെ ബാധിക്കുന്ന രോഗങ്ങൾ കൃഷിയെ നശിപ്പിക്കുകയും ഉൽപാദനം കുറയുകയും ചെയ്യുന്നു.

**തെങ്ങ്: –** കൃഷി മുൻകാലങ്ങളിൽ ഇവിടെ തീരെ ഇല്ലായിരുന്നു. എന്നാൽ ഇപ്പോൾ വ്യാപകമായി കൃഷി വർദ്ധിച്ചു വരുന്നു.

**കവുങ്ങ്:-** ഇതിനെ ബാധിക്കുന്ന മഹാളിരോഗം പ്രതിരോധമാർഗങ്ങൾ സ്വീകരിച്ചാൽ ഫലപ്രദമായി തടയാൻ കഴിയുന്നു എന്നതുകൊണ്ട് ന്യായമായ വില ലഭിക്കുന്നു എന്നതുകൊണ്ടും കവുങ്ങ് കൃഷി നല്ല രീതിയിൽ അഭിവൃദ്ധിപ്പെട്ടു വരുന്നു. കവുങ്ങിനങ്ങളിൽ കാസർകോടൻ ഇനത്തിൽ നിന്നാണ് കൂടുതൽ ആദായം ലഭിക്കുന്നത്. സുമംഗളയും മറ്റും അത്ര വിജയകരമല്ല.

**കശുമാവ്:-** ധാരാളമായി കൃഷി ചെയ്യുന്നുണ്ട്. എന്നാൽ വിളവെടുപ്പ് വൈകുന്നതിനാൽ ഉൽപന്നത്തിന്റെ ഗുണനിലവാരം കുറയുന്നു. അത് വിലയേയും കാര്യമായി ബാധിക്കുന്നു.

**തേയില:-** ഇവിടുത്തെ മണ്ണിന് യോജിച്ച വിളയായതിനാൽ ചെറുകിട കർഷകരെ കൂടുതൽ ഇതിലേക്കാകർഷിക്കുന്നുണ്ടെങ്കിലും സംസ്കരണകേന്ദ്രവും വിപണിയും ഇല്ലാത്തത് കർഷകരെ ബുദ്ധിമുട്ടിക്കുന്നു.

റബർ പലരും കൃഷി ചെയ്യുന്നുണ്ടെങ്കിലും കാലാവസ്ഥ അനുകൂലമല്ലാത്തിനാലും മറ്റ് സ്ഥലങ്ങളെ അപേക്ഷിച്ച് ഉൽപാദനം കുറവായതിനാലും കൂടുതൽ വ്യാപിക്കുന്നില്ല.

നെൽകൃഷി മുൻകാലങ്ങളിൽ വ്യാപകമായി കൃഷി ചെയ്തിരുന്നു. എങ്കിലും നെൽകൃഷിക്കാവശ്യമായ തൊഴിലാളികളെ വേണ്ടത്ര ലഭിക്കാത്തതും മഴയെ മാത്രം ആശ്രയിക്കേണ്ടി വരുന്നതും വാഴ, ഇഞ്ചി എന്നിവ വയലുകളിൽ കൂടുതൽ ലാഭകരമായി കൃഷി ചെയ്യാൻ കഴിയുന്നു എന്നതും വന്യമൃഗശല്യം കൂടുന്നതും നെൽകൃഷി കുറയാൻ ഇടയാക്കി.

### കപ്പ, ചേന, ചേമ്പ്, കാച്ചിൽ മുതലായ കിഴങ്ങുവർഗ്ഗ കൃഷികൾ

ഇവയിൽ പ്രധാനമായിരുന്നത് കപ്പ (മരച്ചീനി)യായിരുന്നു. ഈ പഞ്ചായത്തിലെ ജനങ്ങളുടെ ഭക്ഷ്യഇനങ്ങളിൽ ഇവ പ്രധാന പങ്കുവഹിച്ചിരുന്നു. ഇവ ഇവിടെ വളരെ ലാഭകരമായി കൃഷി ചെയ്യുവാൻ പറ്റിയതാണ്. എന്നാൽ കാട്ടുപന്നി, മുള്ളൻപന്നി, കുരങ്ങ്, ആന എന്നീ വന്യമൃഗങ്ങളുടെ ഉപദ്രവം മൂലം ഇവയുടെ കൃഷി വളരെ കുറഞ്ഞുവരുന്നു. പ്രധാനമായും കാട്ടുപന്നിയുടെ ശല്യമാണ് കൂടുതലുള്ളത്. അടുത്തകാലത്തായി ഈ പഞ്ചായത്തിലെ ഒരു യുവ കർഷകനായ ശ്രീ. നാമലജോൺ അത്യുൽപാദനശേഷിയുള്ള പുതിയ ഒരിനം മരച്ചീനി സ്വയം വികസിപ്പിച്ചെടുത്തിരുന്നു. എന്നാൽ അത് പ്രചാരത്തിലെത്തും മുൻപെ കാട്ടുപന്നിയുടെ ശല്യം മൂലം നാമാവശേഷമായി. ഒരുകാലത്ത് ഇവിടെനിന്ന് മറ്റു ജില്ലകളിക്കേ് കൊണ്ടുപോയിരുന്ന മരച്ചീനിയും മറ്റും ഇന്ന് ഇറക്കുമതി ചെയ്യേണ്ടി വന്നിരിക്കുന്നു.

വാഴ: നേന്ത്രവാഴയാണ് കൂടുതലായി കൃഷി ചെയ്യുന്നത്. പടുവാഴ കരസ്ഥലങ്ങളിൽ മാത്രം കൃഷി ചെയ്യുന്നു. വിലയിലെ ഏറ്റക്കുറച്ചിലും പ്രകൃതിക്ഷോഭവും ഈ കൃഷിയെ സാരമായി ബാധിക്കുന്നു.

പച്ചക്കറികൾ: ചില സ്ഥലങ്ങളിൽ മാത്രം ഒതുങ്ങിയിരിക്കുന്നു. വയലുകളിൽ, കൊയ്ത്തിനുശേഷം വേനൽക്കാലത്ത് പ്രധാനമായും കൃഷി ചെയ്യുന്നു.

പുഷ്പ-ഫലവർഗ്ഗകൃഷി: സാധ്യതകൾ ഏറെയുണ്ടെങ്കിലും ഇതിൻെറ വ്യവസായിക പ്രാധാന്യം മനസ്സിലാക്കി രംഗത്തിറങ്ങാൻ ആരുംതന്നെ തയ്യാറായിക്കാണുന്നില്ല.

### വളം

പഞ്ചായത്തിൽ സഹകരണമേഖലയിൽ രണ്ട് വില്പനകേന്ദ്രങ്ങളും, സ്വകാര്യമേഖലയിൽ ഏഴ് ഡിപ്പോകളുമാണുള്ളത്.

ഇവിടുത്തെ മണ്ണിൽ ജൈവാംശം വളരെ കുറവാണ്. മണ്ണൊലിപ്പ് മൂലം പല സ്ഥലങ്ങളും കൃഷിക്ക് യോഗ്യമല്ലാതായി. ഇത്തരം സ്ഥലങ്ങൾ വീണ്ടും കൃഷിയോഗ്യമാക്കി മാറ്റാൻ വളരെയേറെ പ്രയാസമുണ്ട്. ഇതോടൊപ്പം മണ്ണറിയാതെ വളം ചെയ്യുന്ന രീതി അതിലും ദോഷകരമാകുന്നു. വളപ്രയോഗങ്ങൾ തീരെ അശാസ്ത്രീമാണിവിടെ. മണ്ണ് പരിശോധന നടത്തിയിട്ടുള്ളവർ നാമമാത്രം. അവർ പോലും വേണ്ട രീതിയിൽ അത് പ്രാവർത്തികമാക്കുന്നില്ല. ഇഞ്ചിക്കും വാഴക്കും അശാസ്ത്രീമായി – ആവശ്യത്തിൻെറ ഇരട്ടിയോ അതിലധികമോസമയത്തും അസമയത്തുമായി ചെയ്യുന്ന രാസവളപ്രയോഗങ്ങൾ മണ്ണിനെ ഇന്ന് അസന്തുലിതമാക്കിക്കൊണ്ടിരിക്കുന്നു. കൂടുതൽ രോഗങ്ങൾ ബാധിക്കുന്നതിനും ഇത് ഇടയാക്കുന്നു. ജൈവവളങ്ങളിൽ ചാണകം, ചപ്പുചവറുകൾ എന്നിവയെല്ലാം കൂടി ഇന്നത്തെ മൊത്ത വളപ്രയോഗത്തിൻെറ 20% ത്തിലും താഴെ മാത്രമേ വരൂ. അമിതമായ രാസവളപ്രയോഗം മണ്ണിൻെറ ജലാഗിരണശേഷി കുറക്കുകയും വേനൽക്കാലത്ത് ഈർപ്പം നിലനിർത്താൻ സാധിക്കാതെ വരികയും മണ്ണിന് പശപ്പ് വർദ്ധിച്ച് വിണ്ടുകീറാൻ ഇടയാക്കുകയും ചെയ്യുന്നു. രാസവളപ്രയോഗം മണ്ണറിഞ്ഞും കൃഷിയറിഞ്ഞും ചെയ്യുന്നില്ലയെന്നതാണ് ഇന്നത്തെ ഏററവും വലിയ പ്രശ്നം.

### കീടനാശിനി

കീടനാശിനി വിപണനകേന്ദ്രങ്ങൾ സഹകരണ മേഖലയിൽ ഒന്നും സ്വകാര്യമേഖലയിൽ രണ്ടും നിലവിലുണ്ട്. ഇവിടേയും രോഗങ്ങളെ ശരിക്കും മനസ്സിലാക്കാതെ ഏതിനുമെതിരെ (കുമിൾരോഗത്തിന് പോലും) കീടനാശിനികൾ ഉപയോഗിക്കുക എന്നൊരു പ്രവണത സാർവ്വത്രിമായി കാണുന്നുണ്ട്. ഇത് കീടനാശിനികളുടെ യഥാവിധിയുള്ള പ്രയോഗത്തിൻെറ അജ്ഞതയിലേക്ക് വിരൽ ചൂണ്ടുന്നു.

### തൊഴിലും വേതന വ്യവസ്ഥകളും

ഇവിടെ കൃഷി ജോലികൾക്കായിട്ട് കൂടുതലും മനുഷ്യപ്രയത്നമാണ് ഉപയോഗിക്കുന്നത്. യന്ത്രോപകരണങ്ങളുടെ ഉപയോഗം ഇവിടെ വ്യാപകമായിട്ടില്ല. പുരാതനകാലം മുതൽ നിലം ഉഴവുന്നതിന് കാളകളെയാണ് ഉപയോഗിക്കുന്നത്. കുറഞ്ഞ പ്രദേശങ്ങളിൽ മാത്രമേ ട്രാക്ടർ ഉപയോഗിച്ച് ഉഴവ് നടത്തുന്നുള്ളൂ. ഇതിന് പ്രധാന കാരണം ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തതയും യന്ത്രങ്ങളുടെ ഉപയോഗം കൊണ്ടുള്ള ഗുണങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മയുമാണ്. ഉഴവുന്നതിനുള്ള കൂലിനിരക്ക്:

ടില്ലർ: 1 മണിക്കൂറിന് 150 രൂപ

ട്രാക്ടർ: 1 മണിക്കൂറിന് 200 രൂപ

കാള (ഏര്) 1 ദിവസത്തേക്ക് 150 രൂപ

കൊയ്ത്തുയന്ത്രമോ നടീൽയന്ത്രമോ ഇവിടെ പ്രചാരത്തിൽ വന്നിട്ടില്ല. ആദ്യകാലങ്ങളിൽ ഇവിടെ തൊഴിലാളികൾക്ക് കൂലിയായി കൊടുത്തിരുന്നത് നെല്ലായിരുന്നു. എന്നാൽ ഇന്ന് പണമായിട്ടാണ് കൊടുക്കുന്നത്. പണ്ടുകാലത്ത് കൃഷിയിടങ്ങൾ ജന്മിയുടെ കൈവശമായതിനാൽ പാടങ്ങളിൽ ആദിവാസികളെ ഉപയോഗിച്ചാണ് പണിയെടുപ്പിച്ചിരുന്നത്. എന്നാൽ കൃഷിഭൂമി കർഷകന് എന്ന നിയമം വന്നപ്പോൾ യഥാർത്ഥ കൃഷിക്കാരന് ഭൂമി കിട്ടുകയും ചെയ്തു. ഇങ്ങനെ സ്വന്തമായി ലഭിച്ച ഭൂമിയിൽ സ്വയം കൃഷിചെയ്യുന്ന രീതിയും ഇതോടെ ആരംഭിച്ചു. കാർഷിക മേഖലയിലേയും ഇതരമേഖലകളിലേയും സേവന-വേതന ഘടനകൾ തമ്മിലുള്ള വ്യത്യാസം കാർഷികതൊഴിലിനെ അനാകർഷകമാക്കുകയും തൊഴിലാളികൾ മറ്റുമേഖലകളിക്കേ് പോകുന്നതിന് ഇടയാക്കുകയും ചെയ്യുന്നു. ഇതരമേലഖലകളിലെ വേതനനിരക്ക് താഴെ കൊടുക്കുന്നു.

| മേഖല | വേതനം<br>പുരുഷൻ | സ്ത്രീ | സമയം |
|---|---|---|---|
| കൃഷി | 60 – 70 | 35 – 45 | 8 മുതൽ 5മണി വരെ |
| നിർമ്മാണം | 70 – 100 | 50 – 60 | 9മുതൽ5വരെ |
| വരെ | | | |
| തെങ്ങ്-കവുങ്ങ് കയറ്റം | 125–150 | " | " |
| റബ്ബർ ടാപ്പിംഗ് 1 മരത്തിന് 20–30പൈസ | | | |

ഇതിന് പുറമെ ഭക്ഷണവും നല്കും.

മേൽപറഞ്ഞ രീതിയിൽ തൊഴിലാളികൾക്ക് വേതനം നൽകുമ്പോൾ അതിനനുസൃതമായ പ്രയത്നം തൊഴിലാളികളിൽ നിന്നും ലഭിക്കുന്നില്ല. മുൻകാലങ്ങളിൽ ഒരു തൊഴിലാളി ഒരു ദിവസം ചെയ്യുന്ന തൊഴിൽ ഇന്ന് രണ്ട് ദിവസം ചെയ്താലും അവസാനിക്കുന്നില്ല.

കാർഷികോപകരണങ്ങൾ:– ഈ പഞ്ചായത്തിൽ ആകെ 13 ട്രാക്ടറും മൂന്ന് ടില്ലറുമാണുള്ളത്. എന്നാൽ ഈ 13 ട്രാക്ടറുകളിൽ കൊഴു ഉപയോഗിക്കാറുള്ളവ മൊത്തമുള്ളവയിൽ വെറും നാലിലൊന്ന് മാത്രമാണ്. ട്രാക്ടറുകളിൽ കാർഷികാവശ്യത്തിനുള്ള സാധനങ്ങൾ കൊണ്ടുപോകുന്നതിനായി പരിമിതമായുപയോഗിക്കുന്നു. എങ്കിലും സമീപകാലത്തായി കർഷകത്തൊഴിലാളികളെ കിട്ടാനുള്ള വൈഷമ്യം മൂലവും മറ്റും ട്രാക്ടർ, ടില്ലർ മുതലായവ കൂടുതൽ ഉപയോഗിക്കാൻ തുടങ്ങിയിട്ടുണ്ട്. കൃഷിഭവനിൽ നിന്നും 2 പാടശേഖരസമിതികൾക്ക് നൽകിയിട്ടുള്ള ടില്ലറുകൾ കൃഷിയാവശ്യത്തിന് മാത്രമായി ഉപയോഗിക്കുന്നുണ്ട്. നാല് തെങ്ങ് കയറ്റുയന്ത്രങ്ങൾ പഞ്ചായത്തിലുണ്ടെങ്കിലും അവക്കൊന്നിനും തുടർച്ചയായി പണിയില്ല.

നഴ്സറികൾ:– ഈ പഞ്ചായത്തിൽ കൃഷിഭവൻ അംഗീകരിച്ച ഏക നഴ്സറി തുമ്പശ്ശേരി നഴ്സറി മാത്രമാണ്. ഈ പഞ്ചായത്തിലാവശ്യമായ മുഴുവൻ നടീൽവസ്തുക്കളും ഉത്പാദിപ്പിക്കാനും വിതരണം ചെയ്യാനും ഇവർക്ക് കഴിയാത്തിനാൽ പുറത്തുനിന്നുള്ള നടീൽവസ്തുക്കളാണ് മുഖ്യമായും കർഷകർ ഉപയോഗിക്കുന്നത്.

## കാർഷിക സമിതികൾ

തൊണ്ടർനാട് പഞ്ചായത്തിൽ കൃഷിഭവൻെറ കീഴിൽ 18 സമിതികളാണുള്ളത്. പാടശേഖരസമിതി, കുരുമുളക് വികസന സമിതി, കേരവികസന സമിതി, ആദിവാസി കർഷക വികസന സമിതി തുടങ്ങിയവയാണ്.

### പാടശേഖരസമിതി:–

രൂപീകരണ ഉദ്ദേശം ഒരേസമയം വിത്തുവയ്ക്കൽ, ഞാറുനടീൽ, മരുന്ന് തളിയ്ക്കൽ, കൊയ്ത്ത്, രണ്ട് കൃഷിക്ക് ഇടക്കുള്ള ഇടവിള നിശ്ചയിക്കൽ, അതിൻെറ പരിപാലനം മുതലായവയായിരുന്നു. എന്നാൽ സമിതികളുടെ രൂപീകരണോദ്ദേശം നടക്കുന്നില്ല. സബ്സിഡി വിതരണം മാത്രമാണോ സമിതി പ്രവർത്തനം എന്നും തോന്നിപ്പോകുന്നുണ്ട്. സബ്സിഡി നിരക്കിലുള്ള കുമ്മായം വിതരണം മിക്കവാറും സമിതികളിൽ നടന്നിട്ടുണ്ട്. സമിതികളുടെ പട്ടിക താഴെ.

## പാടശേഖരസമിതികളുടെ വിവരം

| ക്ര.നം. | പാടശേഖരസമിതിയുടെ പേരും രജി. നമ്പറും | അംഗങ്ങളുടെ എണ്ണം | വിസ്തീർണ്ണം (ഹെ) |
|---|---|---|---|
| 1 | മുണ്ടോണി പാടശേഖര നെല്ലുൽപാദനകേന്ദ്രം Reg.No.330/90 | 56 | 34.4 |
| 2 | കോറാം പാടശേഖരസമിതി Reg No.304/90 | 48 | 26.4 |
| 3 | രോഹിണി നെല്ലുൽപാദകസംഘം Reg.No.275/90 | 66 | 30.0 |
| 4 | തേറ്റമല പള്ളിക്കുന്ന് പാടശേഖരസമിതി Reg.No.180/91 | 57 | 21.2 |
| 5 | ഉണ്ട്യേരികുന്ന് കോളനി പാടശേഖരസമിതി Reg.No.202/91 | 31 | 14.4 |
| 6 | നിരവിൽപുഴ പാടശേഖരസമിതി Reg.No.315/95 | 96 | 55.2 |
| 7 | എടമുണ്ട പാടശേഖരസമിതി Reg.No.213/90 | 49 | 24.4 |
| 8 | മുണ്ടകൻ പാടശേഖര നെല്ലുൽപാദകസംഘം Reg.No.273/90 | 96 | 68.4 |
| 9 | മക്കിയാട് നെല്ലുൽപാദക പാടശേഖരസമിതി Reg.No.241/90 | 150 | 70.4 |
| 10 | ചുരുളി കുറിച്യകോളനി പാടശേഖരസമിതി Reg.No.341/92 | 35 | 16.0 |
| 11 | അശ്വതി പാടശേഖര നെല്ലുൽപാദസംഘം Reg.No.313/90 | 39 | 26.8 |
| 12 | ചീപ്പാട് പാടശേഖരസമിതി Reg.No.317/90 | 12 | 4.8 |
| 13 | പുതുശ്ശേരി പാടശേഖര നെല്ലുൽപാദകസമിതി Reg.No.232/90 | 184 | 74.0 |
| 14 | ജ്യോതി കർഷകസംഘം ഞാറലോട് Reg.No.129/90 | 72 | 27.6 |
| 15 | ജയപാടശേഖര നെല്ലുൽപാദകസംഘം Reg.No.251/90 | 55 | 29.6 |
| 16 | നടുകൊല്ലി പാടശേഖരസമിതി Reg.No.298/91 | 88 | 25.6 |
| 17 | കണ്ടിവയൽ ജ്യോതികൾ ചർപാടശേഖര നെല്ലുൽപാദകസംഘംReg.No.289/90 | 70 | 37.2 |

| | | | |
|---|---|---|---|
| 18 | പിലാമൂല തടങ്ങാഴി പാടശേഖരസമിതി Reg.No.281/90 | 42 | 13.6 |

### കുരുമുളക് വികസന സമിതികൾ

കഴിഞ്ഞകൊല്ലം വരെ പഞ്ചായത്തിലെ വാർഡുകളുടെ എണ്ണം ഒൻപതായിരുന്നു. ഇന്ന് പത്ത് വാർഡുകളുണ്ട്. അന്നത്തെ വാർഡുകളുടെ വിസ്തൃതിയനുസരിച്ച് അതാത് വാർഡുകളിൽ ഓരോ സമിതിയെന്ന കണക്കിൽ ഒന്പത് കുരുമുളക് വികസന സമിതികളാണുള്ളത്. ഈ ഒൻപത് സമിതികളിൽ കൂടിയും കുരുമുളക് ദ്രുതവാട്ടരോഗനിയന്ത്രണ നിവാരണപദ്ധതി നടപ്പിലാക്കി. ഈ വർഷം ഉൾപ്പെടെയുള്ള മൂന്ന് കൊല്ലക്കാലങ്ങളിലായി ശരാശരി 1736 കിലോഗ്രാം കോപ്പർ-ഓക്സി-ക്ലോറൈഡ്, 3472 കിലോ തുരിശ്, 3472 കി. നീറ്റുകക്ക എന്നിവ ഓരോ സമിതിയിൽ കൂടിയും വിതരണം നടന്നിട്ടുണ്ട്. എന്നാൽ അവ എന്തിനാണോ വിതരണം ചെയ്തത്, അതിനുതന്നെ പൂർണ്ണമായി വിനിയോഗിക്കപ്പെട്ടുവോ എന്ന് സംശയമാണ്. അവിടെയാണ് കുരുമുളക് വികസനസമിതികളുടെ പ്രസക്തി ചോദ്യം ചെയ്യപ്പെടുന്നത്. സമിതികൾ സബ്സിഡി വിതരണസ്ഥാപനങ്ങളായാൽ മാത്രം പോര, അവയുടെ രൂപീകരണലക്ഷ്യം കൂടി ഉറപ്പാക്കേണ്ടതാണ്.

### കുരുമുളക് വികസന സമിതികൾ

| വാർഡ് നമ്പർ | സമിതിയുടെ പേരും റജിസ്റ്റർ നമ്പറും | അംഗങ്ങളുടെ എണ്ണം |
|---|---|---|
| I | കുഞ്ഞോം കുരുമുളക് വികസനസമിതി Rg.No. 375/90 | 321 |
| II | നിരവിൽപുഴ കുരുമുളക് കൃഷിവികസനസംഘം Rg.No. 163/91 | 309 |
| II | കോറോം കുരുമുളക് കൃഷി വികസനസംഘം Rg.No. 4/91 | 352 |
| IV. | കുരുമുളക് കൃഷിവികസനസമിതി വെള്ളിലാടി Rg.No.176/91 | 455 |
| V | തേറ്റമല കുരുമുളക് വികസനസമിതി Rg.No. 16/91 | 453 |
| VI | പുതുശ്ശേരി കുരുമുളക് കൃഷി ഗ്രൂപ്പ് മാനേജ്മെൻറ് സൊസൈറ്റി Rg.No. 334/90 | 329 |
| VII | വളവിൽ കുരുമുളക് കൃഷി ഗ്രൂപ്പ് മാനേജ്മെൻറ് സൊസൈറ്റി Rg.No.295/90 | 420 |
| VIII | കണ്ടിവയൽ കുരുമുളക് കൃഷി വികസനസമിതി Rg.No. 314/90 | 385 |
| IX | ഞാറലോട് കുരുമുളക് കൃഷി ഗ്രൂപ്പ് മാനേജ്മെൻറ് സൊസൈറ്റി Rg.No.256/90 | 450 |

## കേരവികസനസമിതി

1995ൽ കേരവികസനസമിതി രൂപീകൃതമായശേഷം സമിതിയിൽകൂടി ഒന്നുംതന്നെ വിതരണം ഉണ്ടായില്ല. എന്നാലും 1996ൽ തെങ്ങിൻതൈ നട്ട അർഹരായവരിൽ (ഇരുപത് സെൻറിന് മുകളിൽ) നിന്നുമുള്ള കേരബോഡിൻെറ അപേക്ഷ സമിതിയിൽകൂടി കൃഷിഭവൻ സ്വീകരിച്ചിട്ടുണ്ട്.

### തൊണ്ടർനാട് കേരവികസനസമിതി

| രൂപീകരിച്ച വർഷം രജി.നമ്പർ | വാർഡ് നമ്പർ | മെമ്പർ | അസോസിയേറ്റ്മെമ്പർ | S T മെമ്പർ | ആകെ |
|---|---|---|---|---|---|
| | I | 25 | 56 | 21 | 102 |
| | II | 43 | 104 | 4 | 151 |
| | III | 68 | 49 | 2 | 119 |
| | IV | 152 | 27 | 7 | 186 |
| 1995 | V | 156 | 38 | 5 | 199 |
| | VI | 84 | 12 | 26 | 122 |
| Reg.No. 81/1995 | VII | 140 | 11 | 13 | 164 |
| | VIII | 100 | 64 | 30 | 194 |
| | IX | 119 | 33 | 11 | 163 |
| ആകെ | | 887 | 394 | 119 | 1400 |

അവലംബം കൃഷിഭവൻ രേഖകൾ

### ആദിവാസി കർഷകസമിതി

ഇത് മുൻകാലങ്ങളിൽ പ്രവർത്തിച്ചിരുന്നുവെങ്കിലും ഇപ്പോൾ പ്രവർത്തനരഹിതമാണ്.

### ഉത്പന്നങ്ങളുടെ വിലയും വിപണനവും

പഞ്ചായത്തിൽ കാർഷികോല്പന്നങ്ങളുടെ വിപണനത്തിന് വേണ്ടത്ര സൗകര്യമില്ലാത്തതിനാൽ കർഷകർ വളരെ ദുരിതമനുഭവിക്കേണ്ടി വരുന്നു. ഇതുമൂലം കർഷകന് ന്യായമായ വിലയും ലഭ്യമല്ല.

സ്വകാര്യ വ്യാപാരികളെയാണ് ഇവിടെ വിപണനത്തിനായി ആശ്രയിക്കേണ്ടി വരുന്നത്. ഇതുകൊണ്ട് തന്നെ യഥാർത്ഥ മാർക്കറ്റ് വില കർഷകന് ലഭ്യമല്ല. വില യഥാസമയങ്ങളിൽ അറിയാൻ കഴിയാത്തതിനാൽ കർഷകൻ പലപ്പോഴും ചൂഷണത്തിന് വിധേയമാകുന്നു.

സാമ്പത്തികമായി കർഷകന് പിടിച്ചുനില്ക്കാൻ കഴിയുന്നത് ഇവിടെ വ്യാപകമായ ഇഞ്ചി, വാഴ തുടങ്ങിയ കൃഷികൾ കൊണ്ടാണ്. എന്നാൽ ഇതിനൊന്നുംതന്നെ ഇവിടെ സംസ്കരണ സംവിധാനം ഇല്ല. സഹകരണാടിസ്ഥാനത്തിലുള്ള സംഭരണ ഡിപ്പോകൾ പോലും ഇവിടെയില്ല.

വിലയുടെ അസ്ഥിരത ഉത്പന്നങ്ങളുടെ പ്രതികൂലമായി ബാധിക്കുന്നു. കൂടിയ വിലക്ക് വിത്തുകളും വളങ്ങളും വാങ്ങേണ്ടി വരികയും വിളവെടുപ്പിൻെറ സമയത്ത് കുറഞ്ഞ വിലക്ക് വില്കേണ്ടി വരുന്ന അവസ്ഥയും കർഷകന് സാമ്പത്തിക തകർച്ചയിലെത്തിക്കുന്നു. ഇത് ആവർത്തിക്കപ്പെടുമ്പോൾ ആ കൃഷി ഉപേക്ഷിക്കാൻ നിർബന്ധിതനാകുന്നു. മാത്രമല്ല ഭീമമായ കടഭാരവും പേറേണ്ടിവരുന്ന ദുഃസ്ഥിതിയും ഉണ്ടാകുന്നു.

കുരുമുളക് പോലുള്ള സൂക്ഷിച്ചുവക്കാവുന്ന ഉല്പന്നങ്ങൾക്ക് പോലും ന്യായവില ലഭ്യമല്ല. അടുത്ത കൃഷിക്ക് മുടക്കേണ്ടി വരുന്ന ഭാരിച്ച കാർഷിക ചിലവുമൂലം കിട്ടുന്ന വിലക്ക് വില്ക്കേണ്ടി വരുന്നു. ഇങ്ങനെയുള്ള പ്രശ്നങ്ങൾ മൂലം കർഷകർ കാർഷികമേഖലയിൽ നിന്നും പിന്തിരിയുന്നു.

ഗതാഗതസൗകര്യമുള്ള സ്ഥലങ്ങൾ പഞ്ചായത്തില വിരളമാണ്. കൃഷിസ്ഥലങ്ങളിൽ നിന്നും മാർക്കറ്റിലേക്ക് എന്നല്ല അടുത്ത റോഡുകളിലേക്ക് പോലും കിലോമീറ്ററുകളോളം തലച്ചുമടായി ഉത്പന്നങ്ങളും വിത്തുകളും വളങ്ങളും എത്തിക്കേണ്ടി

വരുന്നു. ഇതിനായി ഉത്പന്നവിലയുടെ 5% മുതൽ 15% വരെ നൽകേണ്ടി വരുന്നു. മാത്ര മല്ല യഥാസമയത്ത് ഉത്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ കഴിയുന്നില്ല. പച്ചക്കറിപോലുള്ള സാധനങ്ങളുടെ മാർക്കറ്റിനെ ഇത് പ്രതികൂലമാ യി ബാധിക്കുന്നു. വാർത്താവിനിമയസൗകര്യം കർഷകനും നേരിയ തോതിൽ ഉപകരിക്കുന്നു.

### മണ്ണ്, ജലസംരക്ഷണം

പഞ്ചായത്തിൽ ഫലഭൂയിഷ്ടമല്ലാത്ത മണ്ണാണ് പൊതുവേ ഉള്ളത്. കൃഷിസ്ഥലങ്ങൾ അധികവും കുന്നുകളും ചെരിവുകളുമായി കിടക്കുന്നു. കുന്നു കളിൽ ചെങ്കല്ല് നിറഞ്ഞ മണ്ണാണ്. വർഷങ്ങളായി തെരുവപ്പുല്ലും രാമച്ചവും കൃഷി നടത്തിയതിനാൽ മണ്ണിൻെറ ഫലപുഷ്ടി നഷ്ടപ്പെട്ടു.

നിരന്ന സ്ഥലങ്ങളിൽ ചിലതിൽ മണൽ കൂടു തൽ ഉള്ള മണ്ണും ചില സ്ഥലങ്ങളിൽ ചതുപ്പുനിലങ്ങ ളുമാണ്. ചെങ്കല്ല് നിറഞ്ഞ മണ്ണ് പൊതുവെ ഈർപ്പം നിലനിൽക്കുന്നതാണ്. എന്നാൽ മണൽമണ്ണ് ഈർ പ്പം നിലനിൽക്കാതെ പെട്ടെന്ന് വരണ്ടുപോകുന്നു. മണ്ണ് പൊതുവെ ചുവന്നു കാണപ്പെടുന്നു. ഫലപുഷ് ടിയുള്ള കറുത്ത മണ്ണ് വളരെ വിരളമാണ്. ഫലപുഷ് ടി കുറവിന് പ്രധാന കാരണം ജൈവവളക്കുറവും ഭൂമിയുടെ കിടപ്പും ശക്തമായ കാലവർഷം മൂലമു ള്ള മണ്ണൊലിപ്പുമാണ്. ചരിവ് തലങ്ങൾ തട്ടു തിരി ക്കാതെ ഇഞ്ചിപോലുള്ള കൃഷികൾ വ്യാപകമായി ചെയ്യുന്നതുമൂലം മണ്ണൊലിപ്പ് കൂടുന്നു.

ജലസംരക്ഷണത്തിൻെറ അഭാവം മണ്ണിനെയും കൃഷിയേയും സാരമായി ബാധിക്കുന്നു. ഇതുമൂലം വിളകളുടെ ഉല്പാദനം കുറയുകയും ഉണങ്ങി നശി ച്ചുപോകുകയും ചെയ്യുന്നു. മണ്ണൊലിപ്പ് മൂലം ജലം മണ്ണിൽ താഴാതെ പുഴകളിൽ ചെന്നുചേരുന്നു. ഇവയെ വേണ്ടവിധം ഉപയോഗിക്കാത്തത് ഒരു പോ രായ്മ തന്നെയാണ്. തട്ടുകളായി തിരിച്ചുള്ള കൈയ്യാ ലകളും. കോണ്ടൂർ രീതിയിലുള്ള ചാലുകളും ജലത്തെ പൂർണ്ണമായി തടഞ്ഞുനിർതുന്നു. ഈ രീതി യിൽ ഉള്ള ജലസംരക്ഷണത്തിന് പരിമിതമായ ഗവർ മെണ്ടും സ്വകാര്യ ഏജൻസികളും പ്രോത്സാഹന വും ധനസഹായവും നൽകുന്നുണ്ടെങ്കിലും ഇനി യും ആ രംഗത്ത് ഏറെ ചെയ്യാനുണ്ട്.

### ജലസേചനം

ജലസ്രോതസുകളിൽ സമ്പന്നമാണെങ്കിലും മഴയെ ആശ്രയിച്ചാണ് ഈ പഞ്ചായത്തിലെ കൃഷി മുഖ്യമായും നടക്കുന്നത്. കാലവർഷത്തിന് തൊട്ടു മുമ്പ് കൃഷിപ്പണികൾ ആരംഭിക്കുകയും തുലാവർഷ ത്തിനുശേഷം വിളവെടുപ്പ് നടത്തുകയുമാണ് പതി വ്. പഞ്ചായത്തിലെ മുഖ്യവിളകളായ കാപ്പി, ഇഞ്ചി, നെല്ല്, കുരുമുളക് തുടങ്ങിയവയൊക്കെ മഴയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. ആകെയുള്ള വയലുകളിൽ പകുതിയോളം ജലസേചന സൗകര്യമി ല്ലാത്തിനാൽ ഒരുപ്പൂ കൃഷി മാത്രമാണ് നടത്തപ്പെടു ന്നത്. മഴ കുറഞ്ഞാൽ പല വയലുകളിലും ഒരുപ്പൂകൃ ഷി തന്നെയെടുക്കാൻ കഴിയില്ല. പഞ്ചായത്തിലെ മുഖ്യകൃഷിയായ ഇഞ്ചിക്കും കാപ്പിക്കും കുരുമുളകി നും കൃത്യമായി വേണ്ടത്ര മഴ ലഭിച്ചില്ലെങ്കിൽ ഉല്പാദ നം വളരെ കുറയുകയും ചെയ്യും. ജൂൺ, ജൂലൈ, ഓഗസ്റ്റ് മാസങ്ങളിലായി തെക്കുപടിഞ്ഞാറൻ കാല വർഷവും സെപ്തംബർ, ഒക്ടോബർ, നവംബർ മാസങ്ങളിലായി തുലാവർഷവും ലഭിക്കുന്നുണ്ടെങ്കി ലും വേനൽമഴ വേണ്ടത്ര ലഭിക്കാറില്ല. മഴയുടെ ലഭ്യ തയിൽ ഏറ്റക്കുറച്ചിലുകൾ അനുഭവപ്പെടാറുണ്ട്. കാലവർഷം വൈകി ആരംഭിക്കുകയും തുലാവർ ഷം നേരത്തെ അവസാനിക്കുകയും ചെയ്യുകയാണ് പതിവ്.

തുലാവർഷത്തിൻെറ ലഭ്യത വളരെ കുറവാ ണ്. കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഈ പഞ്ചായത്തിൽ ലഭിച്ച മഴയുടെ വിവരങ്ങൾ ജലപ്രകൃതിയിൽ ചേർത്തിട്ടുണ്ട്.

മഴയെ മാത്രം ആശ്രയിച്ചുള്ള ഇന്നത്തെ കൃഷി രീതി മാറ്റി നമുക്കുള്ള സമ്പന്നമായ ജലസ്രോതസ്സു കൾ ജലസേചനത്തിന് ഉപയുക്തമാക്കിയാൽ ഇന്നു ള്ള ഉല്പാദനം ഇരട്ടിയിലേറെയാക്കാൻ കഴിയും. 3 പുഴകളും വലുതും ചെറുതുമായ വറ്റാത്ത 20ൽ ഏറെ തോടുകളും സ്വകാര്യ കുളങ്ങളടക്കം 50ഓളം കുളങ്ങളും 23 ചെക്ക്ഡാമുകളും നമ്മുടെ പഞ്ചായ ത്തിലുണ്ട്. പഞ്ചായത്തിൻെറ തെക്ക് ഭാഗത്തുള്ള ഉയർന്ന മലനിരകളിൽ നിന്ന് ഉത്ഭവിക്കുന്ന മക്കിയാ ട് പുഴ, മക്കിയാട്, ചീപ്പാട്, മാമ്പട്ടി എന്നിവിടങ്ങളിലൂ ടെ ഒഴുകി പാലേരിയിൽ എത്തുന്നു. നിരവിൽപുഴ, വളാംതോട്, കോളിപ്പാട് എന്നിവിടങ്ങളിൽ നിന്ന് ഉത് ഭവിച്ച്നിരവിൽ പുഴ അയ്യങ്കാവ്, പിലാക്കാവ് നെല്ലേ രി വഴി പാലേരിയിൽ എത്തി മക്കിയാട് പുഴയുമായി കൂടി ചേരുന്നു. പാലേരിയിൽ നിന്ന് ആരംഭിക്കുന്ന കൂടം പുഴ അരീക്കര നെടുബിലാശ്ശേരി വഴി ഒഴുകി നമ്മുടെ പഞ്ചായത്തിൻെറ വടക്കേ അതിർത്തിയിലൂ ടെ കിഴക്കോട്ട് ഒഴുകി വാളാട് പുഴയുമായി ചേർന്ന് പുതുശ്ശേരി വഴി കടന്നുപോകുന്നു.

മൂർതോട്, കട്ടിയേരി കമ്മനതോട്, വാളാംതോ ട്, പൂരിഞ്ഞിതോട്, മൂളിതോട്, നെടുന്തൊടിതോട്, നിട്ടിൽതോട്, കാരാമൽതോട്, വഞ്ഞോട് പാലേരി തോട്, കരിമ്പിൽതോട്, നെടുമ്പിലശ്ശേരി തോട്, പൊ റളോം തോട്, നിലോം തോട് എന്നിവയാണ്.

തോടുകൾക്ക് പുറമേ സ്വകാര്യവ്യക്തികൾ നിർമ്മിച്ച് കുളങ്ങളും സർക്കാർ ഏജൻസികൾ നിർമ്മിച്ച കുളങ്ങളുമുണ്ട്. അരിമല തലപ്പറമ്പിൽ, കല്ലറ, കാർക്കോട്ടിൽ, പാലിയോട്ടിൽ, പന്നിപ്പാട് പുതിയടത്ത് കോമ്പിൽ, ഇടച്ചേരി, റാട്ടകൊല്ലി പൂരിഞ്ഞി, നാൽപ്പറക്കുന്ന്, വെങ്ങലോട്, തരുവണ, ആലക്കൽ വീട്ടിയാംപറ്റ, എടക്കുട, പ്ലാമൂല, ചേരികൊല്ലി, എടമുണ്ട കൊല്ലിയിൽ, കൊളമ്മക്കൊല്ലി, പുറവഞ്ചേരി, മാമ്പട്ടി, നീലോം പാലേരി, എന്നിവിടങ്ങളിൽ സർക്കാർ ഏജൻസി നിർമ്മിച്ച കുളങ്ങളുമുണ്ട്. കൂടാതെ മട്ടിലയം ചെർളോം, തടങ്ങഴിക്കൽ, ഞാറലോട് പുത്തൻമിറ്റം, എന്നിവിടങ്ങളിൽ നിർമ്മിച്ച വലിയ കിണറുകളും ഉണ്ട്. എന്നാൽ ഈ കിണറുകളിൽ പമ്പുസെറ്റ് സ്ഥാപിക്കാത്തിനാൽ കൃഷിക്ക് ഉപകരിക്കുന്നില്ല. മേൽപ്പറഞ്ഞ ജലസ്രോതസുകളിൽ നിന്ന് കാപ്പി, തെങ്ങ്, കവുങ്ങ് തുടങ്ങിയ നാണ്യവിളകൾക്ക് ജലസേചനസൗകര്യം തീരെയില്ല. പമ്പുസെറ്റുകൾ സ്ഥാപിച്ച് പുഴകളിലെയും തോടുകളിലെയും കിണറുകളിലെയും കുളങ്ങളിലെയും വെള്ളം ഉപയുക്തമാക്കിയാൽ നാണ്യവിളകളുടെ ഉല്പാദനക്ഷമത മൂന്ന് ഇരട്ടി കൂട്ടാൻ സാധിക്കും. സമ്പന്നമായ ജലസ്രോതസുകൾ പൂർണ്ണമായി ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികളാണ് ആവശ്യമായിട്ടുള്ളത്.

നാമമാത്രമായ ജലം മാത്രമേ കൃഷിക്ക് ഉപയോഗിക്കുന്നുള്ളു. വിവിധ തോടുകളിൽ കൃഷിക്കാർ മണ്ണുകൊണ്ട് ബണ്ടു കെട്ടി വെള്ളം തടഞ്ഞുനിർത്തി വേനൽക്കാലത്ത് വയലുകളിൽ ജലസേചനം നടത്തുന്നുണ്ട്. പുഴകളിലെ ജലം വളരെ തുച്ഛമായ തോതിൽ മാത്രമാണ് കൃഷിക്ക് ഉപയോഗിക്കുന്നത്. പുഴകിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളോ തടയണകളോ നിർമ്മിച്ചിട്ടില്ല.

പ്രധാനപാഠ ശേഖരങ്ങൾ കേന്ദ്രീകരിച്ച ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ ആരംഭിച്ചാൽ നെല്ല് ഉല്പാദനം ഇരട്ടിയാക്കാൻ കഴിയും. വൈദ്യുതിയുടെ ദൗർലഭ്യവും സാമ്പത്തിക പരാധീനതയും മൂലം പമ്പ് സെറ്റുകൾ സ്ഥാപിച്ച് ജലസേചനം നടത്തുന്നതിന് കർഷകർ തയ്യാറാവുന്നില്ല. വളരെ ചുരുങ്ങിയ പമ്പുസെറ്റുകൾ മാത്രമാണ് പഞ്ചായത്തിൽ ഉള്ളത് വിവിധ തോടുകളിൽ ജലസേചനത്തിനുവേണ്ടി വിവിധ പദ്ധതികളിലായി നിർമ്മമിച്ച 23 ഓളം ചെക്ക് ഡാമുകൾ നിലവിലുണ്ട്. പക്ഷേ പല ചെക്കുഡാമുകളും നശിച്ചുകൊണ്ടിരിക്കുന്നു. ജലലഭ്യമാകുന്നതും കൃഷിക്ക് ഉപയുക്തവുമാകുന്ന സ്ഥലങ്ങളിൽ ചെക്ക് ഡാം നിർമ്മിക്കുന്നതിന് പകരം മറ്റ് പല സൗകര്യങ്ങൾ നോക്കി ചെക്ക് ഡാമുകൾ നിർമ്മിച്ചിട്ടുള്ളതിനാൽ പല ചെക്കുഡാമുകളിലും വേനൽക്കാലത്ത് വെള്ളമുണ്ടാകാറില്ല. വെള്ളമുള്ള പല ചെക്കുഡാമുകളിലും ആവശ്യമായ കനാലുകളോ വലകളുളോ ഇല്ല. 90% ചെക്കുഡാമുകളും ഉപയോഗശൂന്യമാണ്.

കുളങ്ങൾ പലതും നശിച്ചുകൊണ്ടിരിക്കുയാണ്. ഒരുകാലത്ത് നിറയെ വെള്ളമുണ്ടായിരുന്ന കുഞ്ഞോം കുങ്കിച്ചിറ ഇന്ന് നികന്ന് പോയിരിക്കുന്നു. അരിപ്പിൻച്ചിറ നികന്ന് കൃഷിഭൂമിയായി കഴിഞ്ഞു. പഴകുളങ്ങളും ചിറകളും ഏറെക്കുറെ പണി നടത്തി ഉപയുക്തമാക്കാം. നിർമ്മാണത്തിലെ അപാകതമൂലം പല കുളങ്ങളും ചെക്ക് ഡാമുകളും നശിച്ചുകൊണ്ടിരിക്കുന്നു.

### കൃഷിഭവൻ

1987 സെപ്തംബർ ഒന്നിന് ആണ് പഞ്ചായത്തിൽ കൃഷിഭവൻ പ്രവർത്തനം ആരംഭിച്ചത് മക്കിയാടുള്ള ഒരു വാടകക്കെട്ടിടത്തിലാണ് കൃഷിഭവൻ ഓഫീസ് പ്രവത്തിക്കുന്നത്. ദീർഘകാലവിളകളായി കുരുമുളക്, തെങ്ങ്, കവുങ്ങ്, കശുമാവ്, എന്നിവയുടെയും ഹ്രസ്വകാലവിളകളായ ഇഞ്ചി, മഞ്ഞൾ, വാഴ, പച്ചക്കറികൾ എന്നിവയുടെയും വികസനത്തിനുവേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷിഭവൻ മുഖേന നടപ്പിലാക്കി വരുന്നു. കുരുമുളക് വികസനസമിതികൾ, പാടശേഖരസമിതികൾ, കേരവികസനസമിതി എന്നിവയുടെ പ്രവർത്തനങ്ങൾ കൃഷിഭവൻെറ കീഴിൽ നടത്തുന്നുണ്ട്.

കുരുമുളക് കൃഷിയുടെ വികസനത്തിന് വേണ്ടി ഏരിയ വികസനം, പ്രദർശനതോട്ടം, ദ്രുതവാട്ടനിവാരണം, പുനരുദ്ധാരണം, എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ഹ്രസ്വകാലവിളകളായ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വികസനത്തിന് വേണി വ്യാപനം പ്രദർശനതോട്ടം എന്നീ വിഭാഗങ്ങളിയായി ആനുകൂല്യങ്ങൾ വിതരണം ചെയ്യുന്നു. നെൽകൃഷിയുടെ വികസനത്തിനുവേണ്ടി പാടശേഖരസമിതികൾ മുഖാന്തി കൃഷിവിഞ്ജാനകേന്ദ്രങ്ങളായി മാറ്റുവാനും കൃഷിഭവനു കഴിയണം.

| വാർഡ് നം | കുളങ്ങൾ കുഴിച്ച് പമ്പ്സെറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ | ലിഫ്റ്റ് ഇറിഗേഷൻ പദ്ധതില നടപ്പാക്കേണ്ട സ്ഥലങ്ങൾ | പുനരുദ്ധരിക്കേണ്ട ചെക്കു ഡാമുകൾ | പമ്പ്സെറ്റ് സ്ഥാപിക്കേണ്ട കുളങ്ങൾ | നടപ്പാക്കേണ്ട മറ്റ് പദ്ധതികൾ |
|---|---|---|---|---|---|
| I | | | ചുരുളി മുണ്ടോണി ചിറക്കംപാടി | | |
| II | മുണ്ടയിൽ മരാടി കേളോത്ത് ഓടയോട്ടിൽ ആറുവീട്ടിൽ കരുവളം | നിരവിൽപുഴ | വളാംതോട് കീച്ചേരി | | നിരവിൽപുഴ മീൻമുട്ടി പദ്ധതി |
| III | മണിക്കല്ലിനുസമീപം | പൂലാറ്റിൽ വയലിനുസമീപം (മക്ക്യാട്) | | | മക്ക്യാട് മീൻമുട്ടി പദ്ധതി |
| IV | ആനത്താനത്ത് | | വലിയകൊല്ലി | | |
| V | പാലയണ | | | നാല്പറ്റക്കുന്ന് | |
| VI | | വീട്ടിയാമ്പറ്റ വാഴത്താറ്റ | നെട്ടിൽതോട് | | |
| VII | | നീലോം | | നീലോ കുറിച്യകോളനി | |
| VIII | | | പുളിഞ്ഞേരി ഗീതാ എസ്റ്റേറ്റ് കനാലും പലകകളും | | |
| IX | കൊല്ലിക്കണ്ടം മുള്ളംകുഴി കണ്ടിവയൽ | അരീക്കരപുഴ | | | |
| X | കുഴിലോട്ടിൽ കീച്ചേരി മൂന്നരപ്പൊതി | നെല്ലേരി മുടപ്പെട്ടി | | പിലാക്കാവ് കുറിച്യക്കോളനി | |

### കാർഷികമേഖലയിലെ പ്രധാന പ്രശ്നങ്ങൾ

1. വന്യമൃഗശല്യം
2. ഗതാഗതസൗകര്യക്കുറവും, വിപണിയുടെ അഭാവവും
3. മണ്ണിൻെറ ഫലപുഷ്ടിക്കുറവ്
4. മണ്ണൊലിപ്പ്
5. ജലസേചനത്തിൻെറ അപര്യാപ്തത
6. ആധുനിക കൃഷിരീതികളെയും പാരമ്പര്യരീതികളെയും സമന്വയിപ്പിക്കാൻ കഴിയുന്നില്ല.
7. കൃഷിഭവൻെറ പ്രവർത്തനത്തിലെ അപാകതകൾ
8. കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന നടീൽ വസ്തുക്കളുടെയും മററ് വസ്തുക്കളുടെയും ഗുണനിലവാരമില്ലായ്മയും വേണ്ടസമയത്ത് ലഭിക്കായ്കയും.
9. മൂലധനക്കുറവ്
10. സാമ്പത്തികസഹായത്തിനായി ശ്രമിക്കുന്നവർക്ക് അനുഭവിക്കേണ്ടി വരുന്ന വിഷമകൾ

11 വർദ്ധിച്ച ഉത്പാദനച്ചിലവും തൊഴിലാളികളുടെ ആത്മാർത്ഥതക്കുറവും.
12 തൊഴിലാളികളെ സമയത്തിന് ലഭിക്കാത്തതും വിദഗ്ധ തൊഴിലാളികളുടെഅഭാവവും.
13 വൈദ്യുതിക്ഷാമം
14 പ്രദേശത്തിന് അനുയോജ്യമല്ലാത്തപദ്ധതികൾ
15 നടീൽവസ്തുക്കളുടെ വിലവർദ്ധനവ്
16 വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഏകീകരണമില്ലായ്മ
17 ജൈവവളങ്ങളുടെ ഉപയോഗക്കുറവും വർദ്ധിച്ച വിലയും.
18 രാസവളങ്ങൾ വേണ്ടസമയം ലഭിക്കായ്കമയും വിലവർദ്ധനവും.
19 അസംഘടിതരായ കർഷകർ
20 കൈവശഭൂമിക്ക് ആവശ്യമായ രേഖകളുടെ അഭാവം.
21 വനംവകുപ്പ് ഉദ്യോഗസ്ഥരുടെ അനാവശ്യമായ ഇടപെടൽ
22 മണ്ണ് പരിശോധനയുടെ അഭാവം.
23 കൃഷിനാശം സംഭവിക്കുന്നവർക്ക് മതിയായ നഷ്ടപരിഹാരം യഥാസമയം ലഭിക്കുന്നില്ല.
24 ആവശ്യത്തിനുള്ള പച്ചക്കറികളുടെ ഉത്പാദനക്കുറവ്
24 പ്രകൃതിക്ഷോഭം മൂലവും നിയന്ത്രണാതീതമായ രോഗങ്ങൾ മൂലവും വർഷംതോറുമുണ്ടാകുന്ന വിളനഷ്ടം.

## നിർദ്ദേശങ്ങൾ

1). വന്യമൃഗശല്യം തടയുന്നതിന് എലികളെ എന്നപോലെ കൃഷിയിടങ്ങളിൽ ഇറങ്ങുന്ന പന്നികളേയും കൊല്ലുവാനുള്ള അധികാരം ജനങ്ങൾക്ക് നല്കുക. കർഷകർക്ക് സ്വന്തമായി വൈദ്യുതവേലി സ്ഥാപിക്കുന്നതിന് ധനസഹായം നല്കുക. കൃഷി നശിച്ചവർക്ക് മതിയായ നഷ്ടപരിഹാരം നല്കകു. വനാതിർത്തിയിൽ കിടങ്ങുകളും വൈദ്യുതവേലിയും സ്ഥാപിക്കുക. സ്വാഭാവിക വനത്തിനുള്ളലുള്ള കൃഷിഭൂമികൾ സർക്കാർ ഏറ്റെടുത്ത് വനത്തോട് ചേർക്കുകയും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഒറ്റപ്പെട്ടു കിടക്കുന്ന നിക്ഷിപ്തവനഭൂമി കൃഷിക്കാർക്ക് പകരമായി നല്കുകയും ചെയ്യുക.

2). ഗതാഗതസൗകര്യക്കുറവും വിപണിയുടെ അഭാവവും: ആവശ്യമായ സ്ഥലങ്ങളിൽ പുതിയ റോഡുകളും ഉള്ള റോഡുകൾ ഗതാഗതയോഗ്യമാക്കുകയും പാലങ്ങൾ വേണ്ടിടത്ത് അവ പണിയുകയും ചെയുക.

3). ഇഞ്ചി, വാഴക്കുല, അടയ്ക്ക, ഇവ സംസ്കരിക്കാനാവശ്യമായ സംവിധാനം ഉണ്ടാക്കുക (സഹകരണമേഖലയിൽ)

4) സൗകര്യമായ സ്ഥലത്ത് ആഴ്ചചന്തകളും അന്തിച്ചന്തകളും തുടങ്ങുക.

( 5) വേർഹൗസിംഗ് സമ്പ്രദായം ഏർപ്പെടുത്തുക.

6) സഹകരണമേഖലയിൽ തേയില ഫാക്ടറി സ്ഥാപിക്കുക.

7). മണ്ണൊലിപ്പ് തടയുക (കയ്യാല, മണ്ണ് കൊള്ള്, etc.)

8). ജലസേചനസൗകര്യങ്ങൾ ഏർപ്പെടുത്തുക

9). ആധുനികരീതികളും പരമ്പരാഗത രീതികളും സമന്വയിപ്പിക്കുക.

10). കൃഷിഭവന്റെ പ്രവർത്തനത്തിലെ അപാകതകൾ പരിഹരിക്കുക. കൃഷിഭവനിലൂടെ നല്കുന്ന ആനുകൂല്യങ്ങൾ യഥാർഥ കർഷകന് ലഭിക്കുന്നു എന്നുറപ്പു വരുത്തുക. നിലവിൽ ഓരോ കൃഷിയുടെ ഉദ്ധാരണത്തിനും ഓരോ സമിതി എന്ന രീതി മാറ്റി വാർഡിലെ എല്ലാകൃഷികളുടെയും പുരോഗതി ലാക്കാക്കി പ്രവർത്തിക്കുന്ന ഒറ്റസമിതി ഉണ്ടാവണം. സമിതിയുടെ ഓഫീസ് കൃത്യമായി തുറന്നുപ്രവർതിക്കണം. സേവന സന്നദ്ധരായവരെ ഈ ചുമതല ഏല്പിക്കണം - കൃഷിഭവന്റെയും സമിതികളുടെയും പ്രവർത്തനങ്ങൾ കൃഷിക്കാരിലെത്തിക്കാൻ തൊഴിൽ രഹിതരും സേവന സന്നദ്ധരുമായ യുവാക്കളെ ഉപയോഗിക്കാം.

11). കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന ആനുകൂല്യങ്ങളെക്കുറിച്ചും, ഗുണഭോക്താക്കളെക്കുറിച്ചുമുള്ള വിവരങ്ങൾ എല്ലാവരെയും അറിയിക്കാനായി പൊതുസ്ഥലങ്ങളിലും റേഷൻകട സമിതി ഓഫീസുകൾ എന്നിവിടങ്ങളിലും പ്രദർശിപ്പിക്കുക.

12). കൃഷിഭവനിലൂടെ വിതരണം ചെയ്യുന്ന നടീൽവസ്തുക്കളുടെയും മറ്റ് വസ്തുക്കളുടെയും ഗുണനിലവാരം ഉറപ്പു വരുത്തുകയും യഥാസമയത്ത് അവ ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

13). ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ ഇവിടെതന്നെ ഉൽപാദിപ്പിക്കാൻ വേണ്ട ഏർപ്പാടുകൾ ഉണ്ടാവണം. തൊഴിൽരഹിതരായ യുവാക്കളെ സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിക്കുകയും അവർക്ക് സഹായധനം ലഭ്യമാക്കുകയും ചെയ്യുക. ഇവിടെയുള്ള നല്ല വിത്തുകൾ മതിയാവാതെ വരുമ്പോൾ മാത്രമേ പുറത്തുനിന്നുകൊണ്ടുവരാവൂ.

14). മൂലധനം:- കൃഷിക്കാവശ്യമായ വായ്പ അപേക്ഷകളിൽ വേഗം തീർപ്പു കല്പിക്കുകയും ഒരാഴ്ചക്കുള്ളിൽ തന്നെ വായ്പ ലഭ്യമാകുന്ന സംവിധാനവും ഉണ്ടാകണം. വായ്പ ലഭിക്കാനുള്ള സാങ്കേതിക പ്രശ്നങ്ങൾ ലഘൂകരിക്കണം. കൃഷിനാശം സംഭവിച്ചവർക്ക് വളരെ വേഗം തന്നെ നഷ്ടപരിഹാരം ലഭ്യമാക്കാൻ വേണ്ട നപടികൾ സ്വീകരിക്കണം.

15). യന്ത്രവൽക്കരണത്തിനാവശ്യമായ സാഹചര്യങ്ങൾ ഒരുക്കണം - ഇത് കർഷകരുടെ സംഘങ്ങൾ മുഖേനയാവണം.

16) യുവാക്കളെ കാർഷിക മേഖയിലേക്ക് ആകർഷിക്കാനും അവർക്ക് വിദഗ്ധ പരിശീലനത്തിന് വേണ്ട സംവിധാനം ഉണ്ടാവണം.

17) വൈദ്യുതി കണക്ഷൻ നല്കുന്നതിലെ കാലതാമസം ഒഴിവാക്കുകയും ബോർഡിൻെറ (KSEB) കാര്യക്ഷമത വർധിപ്പിക്കുകയും ഈ മേഖലയിലെ ഇടനിലക്കാരെ ഒഴിവാക്കുകയും വേണം.

18) ഈ പ്രദേശത്തെ കാലാവസ്ഥക്ക് സാഹചര്യങ്ങൾക്കും അനുകൂലമായ പദ്ധതികൾ മാത്രം നടപ്പിലാക്കണം. പദ്ധതികളിൽ ഗുണഭോക്താക്കളുടെ പങ്കാളിത്തം ഉറപ്പാക്കണം.

19) വിവിധ വകുപ്പുകൾ നടപ്പിലാക്കുന്ന പദ്ധതികൾ ഏകീകരിക്കണം. ഇവ പഞ്ചായത്ത് സമിതികളിലൂടെ നടത്തണം.

20). നിലവിലുള്ള സമിതികൾ പുനഃസംഘടിപ്പിക്കുകയും സമിതികൾ ജനാധിപത്യപരമായ രീതിയിൽ പ്രവർത്തിക്കുന്നു എന്നുറപ്പുവരുത്തുകയും ആറുമാസത്തിൽ ഒരിക്കൽ സമിതിയുടെ ജനറൽബോഡി ചേർന്ന് പ്രവർത്തനങ്ങൾ വിലയിരുത്താനും വരവുചെലവുകൾ പരിശോധിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുക.

21) രാസവളങ്ങളുടെയും ജൈവവളങ്ങളുടെയും വില നിയന്ത്രിക്കുകയും ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക. ജൈവവളങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുക.

22) ആവശ്യമായ രേഖകളില്ലാതെ കൃഷിഭൂമി കൈവശം വെച്ചിരിക്കുന്ന കർഷകർക്ക് ആവശ്യമായ രേഖകൾ നല്കുക.

23) വനംവകുപ്പുദ്യോഗസ്ഥരുടെ അനാവശ്യ ഇടപെടലുകൾ ഒഴിവാക്കണം.

24) മണ്ണ് പരിശോധനക്കായി സഞ്ചരിക്കുന്ന പരിശോധനാ സംവിധാനം മാസത്തിൽ ഒരിക്കലെങ്കിലും പഞ്ചായത്തിലെത്തണം. കർഷകർക്ക് ഇത്തരം വിവരങ്ങൾ രേഖപ്പെടുത്തി സൂക്ഷിക്കുന്നതിനായി കാർഡ് നല്കുന്ന സംവിധാനം ഏർപ്പെടുത്തണം.

25) കൃഷി നശിച്ചവർക്ക് നഷ്ടപരിഹാരം നല്കുമ്പോഴും തെങ്ങുകൃഷിക്കും മറ്റുമുള്ള സബ്സിഡി നൽകുമ്പോഴും ജനകീയസമിതികളിലെ പ്രവർത്തകരും ജനപ്രതിനിധികളും കർഷകനും ഉദ്യോഗസ്ഥരും ഒന്നിച്ച് പരിശോധിച്ച് അപ്പോൾതന്നെ തീരുമാനങ്ങളെടുത്ത് ബന്ധപ്പെട്ട കർഷകരെ അറിയിക്കാൻ കഴിയണം.

26) പച്ചക്കറിക്കൃഷി വികസനത്തിനായി ഗ്രൂപ്പ് ഫാമിംഗ് സമ്പ്രദായം ഏർപ്പെടുത്തുക. പച്ചക്കറി വിത്തുകൾ യഥാസമയം ലഭ്യമാക്കണം. ഇതിനായി സീഡ്ഫാം രൂപീകരിച്ച് വിത്തുകൾ ശേഖരിച്ച് ലഭ്യമാക്കുക.

27). ജൈവവളത്തിൻെറ ഉപയോഗം വർധിപ്പിക്കാൻ പുറമ്പോക്ക് ഭൂമികളിലും ചുറ്റുവേലിയായും പച്ചിലച്ചെടികൾ കൃഷിചെയ്യുക.

28) ഔഷധ, പുഷ്പക്കൃഷിക്കും കൂൺകൃഷിക്കും വലിയ സാധ്യതയുള്ള പഞ്ചായത്താണിത്. പ്രോത്സാഹിപ്പിക്കാനും വിപണനത്തിനും വേണ്ട നടപടികൾ സ്വീകരിക്കണം.

29) വിളനാശം ഏതുതരത്തിൽ സംഭവിച്ചാലും നഷ്ടപരിഹാരം ലഭിക്കുന്നതിനായി വിളഇൻഷൂറൻസ് പദ്ധതി വ്യാപകമാക്കുകയും മതിയായ തോതിൽ നഷ്ടപരിഹാരം നൽകുകയും ചെയ്യുക.

## വനം, പരിസ്ഥിതി

131-15 ച. കി.മീ. വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ 56% വനഭൂമി ജൈവവൈവിദ്യങ്ങളുടെ കലവറയാണ്. നിത്യഹരിതവനങ്ങളും പൊട്ടിച്ചിരിച്ചൊഴുകുന്ന കാട്ടരുവികളും വന്യമൃഗങ്ങളും അപൂർവ്വപക്ഷിജാലങ്ങളും നിറഞ്ഞതാണ് ഈ പ്രദേശം. ഈ പഞ്ചായത്തിലെ വനം 19058 ഏക്ര വിസ്തൃതിയിൽ പരന്നുകിടക്കുന്നു. ഇതിൽ 12389 ഏക്ര നിബിഡവനവും 6669 ഏക്ര നിക്ഷിപ്ത വനവുമാണ്.

## നിക്ഷിപ്ത വനഭൂമി

വനവത്കരണത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടും ഇന്നും മൊട്ടക്കുന്നുകളായി നിലനില്ക്കുന്നു എന്നത് പരിശോധിക്കപ്പെടേണ്ടതാണ്. വനവത്കരണത്തിൻെറ ഭാഗമായി നട്ടുപിടിപ്പിച്ചിട്ടുള്ള അക്കേഷ്യ, സീൽവറോക്ക് എന്നീ മരങ്ങൾ അങ്ങിങ്ങായി ഉണ്ട്. എന്നാൽ ഇത് ഒരു വനമായി രൂപപ്പെടുത്തീട്ടുണ്ടെന്ന് പറയാൻ വയ്യ.

സ്വാഭാവിക വനങ്ങൾ:- സ്വാഭാവിക വനങ്ങൾ ജൈവൈവിധ്യത്താലും അപൂർവ്വ പക്ഷിമൃഗാദികളാലും സമൃദ്ധമാണ്. കോളിപ്പാട്ട് മലയിൽ നിന്നും ചെറുമുണ്ടേരി മലയിൽ നിന്നും ഉത്ഭവിക്കുന്ന 'മീൻമുട്ടി" വെള്ളച്ചാട്ടങ്ങൾ അത്യാകർഷകമായ കാഴ്ചകളാണ്. പാറക്കെട്ടുകളിലൂടെ തട്ടിതടഞ്ഞ് പൊട്ടിച്ചിരിച്ചൊഴുകുന്ന അരുവികൾ ഒന്നുചേർന്ന് ഉദ്ദേശം 40 അടി താഴ്ചയിലേക്ക് കുതിച്ചുചാടുന്ന മീൻമുട്ടി" വെള്ളച്ചാട്ടം ഹൃദയഹാരിയായ കാഴ്ചയാണ്. ഇവിടുത്തെ ടൂറിസം സാദ്ധ്യതകൾ വേണ്ട രീതിയിൽ ഉപയോഗിക്കുവാൻ നമുക്ക് ആയിട്ടില്ല. അമൂല്യമായ ഔഷധസസ്യങ്ങളും ഓർക്കിഡുകളും നിറഞ്ഞ ഈ വനങ്ങളിൽ ആന, കാട്ടി, മാനുകൾ, മുള്ളൻപന്നി, വേഴാമ്പൽ, വെരുക്, മലയണ്ണാൻ, വേഴാമ്പൽ, രാജവെമ്പാല, തുടങ്ങിയ അപൂർവ്വ ജന്തുജാലമുൾക്കൊള്ളുന്നതുമാണ്. വനവിഭവങ്ങളായ തേൻ, പന്തം, ചീനിക്ക, ഔഷധസസ്യങ്ങൾ, എന്നിവ ഈ വനത്തിൽ നിന്നും ശേഖരിക്കുന്നുണ്ട്. ആദിവാസി വിഭാഗങ്ങളെ ഉപയോഗിച്ച് വനവിഭവങ്ങൾ ശേഖരിക്കാനുള്ള ഏർപ്പാടുകൾ നിലവിലുള്ള ഈ രംഗത്ത് പ്രവർത്തിക്കുന്ന സഹകരണസ്ഥാപനത്തിൻെറ പ്രവർത്തനം വ്യാപിപ്പിക്കുന്നതിലൂടെ സ്വകാര്യവ്യക്തികൾ ആദിവാസികളെ സ്വാധീനിച്ച് വനവിഭവങ്ങൾ കൈവശപ്പെടുന്നത് അവസാനിപ്പിക്കാവുന്നതാണ്.

## പ്രശ്നങ്ങൾ

1). മരംമുറി വ്യാപകമാവുന്നു.

2) വേലി തന്നെ വിള തിന്നുന്നു എന്നതാണ് ഏറ്റവും വലിയ പ്രശ്നം. (ഫോറസ്റ്റ് ജീവനക്കാരും റവന്യൂ അധികാരികളും പലപ്പോഴും മരക്കച്ചവടക്കാരുമായി സന്ധി ചെയ്യുന്നു.)

3) വനസംരക്ഷണം നമ്മുടെ കൂടി ബാധ്യതയും കടമയുമാണെന്ന ബോധമില്ലായ്മ.

4). കാട്ടുതീ ശല്യം. (ഇത് പലപ്പോഴും ബോധപൂർവം സൃഷ്ടിക്കുന്നു).

5) സംരക്ഷിക്കപ്പെടേണ്ട സ്വകാര്യവനഭൂമിയിൽ മരം മുറി വ്യാപകമാവുന്നു. അധികാരികൾ . ഒത്താശ ചെയ്തുകൊടുക്കുന്നു.

6). കോളിപ്പാട് മീൻമുട്ടിയുടെ ഉത്ഭവസ്ഥാനത്തുള്ള സ്വകാര്യവനഭൂമിയിൽ തകൃതിയായി മരംമുറി നടക്കുന്നു. ഇത് ഈ ജലസ്രോതസ്സിനെ പ്രതികൂലമായി ബാധിക്കും.

7) ചുരം റോഡിന് ചുററും ഉണ്ടായിരുന്ന മുഴുവൻ മരങ്ങളും മുറിച്ചുമാറ്റിയിരിക്കുന്നു. ഇത് ചുരത്തിൻെറ നിലനില്പിനെ പ്രതികൂലമായി ബാധിക്കും.

8) നിക്ഷിപ്ത വനഭൂമിയിലെ വനവത്കരണശ്രമങ്ങൾ വിജയകരമല്ല.

9) പുതിയ വനം വച്ചു പിടിപ്പിക്കുന്നതിനായി സ്വാഭാവിക വനങ്ങൾ നീക്കം ചെയ്യുന്ന പ്രവണത ആശാസ്യമല്ല.

10) വനംവകുപ്പ് മുഖാന്തരം നടപ്പിലാക്കുന്ന പദ്ധതികൾ പലതും അപ്രായോഗികവും അനാവശ്യമായതുമാണ്. ഉ:- മക്ക്യാട് മീൻമുട്ടിയുടെ സമീപം പണിത ഒരു വലിയ കിണർ റിംഗ് അടക്കം തകർന്നു നശിച്ച നിലയിലാണ് ഇന്നുള്ളത്. കിണർ കുഴിച്ച സ്ഥലത്തുനിന്നും ഏതാനും മീറ്റർ അകലെ പ്രകൃതിദത്തജലം സുലഭമാണ്. പൈപ്പിൽകൂടി വെള്ളം ലഭ്യമാക്കാവുന്നതാണ്.

## പരിഹാരമാർഗ്ഗങ്ങൾ

1) വനത്തിൽ കയറി മരംമുറിക്കുന്നവരെ പിടികൂടുകയും മാതൃകാപരമായി ശിക്ഷിക്കുകയും ചെയ്യുക.

2) ഫോറസ്റ്റ് ഉദ്യോഗസ്ഥരുടെയും റവന്യൂ അധികാരികളുടെയും അനാസ്ഥ അവസാനിപ്പിക്കുക.

3) വനം സംരക്ഷിക്കേണ്ട ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണം നടത്തുക.

4) ജനകീയ പങ്കാളിത്തത്തോടെ വനം സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക. കാട്ടുതീ പോലുള്ള വിപത്തുകളിൽ നിന്ന്വനത്തെ രക്ഷിക്കാനുള്ള ശ്രമത്തിൽ ജനപങ്കാളിത്തം ഉറപ്പാക്കുക.

5) വനത്തിനുള്ളിലുള്ള കൃഷിഭൂമിയും സ്വകാര്യവനഭൂമിയും ഏറ്റെടുത്ത് വനത്തോട് ചേർക്കുകയും പകരം ഭൂമിയും പുനരധിവാസത്തിനാവശ്യമായ സാമ്പത്തികസഹായവും നല്കുക.

6) കുറ്റ്യാടി ചുരത്തിനിരുവശത്തുമുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുകയും വനവൽക്കരണം നടത്തുകയും ചെയ്യുക.

7) നിക്ഷിപ്ത വനഭൂമിയിലെ വനവത്കരണം ജനകീയ സമിതികളെ ഏല്പിക്കുക.

8) സ്വാഭാവിക വനത്തിനെ നശിപ്പിക്കാതെയും ഉള്ള മരങ്ങൾ നിലനിർത്തിയും വനവത്കരണ പ്രവർത്തനങ്ങൾ നടത്തുക.

9). വനസംരക്ഷണം പഞ്ചായത്തിനെ ഏല്പിക്കുക.

10) വനംവകുപ്പ് വനസംരക്ഷണ പ്രവർത്തനം മാത്രം നടത്തിയാൽ മതി. ജനങ്ങളുടെ കണ്ണെത്താത്ത വനത്തിനുള്ളിലും 12 മാസവും സമൃദ്ധമായി വെള്ളം ലഭിക്കുന്ന വെള്ളച്ചാട്ടത്തിന് സമീപവും ആഴമേറിയ കിണർ കുഴിക്കുന്ന തരത്തിലുള്ള പദ്ധതികൾ ഉപേക്ഷിക്കുക.

11). പുതിയ പദ്ധതികൾ ആരംഭിക്കുന്നതിന് മുമ്പ് പഞ്ചായത്ത് ഭരണസമിതിയെ അറിയിക്കുകയും അവരുടെ സഹകരണവും നിറ്റദ്ദേശങ്ങളും തേടുകയും വേണം.

12) വനംവകുപ്പുകാർ ആദിവാസികൾക്ക് വീട് നിർമ്മിക്കുന്നതിനായി മരംമുറിക്കുന്ന പരിപാടി ഉപേക്ഷിക്കുക. ഇതിൻെറ മറവിൽ ഉദ്യോഗസ്ഥർ മരംമുറിച്ച് കടത്തി നേട്ടം ഉണ്ടായ അനുഭവവും വിരളമല്ല.

## പരിസ്ഥിതി പ്രശ്നങ്ങൾ

എടുത്തുപറയത്തക്ക പരിസ്ഥിതിപ്രശ്നങ്ങൾ ഈ പഞ്ചായത്തിൽ ഇപ്പോൾ നിലനില്ക്കുന്നില്ല. എന്നാൽ കാർഷികമേഖലയിലും മറ്റും ഇന്ന് നിലനില്ക്കുന്നതും വരുംകാലത്ത് ഭീഷണിയാവാൻ സാധ്യതയുള്ളതുമായയ ചില പ്രശ്നങ്ങൾ പരാമർശിക്കാതിരിക്കുന്നതും ശരിയല്ല.

1). കാർഷികമേഖലയിൽ അശ്രദ്ധമായും അനാവശ്യമായും അമിതമായും കീടനാശിനികൾ ഉപയോഗിക്കുന്നത്..

2) രാസവളങ്ങളുടെ അമിതോപയോഗം

3) മണ്ണൊലിപ്പ്

4) വനനശീകരണം

5) പ്ലാസ്റ്റിക്ക് ഉൽപന്നങ്ങളുടെ ഉപയോഗം (പ്ലാസ്റ്റിക് കവറുകൾ, ബോട്ടലുകൾ, മുതലായവ).

6) ചുരത്തിന് സമീപത്തും മറ്റും പ്രവർത്തിക്കുന്ന അനധികൃത ക്വാറികൾ

## സാധ്യതകൾ

1). മണ്ണ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക. ചരിവുകളിൽ ഇഞ്ചികൃഷി നിരുത്സാഹപ്പെടുത്തുക. കയ്യാല നിർമ്മിച്ചശേഷം മാത്രം ഇത്തരം കൃഷിയിറക്കാൻ പ്രേരിപ്പിക്കുക.

2) വനനശീകരണം തടയാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുക.

3) നമ്മളറിയാതെ നമ്മുടെ മണ്ണിനെയും പ്രകൃതിയെയും നശിപ്പിക്കുന്ന പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപയോഗം നിരുത്സാഹപ്പെടുത്തുക. ഒരു വീട്ടിൽ ദിവസവും ചുരുങ്ങിയത് രണ്ട് പ്ലാസ്റ്റിക്ക് കവറെങ്കിലും എത്തുന്നുണ്ട്.കടയിൽനിന്ന് എന്ത് വാങ്ങിയാലും കവറിൽ ഇട്ട് തരുന്ന ഒരു രീതി ഗ്രാമങ്ങളിൽപോലും വ്യാപകമായിരിക്കുന്നു. മീനും ഇറച്ചിയും ഉപ്പ് തൊട്ട് കർപ്പൂരം എല്ലാ സാധനങ്ങളും വാങ്ങാൻ ഇന്ന്കവർ കൂടിയേ തീരൂ. ഇങ്ങനെ നമ്മുടെ വീടും പുരയിടവും അധികകാലം കഴിയുംമുമ്പ് തന്നെ പ്ലാസ്റ്റിക്ക് സാധനങ്ങൾ കൊണ്ട് നിറയും. ഇത് മാരകമായ പരിതഃസ്ഥിതി പ്രശ്നമായി വളർന്നുവരുമെന്ന കാര്യത്തിൽ സംശയിക്കേണ്ടതില്ല. ബോധൽകരണത്തിലൂടെ പ്ലാസ്റ്റിക്ക് വസ്തുക്കളുടെ ഉപയോഗം കുറക്കാൻ ജനങ്ങളെ പ്രേരിപ്പിക്കണം - കടയിൽ പോകുമ്പോൾ പണ്ട് നമ്മൾ ഒരു സഞ്ചി കയ്യിൽ കൊണ്ടുപോകുമായിരുന്നു. ഇന്നാ രീതി മാറിയിരിക്കുന്നു. അതുപോലെ മീൻ, ഇറച്ചി എന്നിവ ഇലകളിൽ പൊതിയുന്ന രീതിയും ഉണ്ടായിരുന്നു. പാക്കിംഗിന് ജീർണിച്ച് പ്രകൃതിയിൽ ലയിക്കുന്ന പേപ്പർ (പൾപ്പ്) പോലുള്ള വസ്തുക്കൾ മാത്രമേ ഉപയോഗിക്കാവൂ എന്ന ബോധം ഉണ്ടാക്കുകയും അത്തരത്തിൽ നിയമനിർമാണം നടത്തുകയും ചെയ്യണം.

3) കരിങ്കൽക്വാറികൾക്ക് ലൈസൻസ് നിർബന്ധമാക്കുക.



# 5–2 മൃഗസംരക്ഷണവും മത്സ്യകൃഷിയും

നമ്മുടെ പഞ്ചായത്തിൽ ഗണ്യമായ എണ്ണം കുടുംബങ്ങൾ കന്നുകാലി വളർത്തൽ ഒരു ഉപതൊഴിലായെങ്കിലും സ്വീകരിച്ചവരാണ്. ഉൾപ്രദേശങ്ങളിലാണ് കാലിവളർത്തൽ കൂടുതൽ. ഒന്നാം വാർഡിൽ കല്ലറ, ദാരോം•, പാമ്പോള, അഞ്ചാം വാർഡിൽ ഇണ്ടേര്യരിക്കുന്ന്, നിടുന്തോടി, തേറ്റാമല മുതലായ സ്ഥലങ്ങളിലാണ് കുടുതലായി ജനങ്ങൾ ഇതിനെ ആശ്രയിക്കുന്നത്. പഞ്ചായത്തിൽ പൊതുവെ സങ്കരയിനം കന്നുകാലികളാണ് കൂടുതലും. തേറ്റമല എസ്റ്റേറ്റ് പരിസരങ്ങളിൽ മാത്രമാണ് ഇപ്പോൾ കൂടുതൽ നാടൻ ഇനങ്ങളെ വളർത്തുന്നത്. മുൻകാലങ്ങളെ അപേക്ഷിച്ച് നാടൻ ഇനങ്ങളുടെ എണ്ണത്തിൽ വമ്പിച്ച കുറവുണ്ടായിട്ടുണ്ട്. ആനുപാതികമായി സങ്കരിഇനങ്ങളുടെ എണ്ണത്തിൽ വർദ്ധനവും പകുതിയോ അതിലധികമോ ഇപ്പോൾ അത്യുൽപാദനശേഷിയുള്ളവയുമാണ്.

ഒരു മൃഗാശുപത്രിയും രണ്ട് ഐ. സി. ഡി. പി. സബ്സെൻററുകളുമാണ് പഞ്ചായത്തിൽ പ്രവർത്തിക്കുന്നത്. മക്കിയാട് മൃഗാശുപത്രി 10–2–1984ലാണ് സ്ഥാപിക്കപ്പെട്ടത്. വാടകക്കെട്ടിടത്തിലാണ് ഇത് ഇപ്പോൾ പ്രവർത്തിക്കുന്നത്. എന്നാൽ അടുത്തകാലത്ത് മൃഗാശുപത്രിക്ക് സ്വന്തമായി 25 സെൻറ് സ്ഥലം ബെനഡിക്ടൻ ആശ്രമം വിട്ടുകൊടുത്തിട്ടുണ്ട്. നമ്മുടെ പഞ്ചായത്തിലെ ഏക മൃഗാശുപരതക്ക് ഈ സ്ഥലത്ത് അടിയന്തരമായി സ്വന്തം കെട്ടിടം നിർമ്മിക്കാൻ നടപടി എടുക്കേണ്ടതാണ്. ഒരു വെറ്ററിനറി സർജൻ, ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ, ഒരു അറ്റൻറർ, ഒരു പാർട്ടൈം സ്വീപ്പർ എന്നിങ്ങനെയാണ് ജീവനക്കാരുടെ പാറ്റേൺ. നിലവിലുള്ള മൃഗാരോഗ്യസ്ഥാപനങ്ങൾ ഭൂവിസ്തൃതി പരിഗണിക്കുമ്പോൾ തികച്ചും അപര്യാപ്തമാണെന്ന് കാണാം. ഇത് ഇന്നത്തേതിൻെറ ഇരട്ടിയെങ്കിലും ആവേണ്ടതുണ്ട്.

ക്ഷീരോൽപാദന സഹകരണ സംഘങ്ങളിലാണ് കൂടുതലായും പാൽ വിപണനസൗകര്യം കർഷകർ പ്രയോജനപ്പെടുത്തുന്നത്. സ്വകാര്യ ചായക്കടകളിലും മറ്റു വീടുകളിലും പാൽ

വിൽപന ചെയ്യപ്പെടുന്നുണ്ട്. എന്നാൽ ഇതിന്റെ കൃത്യമായ അളവ് ലഭ്യമല്ല. മക്കിയാട്, പുതുശേരി, നീലോം, നിരവിൽപുഴ എന്നിവിടങ്ങളിലായി നാല് ക്ഷീരസംഘങ്ങളും ഇവയുടെ കളക്ഷൻ സെൻററുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. എന്നാൽ എല്ലാ പ്രദേശത്തെയും ജനങ്ങൾക്ക് ഇത് മതിയായ വിപണനസൗകര്യമാകുന്നില്ല. കുഞ്ഞോം, കരിമ്പിൽ പ്രദേശങ്ങളിലും മറ്റു ചിലയിടങ്ങളിലും പാൽവിപണനത്തിനായി കർഷകർക്ക് ഏറെ ദൂരം സഞ്ചരിക്കേണ്ടിവരുന്നു. തേറ്റമല പോലുള്ള ചിലയിടങ്ങളിൽനിന്നും പാൽ വിൽപനക്കായി വെള്ളമുണ്ട പഞ്ചായത്തിലേക്ക് പോകുന്നവരുമുണ്ട്. വാർഡടിസ്ഥാനത്തിൽ സംഘങ്ങൾ രൂപീകരിക്കപ്പെട്ടിരിക്കുന്നതുകൊണ്ട് മറ്റ് വാർഡുകളിലുള്ളവർക്ക് സംഘാംഗത്തിന്റെ അംഗീകാരവും ആനുകൂല്യവും ലഭിക്കാതെപോകുന്നു. എന്നാൽ എല്ലാ വാർഡുകളിലും പ്രത്യേകം സംഘങ്ങളുണ്ടാകുന്നത് പ്രയോഗികമല്ല.

## പ്രതിദിന പാൽ വിപണനവിവരം

| ക്ഷീരസംഘം | ശേഖരിക്കുന്ന പാൽ | പഞ്ചായത്തിലെ പ്രാദേശികവിൽപന | പുറത്തേക്ക് കയറ്റിപോകുന്നത് |
|---|---|---|---|
| മക്കിയാട് | 625 ലിറ്റർ | 90 ലിറ്റർ | 535 ലിറ്റർ |
| പുതുശ്ശേരി | 165 ലിറ്റർ | 15 ലിറ്റർ | 150 ലിറ്റർ |
| നീലോം | 200 ലിറ്റർ | 10 ലിറ്റർ | 190 ലിറ്റർ |
| നിരവിൽപുഴ | 360 ലിറ്റർ | 125 ലിറ്റർ | 235 ലിറ്റർ |
| ആകെ | 1350 ലിറ്റർ | 240 ലിറ്റർ | 1110 ലിറ്റർ |

കാലിത്തീറ്റയുടെ പ്രശ്നം ഗുരുതരമാണ്. വില കൊടുത്ത് കാലിത്തീറ്റ വാങ്ങുന്ന രീതി സമീപകാലത്തായി വളരെയധികം വർദ്ധിച്ചിട്ടുണ്ട്. മേച്ചിൽപുറങ്ങളുടെ വിസ്തൃതി സമീപകാലത്തായി ഏറെ കുറഞ്ഞു. ഒരു വിഭാഗം ജനങ്ങൾ കാലിവളർത്തൽ ഉപേക്ഷിക്കാൻ ഇത് കാരണമായിട്ടുണ്ട്. എന്നാൽ കുറഞ്ഞ സ്ഥലം ഉപയോഗിച്ച് കൂടുതൽ പുല്ല് ഉൽപാദിപ്പിക്കാവുന്ന ശാസ്ത്രീയ പുൽകൃഷി വളർന്നുവന്നില്ല. യഥാർത്ഥത്തിൽ ഇതിന് ഒട്ടേറെ സാധ്യതകളുണ്ട്. വിരലിൽ എണ്ണാവുന്ന പുൽകൃഷിക്കാർ മാത്രമേ നമ്മുടെ പഞ്ചായത്തിൽ ഉള്ളൂ. വളരെയധികം വില കൊടുത്താണ് കർഷകർ കാലിത്തീറ്റ വാങ്ങുന്നത്. പഞ്ചായത്തിൽ കാലിത്തീറ്റ ഉൽപാദിപ്പിക്കാവുന്നതാണ്.

ചെറുകിട-ദരിദ്ര കർഷകരിൽ പരിമിതമായ ഒരു വിഭാഗം ആട് വളർത്തുന്നുണ്ട്. എന്നാൽ ഇതിന്റെ വ്യാപനത്തിന് പറ്റിയ സാഹചര്യങ്ങൾ പഞ്ചായത്തിൽ നിലവിലുണ്ട്. പൊതുവെ പ്രതിരോധശേഷി കൂടുതിയവയാണ് എരുമകൾ. ഈ രംഗത്തും ധാരാളം സാധ്യതകളുണ്ട്.

പഞ്ചായത്തിൽ ആകെ മുപ്പതിൽ താഴെ ഗോബർഗ്യാസ് പ്ലാൻറുകളേ ഉള്ളൂ. കൂടുതൽ പ്ലാൻറുകൾ സ്ഥാപിക്കാനുള്ള സാഹചര്യങ്ങളൊരുക്കേണ്ടതാണ്.

വ്യാവസായികാടിസ്ഥാനത്തിൽ ഇറച്ചിക്കോഴികളെ വളർത്തൽ, മുയൽവളർത്തൽ, പന്നിവളർത്തൽ ഇവയൊന്നും പഞ്ചായത്തിൽ ഇല്ല. ആട്കൃഷിയും മുഖ്യ ഉപജീവനമാർഗമാക്കാനു!ള്ള സാധ്യതകൾ വിനിയോഗിക്കപ്പെട്ടിട്ടില്ല.

പഞ്ചായത്തിൽ പലപ്പോഴും പേവിഷബാധ ഉണ്ടാകാറുണ്ട്. ഇത് ജനങ്ങൾക്കും വളർത്തുമൃഗങ്ങൾക്കും ആരോഗ്യപ്രശ്നമായി മാറുന്ന സാഹചര്യമുണ്ട്.

## പ്രശ്നങ്ങൾ

1) ഒരു മൃഗാശുപത്രിയും രണ്ട് ഐ. സി. ഡി. പി. സബ്സെൻററുകളുമാണ് പഞ്ചായത്തിൽ ഉള്ളത്. ഈ സൗകര്യം തികച്ചും അപര്യാപ്തമാണ്. 3 ആശുപരതികളും 3 സബ്സെൻററുകളുമെങ്കിലും വേണം.

2) നിലവിലുള്ള ക്ഷീരസഹകരണ സംഘങ്ങൾക്കുള്ള കളക്ഷൻ സെൻററുകൾ അപര്യാപ്തമാണ്. ചില ഉൾപ്രദേശങ്ങളിൽനിന്ന് 3-4 കി. മീ. വരെ നടന്നുവരേണ്ടതുണ്ട്.

3) വർഡടിസ്ഥാനത്തിൽ രൂപീകരിച്ചിട്ടുള്ള ക്ഷീരസഹകരണ സംഘങ്ങളിൽ മറ്റു വാർഡുകളിലുള്ളവർക്ക് അംഗത്വം ലഭിക്കുന്നില്ല.

4) മെച്ചപ്പെട്ട ഇനം പശുക്കളെ വാങ്ങാനുള്ള സാമ്പത്തികാനുകൂല്യങ്ങൾക്ക് നിബന്ധനകൾ നിരവധിയാണ്.

5) തീറ്റപ്പുല്ലിൻെറ അഭാവം കന്നുകാലിവളർത്തലിനെ ഗുരുതരമായി ബാധിക്കുന്നു.

6) കാലിത്തീറ്റകൾ ഉയർന്ന വില കൊടുത്ത് വാങ്ങേണ്ടിവരുന്നു.

7) മെച്ചപ്പെട്ട തൊഴുത്തിൻെറ അഭാവം.

8) ജലദൗർലഭ്യം കന്നുകാലിവളർത്തലിനെ ബാധിക്കുന്നു.

9) രോഗങ്ങൾ: കുളമ്പുരോഗം, അകിടുവീക്കം, തളർവാതം മുതലായവയാണ് പ്രധാനമായും കണ്ടുവരുന്ന രോഗങ്ങൾ.

10) പഞ്ചായത്തിൽ പൊതുവെ പേപ്പട്ടിശല്യം ഉണ്ടാവാറുണ്ട്. അലഞ്ഞുനടക്കുന്ന നായ്ക്കൾ ധാരാളമുണ്ട്.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

1) രണ്ട് മൃഗാശുപത്രികളും ഒരു സബ്സെൻററും കൂടി സ്ഥാപിച്ച് ചികിത്സക്കും കൃത്രിമബീജാധാനത്തിനുമുള്ള സൗകര്യം വിപുലപ്പെടുത്തുക.

2) കൂടുതൽ ക്ഷീരസഹകരണസംഘങ്ങൾ രൂപീകരിക്കുന്നത് പ്രായോഗികമാണെന്ന് തോന്നുന്നില്ല. നിലവിലുള്ള സംഘങ്ങൾ ഉൾപ്രദേശങ്ങളിലെ കർഷകരെ ഉദ്ദേശിച്ച് കൂടുതൽ ശേഖരണകേന്ദ്രങ്ങൾ തുറക്കുയാവും നല്ലത്.

3) തീറ്റപ്പുൽ കൃഷി ശാസ്ത്രീയമായി വികസിപ്പിക്കാൻ വേണ്ട നിർദ്ദേശങ്ങളും ധനസഹായവും ക്ഷീരകർഷകർക്ക് നൽകുക.

4) വെറുതെ കിടക്കുന്ന സർക്കാർ ഭൂമിയിൽ തീറ്റപ്പുൽകൃഷി ചെയ്യാനുള്ള ശാസ്ത്രീയ സംവിധാനം ഏർപ്പെടുത്തുക.

5) സർക്കാർ ഭൂമിയിൽ കന്നുകാലികളെ മേയ്ക്കാൻ അനുവാദം നൽകുക.

6) മെച്ചപ്പെട്ട തൊഴുത്തുകൾ നിർമ്മിക്കുന്നതിന് സാങ്കേതിക-സാമ്പത്തിക സഹായങ്ങൾ നൽകുക.

7) സഹകരണാടിസ്ഥാനത്തിൽ പഞ്ചായത്തിൽ ഒരു കാലിത്തീറ്റ ഫാക്ടറി സ്ഥാപിക്കുക.

8) കൂടുതൽ ഗോബർഗ്യാസ് പ്ലാൻറുകൾ സ്ഥാപിക്കുന്നതിന് ക്ഷീരകർഷകർക്ക് പ്രോത്സാഹനം നൽകുക.

9) വ്യാവസായികാടിസ്ഥാനത്തിൽ കോഴി വളർത്തുവാൻ താൽപര്യമുള്ളവർക്ക് കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യാനും മുട്ടക്ക് വിപണനസൗകര്യം ഏർപ്പെടുത്താനും കഴിയും വിധം സഹകരണസംഘം രൂപീകരിക്കുക.

ഇത്തരമൊരു സഹകരണ സംഘത്തിൻെറ സഹായത്തോടെ വനിതകളുടെ പ്രത്യേകമായ യൂനിറ്റിനും സ്കൂൾ പൗൾട്രി ക്ലബ്ബുകൾ രൂപീകരിച്ച് അതിനും സഹായനിരക്കിൽ കോഴിക്കുഞ്ഞുങ്ങളെ നൽകാം. ഈ സംഘത്തിന് കോഴിത്തീറ്റ ഉൽപാദിപ്പിച്ച് കുറഞ്ഞ നിരക്കിൽ അംഗങ്ങൾക്ക് നൽകാവുന്നതാണ്.

10) ഇതേ മാതൃകയിൽ മൃഗാശുപത്രിയിൽ നിന്നും മറ്റും ഇറച്ചിക്കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കുകയും നിശ്ചിത കാലം വളർത്തി സജ്ജമാക്കി തിരികെ വാങ്ങുകയും ചെയ്യുന്ന ഒരു സംവിധാനം - സഹകരണസംഘം തന്നെയാകാം - രൂപീകരിക്കുക.

11) താറാവ് വളർത്തലിന് ധനസഹായം നൽകുക.

12) ദുർബലജനവിഭാഗങ്ങൾക്ക് ആട് വളർത്താനുള്ള സഹായം ചെയ്യുക. മുട്ടനാടുകളെ സൂക്ഷിക്കുന്ന പ്രജനനയൂനിറ്റ് സ്ഥാപിക്കുക.

13) പേവിഷബാധ നിയന്ത്രിക്കാൻ വളർത്തുനായ്ക്കളുടെ കൃത്യമായ കണക്കെടുത്ത് പഞ്ചായത്ത് ലൈസൻസ് നലകുക. പ്രതിരോധ കുത്തിവെപ്പ് കർശനമാക്കുക. അലഞ്ഞുനടക്കുന്ന നായ്ക്കളെ നശിപ്പിക്കുക.

14) ആരോഗ്യപരമായ വശങ്ങൾ കണക്കിലെടുത്തുകൊണ്ടുള്ള ശാസ്ത്രീയമായ അറവുശാല സ്ഥാപിക്കുക. അറവിന് മുമ്പും പിമ്പും ഡോക്ടറുടെ പരിശോധന നിർബന്ധമാക്കുക.

15). മൃഗാശുപത്രിക്ക് സ്വന്തമായി വാഹനം അനുവദിക്കുക.

## 1) വളർത്തുമൃഗ സംഖ്യ

| വാർഡ് നമ്പർ | കാള-നാടൻ | | കാള-സങ്കരം | | പശു-നാടൻ | | പശു-സങ്കരം | | എരുമ | | പോത്ത് | ആട് | പട്ടി |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | വംശവർദ്ധനവ് | മറ്റുള്ളവ | വംശവർദ്ധനവ് | മറ്റുള്ളവ | കറവ ഉള്ളത് | കറവ ഇല്ലാത്തത് | കളവ ഉള്ളത് | കറവ ഇല്ലാത്തത് | കറവ ഉള്ളത് | കറവ ഇല്ലാത്തത് | | | |
| 1987-ലെ സെൻസസ് | 1619 | 892 | 570 | 160 | 2664 | 1800 | 976 | 722 | 248 | 84 | 621 | 1390 | 1560 |

## 2) വളർത്തുപക്ഷി സംഖ്യ

| വാർഡ് നമ്പർ | പൂവൻകോഴി | പിടക്കോഴി | | താറാവ് | |
|---|---|---|---|---|---|
| | | മുട്ട ഇടുന്നത് | മുട്ട ഇടാത്തത് | ആൺ | പെൺ |
| 1987 സെൻസസ് | 462 | 13417 | - | 7 | 52 |

## 3) രോഗവിവരങ്ങൾ

| നമ്പർ | രോഗങ്ങൾ | പശു | എരുമ | ആട് | പന്നി | പട്ടി | കോഴി | താറാവ് | പൂച്ച | ആന |
|---|---|---|---|---|---|---|---|---|---|---|
| 1. | ദഹനസംബന്ധം | 372 | 36 | 108 | 15 | 60 | - | - | 7 | - |
| 2. | ശ്വാസകോശസംബന്ധം | 168 | 24 | 42 | - | 9 | 209 | | | |
| 3. | ഉപാപചമ സംബന്ധം | 42 | 5 | 13 | - | - | - | - | - | |
| 4. | ത്വക്ക്രോഗങ്ങൾ | 97 | 21 | 19 | - | 14 | - | - | - | - |
| 5. | ധാതുലവണ അഭാവം | 62 | 9 | 15 | 8 | 5 | - | - | - | - |
| 6. | പരാദരോഗങ്ങൾ | 252 | 37 | 61 | 16 | 70 | 105 | 13 | 7 | |
| 7. | പ്രത്യുൽപാദനപരം | 111 | 6 | 24 | - | - | - | - | - | |
| 8. | വന്ധ്യത | 63 | 11 | 7 | - | 1 | | | | |
| 9. | അകിടുവീക്കം | 84 | - | 8 | - | - | - | | | |
| 10. | മുടന്തൻപനി | 102 | - | - | - | - | - | | | |
| 11. | പകർച്ചവ്യാധികൾ | 21 | 3 | 7 | - | - | 89 | 18 | - | - |

(1995-96ലെ മൃഗാശുപത്രി രേഖകൾ അവലംബം)

### 4) പേവിഷബാധ – പ്രതിരോധവും ചികിത്സയും

| വിവരം | പശു | എരുമ | ആട് | മറ്റുള്ളവ പൂച്ച |
|---|---|---|---|---|
| പ്രതിരോധ കുത്തിവെപ്പ് നൽകിയവയുടെ എണ്ണം | – | – | – | 75 |
| കടിയേറ്റതിനുശേഷം നൽകിയവയുടെ എണ്ണം | – | – | 8 | 4 |

### 5) കൃത്രിമ ബീജസങ്കലന വിവരങ്ങൾ

| വളർത്തുമൃഗം – ഇനം | ആകെ എണ്ണം | കൃത്രിമ ബീജ സങ്കലനം നടത്തിയവ | ഗർഭധാരണത്തിന് 2-ൽ അധികം തവണ ബീജസങ്കലനം വേണ്ടിവന്നവ |
|---|---|---|---|
| പശു | 3640 | 816 | 17 |
| കിടാരി | 2522 | 360 | 7 |
| എരുമ | 322 | 24 | 3 |

(1995-96ലെ മൃഗാശുപത്രി രേഖകൾ അവലംബം)

# മത്സ്യകൃഷി

വിപണനത്തിന് വേണ്ടി മത്സ്യബന്ധനമോ മത്സ്യകൃഷിയോ നടത്തുന്ന പാരമ്പര്യം നമ്മുടെ പഞ്ചായത്തിലില്ല. ഏതാനും കിലോമീറ്റർ വരുന്ന പുഴയോരമുണ്ട്. സ്വകാര്യ ഉപയോഗത്തിനായി പുഴയിൽനിന്ന് ചെറിയ തോതിൽ മത്സ്യം പിടിക്കുന്നുണ്ട്. കുറിച്യവിഭാഗത്തിൽപ്പെട്ടവരാണ് കൂടുതലായും ഇത് ചെയ്യുന്നത്.

വിസ്തൃതമായ കുളങ്ങൾ പഞ്ചായത്തിൽ അപൂർവമാണ്. നമ്മുടെ പഞ്ചായത്തിലെ ഏഴാം വാർഡിൽ ഫിലോപ്പിയ തുടങ്ങിയ മത്സ്യങ്ങളെ ഒരിടത്ത് വളർത്തുന്നുണ്ട്. പക്ഷേ മത്സ്യകൃഷി മുഖ്യഉപജീവനമാർഗമാക്കിയ ആരും നമ്മുടെ പഞ്ചായത്തിലില്ല.

ചെമ്മീൻ കൃഷിക്ക് അനുയോജ്യമായ ചതുപ്പുനിലങ്ങൾ കുങ്കിച്ചറി മുതലായ സ്ഥലങ്ങളിലുണ്ട് ഇതിനാവശ്യമായ വിദഗ്ധോപദേശവും സഹായവും വേണം.

പഞ്ചായത്തിൽ ഉപയോഗിക്കുന്ന മത്സ്യം മിക്കവാറും പൂർണമായും ജില്ലക്ക് പുറത്തുനിന്നും കൊണ്ടുവരുന്നതാണ്.

### നിർദേശങ്ങളും സാധ്യതകളും

1) നഞ്ച്, തോട്ടപൊട്ടിക്കൽ കർശനമായി തടയുക.

2) വിസ്തൃതമായ കുളങ്ങളിൽ മത്സ്യകൃഷി നടത്താനുള്ള ഉപദേശങ്ങളും സഹായവും ചെയ്യുക.




# 5–3 വിദ്യാഭ്യാസം

കൊടുമല കുങ്കിയുടെയും കേരളവർമ്മ പഴശ്ശിരാജാവിൻെറയും ചരിത്രസ്മരണകൾ ഉറങ്ങിക്കിടക്കുന്ന, ഐതിഹ്യങ്ങൾ ഏറെയുള്ള പ്രദേശം. കൊടുമല കുങ്കിയുടെതെന്ന് പറയുന്ന കോട്ടയുടേതോ കളരിയുടെതോ ആയ അവശിഷ്ടങ്ങൾ. കുങ്കിച്ചിറയും പരിസരങ്ങളും സംസ്കാര സമ്പന്നമായ ഒരു പഴയ കാലത്തെ ഓർമ്മിപ്പിക്കുന്നു. ഇംഗ്ലീഷുകാരുടെയും ശ്രദ്ധാകേന്ദ്രമായിരുന്നു ഈ പ്രദേശമെന്ന് മക്കിസായ്പിൻെറ ബംഗ്ലാവും കോറോം ടിബിയും വെളിപ്പെടുത്തുന്നുവെങ്കിലും കാലപ്രവാഹത്തിൽ എവിടെയോ താളം പിഴച്ച് പിന്നോട്ട് പോയതായിരിക്കാമെന്നാണ് ഈ പ്രദേശത്തിൻെറ ഇന്നത്തെ അവസ്ഥ കണ്ടാൽ തോന്നുക.

ഗതകാലസ്മരണകൾ അയവിറക്കാനല്ലാതെ പുതുതായി വലുതൊന്നും അവകാശപ്പെടാനില്ലാത്ത ഈ പ്രദേശം വിദ്യാഭ്യാസപരമായും ഇന്ന് വളരെ പിന്നിലാണ്. ലഭ്യമായ തെളിവുകൾ വച്ചുനോക്കുമ്പോൾ മദിരാശി സംസ്ഥാനത്തിലെ മലബാർ ജില്ലയുടെ കീഴിൽ കോറോത്തും കുഞ്ഞോത്തും ആരംഭിച്ച ബോർഡ് എൽ പി സ്കൂളുകളാണ് ഈ പ്രദേശത്തെ ആദ്യത്തെ വിദ്യാഭ്യാസസ്ഥാപനങ്ങൾ. 1885-ൽ മലബാറിലെ മുസ്ലിങ്ങൾ പൊതുധാരയിലേക്ക് വരാത്തതിനെക്കുറിച്ച് വില്യം ലോഗൺ ബ്രിട്ടീഷ് പാർലമെൻറിന് നൽകിയ റിപ്പോർട്ടിൻെറ അടിസ്ഥാനത്തിൽ പാർലമെൻറ് നിയമം പാസാക്കിയതനുസരിച്ചാണ് 1900-ാമാണ്ടുകളിൽ ഈ സ്കൂളുകൾ സ്ഥാപിക്കപ്പെട്ടത്. ഒരു പുരോഗതിയും അവകാശപ്പെടാനില്ലാതെ ഇപ്പോഴും അതേ രീതിയിൽ തുടരുന്ന ഈ വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഒരു വലിയ പ്രദേശത്തിൻെറ പിന്നോക്കാവസ്ഥയുടെ പ്രത്യക്ഷ ഉദാഹരണങ്ങളാണ്.

ഈ സ്ഥാപനങ്ങൾ ഒരു വലിയ പ്രദേശത്തിൻെറ വിദ്യഭ്യാസംകൊണ്ടുമാത്രം പ്രശ്നത്തിന് പരിഹാരമാകാതെ വന്നപ്പോൾ നിരവിൽപുഴ ഭാഗത്തെ ജനങ്ങളുടെ ഹിതം മാനിച്ച്

സി പി ശേഖരൻനായർ ആരംഭിച്ച കുടിപ്പള്ളിക്കൂടമാണ് ഇന്നത്തെ കുഞ്ഞോം എ യു പി സ്കൂൾ. ആ സ്കൂൾ ഇന്നത്തെ നിലയിലേക്ക് ഉയർത്തുന്നതിൽ 'വയനാട് ഗാന്ധി'യെന്നറിയപ്പെടുന്ന അവിടത്തെ അധ്യാപകൻകൂടിയായിരുന്ന കേളോത്ത് കൃഷ്ണൻനായർ വഹിച്ച പങ്ക് വളരെ വലുതാണ്.

വികസനം എത്തിനോക്കാതിരുന്ന വഞ്ഞോടും ചുറ്റുപാടുമുള്ള ജനങ്ങൾക്ക് പ്രാഥമിക വിദ്യാഭ്യാസത്തിനുള്ള സൗകര്യം ലഭിച്ചത് 1953-ൽ. പാലേരി കുഞ്ഞിരാമൻനായരുടെ ശ്രമഫലമായി വഞ്ഞോട് എ യു പി സ്കൂൾ ആരംഭിച്ചതോടെയാണ്. പുതുശ്ശേരിയിലെ ഗവ. എൽ പി സ്കൂളും തേറ്റമല ഗവ. യു പി സ്കൂളും അതത് പ്രദേശത്തെ പ്രാഥമിക വിദ്യാഭ്യാസത്തിന് പ്രയോജനപ്പെട്ടുവെങ്കിലും പഞ്ചായത്തിൽ ഒരു ഹൈസ്കൂളെന്ന സ്വപ്നം യാഥാർഥ്യമായത് 1978-ഓടെയാണ്. സ്വകാര്യ മേഖലയിലെ ഈ ഹൈസ്കൂളിന്റെ ആവിർഭാവത്തോടെ എസ് എസ് എൽ സി വരെയുള്ള പഠനത്തിന് പരിഹാരമായെങ്കിലും കോളേജ് വിദ്യാഭ്യാസം ഇവിടത്തുകാർക്ക് ഒരു വിദൂരസ്വപ്നമായി അവശേഷിക്കുന്നു. 25 കി. മീറ്ററോളം സഞ്ചരിച്ചാലേ തൊട്ടടുത്ത മാനന്തവാടിയിലുള്ള കോളേജിൽ എത്താൻ കഴിയുകയുള്ളു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന ഇവിടത്തുകാർക്ക് ഉപരിപഠനത്തിന് കഴിയാത്ത അവസ്ഥയാണിന്നുള്ളത്.

ഈ രംഗത്ത് പഞ്ചായത്തിലെ ഏക ആശ്രയം ബനഡിക്ടൻസഭയുടെ കീഴിലുള്ള ഒരു പാരലൽ കോളേജാണ്. ഇവിടെയും പഠനം പ്രി-ഡിഗ്രിയോടെ അവസാനിക്കുന്നു. ഈ ആശ്രമത്തിന്റെ കീഴിൽ ഒരു ടൈപ്പ്റൈറ്റിങ്ങ് ഇൻസ്റ്റിറ്റ്യൂട്ടും പ്രവർത്തിക്കുന്നുണ്ട്. സർക്കാരിന്റെ അംഗീകാരമുള്ള സാങ്കേതിക സ്ഥാപനങ്ങളോ തൊഴിലിന് സഹായകമാവുന്ന മറ്റു കോഴ്സുകളോ ഈ പഞ്ചായത്തിലോ തൊട്ടടുത്ത പ്രദേശത്തോ ഇല്ല എന്നത് ഈ പ്രദേശത്തിന്റെ പിന്നോക്കാവസ്ഥയുടെ ഒരു വലിയ കാരണമാണ്.

ഈ പഞ്ചായത്തിലെ സ്കൂളുകളുടെ പൊതുവിവരങ്ങൾ പട്ടികാരൂപത്തിൽ താഴെ കൊടുക്കുന്നു.

| സ്കൂളുകളുടെ പേർ | ഹൈ/ യു.പി/ എൽ.പി | സർക്കാർ | എയിഡഡ് | ആൺ | പെൺ | ആകെ | അനുവദിച്ച പോസ്റ്റ് | നിലവിലുള്ളവരുടെ എണ്ണം | ഒഴിവുകൾ |
|---|---|---|---|---|---|---|---|---|---|
| ഗവ. എൽ. പി. കുഞ്ഞോം. | എൽ.പി. | √ | | 157 | 152 | 309 | 11 | 10 | 1 |
| ഗവ. എൽ.പി. കോറോം | എൽ.പി. | √ | | 111 | 105 | 216 | 7 | 7 | – |
| ഗവ. എൽ. പി. പുതുശ്ശേരി. | എൽ.പി. | √ | | 62 | 62 | 124 | 4 | 4 | – |
| എ. യു. പി. വഞ്ഞോട്. | യു. പി. | | √ | 368 | 357 | 725 | 24 | 24 | – |
| എ. യു. പി. കുഞ്ഞോം. | യു. പി. | | √ | 473 | 468 | 941 | 25 | 25 | – |
| ജി. യു. പി. തേറ്റമല. | യു. പി. | √ | | 208 | 217 | 425 | 10 | 10 | – |
| എം. ടി. ഡി. എം. ഹൈസ്കൂൾ, പാലേരി. | എച്ച്. എസ്. | | √ | 304 | 276 | 580 | 30 | 30 | – |

| സ്കൂളുകളുടെ പേര് | സ്കൂൾ കാമ്പസ് വിസ്തീർണം | കളിസ്ഥലത്തിൻെറ വിസ്തീർണം | ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിൻെറ വിസ്തീർണം | മറ്റു കുറിപ്പുകൾ |
|---|---|---|---|---|
| ഗവ. എൽ. പി. കുഞ്ഞോം. | 1 ഏ. | 0.6 ഏ. | - | സ്കൂളിന് സമീപം തോടിന് ഭിത്തി കെട്ടണം. ഫർണീച്ചർ റിപ്പയർ നടത്താറുണ്ട്. |
| ഗവ. എൽ. പി. കോറോം. | 0.41 ഏ. | ഇല്ല. | - | ചുറ്റുമതിലില്ല. |
| ഗവ. എൽ. പി. പുതുശ്ശേരി. | 2 ഏ. | 0.2 ഏ. | 1.5 ഏ. | ,, |
| ഗവ. യു. പി. വഞ്ഞോട്. | 3 ഏ. | 0.5 ഏ. | - | ,, |
| ഗവ. യു. പി. കുഞ്ഞോം. | 2.25 ഏ. | 0.5 ഏ. | - | ,, |
| ജി. യു. പി. തേറ്റമല. | 1.5 ഏ. | ഇല്ല | - | ചുറ്റുമതിൽ ഭാഗികമാണ്. ഫർണിച്ചർ റിപ്പയർ നടത്താറുണ്ട്. |
| എം. ടി. ഡി. എം. ഹൈസ്കൂൾ, പാലേരി. | 5 ഏ. | 1.5 ഏ. | 2 ഏ. | |

ഇതിന് പുറമെ രണ്ട് അംഗീകാരമില്ലാത്ത അൺ എയ്ഡ്ഡ് സ്കൂളുകൾകൂടി പ്രവർത്തിക്കുന്നുണ്ടെങ്കിലും രണ്ടിലെയുംകൂടി കുട്ടികളുടെ എണ്ണം 200-ൽ താഴെ മാത്രമാണ്.

പഞ്ചായത്തിലെ കുട്ടികളെ സംബന്ധിച്ച വിവരങ്ങൾ താഴെ കൊടുക്കുന്നു. (1996-97 അധ്യയനവർഷം)

## പട്ടിക കാണുക

പട്ടികജാതി-വർഗ വിഭാഗങ്ങളിൽപ്പെടുന്ന മുഴുവൻ കുട്ടികൾക്കും അർഹമായ എല്ലാ സാമ്പത്തികാനുകൂല്യങ്ങളും നൽകുന്നുണ്ട്. എങ്കിലും സാമൂഹ്യ സാമ്പത്തി പിന്നോക്കാവാസ്ഥയും മറ്റു ഭൗതിക സാഹചര്യങ്ങളുടെ കുറവും ഈ പ്രദേശത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പ്രതിഫലിക്കുന്നു. പഞ്ചായത്തിലെ വിദ്യാർഥികളിൽ പകുതിയോളം പേരും 30 ശതമാനത്തിൽ താഴെ മാർക്ക് വാങ്ങുന്നവരായാണ് കാണുന്നത്.

പഞ്ചായത്തിലെ ഏക ഹൈസ്കൂളിലെ എസ് എസ് എൽ സി വിജയശതമാനം വർഷങ്ങളിലൂടെ.

91-92........................................46 ശതമാനം
62-93........................................38 ശതമാനം
93-94........................................34 ശതമാനം
94-95........................................40 ശതമാനം
95-96........................................29 ശതമാനം

7-ാംതരം പാസാകുന്നതിൽ പകുതിയോളം കുട്ടികൾ മാത്രമേ പഞ്ചായത്തിൽനിന്നും ഈ സ്കൂളിലെത്തുന്നുള്ളു. വിജയശതമാനത്തിൻെറ പിന്നോട്ടടിയാണിതിന് കാരണം എന്ന് പ്രാഥമിക സ്ഥിതിവിവരണക്കുകൾ സൂചിപ്പിക്കുന്നു. പഠനസൗകര്യവും വാഹനസൗകര്യവും കണക്കിലെടുത്ത് ഈ പഞ്ചായത്തിൽനിന്ന് മറ്റു സ്കൂളുകളിലേക്കുള്ള കുട്ടികളുടെ പോക്ക് വർദ്ധിച്ചുവരുന്ന പ്രവണതയാണ് കാണുന്നത്. സ്കൂൾ പ്രവർത്തനം കാര്യക്ഷമമാക്കിയാൽ പഞ്ചായത്തിന് മുഴുവൻ

പ്രയോജനപ്പെടുന്ന സ്ഥലത്താണ് സ്കൂൾ സ്ഥിതിചെയ്യുന്നത്. ഹൈസ്കൂളിലെ ഈ വർഷത്തെ പഠനനിലവാരം കാണിക്കുന്ന ചാർട്ട് താഴെ കൊടുക്കുന്നു.

| ക്ലാസ് | ആകെ കുട്ടികൾ | 30%ൽ താഴെ | 30-40% | 40-50 % | 50-60% | 60% മുകളിൽ | 9 % മുകളിൽ |
|---|---|---|---|---|---|---|---|
| VIII | 233 | 169 | 33 | 27 | 3 | 1 | – |
| IX | 195 | 135 | 29 | 18 | 8 | 5 | |
| X | 152 | 89 | 26 | 21 | 12 | 4 | – |

എസ് എസ് എൽ സി പരീക്ഷയിൽ സംസ്കൃതത്തിന് ജില്ലയിൽ കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടികൾക്ക് മുണ്ടശ്ശേരി അവാർഡിന് ഈ സ്കൂളിലെ വിദ്യാർഥികൾ അർഹരായിട്ടുണ്ട്. കായികരംഗത്ത് മികവ് തെളിയിക്കാൻ സാധ്യതകളുണ്ടെങ്കിലും സ്കൂൾഗ്രൗണ്ടിനെ സംബന്ധിച്ച് ഒരു സ്വകാര്യവ്യക്തിയും മാനേജ്മെൻറും തമ്മിൽ തർക്കങ്ങൾ നിലനിൽക്കുന്നതിനാൽ ഗ്രൗണ്ട് കുട്ടികൾക്ക് വേണ്ടവിധത്തിൽ ഉപയോഗിക്കാൻ കഴിയുന്നില്ല. ഓരോ വർഷവും ഓരോ ഹെഡ്മാസ്റ്റർമാർ എന്ന രീതി അവലംബിക്കുന്നതിനാൽ സ്കൂൾഭരണം കാര്യക്ഷമമാകുന്നില്ല. ഇതിന് പകരം ഈ സ്കൂളിലെ സീനിയർ ആയ അധ്യാപകനെ ഹെഡ്മാസ്റ്റർ ആയി പ്രമോട്ട് ചെയ്യണം. പഞ്ചായത്തിലെ പ്രൈമറി സ്കൂളുകൾ പാഠ്യേതര പ്രവർത്തനങ്ങളിൽ ഊർജിതമായി പങ്കെടുക്കാറുണ്ട്. സംസ്ഥാനതലത്തിൽ കായികമേളയിൽപോലും പഞ്ചായത്തിൻെറ പ്രാതിനിധ്യം ഉണ്ടായിട്ടുണ്ട്. കോറോം ഗവ. എൽ പി സ്കൂളിലെ പ്രധാനാധ്യാപകനും ചില സഹഅധ്യാപകർക്കുമെതിരെ ചില പരാതികളും നിലനിൽക്കുന്നുണ്ട്.

വിദ്യാഭ്യാരംഗത്ത് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഒരു പദ്ധതിയാണ് ജില്ലാ പ്രാഥമിക വിദ്യാഭ്യാസ പദ്ധതി (ഡി.പി.ഇ.പി). ലോകബാങ്ക് സഹായത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിയാണിത്. പാഠപുസ്തകത്തിലും പഠനരീതിയിലും മൂല്യനിർണയത്തിലും മറ്റു പല മാറ്റങ്ങളും ഈ പദ്ധതി നിർദേശിക്കുന്നു. ഡി പി ഇ പിയോടൊപ്പംതന്നെയാണ് അവശ്യപഠനനിലവാരം ഉറപ്പുവരുത്തുവാനുദ്ദേശിച്ചുള്ള എം എൽ എൽ പദ്ധതിയും വയനാട്ടിൽ നടത്തുന്നത്. അധ്യാപകർക്കുള്ള പുനഃപരിശീലനവും പഠനോപകരണങ്ങൾ നിർമ്മിക്കുന്നതിന് സാമ്പത്തിക സഹായവും ഡി പി ഇ പി നൽകുന്നുണ്ട്. പക്ഷേ ഈ പദ്ധതിയുടെ നടത്തിപ്പിൽ പല അപകാകതകളും കടന്നുകൂടിയിട്ടുണ്ട്. ഉദാഹരണത്തിന് വിവിധ സ്കൂളുകളിൽനിന്ന് ഹെഡ്മാസ്റ്റർമാരടക്കമുള്ള 15 അധ്യപാകരെ ജില്ല ബ്ലോക്ക് തലത്തിൽ പരിശീലകരായി നിയമിച്ചിട്ടുണ്ട്. അവർക്ക് പകരം ആളുകളെ സ്കൂളുകളിൽ നിയമിച്ചിട്ടില്ല. ഇതിന് പുറമെ ഇപ്പോൾ എം എൽ എൽ പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന സ്കൂളുകളിൽനിന്നുതന്നെ മറ്റു സ്കൂളുകളിലെ അധ്യാപകരെ പരിശീലിപ്പിക്കുന്നതിന് അധ്യാപകരെ നിയമിച്ചിരിക്കയാണ്. ഇത് ഈ സ്കൂളുകളിലെ പഠനനിലവാരം ഉയർത്തുന്നതിന് പകരം മുമ്പത്തേതിനേക്കാൾ താഴേക്ക് പോകാനാണിടയാക്കുക. എം എൽ എൽ, ക്യു ഐ പി എന്നീ പദ്ധതികളുടെ ഭാഗമായി അധ്യാപകർക്ക് തുടരെയുള്ള പരിശീലന പരിപാടികൾ വിദ്യാലയങ്ങളുടെ സുഗമമായ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്.

കേന്ദ്രഗവർമെണ്ട് സഹായത്തോടെ നടപ്പിലാക്കുന്ന മറ്റൊരു പദ്ധതിയാണ് Operation Black Board. സ്കൂൾ കെട്ടിടങ്ങൾ, ഫർണിച്ചറുകൾ, ബോധനോപകരണങ്ങൾ, കളിക്കോപ്പുകൾ മുതലായവ എൽ പി സ്കൂളുകളിലേക്ക് ഈ പദ്ധതിമൂലം ലഭ്യമായിട്ടുണ്ട്. പക്ഷേ ലഭിച്ചിരിക്കുന്ന മിക്ക വസ്തുക്കളും ഉപയോഗ്യമല്ലാത്തവയാണ്. ഗുണനിലവാരം തീരെ പരിഗണിക്കാതെ കോൺട്രാക്റ്റടിസ്ഥാനത്തിലാണ് ഇവയുടെ ശേഖരണവും വിതരണവും. കോടികൾ ചെലവഴിച്ച് നടത്തുന്ന ഇത്തരം പരിപാടികൾ നമ്മുടെ വിദ്യാഭ്യാസ നിലവാരമുയർത്താൻ സഹായിക്കുന്നില്ല. ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള തുക പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളെ ഏല്പിക്കുകയും കർശനമായ മേൽനോട്ടത്തിൽ ചെലവഴിക്കുകയും ചെയ്യാൻ സംവിധാനമുണ്ടാകണം.

വിദ്യാഭ്യാസകാര്യങ്ങളിൽ കുട്ടികൾക്ക് പ്രോത്സാഹനം നൽകുന്നതിനും പാഠനനിലവാരം ഉയർത്തുന്നതിനും സഹായകമാംവിധം പല വ്യക്തികളും എൻഡോവ്മെൻറുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. അവ താഴെ പറയുന്നു:

എ യു പി സ്കൂൾ കുഞ്ഞോം:

(1) ടി പി ജേക്കബ്മാസ്റ്റർ എൻഡോവ്മെൻറ്: ഏഴാംക്ലാസിലെയും നാലാംക്ലാസിലെയും കൂടുയൽ മാർക്ക് ലഭിക്കുന്ന കുട്ടികൾക്ക്.

(2) പി ടി മാത്യു എൻഡോവ്മെൻറ്: ഏഴാംക്ലാസിൽ ഇംഗ്ലീഷിന് കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക്.

(3) തമ്പാൻമാസ്റ്റർ എൻഡോവ്മെൻറ്: ഏഴാംക്ലാസിൽ കണക്കിന് കൂടുതൽ മാർക്ക് വാങ്ങുന്ന കുട്ടിക്ക്.

**എ യു പി സ്കൂൾ വഞ്ഞോട്:**

(1) പി കുഞ്ഞിരാമൻനായർ എൻഡോവ്മെൻറ്: 1 മുതൽ 7 വരെ ക്ലാസുകളിലെ മികച്ച കുട്ടികൾക്ക്.

(2) കരിമ്പാക്കുടിയിൽ മറിയാമ്മ സ്മാരക എൻഡോവ്മെൻറ്: ഏഴാംക്ലാസിലെ മികച്ച കുട്ടിക്ക്.

(3) പി ടി എ കാഷ് അവാർഡ്: ഏഴാംക്ലാസിലെ മികച്ച രണ്ടാമത്തെ കുട്ടിക്ക്. സംസ്കൃതത്തിന് കൂടുതൽ മാർക്ക് വാങ്ങുന്ന ഏഴാംക്ലാസിലെ കുട്ടിക്കും കാഷ് അവാർഡ് നൽകുന്നുണ്ട്.

താരതമ്യേന ആദിവാസികൾ കൂടുതലുള്ള ഈ പഞ്ചായത്തിൽനിന്നും വിവിധ റസിഡൻഷ്യൽ സ്കൂളുകളിലേക്ക് ജില്ലാതല മത്സരപരിക്ഷകൾ വിജയിച്ച് അഡ്മിഷൻ ലഭിച്ചിട്ടുണ്ട്. മുമ്പ് പഞ്ചായത്തിൽ നിലവിലിരുന്ന രണ്ട് എൽ പി സ്കൂളുകൾ ഇപ്പോഴില്ല. പൊറളോം, തേറ്റമല എസ്റ്റേറ്റ് എന്നിവിടങ്ങളിലായിരുന്നു അവ. പൊറളോം പ്രദേശത്തുണ്ടായിരുന്ന സ്കൂൾ കുട്ടികളുടെ എണ്ണക്കുറവും തന്മൂലം അധ്യാപകരെ നിയമിക്കാതിരിക്കലും കൊണ്ട് ക്രമേണ പ്രവർത്തനം നിലച്ചതാണെങ്കിൽ തേറ്റമലയിലേത് മാനേജ്മെൻറിൻെറ താല്പര്യക്കുറവുകൊണ്ട് മാത്രം നഷ്ടമായതാണ്.

## വിദ്യാഭ്യാസരംഗത്തെ പ്രധാന പ്രശ്നങ്ങൾ:

-സ്കൂളുകളിലെ ഭൗതിക സാഹചര്യം (കെട്ടിടം, ഫർണീച്ചർ, ലാബ്, ലൈബ്രറി, കളിസ്ഥലം തുടങ്ങിയവ) കുറവ്.
-പഠനനിലവാരത്തിലെ താഴ്ച.
-ഗതാഗത സൗകര്യക്കുറവ്; തോടുകൾക്ക് സ്ഥിരം പാലങ്ങളില്ലായ്മ.
-സ്കൂളുകളിലേക്കുള്ള ദൂരകൂടുതൽ.
-വിദ്യാഭ്യാസ കാര്യത്തിൽ രക്ഷിതാക്കളുടെ അവബോധമില്ലായ്ക.
-അധ്യാപക നിയമനത്തിലെ കാലതാമസവും, മറ്റു ജോലികൾക്ക് നിയോഗിക്കലും.
-പാഠപുസ്തകങ്ങൾ സമയത്തിന് കിട്ടാതിരിക്കൽ.
-അധ്യാപനത്തിൽ ആത്മാർഥതയില്ലായ്മ.
-പി ടി എകളിൽ രക്ഷിതാക്കളുടെ പങ്കാളിത്തക്കുറവ്.
-എസ് എസ് എൽ സി വിജയശതമാനകുറവ്.
-തൊഴിലധിഷ്ഠിതമല്ലാത്ത പാഠ്യപദ്ധതി.
-രക്ഷിതാക്കളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ.
-പഠനനിലവാരം നോക്കാതെയുള്ള ക്ലാസ്കയറ്റം നൽകൽ.
-അക്കാദമിക് പരിശോധനകൾ കാര്യക്ഷമമായി നടത്താത്തത്.

**പട്ടിക. 2 കാണുക.**

## നിർദേശങ്ങൾ

-എല്ലാ പ്രൈമറി സ്കൂളുകളോടും ചേർന്ന് നഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.

-ചുരുളി, വാളാംതോട് പാതിരിമന്നം കോരമുക്ക്, നിടുംതൊടി, എടച്ചേ

രി, നിലോം, ചാലിൽ പെരിഞ്ചേരിമല എന്നിവിടങ്ങളിൽ പുതിയ നഴ്സറി സ്കൂളുകൾ സ്ഥാപിക്കുക.

-നഴ്സറി സ്കൂളുകൾക്ക് വേണ്ട കെട്ടിടങ്ങൾ, മൂത്രപ്പുരകൾ എന്നിവ നിർമ്മിക്കുക. കുടിവെള്ളം, കളിക്കോപ്പുകൾ, പോഷകാഹാരം എന്നിവ ലഭ്യമാക്കുക.

മക്കിയാട്, കരിമ്പിൽ, ഇണ്ടിയേരി കുന്ന് എന്നിവിടങ്ങളിൽ പുതിയ എൽ പി സ്കൂളുകൾ ആരംഭിക്കുക.

പഞ്ചായത്തിൽ ഒരു ടെക്നിക്കൽ ഹൈസ്കൂൾ ആരംഭിക്കുക.

നിലവിലുള്ള ഹൈസ്കൂളുകളിൽ പ്ലസ് ടു കോഴ്സ് തുടങ്ങുക.

-എല്ലാ വിദ്യാലയങ്ങളിലും കഞ്ഞിപ്പുരകൾ നിർമ്മിക്കുക; ഏഴാംക്ലാസ് വരെയുള്ള മുഴുവൻ കുട്ടികൾക്കും കഞ്ഞി ഉറപ്പുവരുത്തുക; ആദിവാസി കുട്ടികളുടെ പോഷണക്കുറവ് പരിഹരിക്കാൻ പാൽകൂടി വിതരണം ചെയ്യുക.

-കുഞ്ഞോം, പുതുശ്ശേരി, കോറോം സ്കൂളുകളുടെ ചുറ്റുമതിൽ കെട്ടുക.

-കോറോം ജി എൽ പിക്കും തേറ്റമല ജി യു പിക്കും പുതിയ കെട്ടിടങ്ങൾ നിർമ്മിക്കുക; മറ്റു സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുക.

-എല്ലാ സ്കൂളുകളിലേയും നിലവിലുള്ള മൂത്രപ്പുരകൾ നന്നാക്കുകയും ആവശ്യമുള്ള സ്ഥലങ്ങളിൽ നിർമ്മിക്കുകയും ചെയ്യുക.

എല്ലാ സ്കൂളുകളിലും വാട്ടർ ടാങ്കുകളും പൈപ്പും സ്ഥാപിച്ച് കുടിവെള്ളം ഉറപ്പുവരുത്തുക.

-സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ വേനലവധിക്കാലത്തുതന്നെ തീർക്കുക.

-എല്ലാ സ്കൂളുകൾക്കും കളിസ്ഥലം ഉറപ്പുവരുത്തുക.

-കുഞ്ഞോം ഗവ. എൽ പിയുടെ തോടിനോട് ചേർന്ന ഭാഗത്ത് മതിൽ കെട്ടുക.

-എല്ലാ സ്കൂളുകൾക്കും ആവശ്യമായ ഫർണിച്ചർ വിതരണം ചെയ്യുക.

-ഹൈസ്കൂൾ കേന്ദ്രീകരിച്ച് ഒരു നോട്ടുബുക്ക്
നിർമ്മാണയൂനിറ്റാരംഭിക്കുക.

നാട്ടറിവുകൾ ശേഖരിക്കുകയും അത് പുതിയ തലമുറയിലേക്ക് പകരുന്നതിന് പര്യാപ്തമായ സ്ഥാപനം ആരംഭിക്കുകയും ചെയ്യുക.

-ഗ്രാമീണ കൈത്തൊഴിലുകൾ പരിശീലിപ്പിക്കുന്ന സ്ഥാപനം പഞ്ചായത്തിൽ ആരംഭിക്കുക.

-സ്കൂളുകളിലേക്കാവശ്യമായ റഫറൻസ് പുസ്തകങ്ങളും ഹാൻറ് ബുക്കുകളും വിതരണം ചെയ്യുക.

-അധ്യാപക വിദ്യാർഥി അനുപാതം 1:30 ആക്കുക.

-വിഷമമുള്ള വിഷയങ്ങളുടെ സബ്ജക്ട് ഫോറങ്ങൾ രൂപീകരിക്കുകയും അധ്യാപകർക്ക് പരിശീലനം നൽകുകയും ചെയ്യുക.

സ്കൂളുകൾക്ക് ഓഡിയോവിഷ്വൽ ഉപകരണങ്ങൾ വിതരണം ചെയ്യുക.

പഞ്ചായത്തിലെ ഗ്രാമസഭകളുടെ വിദ്യഭ്യാസപ്രവർത്തകരും വിദ്യാഭ്യാസത്തിൻെറ സാധ്യതകളും പ്രശ്നങ്ങൾക്കുള്ള പരിഹാരങ്ങളും ചർച്ച ചെയ്തു. അതിൻെറ അടിസ്ഥാനത്തിൽ രൂപപ്പെട്ട ചില കാര്യങ്ങൾ:

-പഞ്ചായത്തുതല വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് അതിൻെറ മേൽനോട്ടത്തിൽ സ്കൂൾ കോംപ്ലക്സുകൾ അനുവദിക്കുക.

-പി ടി എകളിൽ രക്ഷാകർത്താക്കളുടെ പങ്കാളിത്തം ഉറപ്പുവരുത്തുകയും പ്രവർത്തനം കാര്യക്ഷമമാക്കുകയും ചെയ്യുക.

-മദർ പി ടി എയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അമ്മമാർക്ക് ബോധവൽക്കരണക്ലാസ് നടത്തുകയും ചെയ്യുക.

-മികച്ച അധ്യാപകരെ തെരഞ്ഞെടുക്കുകയും പ്രോത്സാഹിപ്പിക്കുക

യും ചെയ്യുക.

-പുസ്തകവിതരണം, അധ്യാപകരുടെ നിയമനം സ്ഥലംമാറ്റം എന്നിവ ജൂണിന് മുമ്പ് നടത്തുക.

-പഠനോപകരണ ശില്പശാലകൾ സംഘടിപ്പിക്കുകയും, അവയിൽ കലാകാരന്മാരെയും അക്കാദമീഷ്യന്മാരെയും പങ്കെടുപ്പിക്കുകയും ചെയ്യുക.

-താൽക്കാലികാ നിയമനങ്ങൾക്ക് മെറിറ്റടിസ്ഥാനതിൽ റാങ്ക്‌ലിസ്റ്റ് തയ്യാറാക്കുക; ഈ രംഗത്തെ അഴിമതി അവസാനിപ്പിക്കുക.

-പി ടി എ നടത്തുന്ന അറ്റകുറ്റപ്പണികൾപോലുള്ള പ്രവൃത്തികളുടെ ബില്ല് വെച്ച് താമസിപ്പിക്കുന്ന രീതി അവസാനിപ്പിക്കുകയും പണി തീർത്താൽ ഒരാഴ്ചക്കുള്ളിൽ ബില്ല് മാറിക്കിട്ടുന്നു എന്ന് ഉറപ്പു വരുത്തുകയും ചെയ്യുക.

-പി ടി എപോലുള്ള സന്നദ്ധസംഘങ്ങൾ ചെയ്യുന്ന പ്രവൃത്തിയെ മൂല്യനിർണയം നടത്തി തുക അനുവദിക്കുന്നതിനുള്ള വ്യക്തമായ മാനദണ്ഡം ആവിഷ്ക്കരിക്കുകയും ഈ രംഗത്തുള്ള 'കൈക്കൂലി'പോലുള്ള പ്രവണതകൾ ഒഴിവാക്കുകയും ചെയ്യുക.

-പട്ടികജാതി-വർഗ വിദ്യാർഥികൾക്കുള്ള പഠനോപകരണങ്ങൾ സർക്കാർ വിതരണം ചെയ്യുക.

-പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേകം പരിശീലനം ഏർപ്പെടുത്തുക.

-എല്ലാ അധ്യാപക നിയമനങ്ങളും പി എസ് സിക്ക് വിടുക.

-എല്ലാ സ്കൂളുകളിലും ക്ലാസ്തലത്തിലും സ്കൂൾതലത്തിലും സാഹിത്യസമാജങ്ങൾ സംഘടിപ്പിക്കുക.

-സ്കൂൾ വിദ്യാഭ്യാസ സമിതികൾ രൂപീകരിച്ച് പഠനനിലവാരം ചർച്ച ചെയ്യുകയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുകയും ചെയ്യുക.

-പ്രാദേശിക ഗ്രൂപ്പുകൾ (ക്ലസ്റ്റർ) രൂപീകരിച്ച് പഠനത്തിൽ മോശമായവരെ കണ്ടെത്തി പരിശീലനം നൽകുക.

-അധ്യാപകർക്ക് ഇൻസർവ്വീസ് കോഴ്സുകൾ നടത്തുക.

കുട്ടികളുടെ എണ്ണം പരിഗണിക്കാതെ എല്ലാ യു പികളിലും കായികാധ്യാപകരെ നിയമിക്കുക.

-സ്കൂളുകളിൽ മാസ്ഡ്രിൽ നിർബന്ധമാക്കുക.

-പഞ്ചായത്തടിസ്ഥാനത്തിൽ കലാകായിക മത്സരങ്ങൾ നടത്തുക.

-ഓരോ സ്കൂളിലും അതത് വർഷത്തെ പി ടി എകളുടെയും മാതൃസമാജങ്ങളുടെയും സ്കൂളിലെ അക്കാദമിക്ക് നിലവാരത്തിൻെറയും റിപ്പോർട്ടുകളും കുട്ടികളുടെ കലാകായിക പരിപാടികളും ഉൾപ്പെടുത്തിക്കൊണ്ട് വാർഷികം നടത്തുക.

-ഐ ടി ഐ, കംപ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ട് തുടങ്ങിയ സാങ്കേതിക സ്ഥാപനങ്ങൾ ആരംഭിക്കുക.

-അൺ എയ്ഡഡ് സ്കൂളുകളടെ പ്രവർത്തനം നിരുത്സാഹപ്പെടുത്തുക. ഇംഗ്ലീഷ്മീഡിയം സ്കൂളുകൾ തടയുക.

-എൽ പി ക്ലാസുകളിൽ മലയാളം മീഡിയം നിർബന്ധമാക്കുക.

-തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.

-കാർഷികവൃത്തി പാഠ്യപദ്ധതിയിലുൾപ്പെടുത്തുക.

-മൂല്യനിർണയ രീതിയിൽ മാറ്റം വരുത്തുക.

-എൽ എസ്, യു എസ് സ്കോളർഷിപ്പുകളുടെ തുക ഉയർത്തുക.

-പുതിയ സ്കൂളുകൾ സ്ഥാപിക്കുമ്പോൾ ആവശ്യമായ സർവ്വേ നടത്തുകയും നിലവിലുള്ള അധ്യാപകരുടെ ജോലിസ്ഥിരത ഉറപ്പുവരുത്തുകയും ചെയ്യുക.

-സ്കൂളുകളിലെ ദേശീയ സമ്പാദ്യ പദ്ധതി - സഞ്ചയിക - ഊർജിതമാക്കുക.

-എല്ലാ യു പി സ്കൂളുകളും കേന്ദ്രീകരിച്ച് സഹകരണസംഘങ്ങൾ

സ്ഥാപിക്കുക, പാഠപുസ്തകങ്ങൾക്ക് പുറമേ നോട്ടുബുക്കുകൾ, പരീക്ഷാ പേപ്പറുകൾ, സ്റ്റേഷനറികൾ മുതലായവയും ഈ സംഘത്തിലുണ്ടാവണം.

-സംസ്ഥാനതല കലാ-കായിക മേളകളിൽ പങ്കെടുക്കാനർഹത നേടുന്ന കുട്ടികളെ പഞ്ചായത്ത് തലത്തിൽ ആദരിക്കണം.

-പഞ്ചായത്തിലെ മുഴുവൻ പ്രൈമറി സ്കൂളുകളും അപ്ഗ്രേഡ് ചെയ്യണമെന്ന ആവശ്യം എല്ലാ വാർഡുകളിലെയും ഗ്രാമസഭകളിൽനിന്ന് ഉയർന്നുവന്നിട്ടുണ്ട്. ഇതിൽ പ്രഥമ പരിഗണന അർഹിക്കുന്നത് കുഞ്ഞോം ഗവ. എൽ പി സ്കൂളാണ്.

-ഇംഗ്ലീഷ് ഭാഷാ പഠനനിലവാരം ഉയർത്താൻ ഇംഗ്ലീഷ്ഭാഷ ഐച്ഛികവിഷയമായി എടുത്ത് പരിശീലനം പൂർത്തിയാക്കിയ അധ്യാപകരെ നിയമിക്കുക.

-അധ്യാപകർക്കുള്ള ഇൻസർവ്വീസ് കോഴ്സുകൾ അവധിദിവസങ്ങളിൽ മാത്രം നടത്തുക. (ഇൻസർവ്വീസ് കോഴ്സിന് വേണ്ടി ദിവസങ്ങളോളം സ്കൂളുകൾ അടച്ചിടുന്ന രീതി

-മുഴുവൻ സ്കൂൾ കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണിക്കുള്ള മേൽനോട്ടം വഹിക്കുന്നതിനും നടത്തിപ്പിനുള്ള അവകാശം പഞ്ചായത്തിന് നൽകുകയും അതിനായി പഞ്ചായത്തിൽ ഒരു എഞ്ചിനീയറിങ്ങ്വിഭാഗം ആരംഭിക്കുകയും ചെയ്യുക.

-പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം നൽകാനായി അധ്യാപകർക്ക് പുറമെ സന്നദ്ധ പ്രവർത്തകരുടെ സേവനം ഉപയോഗിക്കുക.

-സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് ചെലവ് കുറഞ്ഞതും എന്നാൽ ഉറപ്പുള്ളതുമായ രീതി നടപ്പിലാക്കുക. മരത്തിൻെറ ഉപയോഗം പരമാവധി കുറക്കുക.

-സ്കൂൾ സ്ഥലങ്ങളിൽ തണൽമരങ്ങളും ഫലവൃക്ഷങ്ങളും നട്ടുവളർത്തുക.

മേൽനിർദേശങ്ങൾ കാര്യക്ഷമമായി നടപ്പാക്കിയാൽ സ്കൂളുകളുടെ പഠനനിലവാരം ഉയരുകയും വിദ്യാഭ്യാസമേഖലയിൽ പുത്തനുണർവ് ദൃശ്യമാവുകയും ചെയ്യും. അതോടൊപ്പം നാടിൻെറ വികസനത്തിൽ ഒരു കുതിച്ചുകയറ്റം ഉണ്ടാവുകയും ചെയ്യും. പക്ഷേ ഇതിന് കുട്ടികൾ കൃത്യമായും ആവശ്യമായ ഉപകരണങ്ങളോടുംകൂടി സ്കൂളലിലെത്തണം. കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ നമുക്ക് കഴിയുന്നില്ല. ആദിവാസി കുട്ടികളുടെ കൊഴിഞ്ഞുപോക്ക് തടയാൻ ഡി പി ഇ പി ട്രൈബൽ വോളണ്ടിയർമാരെ നിമയിച്ചിട്ടുണ്ടെങ്കിലും അവരുടെ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുണ്ടേതുണ്ടെന്നാണ് കണക്കുകൾ കാണിക്കുന്നത്.

അനൗപചാരിക വിദ്യാഭ്യാസരംഗത്തും മുരടിപ്പ് ദൃശ്യമാണ്. ഒന്നാംഘട്ട സാക്ഷരതയിലൂടെ നാം നേടിയ മുന്നേറ്റം തുടർസാക്ഷരതാ പരിപാടികളുടെ കാര്യക്ഷമതയില്ലായ്മ മൂലം മന്ദീഭവിച്ചിരിക്കുന്നു. നവസാക്ഷരർ നിരക്ഷരതയിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്നു. പഞ്ചായത്തിലെ വനിതകളിലും ആദിവാസികളിലുമാണ് നിരക്ഷരർ കൂടുതൽ. മൂന്ന് ജനവിദ്യാകേന്ദ്രങ്ങൾ നമുക്കുണ്ട്. പക്ഷേ ഒന്നുപോലും സാക്ഷരതാരംഗത്ത് ഒരു പ്രവർത്തനവും നടത്തുന്നില്ല. ജനവിദ്യാകേന്ദ്രങ്ങളും ജനശിക്ഷണ നിലങ്ങളും പ്രവർത്തനനിരതമാക്കണം. നവസാക്ഷരർക്കുള്ള പുസ്തകങ്ങൾ അവരുടെ കയ്യിലെത്തിക്കണം. പഞ്ചായത്തിലെ മൊത്തം നിരക്ഷരരെ കണ്ടെത്തുകയും അവർക്ക് അക്ഷരജ്ഞാനം നൽകുകയും വേണം. ഇതിന് തയ്യാറുള്ള സന്നദ്ധസംഘടനകൾ നമ്മുടെയിടയിൽ ധാരാളമുണ്ട്. അവരുടെ ത്യാഗ-സേവന സന്നദ്ധത ഉപയോഗപ്പെടുത്താൻ നമുക്ക് കഴിയും.

മനുഷ്യൻെറ വൈകാരിക-വൈജ്ഞാനിക പ്രവർത്തനമണ്ഡലങ്ങളിലെ ഉയർച്ച ലക്ഷ്യമാക്കി പ്രർത്തിക്കാൻ ഈ നാട്ടിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ പ്രവർത്തകർക്കും ഈ വികസന റിപ്പോർട്ട് സഹായമാകട്ടെ.

## നടപ്പ് അധ്യയനവർഷത്തിൽ പഠനം നിർത്തിയവർ

| | സ്കൂളിന്റെ പേര് | SC/ST ആൺ. | SC/ST പെൺ. | SC/ST ആകെ. | മററുള്ളവർ ആൺ. | മററുള്ളവർ പെൺ. | മററുള്ളവർ ആകെ. | മൊത്തം |
|---|---|---|---|---|---|---|---|---|
| 1. | ഗവ. യു. പി. തേററമല. | – | – | – | 1 | 0 | 1 | 1 |
| 2. | എ. യു. പി. വഞ്ഞോട്. | 1 | 1 | 2 | 4 | 7 | 11 | 13 |
| 3. | എ. യു. പി. കുഞ്ഞോം. | 5 | 8 | 13 | 4 | 4 | 8 | 21 |
| 4. | ജി. എൽ. പി. കോറോം. | – | – | – | – | 1 | 1 | 1 |
| 5. | ജി. എൽ. പി. കുഞ്ഞോം. | 2 | 1 | 3 | 1 | 4 | 5 | 8 |
| 6. | എം.ടി.ഡി.എം.എച്ച്.എസ്. തൊണ്ടർനാട്. | 2 | 1 | 3 | 2 | 6 | 8 | 11 |
| | | 10 | 11 | 21 | 12 | 22 | 34 | 55 |



## 9.4 അക്കാദമിക സൗകര്യങ്ങൾ

| | ജി.എൽ.പി.സ്കൂൾ കുഞ്ഞോം | എ.യു.പി. സ്കൂൾ കുഞ്ഞോം | ജി.എൽ.പി. സ്കൂൾ കോറോം | ജി.യു.പി. സ്കൂൾ തേറ്റമല | ജി.എൽ.പി. സ്കൂൾ പുതുശ്ശേരി | എ.യു.പി സ്കൂൾ വഞ്ഞോട് | എം.ടി.ഡി.എം. ഹൈസ്കൂൾ തൊണ്ടർനാട് |
|---|---|---|---|---|---|---|---|
| ലൈബ്രറി ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ഉണ്ട് പ്രവർത്തിക്കുന്നു | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് | ഉണ്ട് |
| ലബോറട്ടറി/സയൻസ് കോർണർ ഉണ്ട്/ഇല്ല. പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ഇല്ല | ഉണ്ട് | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് |
| പഠനോപകരണങ്ങൾ (മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ) വേണ്ടത്ര ഉണ്ട്/ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | |
| റേഡിയോ | 1 | - | 1 | ഇല്ല | ഇല്ല | ഇല്ല | 1 |
| ടേപ്പ് റെക്കോഡർ | 1 | 1 | 1 | ഇല്ല | ഇല്ല | ഇല്ല | 1 |
| ടി വി സെറ്റ് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| വി.സി.ആർ./വി.സി.പി. | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സിനിമാ പ്രൊജക്ടർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സ്ലൈഡ് പ്രൊജക്ടർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ഓവർ ഹെഡ് പ്രൊജക്ടർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| കമ്പ്യൂട്ടർ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| ആവശ്യമുള്ളവർ | 5 | 23 | 27 | 8 | 4 | 15 | 15 |
| നിലവിലുള്ളത് | 6 | 19 | 5 | 8 | 4 | 15 | 15 |
| 95-96ൽ ലഭിച്ച അദ്ധ്യായന ദിവസം | 187 | 193 | 187 | 193 | 193 | 193 | 195 |
| സമരങ്ങളിലൂടെ നഷ്ടപ്പെട്ട അധ്യായന ദിനങ്ങൾ | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| പ്രത്യേകപൊതു അവധികളിലൂടെ നഷ്ടമായ അധ്യായന ദിനങ്ങളുടെ എണ്ണം | 3 | 3 | 4 | 4 | 4 | 4 | 6 |
| മാതൃസംഗമം സജീവം/സജീവമല്ല | സജീവം | സജീവം | സജീവം | സജീവം | സജീവം | സജീവം | സജീവമല്ല |
| ക്ലാസ് റൂം പി.ടി.എ. കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |

# തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് 9:3 സ്കൂളിന്റെ ഭൗതിക സൗകര്യങ്ങളുടെ വിവരം സ്കൂളുകളുടെ പേര്

| | ജി.എൽ.പി. സ്കൂൾ കുഞ്ഞോം | എ.യു.പി. സ്കൂൾ കുഞ്ഞോം | ജി.എൽ.പി. സ്കൂൾ കോറോം | ജി.യു.പി. സ്കൂൾ തേറ്റമല | ജി.എൽ.പി. സ്കൂൾ പുതുശ്ശേരി | എ.യു.പി സ്കൂൾ വഞ്ഞോട് | എം.ടി.ഡി.എം. ഹൈസ്കൂൾ തൊണ്ടർനാട് |
|---|---|---|---|---|---|---|---|
| ആകെ വിസ്തീർണ്ണം | 9 | 19 | 6 | 8 | 4 | 20 | [illegible] |
| സ്കൂളുകളുടെ എണ്ണം | | | | | | | |
| കെട്ടിടങ്ങൾ എണ്ണം | | | | | | | |
| സ്ഥിരം | 1 | 8 | 2 | 1 | 1 | 7 | 3 |
| അർദ്ധസ്ഥിരം | 2 | – | – | – | – | – | 1 |
| താൽക്കാലികം | – | – | – | 1 | – | – | – |
| മുറികളുടെ എണ്ണം | | | | | – | | |
| സ്ഥിരം | 3 | 13 | 5 | 4 | 5 | 24 | 12 |
| അർദ്ധസ്ഥിരം | 3 | – | – | – | – | – | 7 |
| താൽക്കാലികം | – | – | – | –4 | – | – | – |
| ഇനി മുറികൾ ആവശ്യമുണ്ടെങ്കിൽ എണ്ണം | 8 | 4 | 3 | 7 | – | – | – |
| ഇനി ആവശ്യമുള്ള കെട്ടിടം/മുറികൾ നിർമ്മിക്കാനുള്ള ഭൂമിഉണ്ട്/ഇല്ല | – | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് | ഉണ്ട് |
| നിലവിലുള്ള മൂത്രപ്പുരകളുടെ എണ്ണം | 2 | 2 | ഇല്ല | – | 2 | 1 | 2 |
| മൂത്രപ്പുര ഒരു സമയം എത്ര കുട്ടികൾക്ക് ഉപയോഗിക്കാം | 10 | 05 | – | – | 5 | – | 10 |
| ഇനി ആവശ്യമുള്ളതിന്റെ എണ്ണം | – | – | 2 | 2 | – | 10 | |
| നിലവിലുള്ള കക്കൂസിന്റെ എണ്ണം | 2 | 1 | 1 | – | 2 | 1 | – |
| ഉപയോഗശൂന്യമായ കക്കൂസുകളുടെ എണ്ണം | 1 | 2 | 1 | 2 | 1 | – | – |
| കുടിവെള്ള സംവിധാനം ഉണ്ട്/ഇല്ല കിണർ/പൈപ്പ് | കിണർ | " | " | " | " | കിണർ /പൈപ്പ് | കിണർ പൈപ്പ് |
| വൈദ്യുതീകരണം ഉണ്ട്/ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല |
| പാചകമുറി | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല | ഇല്ല |
| സ്റ്റാഫ്റൂം | ഉണ്ട് | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഉണ്ട് | ഉണ്ട് |
| നിലവിലുള്ള ഫർണീച്ചറുകൾ മതിയാകുമോ? മതിയാകും/ഇല്ല | ഇല്ല | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | ഇല്ല | മതിയാകും |
| ഇനി ആവശ്യമായവയുടെ എണ്ണം | | | | | | | |
| ഡസ്ക് | 10 | 30 | 10 | 50 | 5 | 10 | [illegible] |
| ബെഞ്ച് | 15 | 50 | 10 | 75 | 10 | 20 | [illegible] |
| മേശ | 7 | 4 | 3 | 10 | 3 | 5 | 2 |
| കസേര | 7 | 4 | 3 | 10 | 4 | 5 | [illegible] |
| ഓഫീസ് ഫർണീച്ചർ | ഷെൽഫ്–1 കസേര–2 റാക്ക്–1 | – | ഷെൽഫ്–1 റാക്ക്–1 ഷെൽഫ് റാക്ക്–1 | ഷെൽഫ്–1 മേശ–2 | മാപ്പ് റാക്ക്–1 കസേര–2 | ബി.ബി.5 | അലമാര–1 മേശ [illegible] |



# 5–4 കുടിവെള്ളവും പൊതുജനാരോഗ്യവും

## കുടിവെള്ളം

പ്രകൃതിദത്തമായ ശുദ്ധജലസ്റോതസുകളുടെ അമൂല്യമായ ശേഖരമുള്ള പഞ്ചായത്താണ് തൊണ്ടർനാട്. എന്നാൽ ഇതുവരെയുള്ള അശാസ്ത്രീയ സമീപനം മൂലം ഈ സ്റോതസുകൾ വേണ്ട വിധത്തിൽ പ്രയോജനപ്പെടുത്താൻ കഴിഞ്ഞിട്ടില്ല. അതിനാൽ ഈ പഞ്ചായത്തിലെ ചില പ്രദേശങ്ങളിലെ ജനങ്ങൾ, പ്രത്യേകിച്ചും ഉയർന്ന പ്രദേശത്തുള്ള ജനങ്ങൾ കഠിനമായ കുടിവെള്ളക്ഷാമം നേരിടുകായാണ്. പല പദ്ധതികളും ചെലവുകുറഞ്ഞ രീതിയിൽ നിർമ്മിക്കാൻ സാധിക്കുന്നുതും വളരെയധികം കുടുംബങ്ങൾക്ക് പ്രയോജനപ്പെടുന്നതുമാണ്.

പഞ്ചായത്തിലെ മുഖ്യ കുടിനീർ സ്റോതസുകൾ കിണറുകളാണ്. 5094 ഓളം വീടുകളുള്ളതിൽ 1282 വീടുകൾക്ക് (25.16%) സ്വന്തമായി കിണറില്ല. ഇവർ കുളങ്ങളും, കേണികളും കുടിവെള്ളത്തിനുവേണ്ടി ഉപയോഗിക്കുന്നു. ഇതിൽ 639 കുടുംബങ്ങൾ (12.54%) കുടിവെള്ളത്തിനായി 300 മീറ്ററിലധികം സഞ്ചരിക്കുന്നു. 262 (5.14%) കുടുംബങ്ങൾ പൈപ്പുവെള്ളമുപയോഗിക്കുമ്പോൾ 125 (2.45%) പേർ പൊതുകിണറാണ് ആശ്രയിക്കുന്നത് (അവലംബം: പ്രാഥമിക സ്ഥിതിവിവരക്കണക്ക്) മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിലാണ്. ചില സ്ഥലങ്ങളിൽ രൂക്ഷമായി ജലക്ഷാമം അനുഭവപ്പെടുന്നത്.

## പ്രകൃതിദത്തമായ കുടിവെള്ള സ്റോതസുകൾ:

വെങ്ങലശ്ശേരി, പള്ളിവാതുക്കൽ, പാലേരി, തോട്ടുമ്മൽ, ചിറമേൽ, പെരിഞ്ചേരിമല,

കല്ലാറ, പാതിരിമന്ദം, ചൂരക്കുഴി, ഉദിരച്ചിറ, നീലോം-പച്ചേമ്പാതൽകുന്ന്, എസ്റ്റേറ്റ് കുന്ന്, കൊന്നിയോട് ഏങ്ങക്കുന്ന്, വഞ്ഞോട്, മാക്കിയാട്, മീൻമുട്ടി, നിരവിൽപുഴ, മീൻമുട്ടി എന്നിവിടങ്ങളിൽ പ്രകൃതിദത്ത ശുദ്ധജല സ്രോതസുകളുണ്ട്.

## ഗുണനിലവാരം

പഞ്ചായത്തിലെ നീലോം പ്രദേശത്തെ കേണികളിലെ വെള്ളത്തിന് എണ്ണമയവും രുചിഭേദവും അനുഭവപ്പെടുന്നു. കൊറന്തിയോട്, ചേരിക്കൊല്ലി പ്രദേശങ്ങളിലെ വെള്ളത്തിന് ദുർഗന്ധം അനുഭവപ്പെടുന്നു.

## പ്രശ്നങ്ങൾ

പാമ്പോള, കുഞ്ഞോം കോളനി, കാരമൊട്ടൻകുന്ന്, കാട്ടിയേരി കോളനി, നിരവിൽപുഴ അംഗൻ വാടിക്കു സമീപം, മരാടി കുറിച്യകോളനിൽ വാളാംതോട്, മട്ടിലയം, കോറോം പ്രദേശം, വഞ്ഞോട് പള്ളിമുക്ക്, പുവരഞ്ഞിലപ്പുമുക്ക്, തേറ്റമല, ചൊള്ളംപാറ, പുതുശ്ശേരി, നിലോ, വളവിൽ, താഴെ തരുവണ, പെരിഞ്ചേരി മല-ആക്കൽമിറ്റം, വെള്ളോണി, നിലോ അംഗൻവാടിക്ക് സമീപം വഞ്ഞോട് പ്ലാക്കൂട്ടത്തിൽ ഭാഗം, ഉദിരച്ചിറ, നെടുംപിലാശ്ശേരി പന്നിയൻപാറ, പൊറലോ, പോണ്ടറ, കരിമ്പിൻ, ചൂരൽ മൂലകോളനി, മുത്താറിക്കുളം, ഞാറലോട്, കൊല്ലിക്കണ്ടം, എടച്ചേരിക്കൊല്ലി, കക്കാരമൂല, ചാലിൽ, നാരങ്ങച്ചാലിൽ, നെല്ലിയേരി, ലക്ഷംവീട് കോളനി, അത്തിയാകോട്, പിലാക്കാവ് എന്നിവിടങ്ങളിൽ ജലക്ഷാമം രൂക്ഷമാണ്.

## നിർദ്ദേശങ്ങൾ

മേൽ പ്രസ്താവിക്കപ്പെട്ട സ്ഥലങ്ങളിലെ കുടിവെള്ളക്ഷാമം പരിഹരിക്കാൻ കിണറുകളും, ജലവിതരണവുംകൊണ്ട് സാധിക്കാവുന്നതാണ്.

**ത്വരിതഗതിയിൽ പൂർത്തീകരിക്കേണ്ട പദ്ധതികൾ:**

1. പാതിരിമന്ദം ഐ.എച്ച്.ഡി.പി. പദ്ധതി.
2. കല്ലാറ ഐ.എച്ച്.ഡി.പി. പദ്ധതി.
3. വെങ്ങലശ്ശേരി [illegible]
4. പള്ളിവാതുക്കൽ ട്രൈബൽ പദ്ധതി.
5. അത്തിയകോട് ട്രൈബൽ പദ്ധതി.
6. പാലേരി ട്രൈബൽ പദ്ധതി.
7. തോട്ടുമ്മൽ ട്രൈബൽ പദ്ധതി.
8. ചിറമേൽ ട്രൈബൽ പദ്ധതി.
9. തേറ്റമല എസ് ഇ പി
10. നാരങ്ങച്ചാൽ ശുദ്ധജല വിതരണപദ്ധതി.

ഈ പദ്ധതികൾക്ക് ജല അതോറിറ്റിയുടെ അനുമതി ലഭിച്ചതാണ്. കൂടാതെ പെരിഞ്ചേരിമല ആദിവാസി കോളനിക്ക് മുകളിലുള്ള പ്രകൃതിദത്ത ശുദ്ധവിതരണ പദ്ധതിക്ക് കൂടി ഉടൻ അനുമതി ലഭിക്കേണ്ടതാണ്. പ്രസ്തുത പദ്ധതി പൂർത്തിയായാൽ 45 ഓളം ആദിവാസി കുടുംബങ്ങളുടെ കുടിവെള്ളപ്രശ്നം പരിഹരിക്കാവുന്നതാണ്.

കുഞ്ഞോം അംബേദ്കർ കോളനിയിൽ ഏഴരലക്ഷം രൂപ മുടക്കി പണിതീർത്ത ഒരു ടാങ്കും 3 കി.മീ. നീളത്തിൽ 25 ടാപ്പും ഒരു മോട്ടോറും സ്ഥാപിക്കപ്പെട്ടിട്ടുണ്ടെങ്കിലും, ഷട്ടർ ഇടാത്തതിനാൽ കമ്മീഷൻ ചെയ്തിട്ടില്ല. ഉടൻ കമ്മീഷൻ ചെയ്ത് ജനോപകാരപ്രദമാക്കി തീർക്കണം.

തൊണ്ടർനാട് പഞ്ചായത്തിലെ വറ്റാത്ത പ്രകൃതിദത്ത നീരുറവകകളായ മക്കിയാട് നിരവിൽപുഴ, മീൻമുട്ടി പദ്ധതികൾ ഏറ്റവും പ്രായോഗികവും, സാമ്പത്തിക ബാദ്ധ്യത കുറഞ്ഞതും, ഭൂരിഭാഗം പ്രദേശങ്ങളുടെയും കുടിവെള്ളപ്രശ്നം പരിഹരിക്കാൻ സാധിക്കുന്നതുമായ രണ്ട് ബൃഹത്പദ്ധതികളാണ്.

1990 കളിൽ വാട്ടർ അതോറിറ്റി 2499900 രൂപയുടെ ഒരു സ്കീമിലൂടെ മീൻമുട്ടി പദ്ധതിക്ക് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നെങ്കിലും, പ്രസ്തുത പദ്ധതി നടപ്പിലായില്ല. വീണ്ടും 1996-ൽ 50,00,000 രൂപയുടെ ഒരു പ്രൊപ്പോസൽ കൊടുത്തിട്ടുണ്ട്. പഞ്ചായത്തിലെ ശുദ്ധജല വിതരണ പദ്ധതികളിൽ ഇവയ്ക്ക് മുൻഗണന നൽകേണ്ടതാണ്. ഇവ പൂർത്തിയാവുമ്പോൾ തൊണ്ടർനാട് പഞ്ചായത്തിലെ ശുദ്ധജലക്ഷാമത്തിന് ശാശ്വത പരിഹാരം ഉണ്ടാവും.

കോറോം നാരങ്ങച്ചാലിൽ രാജീവ്ഗാന്ധി ഡ്രിങ്കിംഗ് വാട്ടർ മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി 3 ലക്ഷം രൂപ എസ്റ്റിമേറ്റുള്ള ഒരു ശുദ്ധജല പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

## ചെറുകിട പ്രകൃതിദത്ത ജലസ്രോതസുകൾ-സാദ്ധ്യതകൾ

പാമ്പോളയിൽനിന്നും കല്ലറയിലേക്ക് പൈപ്പുവഴി കുടിവെള്ളം എത്തിക്കാം. കുഞ്ഞോം അങ്ങാടി-രയരോം ഇവിടങ്ങളിൽ ഇട്ടിലാട്ടിൽനിന്നും പൈപ്പുവഴി ശുദ്ധജലം എത്തിക്കാം. ഇട്ടിലാട്ടിലെ പൊതുടാങ്കും കുളവും ഉപയോഗയോഗ്യമാക്കിയാൽ ആ പ്രദേശ

ങ്ങളിലെ കുടിവെള്ളപ്രശ്നം തീരും. മണപ്പാട്ടു കുന്നിലെ നീരുറവ തടഞ്ഞുനിർത്തി പൈപ്പുവഴി ജലം വിതരണംചെയ്യാൻ സാധിക്കും. നിരവിൽപുഴ ചാത്തൻ കൈ അരണ്യാശ്രമത്തിന് സമീപം എൻ ആർ ഇ പി സ്കീമിൽ നിർമ്മിച്ച കുളത്തിൽനിന്ന് പൈപ്പുവഴി മട്ടിലയം, നിരവിൽപുഴ, പാതിരിമന്ദം, കുഞ്ഞോംകോളനി എന്നിവിടങ്ങളിൽ കുടിവെള്ളമെത്തിക്കണം. ഇത് 200 ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. വട്ടക്കൊല്ലിയിലെ ശുദ്ധജല ടാങ്ക് ഉപയോഗയോഗ്യമാക്കിയാൽ വട്ടക്കൊല്ലി, മണിക്കല്ല് താഴെ, കാമൂല, മരച്ചുവട് എന്നീ സ്ഥലങ്ങളിൽ വളരെ ചെലവ് കുറഞ്ഞരീതിയിൽ പൈപ്പുവഴി കുടിവെള്ളമെത്തിക്കാൻ കഴിയും. കൊ...ും പിന്...ട്, എസ്റ്റേറ്റ്കുന്ന് എന്നിവിടങ്ങളിലെ ക്കുന്ന മേ...തിദത്ത നീരുറവകൾ തടഞ്ഞുനിർ...സരമലി...പ്പുമുഖേന കുടിവെള്ളം വിതരണം ന...കഴിയും

വെള്ളി...ക്രാന്തിയോട് കുറച്ച്യകോളനി പ്രദേശങ്ങ...ശുദ്ധജലവിതരണ പദ്ധതി പൂർത്തിയാ... വൈദ്യുതി ലഭിക്കാത്തതിനാൽ കുടി... വിതരണം നടത്താൻ കഴിഞ്ഞിട്ടില്ല. വഞ്ഞോട് അമ്പലക്കണ്ടി, വെള്ളാംകാവ് പ്രദേശങ്ങളിൽ കുളം നിർമ്മിച്ച് കുടിവെള്ള വിതരണം നടത്താൻ കഴിയും. കാഞ്ഞിരങ്ങാട്, കുട്ടനാട് എസ്റ്റേറ്റ് പരിസരത്തിലെ ഇപ്പോഴുള്ള കുടിവെള്ള വിതരണ സംവിധാനം വിപുലപ്പെടുത്തിയാൽ 25 ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. കൊടക്കുടകുന്നിൽ പ്രകൃതദത്ത നീരുറവ തടഞ്ഞുനിർത്തി ടാങ്ക് ഉപയോഗിച്ച് വെള്ളം ശേഖരിച്ചാൽ പൈപ്പുവഴി 25 ഓളം കുടുംബങ്ങൾക്ക് കുടിവെള്ളമെത്തിക്കാൻ കഴിയും. ഏലക്കുഴി, ഉദിരച്ചിറ ഭാഗങ്ങളിൽ പാറയുടെ അടിഭാഗത്തുള്ള നീരുറവ ബണ്ടുകെട്ടിനിർത്തി ആ പ്രദേശങ്ങളിൽ ശുദ്ധജലവിതരണം നടത്താൻ സാധിക്കും. കരിമ്പിൽ, കുളമൊക്കൊല്ലിയിൽ ബണ്ടുകെട്ടി വെള്ളം സംഭരിച്ച് വിതരണം നടത്താവുന്നതാണ്. ഇത് 40 ഓളം കുടുംബങ്ങൾക്ക് പ്രയോജനപ്പെടും. നീലോം പച്ചേനാൽ കുന്നിൽ കമ്പംകോട്ടുള്ള നീരുറവ തടഞ്ഞുനിർത്തി പൈപ്പുവഴി ശുദ്ധജലവിതരണം നടത്തിയാൽ ധാരാളം കുടുംബങ്ങൾക്ക്പ്രയോജനപ്പെടും. കൊല്ലിക്കണ്ടത്തിലുള്ള പൊതുകുളം അറ്റകുറ്റപ്പണി നടത്തി പൈപ്പുവഴി പാലേരി ഹൈസ്കൂൾ, അംഗൻവാടി, പരിസരം, പാലേരി കോളനി എന്നിവിടങ്ങളിലും ശുദ്ധജലവിതരണം നടത്തുവാൻ കഴിയും.

ഇത്രയും പദ്ധതികൾ പൂർത്തിയായിക്കഴിഞ്ഞാൽ പഞ്ചായത്തിലെ ശുദ്ധജലവിതരണ ശൃംഖല ശക്തിപ്പെടുകയും, അതോടൊപ്പം ആരോഗ്യരംഗത്ത് ഗണനീയമായ മാറ്റം ഉണ്ടാവുകയും ചെയ്യുമെന്നതിന് സംശയമില്ല.

## പൊതുജനാരോഗ്യം

തൊണ്ടർനാട് ഗ്രാമപഞ്ചായത്തിലെ ആരോഗ്യചരിത്രത്തിലേക്ക് കണ്ണോടിക്കുമ്പോൾ പാരമ്പര്യവൈദ്യത്തിൽ നിപുണന്മാരായ ചില ആദിവാസി കുടുംബങ്ങളെ നമുക്ക് പരിചയപ്പെടാൻ കഴിയും. വായ്മൊഴിയിലൂടെ കൈമാറപ്പെട്ട പാരമ്പര്യവൈദ്യത്തിന്റെ സിദ്ധികളിൽ പലതും തലമുറകളിലേക്ക് പകരാതെ മൺമറിഞ്ഞ് പോയിട്ടുണ്ട്. പാമ്പുവിഷം, ആസ്തമ, മഞ്ഞപ്പിത്തം തുടങ്ങിയ രോഗങ്ങൾക്ക് ഫലപ്രദമായ ഒറ്റമൂലി പ്രയോഗങ്ങളിൽ ഇവർ പ്രാവിണ്യമുള്ളവരായിരുന്നു.

മന്ത്രം, ജപം, ചരടുകെട്ടൽ, ഊതൽ, ഉറുക്ക് എഴുതിക്കെട്ടൽ, ബാധ ഒഴിപ്പിക്കൽ, കൂളിയെ കാണൽ തുടങ്ങിയ വിശ്വാസങ്ങളും രോഗശമനത്തിനുള്ള മാർഗങ്ങളായി ചിലർ സ്വീകരിച്ചിരുന്നു. ഇവയൊന്നും സമൂഹത്തിൽനിന്നും പൂർണമായി ഇന്നും തിരോഭവിച്ചിട്ടില്ല. ആധുനിക വൈദ്യശാസ്ത്രം വ്യാപകമായിട്ടും ആദിവാസികൾ പ്രാകൃതചികിത്സാ സമ്പ്രദായം തുടർന്ന് വരുന്നതായി കാണുന്നു. പലപ്പോഴും രോഗം മൂർദ്ധന്യാവസ്ഥയിൽ എത്തിയാൽ മാത്രമേ ഇവർ ആധുനിക വൈദ്യസഹായം തേടാൻ തയ്യാറാവുന്നുള്ളു. അതുകൊണ്ട് തന്നെ പഞ്ചായത്തിൽ ആരോഗ്യരംഗത്ത് സമഗ്രമായ ബോധവത്ക്കരണം അത്യാവശ്യമാണ്.

അടിസ്ഥാന സകര്യങ്ങളായ പാർപ്പിടം, ശുദ്ധജലം, കക്കൂസ് തുടങ്ങിയവയുടെ അപര്യാപ്തത മൂലം ആദിവാസികൾക്കിടയിൽ ചൊറി, ചിരങ്ങ്, വിരശല്യം തുടങ്ങിയ രോഗങ്ങൾ വ്യാപകമായി കാണുന്നു. കൂടാതെ ആദിവാസികളിലാണ് പകർച്ചവ്യാധികൾ സാധാരയായി കണ്ടുവരുന്നത്. എൺപതുകളിൽ തുടങ്ങിയ ആയുർവേദഡിസ്പെൻസറികളുടെ സേവനം ഇവർ സ്വീകരിക്കാൻ തയ്യാറായിട്ടുണ്ട്.

## പഞ്ചായത്തിൽ നിലവിലുള്ള ആരോഗ്യ സ്ഥാപനങ്ങൾ

| ക്രമനമ്പർ | സ്ഥാപനങ്ങൾ | പൊതുമേഖല | സ്വകാര്യമേഖല |
|---|---|---|---|
| 1. | പ്രാഥമിക ആരോഗ്യകേന്ദ്രം | 1 | – |
| 2. | സബ് സെൻററുകൾ | 6 | – |
| 3. | ആയുർവേദ ഡിസ്പെൻസറികൾ | 2 | – |
| 4. | ആശുപത്രികൾ | – | 2 |
| 5. | ആയുർവേദ മരുന്നുകടകൾ | – | 6 |
| 6. | ഹോമിയോ ക്ലിനിക് | – | 2 |
| 7. | മെഡിക്കൽ സ്റ്റോർ | – | 1 |

മേൽപ്പറഞ്ഞ സ്ഥാപനങ്ങൾ ഉണ്ടെങ്കിലും ഗ്രാമപഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യസ [illegible] ൽ എടുത്തുപറയത്തക്ക പുരോഗതി ഉണ്ടാക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിഞ്ഞിട്ടില്ല. പ്രാഥമിക ആരോഗ്യകേന്ദ്രത്ത [illegible] സവനം പഞ്ചായത്തിലെ മുഴുവനാളുകൾക്കും ലഭിക്കുന്നില്ല. രോഗികൾ വെള്ളമുണ്ടയിലെ ഗവർമെണ്ട് ആശുപത്രിയിലും മാനന്തവാടിയിലുള്ള ജില്ലാ ആശുപത്രിയിലുമാണ് അഭയം തേടുന്നത് പോയ വർഷങ്ങളിലെ രോഗവിവരം പട്ടികപ്പെടുത്തിയിരിക്കുന്നു.

| വർഷം | ജലജന്യ രോഗങ്ങൾ | വായുജന്യ രോഗങ്ങൾ | പ്രാണിജന്യ രോഗങ്ങൾ | മറ്റുള്ളവ |
|---|---|---|---|---|
| 93–94 | 982 | 3322 | 215 | 10440 |
| 94–95 | 1004 | 3335 | 165 | 11632 |
| 95–96 | 840 | 2379 | 161 | 9441 |

## കുടുംബക്ഷേമം

പഞ്ചായത്തിലെ ആകെ ജനസംഖ്യ 19639 ആണ്. ഇതിൽ 9893 പുരുഷന്മാരും 9743 സ്ത്രീകളും ആണ്. (അവലംബം 91 ലെ സെൻസസ്)

കുടുംബാസൂത്രണം സ്വീകരിച്ച അമ്മമാരുടെ എണ്ണം (കുട്ടികളുടെ) എണ്ണത്തിൻെറ അടിസ്ഥനത്തിൽ

| | | |
|---|---|---|
| എ | 1കുട്ടി | 208 |
| ബി | 2 കുട്ടികൾ | 289 |
| സി | 2–ൽ കൂടുതൽ കുട്ടികൾ | 1084 |

കുട്ടികളുടെ എണ്ണം സംസ്ഥാന ശരാശരിയേക്കാൾ കൂടുതലാണ്. ഒരു വയസ്സിന് താഴെ പ്രായമുള്ള 388 കുട്ടികൾ ഉണ്ട്. ഇവരിൽ 287 പേർക്ക് പ്രതിരോധകുത്തിവെപ്പ് നടത്തിയിട്ടുണ്ട്. (അവലംബം ആരോഗ്യസ്ഥിതി വിവരക്കണക്ക് തൊണ്ടർനാട് പഞ്ചായത്ത്)

സബ്സെൻററുകളുടെ ദൂരം കാരണം പല ആദിവാസി കോളനി നിവാസികൾക്കും പ്രതിരോധകുത്തിവെപ്പിൻെറ പ്രയോജനം ലഭിക്കുന്നില്ല. അനുപൂരക പോഷകാഹാരം ലഭിക്കുന്ന 742 കുട്ടികളും 102 ഗർഭിണികളും 97 മുലയൂട്ടുന്ന അമ്മമാരും പഞ്ചായത്തിലുണ്ട്. അംഗൻവാടികൾ അകലെയായതുകൊണ്ടും വേണ്ടവിധത്തിൽ ബോധവത്ക്കരണം നടക്കാത്തതുകൊണ്ടും പെരിഞ്ചേരിമല ആദിവാസി കോളനിയിൽ ഈ ആനുകൂല്യങ്ങൾ ലഭ്യമല്ല.

### പ്രായഘടന

എ. ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ: 388

ബി. 1–2 വയക്കുവരെ പ്രായമുള്ള കുട്ടികൾ: 374

സി. 2-3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ:376
ഡി. 3-5 വയക്കുവരെ പ്രായമുള്ള കുട്ടികൾ: 843

വൈകല്യനിരക്ക്

| | | |
|---|---|---|
| എ | അന്ധർ | 15 |
| ബി | ബധിരർ | 16 |
| സി | മൂകർ | 8 |
| ഡി | ബധിര മൂകർ | 8 |
| ഇ | ചലന വൈകല്യമുള്ളവർ | 54 |

### പരിസര ശുചിത്വം

പരിസരശുചിത്വത്തിൻെറ കാര്യത്തിൽ ആദിവാസി മേഖലകൾ ഏറ്റവും പിന്നിലാണ്. തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ, അങ്ങാടികൾ എന്നിവടങ്ങളിൽ പരിസരമലിനീകരണം കൂടുതലാണ്. വീടിനോട് ചേർന്നുള്ള തൊഴുത്തുകളും ഇതിന് കാരണമാകുന്നു. പഞ്ചായത്തിലെ ആകെയുള്ള 1398 തൊഴുത്തുകളിൽ 217 എണ്ണം വീടിനോട് ചേർന്ന് കാണപ്പെടുന്നു. കൊതുക്, ചെള്ള് ഈച്ച മുതലയാവ ഇതുമൂലം പെരുകുന്നു. കമ്പോസ്റ്റ് കുഴികളുള്ള വീടുകൾ 212 മാത്രം.

ആരോഗ്യരംഗത്തിന് ഭീഷണിയാകുന്ന മറ്റൊരു വസ്തുത തുറസ്സായ സ്ഥലത്തെ മലമൂത്രവിസർജനമാണ്. പല പകർച്ചവ്യാധികൾക്കും ഇവ കാരണമാകുന്നു.

പഞ്ചായത്തിലെ ആകെ വീടുകൾ: 5094

കക്കൂസുള്ള വീടുകളുടെ എണ്ണം

| നമ്പർ | ഇനം | എണ്ണം | ശതമാനം |
|---|---|---|---|
| എ | സെപ്റ്റിക്ക് ടാങ്ക് | 700 | 13.74% |
| ബി | ഇ എസ് പി | 628 | 12.32% |
| സി | മറ്റുള്ളവ | 985 | 19.34% |

ആകെ 45.40% വീടുകളിലെ കക്കൂസുകളുള്ളു. കക്കൂസ് നിർമ്മാണത്തിലെ അലംഭാവത്തിന് പല കാരണങ്ങളുമുണ്ട്.

### പ്രശ്നങ്ങൾ:

1. സാമ്പത്തിക പരാധീനത
2. കക്കൂസിൻെറ ആവശ്യകതയെപ്പറ്റി ബോധമില്ലായ്മ

### പരിഹാരങ്ങൾ:

1. സർക്കാർ അർദ്ധ സർക്കാർ സ്ഥപാനങ്ങൾ സബ്സിഡി നൽകുക.

2. ആദിവാസികൾക്കും പാവപ്പെട്ടവർക്കും സൗജന്യമായി ലഭ്യമാക്കുക.

3. സഹകരണ അടിസ്ഥാനത്തിലുള്ള നിർമ്മാണം.

4. സന്നദ്ധസംഘടനകളുടെ സേവനം ലഭ്യമാക്കൽ

1. സമഗ്രമായ ബോധവത്ക്കരണം പ്രത്യേകിച്ചും ആദിവാസി മേഖലകളിൽ

ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ ഘടകമാണ് ശുദ്ധജലം.

കീടനാശിനികളുടെ അമിതോപയോഗം, ജലാശയങ്ങളിൽ കന്നുകാലികളെ കുളിപ്പിക്കൽ, താഴ്ന്ന പ്രദേശങ്ങളിലെ കേണികളിൽ ഒഴുകിയെത്തുന്ന മലിനജലം എന്നിവ ജലമലിനീകരണത്തിന് ഹേതുവാകുന്നു.

### കുടിവെള്ള സ്റോതസുകളെ കുറിച്ചുള്ള വിവരം

| | | |
|---|---|---|
| 1. | സാനിറ്ററി വെൽ | 1396 |
| 2. | സാധാരണ കിണർ | 2530 |
| 3. | കുളം | 42 |
| 4. | നദി | 11 |
| 5. | പൈപ്പ് | 262 |
| 6. | പൊതുവിതരണം | 125 |

സി. 2–3 വയസ്സുവരെ പ്രായമുള്ള കുട്ടികൾ:376
ഡി. 3–5 വയസ്സുവരെ പ്രായമുള്ള കുട്ടികൾ: 843

വൈകല്യനിരക്ക്

| | | |
|---|---|---|
| എ | അന്ധർ | 15 |
| ബി | ബധിരർ | 16 |
| സി | മൂകർ | 8 |
| ഡി | ബധിര മൂകർ | 8 |
| ഇ | ചലന വൈകല്യമുള്ളവർ | 54 |

## പരിസര ശുചിത്വം

പരിസരശുചിത്വത്തിന്റെ കാര്യത്തിൽ ആദിവാസിമേഖലകൾ ഏറ്റവും പിന്നിലാണ്. തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന മേഖലകൾ, അങ്ങാടികൾ എന്നിവടങ്ങളിൽ പരിസരമലിനീകരണം കൂടുതലാണ്. വീടിനോട് ചേർന്നുള്ള തൊഴുത്തുകളും ഇതിന് കാരണമാകുന്നു. പഞ്ചായത്തിലെ ആകെയുള്ള 1398 തൊഴുത്തുകളിൽ 217 എണ്ണം വീടിനോട് ചേർന്ന് കാണപ്പെടുന്നു. കൊതുക്, ചെള്ള് ഈച്ച മുതലയാവ ഇതുമൂലം പെരുകുന്നു. കമ്പോസ്റ്റ് കുഴികളുള്ള വീടുകൾ 212 മാത്രം.

ആരോഗ്യരംഗത്തിന് ഭീഷണിയാകുന്ന മറ്റൊരു വസ്തുത തുറസ്സായ സ്ഥലത്തെ മലമൂത്രവിസർജനമാണ്. പല പകർച്ചവ്യാധികൾക്കും ഇവ കാരണമാകുന്നു.

പഞ്ചായത്തിലെ ആകെ വീടുകൾ: 5094

കക്കൂസുള്ള വീടുകളുടെ എണ്ണം

| നമ്പർ | ഇനം | എണ്ണം | ശതമാനം |
|---|---|---|---|
| എ | സെപ്റ്റിക്ക് ടാങ്ക് | 700 | 13.74% |
| ബി | ഇ എസ് പി | 628 | 12.32% |
| സി | മറ്റുള്ളവ | 985 | 19.34% |

ആകെ 45.40% വീടുകളിലെ കക്കൂസുകളുള്ളു.

കക്കൂസ് നിർമ്മാണത്തിലെ അലംഭാവത്തിന് പല കാരണങ്ങളുമുണ്ട്.

പ്രശ്നങ്ങൾ:

1. സാമ്പത്തിക പരാധീനത
2. കക്കൂസിന്റെ ആവശ്യകതയെപ്പറ്റി ബോധമില്ലായ്മ

**പരിഹാരങ്ങൾ:**

1. സർക്കാർ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ സബ്സിഡി നൽകുക
2. ആദിവാസികൾക്കും പാവപ്പെട്ടവർക്കും സൗജന്യമായി ലഭ്യമാക്കുക.
3. സഹകരണ അടിസ്ഥാനത്തിലുള്ള നിർമ്മാണം.
4. സന്നദ്ധസംഘടനകളുടെ സേവനം ലഭ്യമാക്കൽ

1. സമഗ്രമായ ബോധവത്ക്കരണം പ്രത്യേകിച്ചും ആദിവാസി മേഖലകളിൽ

ആരോഗ്യ സംരക്ഷണത്തിന് അത്യന്താപേക്ഷിതമായ ഘടകമാണ് ശുദ്ധജലം.

കീടനാശിനികളുടെ അമിതോപയോഗം, ജലാശയങ്ങളിൽ കന്നുകാലികളെ കുളിപ്പിക്കൽ, താഴ്ന്ന പ്രദേശങ്ങളിലെ കേണികളിൽ ഒഴുകിയെത്തുന്ന മലിനജലം എന്നിവ ജലമലിനീകരണത്തിന് ഹേതുവാകുന്നു.

## കുടിവെള്ള സ്രോതസുകളെ കുറിച്ചുള്ള വിവരം

| | | |
|---|---|---|
| 1. | സാനിറ്ററി വെൽ | 1396 |
| 2. | സാധാരണ കിണർ | 2530 |
| 3. | കുളം | 42 |
| 4. | നദി | 11 |
| 5. | പൈപ്പ് | 262 |
| 6. | പൊതുവിതണം | 125 |

## പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ പ്രാഥമിക ആരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം കാര്യക്ഷമമല്ല.
2. ആയുർവേദ ഡിസ്പെൻസറികളിൽ മരുന്നുകളുടെ ലഭ്യതക്കുറവ്-പ്രാഥമിക സൗ

കര്യങ്ങളുടെ അഭാവം.

3. ജനസംഖ്യാനുപാതികമായി സബ് സെൻററുകളുടെ എണ്ണക്കുറവ്.

4. 55% വീടുകൾക്കും കക്കൂസില്ല.

5. സ്കൂൾ ആരോഗ്യപരിപാടി കാര്യക്ഷമമല്ല.

6. കൊതുക്, ചെള്ള്, ഈച്ച ഇവയുടെ വർദ്ധനവ്.

7. കിടനാശിനികളുടെ അമിതോപയോഗം.

8. സബ്സെൻറുകളിൽ അത്യാവശ്യമരുന്നുകളുടെ ലഭ്യതക്കുറവ്-ഫീൽഡ് വർക്ക് തൃപ്തികരമല്ല.

9. അംഗൻവാടികളിലെ പ്രാഥമികസൗകര്യങ്ങൾ ഇല്ലായ്മ.

10. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൻെറ സ്ഥാനവും എത്തിച്ചേരാനുള്ള ബുദ്ധിമുട്ടും.

11. വ്യാപകവും ഫലപ്രദവുമല്ലാത്ത പ്രതിരോധ ചികിൽസ.

12. ശുദ്ധജല വിതരണത്തിലെ അശാസ്ത്രീയത.

13. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ പ്രവർത്തനം തൃപ്തികരല്ല.

14. ആരോഗ്യബോധവൽക്കരണ പരിപാടികളുടെ അഭാവം

15. കിടത്തി ചികിൽസക്ക് സൗകര്യമില്ലായ്മ

16. പോഷകാഹാര വിതരണത്തിലെ അപാകത.

17. ആൾമറയില്ലാത്ത കിണറുകളും കേണികളും.

## പ്രശ്ന പരിഹാരങ്ങൾ

1) പ്രാഥമിക ആരോഗ്യകേന്ദ്രം ചുരുങ്ങിയത് 20 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുക.

2) ആയുർവേദ ഡിസ്പെൻസറികൾ ചുരുങ്ങിയത് 10 കിടക്കകളുള്ള ആശുപത്രിയാക്കി ഉയർത്തുക.

3) പ്രതിരോധ ചികിൽസ വ്യാപകവും ഫലപ്രദവുമാക്കുക.

4) അങ്ങാടികളിൽ മാലിന്യനിക്ഷേപപ്പെട്ടികൾ സ്ഥാപിക്കുക.

5) ഹോട്ടലുകളിലെ ഭക്ഷണങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുകയും സ്ഥിരമായ പരിശോധന നടത്തുകയും ചെയ്യുക.

6) കൊതുക്, ഈച്ച, ചെള്ള് എന്നിവയുടെ നിവാരണം ത്വരിതപ്പെടുത്തുക.

7) അലഞ്ഞുനടക്കുന്ന നായ്ക്കളെ കൊല്ലുകയും വളർത്തുനായ്ക്കളുടെ ലൈസൻസ് നിർബന്ധമാക്കുകയും ചെയ്യുക.

8) സ്കൂളുകളിൽ ആരോഗ്യപരിപാടി കാര്യക്ഷമമാക്കുക.

9) പിഎച്ച്സി യിലേക്കുള്ള വഴി സുഗമമാക്കുക.

10) ഡോക്ടർമാരെ നിയമിക്കുന്നതിലുള്ള കാലതാമസം ഒഴിവാക്കുക-ഹെൽത്ത് ഇൻസ്പെക്ടർമാരെ സ്ഥിരമായി നിയമിക്കുക.

11) ജലസംരക്ഷണ പ്രവർത്തനങ്ങൾ ജനപങ്കാളിത്തത്തോടെ നടപ്പിലാക്കുക. (വലയിടൽ, ക്ലോറിനേഷൻ)

12) അംഗനവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

13) ആദിവാസി കോളനികളിൽ പ്രത്യേക. ആരോഗ്യപരിപാടികൾ നടപ്പിലാക്കുയും ശുചിത്വപരിപാലന ബോധവത്ക്കരണം നടത്തുകയും ചെയ്യുക.

14) ജൈവകീടനാശിനികളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുകയും രാസ കീടനാശിനികളെ നിരുത്സാഹപ്പെടുത്തുകയും ചെയ്യുക.

15. ആരോഗ്യരംഗത്ത് സന്നദ്ധസംഘടനകളുടെ സേവനം ഉപയോഗപ്പെടുത്തുക.

16. പാർപ്പിടസൗകര്യങ്ങൾ മെച്ചപ്പെടുത്തുക.

17. ആശുപത്രികളുടെ പരിസരത്തും തരിശുഭൂമിയിലും വീടുകളുടെ പരിസരത്തും ഔഷധസസ്യങ്ങൾ വ്യാപകമായി വെച്ചുപിടിപ്പിക്കുക. ഉപയോഗത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുക

18. പാരമ്പര്യ വൈദ്യചികിൽസക്ക് പ്രോത്സാഹനം നൽകുക ഇവ കൈമാറാനുള്ള സംവിധാനം ഏർപ്പെടുത്തുക.

19. പ്രധാനകേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കുക.

20. യോഗ-പ്രകൃതിചികിത്സാ രംഗത്തിന് പ്രാമുഖ്യം നൽകുക.

21. ഗണ്യമായ ഒരുവിഭാഗം ജനങ്ങൾ പുകയിലകൂട്ടിയുള്ള മുറുക്കിനും പുകവലിക്കും അടിമകളാണ്. ഇവരെ ബോധവല്ക്കരണത്തിലൂടെ അതിൽനിന്ന് പിന്തിരിപ്പിക്കണം.

ആരോഗ്യമുള്ള ജനതക്കേ ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കാൻ കഴിയൂ. ആരോഗ്യക്ഷേമ പ്രവർത്തനങ്ങൾ ജനങ്ങളുടെ സഹകരണത്തോടെ തുടങ്ങാം.



# 5–5 വ്യവസായം, പ്ലാന്റേഷൻ, ടൂറിസം

## വ്യവസായം

നമ്മുടെ പഞ്ചായത്ത് വ്യാവസായികമായി വളരെ പിന്നോക്കം നിൽക്കുന്നു. ഭൂവിസ്തൃതിയുടെ 50% വനവും വളക്കൂറില്ലാത്ത മണ്ണും, ജനസാന്ദ്രത കുറഞ്ഞ ഗ്രാമപ്രദേശങ്ങളുമുള്ള തൊണ്ടർനാട് പഞ്ചായത്തിൽ എടുത്ത് പറയത്തക്ക വ്യവസായങ്ങൾ ഒന്നുമില്ല.

1911 കാലത്ത് പ്രവർത്തനമാരംഭിച്ച തേറ്റമല തേയില പ്ലാന്റേഷനോടനുബന്ധിച്ച് ഒരു തേയില സംസ്ക്കരണ യൂനിറ്റ് നിലനിന്നിരുന്നു. ബ്രിട്ടീഷുകാരുടെ ഉടമസ്ഥതയിലായിരുന്നു പ്രസ്തുത ഫാക്ടറി. തേയിലത്തോട്ടത്തിന്റെ ഉല്പാദനക്ഷമത കാലക്രമത്തിൽ കുറയുകയും അതിന്റെ ഫലമായി സംസ്ക്കരണ ഫാക്ടറിയുടെ പ്രവർത്തനം നിർത്തിവെക്കേണ്ടതായി വരികയും ചെയ്തു.

പൊതുമേഖലയിൽ പ്രവർത്തിക്കുന്ന യാതൊരു വ്യവസായങ്ങളും തൊണ്ടർനാട് പഞ്ചായത്തിൽ ഇല്ല. സ്വകാര്യമേഖലയിലും സഹകരണമേലയിലുമായി ഏതാനും ചില ചെറുകിട വ്യവസായ സ്ഥാപനങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ട്. നിലനിന്നുവരുന്ന ഏതാനും ചില പരമ്പരാഗത യൂനിറ്റുകളാവട്ടെ നിലനില്പിനുവേണ്ടി വലിയ പോരാട്ടം നടത്തുകയുമാണ്.

പല പരമ്പരാഗത യൂനിറ്റുകളും പിടിച്ചു നിൽക്കാനാവാതെ നശിച്ചുകഴിഞ്ഞിട്ടുമുണ്ട്. പ്ലന്റേഷൻ മേഖല ഒഴിച്ചാൽ വ്യവസായ മേഖലയിൽ 95 പുരുഷത്തൊഴിലാളികളും (68.35%) 49 സ്ത്രീതൊഴിലാളികളും (31.65%) പ്രവർത്തിയെടുക്കുന്നു. പഞ്ചായത്തിൽ വിവിധമേഖലകളിലെ ആകെയുള്ള 3745 തൊഴിലാളികളിൽ 3.71% മാത്രമാണ് വ്യവസായ മേഖലയിൽ തൊഴിലെടുക്കുന്നത്.

## 1. സ്ത്രീ പ്രാതിനിധ്യം വ്യവസായത്തിൽ

വ്യവസായ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജനവിഭാഗത്തിൽ സ്ത്രീകളുടെ സംഖ്യ തുലോം തുച്ഛമാണ്. വനിതായൂനിറ്റുകളായി പഞ്ചായത്തിൽ പ്രവർത്തിക്കുന്നത് രണ്ട് വനിതാ ഗാർമെൻറ്സ് മാത്രമാണ്. രണ്ട് യൂനിറ്റുകളിലുമായി 15 സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. രണ്ട് യൂനിറ്റുകളും നന്നായി പ്രവർത്തിക്കുന്നുണ്ട്. സഹകരണമേഖലയിലുള്ള ഇവയ്ക്ക് പ്രോത്സാഹനാർഥം സർക്കാർ ഗ്രാൻറ് നൽകി വരുന്നു. മൂലധനത്തിൻെറ അപര്യാപ്തമൂലം യൂനിറ്റുകളുടെ വിപുലീകരണം സാധ്യമാകുന്നില്ല. യൂനിറ്റുകൾ മെച്ചപ്പെടുത്തുകയാണെങ്കിൽ പുതിയ തൊഴിൽ സാധ്യതകൾ ഈ രംഗത്ത് സൃഷ്ടിക്കുവാൻ കഴിയും. 49 സ്ത്രീകൾ മാത്രമാണ്. വ്യവസായരംഗത്ത് തൊഴിലെടുക്കുന്നത്. ഈ രംഗത്ത് തൊഴിലെടുക്കുന്നവരിൽ 34% ആണ് സ്ത്രീകൾ.

ഡയഗ്രം-1




വ്യവസായമേഖലയിലുള്ള സ്ത്രീപുരുഷ പ്രാതിനിധ്യം

കരിമ്പിൽ പ്രദേശത്ത് സഹകരണാടിസ്ഥാനത്തിൽ ബേക്കറി യൂനിറ്റ് (വനിത) റജിസ്റ്റർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും പ്രവർത്തനം ആരംഭിച്ചിട്ടില്ല.

വനിതാ സംരംഭകർ മുൻകൈ എടുത്ത് കുടിൽവ്യ വസായ യൂനിറ്റുകൾ. രൂപപ്പെടുത്തുകയും പഞ്ചായത്ത് തലത്തിൽ ഏകോപിപ്പിക്കുകയും ചെയ്താൽ വിക സന സാദ്ധ്യത വളരെ വലുതാണ്.

## 2. വ്യവസായം സഹകരണ മേഖലയിൽ

സഹകരണ മേഖലയിലൂടെയാണ് ചെറുകിട വ്യവസായ സംരംഭങ്ങൾക്ക് ഏറ്റവുമധികം അവസരങ്ങൾ കണ്ടെത്തുവാൻ കഴിയുന്നത്. മൂലധനം സമാഹരിക്കുന്നതിനും സാങ്കേതികമായി അറിവുള്ളവരെ പങ്കാളികളാക്കുന്നതിനും ഇതിലൂടെ കഴിയും.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന രണ്ട് വനിതാ ഗാർമെൻറ്സും എസ്.സി./എസ്.ടി. മേഖലയിലെ ഹോളോബ്രിക്സും സഹകരണാടിസ്ഥാനത്തിലാണ്. കരിമ്പിൽ ഒരു വനിതാ ബേക്കറി യൂനിറ്റും പോണ്ടറ പ്രദേശത്ത് ആദിവാസികളുടെ ഒരു ഹോളോബ്രിക്സ് യൂനിറ്റും സഹകരണാടിസ്ഥാനത്തിൽ ആരംഭിക്കാനിരിക്കുകയാണ്.

## 3. സ്വകാര്യമേഖല

സ്വകാര്യമേഖലയിൽ ഉള്ള ചെറുകിട വ്യവസായങ്ങളിൽ 11 യൂനിറ്റുകളാണ് ഉള്ളത്. ഇവയ്ക്ക് പുറമെ പരമ്പരാഗതമായ മൺപാത്ര നിർമ്മാണവും 4 യൂനിറ്റുകളിൽ നടന്നുവരുന്നു. ഈ മേഖലയിൽ 93 പുരുഷതൊഴിലാളികളും 34 സ്ത്രീതൊഴിലാളികളും പ്രവർത്തിയെടുക്കുന്നു. 11 വ്യവസായ യുനിറ്റുകളിൽ 4 എണ്ണം പഞ്ചായത്തിന് പുറത്തുള്ളവരുടെ ഉടമസ്ഥതയിലാണ്.

## 4. ചെറുകിട-സ്വകാര്യ വ്യവസായ യൂനിറ്റുകൾ

### എ. തടിവ്യവസായം

അഞ്ച് സ്വകാര്യ ചെറുകിടഫർണിച്ചർ നിർമ്മാണയൂനിറ്റുകൾ പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിലായി പ്രവർത്തിക്കുന്നു. വിജയകരമായി പ്രവർത്തിക്കുന്ന ഈ മേഖലയിലെ തൊഴിലാളികളാണ് വ്യവസായ മേഖലയിൽ ഏറ്റവും കൂടുതൽ കൂലി ലഭിക്കുന്നവർ. ശരാശരി 137.5 രൂപ പലതരത്തിലുള്ള തടസ്സങ്ങളെ നേരിട്ടുകൊണ്ടാണ് ഇവ പ്രവർത്തിക്കുന്നത്. ഈട്ടി, തേക്ക് തുടങ്ങിയ മേൽത്തരം മരങ്ങൾ ഉപയോഗിക്കുന്നതിന് നിയമം അനുവദിക്കുന്നില്ല. മറ്റുള്ളവയ്ക്ക് എളുപ്പത്തിൽ ലൈസൻസ് നേടാൻ കഴിയുന്നുമില്ല. ഫോറസ്റ്റ് ഡിപ്പാർട്ട്മെൻറിൽനിന്നുള്ള അനാവശ്യ ഇടപെടൽ പൊറുതിമുട്ടിക്കുന്നതാണെന്ന് എല്ലാ യൂനിറ്റുകളും എടുത്തുപറയുന്നു. 12 തൊഴിലാളികൾ ഈ രംഗത്ത് ജോലിചെയ്യുന്നു. വൈദഗ്ധ്യം നേടിയവർക്ക് നല്ല തൊഴിൽ അവസരങ്ങൾ ഈ തുറയിൽ ലഭിക്കുന്നു.

### ബി. ഭക്ഷ്യവ്യവസായം

ഈ തുറയിൽ രണ്ട് യൂനിറ്റുകൾ നിലവിലുണ്ട്. ചിപ്സ് നിർമ്മാണയൂനിറ്റ് ലാഭകരമായി പ്രവർത്തിക്കുന്നു. അസംസ്കൃത വസ്തുക്കളുടെ ലഭ്യത കൂടുതൽ ഉള്ളതിനാൽ വ്യവസായത്തിന് വൻ വികസനസാദ്ധ്യതയുണ്ട്. മറ്റൊരു യൂനിറ്റായ ബ്രഡ് നിർമ്മാണ യൂനിറ്റ് അസംസ്കൃത വസ്തുക്കളുടെ വിലക്കയറ്റം മൂലവും വിപണിയിലെ കടുത്ത മത്സരം മൂലവും പ്രതിസന്ധിയെ നേരിടുന്നു.

### സി ഇഷ്ടിക നിർമ്മാണം

ഈ രംഗത്ത് 35 പുരുഷന്മാരും 20 സ്ത്രീകളും തൊഴിൽ ചെയ്യുന്നു. മൂന്ന് യൂനിറ്റുകൾ ഉണ്ട്. മൂന്നിൻേറയും ഉടമസ്ഥാവകാശം പഞ്ചായത്തിന് പുറത്തുള്ളവർക്കാണ്. കെട്ടിടനിർമ്മാണം അധികരിച്ചുവരുന്ന ഇക്കാലത്ത് ഇഷ്ടിക നിർമ്മാണ വ്യവസായത്തിന് ഭാവിയുണ്ട്.

### ഡി. ഹോളോബ്രിക്സ്

ഒരു യൂനിറ്റ് നല്ലനിലയിൽ പ്രവർത്തിക്കുന്നു. അസംസ്കൃത വസ്തുക്കൾ ലഭിക്കുന്നുണ്ട്. കൂടുതൽ തൊഴിൽ സാദ്ധ്യത ഈ രംഗത്തുണ്ട്.

### ഇ സ്റ്റോൺ ക്രഷർ

ഒരു യൂനിറ്റ് പ്രവർത്തിക്കുന്നു. 15 പേർ തൊഴിൽരംഗത്ത് പ്രവർത്തിക്കുന്നു. തൊഴിൽ സാദ്ധ്യത വളരെ കൂടുതലാണ്. അസംസ്കൃത വസ്തു ലഭ്യമാണ്.

### എഫ്. കളിമൺവ്യവസായം

നിലവിൽ 5 യൂനിറ്റുകൾ ഉണ്ട്. പരമ്പരാഗതമായി 18 പേർ തൊഴിൽ ചെയ്യുന്നു. അസംസ്കൃതവസ്തുക്കൾ ദുർലഭമാവുകയാണ്. ഉല്പന്നങ്ങൾ വിൽപ്പനക്ക് പ്രയാസം നേരിടുന്നു. പിടിച്ചുനിൽക്കാൻ കഴിയാത്തതിനാൽ തൊഴിലാളികൾ മറ്റു തൊഴിൽ മേഖലകൾ തേടിപ്പോകുന്നു.

### ജി മറ്റുള്ളവ

കുട്ട, വട്ടി, തഴപ്പായ, പപ്പടനിർമ്മാണം എന്നീ യൂനിറ്റുകൾ ഉണ്ടായിരുന്നു. പപ്പട നിർമ്മാണ യൂനിറ്റ് അസംസ്കൃത വസ്തുക്കളുടെ വർദ്ധിച്ച വില, ഉല്പന്നത്തിൻെറ വിലക്കുറവ് എന്നീ പ്രശ്നങ്ങൾ മൂലം പിടിച്ചുനിൽക്കാൻ കഴിയാതെ അടച്ചുപൂട്ടി.

കുട്ട, വട്ടി നിർമ്മാണം, തഴപ്പായ നിർമ്മാണം എന്നിവ വിദഗ്ധമായി ചെയ്യാൻ കഴിയുന്നവർ പഞ്ചായത്തിൻെറ വിവിധഭാഗങ്ങളിലായുണ്ട്. അവരുടെ ഉല്പന്നങ്ങൾ പൊതുമാർക്കറ്റിൽ എത്തുകയോ ഉല്പാദനം ഏകീകൃതരൂപം കൈവരിക്കുകയോ ചെയ്യുന്നില്ല. ഏകീകൃത സ്വഭാവം കൈവന്നാൽ നല്ല സാദ്ധ്യതയുള്ള ഒരു മേഖലയാണ് ഇത്.

## 5 തൊഴിൽദിനം-കൂലിനിരക്ക്-തൊഴിലാളികളുടെ സംഖ്യ

വ്യവസായ മേഖലയിലെ ശരാശരി തൊഴിൽദിനം പുരുഷൻമാർക്ക് വർഷത്തിൽ 169 ദിനവും സ്ത്രീകൾക്ക് യഥാക്രമം 146 ദിനവുമാണ്. ഈ മേഖലയിൽ 95 പുരുഷന്മാരും 4 സ്ത്രീകളും തൊഴിൽ ചെയ്യുന്നു. ശരാശരി

കൂലിനിരക്ക് പുരുഷന്മാർ 67.50 രൂപ, സ്ത്രീകൾ 50 രൂപ എന്നിങ്ങനെയാണ്. ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവർ മറ്റു മേഖലകളെ അപേക്ഷിച്ച് വളരെക്കുറവാണ് എന്ന് ഇതിൽനിന്ന് കണ്ടെത്താം. ആകെ തൊഴിലാളികളിൽ 3.71% മാത്രമേ ഈ തുറയിൽ ജോലി ചെയ്യുന്ന വരായി ഉള്ളൂ.

ആകെ തൊഴിൽ മേഖലയിൽ വ്യവസായ യൂനിറ്റുകളിൽ തൊഴിൽ ചെയ്യുന്നവർ 8.71% മാത്രമാണ്.

ശരാശരി കൂലിനിരക്ക്-ഇതര തൊഴിലുകളുമായി ഒരു തരാതമ്യം

വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ 92.8% സ്വകാര്യമേഖലയിലും 7.2% സഹകരണാടിസ്ഥാനത്തിലുള്ള യൂനിറ്റുകളിലും തൊഴിലെടുക്കുന്നതായി കാണാം.

വ്യവസായ മേഖലയിൽ തൊഴിൽ ചെയ്യുന്നവരിൽ 7.2% സഹകരണ വ്യവസായ മേഖലയിലാണ്.

പട്ടിക-1

| തൊഴിലാളികളുടെ എണ്ണം | | | കൂലി | | തൊഴിൽദിനം | |
|---|---|---|---|---|---|---|
| ഇനം | പു | സ്ത്രീ | പു | സ്ത്രീ | പു | സ്ത്രീ |
| സഹകരണം | – | 15 | – | 30 | – | 200 |
| പാരമ്പര്യതൊഴിൽ | 9 | 9 | 50 | 30 | 120 | 110 |
| സ്വകാര്യമേഖല | | | | | | |
| തടി | 12 | – | 137.5 | – | 225 | – |
| ക്രഷർ | 15 | 5 | 60 | 40 | 200 | 200 |
| ഇഷ്ടിക | 35 | 20 | 60 | 40 | 100 | 100 |
| ഭക്ഷ്യം | 22 | – | 62.50 | – | 212 | – |
| ഹോളോബ്രിക്സ് | 5 | 2 | 80 | 50 | 180 | 180 |

വ്യവസായ മേഖലയിലെ തൊഴിലാളികളുടെ എണ്ണം കൂലിനിരക്ക് വാർഷിക തൊഴിൽ ദിന ശരാശരി എന്നിവ.

## റൈസ്മിൽ, ഓയിൽമിൽ

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി 20 ഓളം റൈസ്മില്ലുകളാണുള്ളത്. കൂടാതെ തേറ്റമലയിൽ ഒരു ഓയിൽമില്ലും പ്രവർത്തിക്കുന്നുണ്ട്. ആകെ 20 ഓളം പേർക്ക് ഈ മേഖലയിൽ തൊഴിൽ ഉണ്ട്.

## ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ രണ്ട് ധനകാര്യസ്ഥാപനങ്ങളാണ് പ്രവർത്തിക്കുന്നത്. കനറാബേങ്കിന്റെ ഒരു ശാഖയും ഒരു സഹകരണ ബേങ്കും.

1995-ൽ 4.5 ലക്ഷം രൂപ മാത്രമാണ് വ്യവസായ വായ്പയായി നൽകിയത്. പഞ്ചായത്തിലെ കാർഷികലോൺ 3,35,92,620 രൂപയാണ്. ആകെ വായ്പയുടെ 1.33% മാത്രമെ വ്യവസായ ലോൺ ഉള്ളൂ. ചെറുകിട വ്യവസായ യൂനിറ്റുകൾക്ക് ധനസഹായം നൽകുന്നതിന് ബേങ്കുകൾ താല്പര്യമെടുക്കുന്നില്ല. ബേങ്കുകൾസാങ്കേതിക പ്രശ്നങ്ങൾ ഉന്നയിക്കുന്നതിന് ഒരു പ്രധാന കാരണം. ധനസഹായം ദുരുപ

യോഗം ചെയ്യപ്പെടുന്നു എന്നതാണ്. സ്വയം തൊഴിൽ സംരംഭങ്ങൾ 70% വും പരാജയമാണ് എന്ന് ബേങ്കുകൾ വിലയിരുത്തുന്നു. ഇവകൂടാതെ പി ആർ പി പി പി എം ആർ വൈ തുടങ്ങിയ മേഖലകളിലും ബേങ്കുകൾ വായ്പ നൽകിയിട്ടുണ്ട്.

ഡയഗ്രം- 2. ബാങ്ക് ലോൺ




വ്യവസായവായ്പ-മറ്റ് വായ്പകൾ-ഒരു താരതമ്യം

### ഐ ആർ ഡി പി-ട്രൈസം

നിർദ്ധനരായ തൊഴിലില്ലാത്തവർക്ക് ഐ ആർ ഡി പി സ്കീമുകൾ പ്രകാരം ഗ്രാമീണ കൈത്തൊഴിലാളികളുടെ എണ്ണം 17 ആണ്. ഇതിൽ 11 പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ട്.

ട്രൈസം പദ്ധതിപ്രകാരം തയ്യൽ ഇനത്തിൽ മൂന്ന് പേർക്കും, ഡ്രൈവിംഗ് ഇനത്തിൽ 5 പേർക്കും പെട്ടിക്കട ഇനത്തിൽ ഒരാൾക്കും പരിശീലനം ലഭിച്ചു. ഇതിൽ 5 പേർ സ്വയംതൊഴിൽ കണ്ടെത്തിയിട്ടുണ്ട്.

## വ്യവസായവികസനം-പ്രശ്നങ്ങളും, തടസ്സങ്ങളും

1. വൈദ്യുതിയുടെ അഭാവം:-

വൈദ്യുതിയുടെ അഭാവംമൂലം ആധുനിക മെഷിനറികൾ ഉപയോഗിക്കാൻ കഴിയാതെ വരുന്നു. ഇതുമൂലം ആധുനിക യന്ത്രസംവിധാനത്തിൽ നിർമ്മിച്ചെടുത്ത ഉല്പന്നങ്ങളുമായി മത്സരിക്കാൻ കഴിയാതെ വരുന്നു.

**2. ഗതാഗതപ്രശ്നം:-**

ഏത് സമയത്തും വാഹന ഗതാഗതം പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലൂടെയും സാദ്ധ്യമല്ല. ഇത് വ്യവസായ വികസനത്തെ തടസ്സപ്പെടുത്തുന്നു.

3. മൂലധനത്തിൻെറ അഭാവം: ബേങ്കുകളുടെ വിമുഖത

4. തദ്ദേശവാസികളുടെ സാമ്പത്തിക പിന്നോക്കാവസ്ഥ.

5. അസംസ്കൃത വസ്തുക്കളുടെ വർദ്ധിച്ച വില.

6. സാങ്കേതികമായ അറിവിൻെറയും വിദഗ്ധ തൊഴിലാളികളുടേയും അഭാവം.

7. പരമ്പരാഗത ഉല്പന്നങ്ങൾക്ക് യന്ത്രസാമഗ്രികളോട് കിടപിടിക്കാനുള്ള ശേഷിക്കുറവ്.

8. കമ്പോളത്തിലെ ശക്തമായ മത്സരം.

9. അസംസ്കൃത വസ്തുക്കളുടെ ക്ഷാമം

10. തടിവ്യവസായങ്ങൾക്ക് മേൽത്തരം മരങ്ങൾ ഉപയോഗിക്കുവാൻ കഴിയുന്നില്ല. ലൈസൻസ് എളുപ്പം ലഭിക്കുന്നില്ല.

11. സാങ്കേതിക പരിശീലനത്തിനുള്ള സാദ്ധ്യതക്കുറവ്.

12. പരമ്പരാഗത ചെറുകിട ഉൽപന്നങ്ങൾക്ക് ഏകീകൃത വിപണന സൗകര്യമില്ലായ്മ.

13. ശക്തമായ പ്രേരണയുടെ അഭാവം.

14. പുതിയ സംരംഭങ്ങൾ തുടങ്ങാനുള്ള താൽപ്പര്യക്കുറവ്.

15. പരിസ്ഥിതി പ്രശ്നങ്ങളും, അതുമൂലം ഉണ്ടാകുന്ന ജനങ്ങളുടെ എതിർപ്പും.

16. സംരംഭകരാകാൻ തയ്യാറുള്ളവരെ ബോധവൽക്കരിച്ച് രംഗത്തിറക്കാനുള്ള സംവിധാനമില്ലായ്മ.

## പരിഹാര നിർദ്ദേശങ്ങൾ സാദ്ധ്യതകൾ

1. പഞ്ചായത്ത് വ്യവസായ വികസന സമിതി: (Panchayat Industrial Promotion Council) പഞ്ചായത്ത് ഭരണസാരഥികൾ, ധനകാര്യസ്ഥാപന മേധാവികൾ, ഗ്രാമസേവകർ, മറ്റുവിദഗ്ധർ തുടങ്ങിയവർ ഉൾപ്പെട്ടത്.

2. വൈദ്യുതീകരണം: വൈദ്യുതി ഉണ്ടെങ്കിലേ ഏത് വ്യവസായത്തിനും നിലനിൽക്കാൻ കഴിയൂ. ആധുനിക യന്ത്രസാമഗ്രികൾ ഉപയോഗപ്പെടുത്തുന്നതിലൂടെ പുതിയ ഉല്പന്നങ്ങൾ മാർക്കറ്റിൽ മത്സരിക്കുവാൻ കെൽപ്പുള്ളവ

യാകണമെങ്കിൽ വൈദ്യുതി അത്യാവശ്യമാണ്. മീൻമുട്ടിപോലുള്ള പദ്ധതികൾ വികസിപ്പിച്ചാൽ അതിന് പരിഹാരമാവുന്നതാണ്.

3. ഗതാഗതസൗകര്യം വർദ്ധിപ്പിക്കുക: ഗതാഗത സൗകര്യം വർദ്ധിപ്പിച്ചാലേ വ്യവസായങ്ങൾക്ക് വികസനസാദ്ധ്യതകൾ കണ്ടെത്താൻ കഴിയു.

4. പഞ്ചായത്ത് കേന്ദ്രത്തിൽ ഒരു മാർക്കറ്റിംഗ് സൊസൈറ്റി സ്ഥാപിക്കുകയാണെങ്കിൽ പരമ്പരാഗത ഉല്പന്നങ്ങൾക്ക് വില്പന പ്രശ്നം പരിഹരിക്കുവാൻ കഴിയും.

5. കുടിൽ വ്യവസായങ്ങളെ ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് തലസഹകരണ സൊസൈറ്റി രൂപീകരിക്കുക. ഇതിന്റെ നേതൃത്വത്തിൽ കൈതൊഴിൽ പരിശീലനങ്ങൾ നൽകുവാനും , സാമ്പത്തിക സഹായങ്ങൾ സംഘടിപ്പിക്കുവാനും , അസംസ്കൃത വസ്തുക്കൾ എത്തിക്കുവാനും ഉല്പന്നങ്ങൾക്ക് വികസന സാധ്യത കണ്ടെത്തുവാനും കഴിയും.

6. വ്യാപകമായതോതിൽ ഇഞ്ചികൃഷിചെയ്യുന്ന പ്രദേശമായതിനാൽ പഞ്ചായത്തിൽ ഇഞ്ചി സംസ്കരണശാലക്കു സാധ്യത വളരെക്കൂടുതലാണ്.

7. ധാരാളം അടക്കാകൃഷി ഉള്ളതിനാൽ , കളിയടക്കാ സംസ്കരണയൂണിറ്റിന് സാധ്യതയുണ്ട്.

8. ചെറുകിട വ്യവസായമേഖലയിൽ ചിപ്സ് നിർമ്മാണശാലകൾക്ക് സാധ്യതയുണ്ട്.

9. ദിവസേന പഞ്ചായത്തിൽ നിന്നും 1100ഓളം ലിറ്റർ പാൽ പുറത്തേക്കൊഴുകുന്നു. പാൽ നല്ല ഒരു അസംസ്കൃത വസ്തുവാണ്. പാലുപയോഗിച്ച് വിവിധ ഇനം ഭക്ഷ്യഉല്പന്നങ്ങൾ നിർമ്മിക്കുവാൻ കഴിയും ഇത് ഒരു നല്ല വ്യവസായ സംരഭമാക്കാം.

10. പുകയില്ലാത്ത അടുപ്പിന്റെ കളിമൺ വാർപ്പുകൾ (Moulded)നിർമ്മിക്കുന്നതിനുള്ള അവസരം പരമ്പരാഗത മൺപാത്ര നിർമ്മാണത്തിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് നൽകിയാൽ അവർക്ക് ഈ മേഖലയിൽ പിടിച്ചു നിൽക്കാൻ കഴിയും.

11. നിരവധി തലത്തിലുള്ള ബേക്കറി വസ്തുക്കൾ നമ്മുടെ പഞ്ചായത്തിലെ മാർക്കറ്റുകളിൽ ദിവസേന വില്പനക്കായി എത്തുന്നു. സ്ത്രീകൾ മുൻകൈ എടുത്താൽ കുടിൽ വ്യവസായങ്ങൾ എന്ന നിലയിൽ കുറഞ്ഞ ചിലവിൽ ഇവ നിർമ്മിച്ചെടുക്കാൻ കഴിയും.

12. പ്രിയദർശിനി തേയിലതോട്ടത്തോടനുബന്ധിച്ച് ഒരു തേയില ഫാക്ടറി നിർമിച്ചാൽ നിരവധിപേർക്ക് തൊഴിൽ ലഭ്യമാകും. കൂടാതെ പഞ്ചായത്തിലെ വിവിധ തേയിലതോട്ടങ്ങളിൽ ഉല്പാദിപ്പിക്കുന്ന തേയില സംസ്കരിക്കാൻ സൗകര്യം ലഭിക്കുകയും ചെയ്യും.

13. ഒരു കക്ക സംസ്കരണയൂണിറ്റിന് പഞ്ചായത്തിൽ സാധ്യതയുണ്ട്. കർഷകരുടെ ആവശ്യം കുറഞ്ഞ ചിലവിൽ പരിഹരിക്കപ്പെടും. തൊഴിൽ സാദ്ധ്യതയും ഉണ്ട്.

നിരവിൽപുഴയിൽ ഒരു കക്ക നിർമ്മാണ യൂണിറ്റ് ഉണ്ടെങ്കിലും പ്രവർത്തനം നാമമാത്രമാണ്.

14. അച്ചാർ നിർമ്മാണം മസാല നിർമ്മാണം, കാപ്പിപൊടി നിർമ്മാണം എന്നിവ പഞ്ചായത്ത് തല സഹകരണസമിതയുടെ (മുൻനിർദ്ദേശിക്കപ്പെട്ടത്) മുൻ കയ്യോടെ കുടിൽ വ്യവസായം എന്ന നിലയിൽ വികസിപ്പിക്കുവാൻ കഴിയും. ടൈലറിങ്ങ് യൂണിറ്റുകൾ , കാലിത്തീറ്റ നിർമ്മാണം, കരകൗശല നിർമ്മാണം, കസേര നെയ്ത്ത് എന്നിവയും ഈ സംഘത്തിന്റെ മേൽനോട്ടത്തിൽ നടത്താവുന്നതാണ്.

15. വേനൽക്കാലത്ത് പഴം പച്ചക്കറി ഉല്പാദന സാധ്യതയുള്ള മേഖലയായതിനാൽ പഴം പച്ചക്കറി സംസ്കരണ യൂണിറ്റിന് സാധ്യതയുണ്ട്. (മാർഗനിർദ്ദേശങ്ങൾ മറ്റ് അവശ്യ സൗകര്യങ്ങളും കാർഷിക സർവകലാശാല മുഖാന്തിരം ലഭ്യമാണ്.

16. തഴപ്പായ കുട്ട, വട്ടി നിർമ്മാണത്തിനാവശ്യമായ തഴ ഈറ്റ ചൂരൽ മുള മുതലായവ പഞ്ചായത്തിലെ വിസ്തൃതമായ പുഴക്കരകളിലും , തോടുകരകളിലും പഞ്ചായത്ത് സഹകരണ സംഘം മുൻകൈ എടുത്ത് കൃഷിചെയ്യുവാൻ കഴിയും.

17. ക്രഷർ, ഹോളോ ബ്രിക്സ് എന്നിവയ്ക്കു അനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കായി ക്വാറിലൈസൻസ് നൽകുകയും, നിയമങ്ങൾ ഉദാരമാക്കുകയും വേണം.

18. സാങ്കേതികമായി അറിവുള്ളവരെ

കണ്ടുപിടിച്ച് വ്യവസായത്തിൽ ഇറക്കാൻ വേണ്ട പ്രോത്സാഹന നടപടികൾ അടിയന്തിരമാണ്.

19. കമ്പോളത്തിലെ മത്സരം നേരിടുന്നതിന് സംരഭങ്ങൾക്ക് ഏറിയ സംരക്ഷണം നൽകണം. ഒരേ ഇനത്തിൽപ്പെട്ട നിരവധി ഇനങ്ങൾക്ക് ലൈസൻസ് നൽകുന്നതിന് പകരം പല ഇനത്തിൽപെട്ട ഏതാനും സംരഭങ്ങൾക്ക് അനുവാദം നൽകുക.

20. തടിവ്യവസായത്തിന് മേൽത്തരം മരങ്ങൾ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചെറുകിട യൂണിറ്റുകൾക്ക് മാത്രം നൽകുക. വനത്തിൽ ഉണങ്ങി നശിക്കുന്ന മരങ്ങൾ പഞ്ചായത്തിലെ സംരഭകർക്ക് ലഭിക്കുവാൻ ഉള്ളപദ്ധതി തയ്യാറാക്കുക.

21. വ്യവസായ പരിശീലനം എന്ന ലക്ഷ്യം വച്ച് പഞ്ചായത്ത് അടിസ്ഥാനത്തിൽ ക്ലാസുകളും സെമിനാറുകളും സംഘടിപ്പിക്കുക.

22. പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാക്കുന്ന വ്യവസായങ്ങൾ ജനവാസം കുറവുള്ള പ്രദേശങ്ങളിൽ മാത്രം സ്ഥാപിക്കുക.

23.സാങ്കേതികമായി അറിവുള്ളവരെ ഏകോപിപ്പിച്ച് സംയുക്ത സംരഭങ്ങൾക്ക് പ്രോത്സാഹനം നൽകുക. മേൽപ്പറഞ്ഞ യൂണിറ്റുകൾക്ക് പുറമെ സോപ്പുഫാക്ടറി മത്സ്യമാർക്കറ്റ് സംസ്കരണശാല, പപ്പട നിർമ്മാണം, ഹോളോബ്രിക്കിസ്, തേനീച്ചവളർത്തൽ, ഓട്ടോമൊബൈൽ വർക്ക്ഷോപ്പ് (പരിശീലനം സിദ്ധിച്ചവരുണ്ട്) കുട നിർമ്മാണം, മെഴുകുതിരിനിർമ്മാണം ചന്ദനത്തിരി എന്നീ യൂണിറ്റുകൾക്ക് രൂപീകരിക്കപ്പെടാവുന്നതാണ്.

24. തേനീച്ച വളർത്തൽ വ്യവസായത്തിന് സാധ്യതയുണ്ട് ഈ മേഖലയിൽ പരിശീലനം സിദ്ധിച്ചവർ പഞ്ചായത്തിൽ 30 പേരുണ്ട്.

25. മൺപാത്രനിർമ്മാണത്തിൽ വ്യത്യസ്തതയും കരകൗശല വസ്തുക്കൾ നിർമ്മിക്കാനുള്ള പരിശീലനം ലഭിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കുയും വേണം.

26 ഒരു അവിൽ നിർമ്മാണ യൂണിറ്റിന് പഞ്ചായത്തിൽ സാധ്യതയുണ്ട്.

അവസരോചിതമായ സാങ്കേതിക ഇടഴപടലുകളും സാമ്പത്തിക സഹായങ്ങളും പ്രേരണയും പ്രോത്സാഹനവും ലഭിക്കുകയാണെങ്കിൽ വ്യവസായ സംരഭങ്ങൾക്ക് നല്ല സാധ്യതകൾ തൊണ്ടർനാട് പഞ്ചായത്തിൽ കണ്ടെത്തുവാൻ കഴിയും.

## തോട്ടം മേഖല

**ചരിത്രപശ്ചാത്തലം**

**1871-81 കാലഘട്ടത്തിൽ മലബാർ കലക്ടറായിരുന്ന വില്യം ലോഗൻ മലബാർ മാന്വൽ എന്ന തന്റെ ചരിത്ര പഠന ഗ്രന്ഥത്തിൽ വയനാട് പ്രദേശത്തെ കാപ്പിത്തോട്ടങ്ങളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. 5മുതൽ 15 അടിഉയരത്തിൽ വരെ തഴച്ചുവളരുന്ന കാപ്പി തോട്ടങ്ങളെക്കുറിച്ച് അദ്ദേഹം വിവരിക്കുന്നു. കോറോം പ്രദേശത്തുനിന്നും 'ബനസൂർ' (ബാണാസുരൻ) മലയിലേക്ക് പോകുന്നവഴിയിൽ ഇത്തരം തോട്ടകങ്ങൾ ഉണ്ടായിരുന്നതായി സൂചന.**

**ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളിൽ നിലവിലുണ്ടായിരുന്ന കങ്കാണി സമ്പ്രദായം വയനാട്ടിലെ ആദ്യത്തെതോട്ടമായ തേറ്റമല-തേയില പ്ലാന്റേഷനിൽ നിലവിലുണ്ടായിരുന്നു. ഇടത്തട്ടുകാരനായ വ്യക്തി പ്രതിഫലം പറ്റുകയും തന്റെ കീഴിലുള്ള തൊഴിലാളികളെ ജോലിക്ക് വിട്ടുകൊടുക്കുകയും ചെയ്തു. 1911-ൽ ആണ് തേറ്റിമലയിൽ തേയില പ്ലാന്റേഷൻ പ്രവർത്തനം ആരംഭിച്ചത്.**

**മേൽവിവരിച്ച പ്രകാരം ഒരു നൂറ്റാണ്ടിനു മുമ്പുതന്നെ വയനാട്ടിലെ തോട്ടം മേഖലയിലക്കുള്ള സാദ്ധ്യത കണ്ടെത്തപ്പെടുകയും ചൂഷണം ചെയ്യപ്പെടുകയും ഉണ്ടായി. എന്ന് മനസ്സിലാക്കാൻ പ്രയാസമില്ല.**

## തോട്ടം മേഖല 1995-ൽ

വൻകിട തോട്ടം മേഖലയിൽ സ്വകാര്യ ഉടമസ്ഥതയിൽ ഒരു തോട്ടവും അർദ്ധസർക്കാർ മേഖലയിൽ ഉള്ള ഒരു തോട്ടവുമാണ് നിവിലുള്ളത്. പത്ത് ചെറുകിടതോട്ടങ്ങളും ഉണ്ട്. നിലവിലുള്ളവയിൽ 10 തോട്ടങ്ങളുടെയും ഉടമസ്ഥാവകാശം പഞ്ചായത്തിനു പുറത്തുള്ളവരുടെ കൈവശമാണ്. അതിനാൽ പ്ലാന്റേഷനുകളിലെ വരുമാനത്തിന്റെ ഗണ്യമായ പങ്കും പഞ്ചായത്തിന് പുറത്തേക്ക് ഒഴുകുന്നു.

പ്ലാൻേറഷൻ മേഖലയിലെ പ്രധാനപ്പെട്ടകൃഷി ഇനങ്ങൾ തേയില, കാപ്പി, ഏലം, അടക്കാ റബ്ബർ എന്നിവയാണ്. കഴിഞ്ഞ ഏതാനും വർഷങ്ങൾക്കുള്ളിൽ തേയില പ്ലാൻേറഷൻെറ വ്യാപ്തി വർദ്ധിക്കുന്നതായി കാണുവാൻ കഴിഞ്ഞിട്ടുണ്ട്.

| ഇനം | വൻകിട | ചെറുകിട | ആകെ |
|---|---|---|---|
| എണ്ണം | 2 | 10 | 12 |
| ഏക്ര | 828.827 | 588.59 | 1417.417 |
| ഹെക്ടർ | 335.557 | 238.297 | 573.872 |

പട്ടിക-1 തോട്ടങ്ങളുടെ വിസ്തീർണ്ണം

## തൊഴിൽ വിതരണം

പ്ലാൻേറഷൻ ആക്ട് പ്രകാരം രജിസ്ട്രർ ചെയ്യപ്പെട്ട തോട്ടങ്ങളിൽ 312 സ്ത്രീകളും 208 പുരുഷന്മാരും സ്ഥിരം തൊഴിലാളികളുമാണ്. 153 സ്ത്രീകളും 95. പുരുഷനമാരും താത്ക്കാലികാടിസ്ഥാനത്തിൽ തൊഴിൽചെയ്യുന്നു. ഇതരതൊഴിൽ മേഖലകളെ അപേക്ഷിച്ച് സ്ത്രീകളാണ് മേഖലയിൽ കൂടുതലായി ഉള്ളത്. ആകെ തൊഴിലാളികളിൽ 62% സ്ത്രീകളും 32% പുരുഷന്മാരുമാണ്. പഞ്ചായത്തിൽ വിവിധ മേഖലകളിൽ തൊഴിൽ ചെയ്യുന്നവരുടെ എണ്ണം പുരുഷന്മാർ 3745 സ്ത്രീകൾ842 ആകെ 4557 എന്നിങ്ങനെയാണ്. ആകെ തൊഴിലാളികളിൽ തോട്ടം മേഖലയിൽ തൊഴിൽ ചെയ്യുന്നവർ 16.25 % മാത്രമാണ്.

തമിഴ്നാട്ടിൽ നിന്നും തൊഴിലാളികളെ സ്വീകരിച്ച് പ്രവർത്തിക്കുന്ന ഒരു യൂണിറ്റും നിലവിലുണ്ട്. തൊഴിലാളികൾക്ക് താമസസൗകര്യം നൽകുന്നത് രണ്ട് തോട്ടങ്ങളാണ്. ബ്രിട്ടീഷ് കാലഘട്ടത്തിൽ നിർമിക്കപ്പെട്ട ഈ പാടികളിൽ തൊഴിലാളികൾക്ക് മെച്ചപ്പെട്ട ജീവിത സൗകര്യങ്ങൾ ഒന്നും തന്നെയില്ല. തോട്ടം മേഖലയിലെ തൊഴിലാളികൾ (തേറ്റമല ഒഴികെ) അസംഘടിതരാണ്. ഇത് അവരുടെ ജീവിത സൗകര്യങ്ങളെ പ്രതികൂലമായി ബാധിക്കുന്നു.

## 4. തൊഴിൽദിനം– വേതന നിരക്ക്

വൻകിട തോട്ടങ്ങളിലെ കൂലി നിരക്ക് സ്ത്രീപുരുഷഭേദ്യമന്യേ 49 രൂപയാണ്. തോട്ടം മേഖലയിലെ ശരാശരി കൂലിനിരക്ക് സ്ത്രീകൾക്ക് 48 . പുരുഷന്മാർക്ക് 53 എന്നിങ്ങനെയാണ്. തോട്ടം മേഖലയിൽ സ്ത്രീകൾക്ക് വേതന നിരക്ക് ഇതരമേഖലകളെ അപേക്ഷിച്ച് കൂടുതലാണ്. പട്ടിക 2 കാണുക

പട്ടിക–2

| കൂലിനിരക്ക് | | |
|---|---|---|
| ഇനം | സ്ത്രീ | പുരുഷൻ |
| തോട്ടം | 48 | 53 |
| കാർഷിക തൊഴിൽ | 32 | 55 |
| വ്യവസായം | 44 | 67.5 |

തൊഴിലാളികൾക്ക് വൻകിട തോട്ടം മേഖലയിൽ സ്ത്രീപുരുഷ വ്യത്യാസമില്ലാതെ 285 തൊഴിൽ ദിനങ്ങൾ ലഭിക്കുന്നു. ഈ മേഖലയൽ ശരാശരി തൊഴിൽ ദിനങ്ങൾ സ്ത്രീകൾക്കും പുരുഷന്മാർക്കും 242 ദിനം വീതമാണ്. വ്യാവസായികമേഖലിയിലെ തൊഴിൽ ശരാശരി പുരുഷന്മാർക്ക് 169 ദിവസവും സ്ത്രീകൾക്ക് 146 ദിവസവുമാണ്. മറ്റുമേഖലകളേക്കാൾ തോട്ടം മേഖലയിൽ ഉള്ള തൊഴിലാളികൾക്കാണ് തൊഴിൽ ശരാശരി കൂടുതലെന്ന് ഇതിൽ നിന്ന് കാണാൻ കഴിയും.

ആകെയുള്ളവയിൽ 11 തോട്ടങ്ങളിലും പുതിയ തൊഴിൽസാധ്യതകൾ ഉണ്ട്. കുഞ്ഞോം കേന്ദ്രമായി പ്രവർത്തിക്കുന്ന പ്രിയദർശിനി തേയില പ്ലാൻേഷനിൽ മാത്രം 125ഓളം തൊഴിൽ സാധ്യതകൾ നികത്തപ്പെടാതെയുണ്ട്. ആകെയുള്ള 12 എണ്ണത്തിൽ 5 എണ്ണത്തിൽ മാത്രമാണ് ആധുനിക മെഷിനറികൾ ഉള്ളത്.

സെക്കൻററി ഡാറ്റാ പ്രകാരം നാല് തോട്ടങ്ങൾ നഷ്ടത്തിൽ പ്രവർത്തിക്കുന്നു.3 തോട്ടങ്ങളിൽ പ്ലാൻേറഷൻ പൂർത്തിയായി വരുന്നതേയുള്ളു. പ്രകൃതിക്ഷോഭവും കാലാവസ്ഥാ വ്യതിയാനങ്ങളും ഒരു പരിധിവരെ നഷ്ടത്തിന് കാരണമാണ്. 1911-ൽ ആരംഭിച്ച തേറ്റമല തേയില പ്ലാൻേറഷനിൽ പ്ലാൻറ് ചെയ്ത തൈകൾ റിപ്ലാൻറ് ചെയ്യുന്നില്ല. എന്നതാണ് നഷ്ടത്തിന് പ്രധാനകാരണം. ആദിവാസിമേഖലയിലെ ജനങ്ങളുടെ പങ്കാളിത്തത്തിന് പ്രാ

ധാന്യം നൽകികൊണ്ട് അർദ്ധസർക്കാർ സ്ഥാപനമായി പ്രവർത്തനമാരംഭിച്ച പ്രിയദർശിനി തേയില പ്ലാൻേറഷൻ തോട്ടം മേഖലക്ക് ഒരു മാതൃകയാണ്.

## 5. തോട്ടം മേഖലയിലെ പ്രശ്നങ്ങൾ

ഗതാഗത പ്രശ്നങ്ങൾ: നല്ലറോഡുകളുടെയും പാലങ്ങളുടെയും അഭാവം. വർഷക്കാലത്ത് യാത്ര വളരെ ദുഷ്കരമാക്കുന്നു. ചരക്ക് ഗതാഗതത്തിന്ന്തടസ്സം സൃഷിടിക്കപ്പെടുന്നു.

1. ഭൂപ്രകൃതി: ജനവാസമില്ലാത്ത പ്രദേശങ്ങളിൽ ഉള്ളതും ജനവാസമുള്ള പ്രദേശങ്ങളിൽ നിന്നും വളരെ അകലെയുള്ളതുമായ തോട്ടങ്ങളിൽ തൊഴിലാളികൾക്ക് എത്തിച്ചേരുവാൻ കഴിയാതെ വരുന്നു- ജനവാസ പ്രദേശത്തുനിന്നും 8.കി.മീ അകലെയുള്ള 5 തോട്ടങ്ങൾ പഞ്ചായത്തിൽ ഉണ്ട്.

3. ധനസഹായം ലഭ്യംമാകുന്നതിനുള്ള സാങ്കേതിക ബുദ്ധമുട്ടുകൾ

4. വൈദ്യുതിയുടെ അഭാവം.

5. ജലസേചനത്തനുള്ള സൗകര്യം.

6. മണ്ണിൻെറ വളക്കൂറില്ലായ്മ.

7. രാസവളങ്ങളുടെ ഉയർന്നവില.

8. സംസ്കരണ ശാലകളുടെ അഭാവം.

9. ജനങ്ങളുടെ സാമ്പത്തിക പിന്നോക്കവസ്ഥ.

10. തൊഴിലാളിക്ഷാമം

11. കാലാവസ്ഥ വ്യതിയാനങ്ങളും പ്രകൃതിക്ഷോഭവും വനമേഖലകളിലെ തോട്ടങ്ങൾ കാട്ടുതീ, ഉരുൾപൊട്ടൽ എന്നിവമൂലം നശിക്കുന്നു.

12. ആധുനിക മെഷുനറികളുടെ അപര്യാപ്തത.

13. അവശ്യഘട്ടങ്ങളിൽ സർക്കാർ ഇടപെടലുകൾ ലഭ്യമാകുന്നില്ല.

14. പ്രിയദർശിനി തേയില പ്ലൻേറഷനിൽ ട്രൈബൽ തൊഴിലാളികൾക്ക് മാത്രമേ സ്ഥിരം തൊഴിൽ ലഭ്യമാകുന്നുള്ളു. ഇതുമൂലം ഇതരവിഭാഗങ്ങളിലെ തൊഴിലാളികളുടെ തൊഴിൽ സാദ്ധ്യത മങ്ങുന്നു. ആദിവാസി വിഭാഗങ്ങളിൽ നിന്നും പര്യാപ്തമായ തൊഴിലാളികളെ ലഭ്യമാകുന്നില്ല.

15.റജിസ്ട്രേഡ് തോട്ടങ്ങൾ ആനുകൂല്യങ്ങൾ നൽകി തൊഴിലാളികളെ നിയമിക്കുവാൻ വിമുഖത കാട്ടുന്നു.

16. ഉത്പന്നങ്ങളുടെ വിലകുറവ് ഉദാ: ഏലം, ചായ എന്നിവ:

17 തൊഴിലിനോട് താത്പര്യമില്ലായ്മ.

18. വന്യ-ക്ഷുദ്രജീവി ശല്യം: ക്രിത്രിമ മർങ്ങളുപയോഗിച്ച് കാപ്പി, ഏലം മുതലായവ വിളവെടുപ്പ് നേരത്തെയാക്കുമ്പോൾ വിദൂര മേഖലകളിൽ നിന്നുപോലും വവ്വാൽ എലി തുടങ്ങിയ ജീവികൾ ആക്രമണത്തിന് എത്തുന്നു.

## നിർദ്ദേശങ്ങൾ-സാദ്ധ്യതകൾ

1. ഏത് വികസനത്തിൻെറയും അടിസ്ഥാന ശില എന്നിലയിൽ ഗതാഗത പ്രശ്നം അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

2.വൈദ്യുതിയുടെ അഭാവം മൂലം നവീന യന്ത്ര സാമഗ്രികൾ തോട്ടം മേഖലയിൽ ഉപയോഗിക്കുവാൻ കഴിയുന്നില്ല. മീൻമുട്ടി ജലപാതം പോലുള്ള ജലസ്രോതസ്സുകൾ കണ്ടെത്തി മിനിജലവൈദ്യുത പദ്ധതികൾ എന്ന നിലയിൽ ഉപയോഗപ്പെടുത്തിയാൽ ഇത്തരം പ്രശ്നങ്ങൾക്ക് ശാശ്വതപരിഹാരം കാണാവുന്നതാണ്.

3. സാങ്കേതിക നൂലാമാലകൾ ഒഴിവാക്കി ലളിതമായ വ്യവസ്ഥകളിൽ പരമാവധി സാമ്പത്തിക സഹായം ലഭ്യമാക്കണം.

4. കാര്യക്ഷമമായ സർകാർ ഇടപെടൽ ഉറപ്പുവരുത്തുക. രാസവള സബ്സിഡി, യന്ത്ര സംവിധാനങ്ങൾ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ പെട്രോളിയം ഉത്പന്നങ്ങൾക്കുള്ള പെർമിറ്റ് എന്നിവ ആവശ്യമാണ്.

5. ആധുനിക മെഷിനറികൾക്ക് വായ്പാ, സബ്സിഡി സൗകര്യങ്ങൾ ലഭ്യമാക്കണം.

6.അർദ്ധസർക്കാർ സ്ഥാപനമായ പ്രിയദർശിനി തോട്ടത്തിൻെറ ഭാഗമായി ഒരു സംസ്കരണ ശാലകൂടി ആരംഭിക്കുകയാണെങ്കിൽ നിരവധിപേർക്ക് തൊഴിൽ ലഭ്യമാകുകയും കൂടാതെ ഇവിടെ ഉത്പാദിപ്പിക്കുന്ന തേയിൽ ഇവിടെത്തന്നെ സംസ്കരിക്കാൻ അവസരമാക്കുകയും ചെയ്യുന്നു. കൂടാതെ പുതിയ ചായത്തോട്ടങ്ങളുടെ വിസകസനത്തിന് ഉതകുകയും ചെയ്യും.

7. സാമൂഹ്യ വനവൽക്കരണ പരിപാടിയുടെ ഭാഗമായി നിക്ഷിപ്ത വനഭൂമിയിൽ തേയില, സിൽവറോക്ക് എന്നിവ ഇടകലർത്തി നട്ടുപിടിപ്പിക്കാം. ഇത് മൂലം പ്രദേശത്തെ ജനങ്ങൾക്ക് തൊഴിൽ ലഭ്യമാവുകയും പഞ്ചായത്തിന് വരുമാനമാവുകയും ചെയ്യും.

8. പ്രിയദർശിനി തേയിലത്തോട്ടത്തിൽ തൊഴിൽ പരിഗണന ആദിവാസിവിഭാഗത്തിന് എന്നതിലുപരി മറ്റ് വിഭാഗങ്ങൾക്ക് കൂടി

നൽകുന്നത് ഗുണകരമാവും.

9 വന്യമൃഗശല്യം ഒഴിവാക്കുന്നതിന് സർക്കാർവക ഭൂമിയുടെ അതിരുകളിൽ കമ്പി വേലികളോ കിടങ്ങുകളോ നിർമ്മിക്കണം.

10. പഞ്ചായത്തിലെ മണ്ണ് തേയിലകൃഷിക്ക് അനുയോജ്യമായതിനാൽ വേണ്ട സഹായം ലഭിക്കുകയാണെങ്കിൽ സഹകരണമേഖലയിൽ തോട്ടങ്ങൾക്ക് വളരെ സാധ്യതകൾ ഉണ്ട്.

11. തോട്ടം മേഖല എവേണ്ടത്ര ശ്രദ്ധയോടെ വികസിപ്പിക്കുകയാണെങ്കിൽ നിരവധി തൊഴിലവസരങ്ങൾലഭ്യമാകും.

12.തോട്ടം മേഖലയിൽ തൊഴിലാളികളെ സ്ഥിരമായി നിയമിക്കുകയും ആനുകൂല്യങ്ങളും താമസ സൗകര്യങ്ങളും നൽകുകയാണെങ്കിൽ തൊഴിലാളിക്ഷാമം പരിഹരിക്കപ്പെടും. തൊഴിൽ മേഖലയിലെ അരക്ഷിതാവസ്ഥയും അസ്ഥിരതാവസ്ഥയും കാരണമാണ് തൊഴിലാളികൾ പ്ലാൻേറഷൻ മേഖലയോട് വിമുഖത കാട്ടുന്നത്.

ഗവൺമെൻറ് തലത്തിൽ നിന്നും ആവശ്യമായ ഇടപെടൽ തക്കസമയത്ത് ഉണ്ടാവുകയും ആവശ്യമായ സാങ്കേതിക സാമ്പത്തിക ഉപദേശങ്ങൾ ലഭിക്കുകയും സാദ്ധ്യതകൾ അറിഞ്ഞ് ചൂഷണം ചെയ്യുകയും ചെയ്താൽ പഞ്ചായത്തിലെ അനവധി തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനും പഞ്ചായത്തിന് ഒരു ധനാഗമമാർഗമായിത്തീരുന്നതിനും സാദ്ധ്യതയുള്ള മേഖലയാണ് പ്ലാൻേറഷൻ മേഖല.

## ടൂറിസം

### കുങ്കിച്ചിറ

**കുഞ്ഞോം ദേശത്ത് ചിറക്കൽ, കുങ്കിച്ചിറ ഇപ്പോൾ നികന്നുപോയെങ്കിലും പുനരുദ്ധരിച്ചാൽ പക്ഷിസങ്കേതവും ടൂറിസ്റ്റ് കേന്ദ്രവുമാക്കാൻ പറ്റി ഫോസ്റ്റിനോട് ചേർന്നു കിടക്കുന്ന സ്ഥലമാണ്. പതിനെട്ടാം നൂറ്റാണ്ടിൻെറ ആരംഭത്തിൽ താഴെ രാജ്യത്തുള്ള നെട്ടൂർ മനക്കൽ നിന്നും കുങ്കിയമ്മയും പരിവാരങ്ങളും നൂറ്റിയൊന്ന് എരുകളുമായി ചിറക്കൽ എന്ന സ്ഥലത്തുവന്നു താമസമായി. കുങ്കിയമ്മക്ക് കുളിക്കുവാൻ ചിറ ഉണ്ടാക്കിയെന്നും, ചിറയുടെ നടുക്കുള്ള തുളസിത്തറയിൽ വള്ളത്തിപോയി വിളക്കുവെക്കുമായിരുന്നുവെന്നും ഐതിഹ്യം പറയുന്നു. തലക്കൽ ചന്തുവുമായി ബന്ധപ്പെട്ടതാണ് ഈ ചിറ. ഐതിഹ്യം എന്തുതന്നെയായാലും ഈ ചിറ പുനരുദ്ധരിച്ച് സംരക്ഷിക്കുകയും ടൂറിസ്റ്റ് കേന്ദ്രമാക്കുവാൻ അടിയന്തിര ശ്രദ്ധപതിയുകയും ചെയ്യേണ്ടത് അത്യവശ്യമാണ്.**

## കോളിപ്പാട്ട്, മക്കിയാട്, മീൻമുട്ടി

വളരെ ഉയരത്തിൽ നിന്നും വെള്ളച്ചാട്ടമുള്ള പ്രകൃതിരമണീയമായ സ്ഥലം. ടൂറിസ്റ്റ് കേന്ദ്രവും ശുദ്ധജല സംഭരണിയുമാക്കാൻ പറ്റിയതാണ്. പക്ഷിമൃഗാദികൾ ധാരാളം വെള്ളം കുടിക്കുവാൻ എത്തുന്ന സ്ഥലം. നിത്യഹരിത വനങ്ങളുടെയും, പച്ചപിടിച്ചു നില്ക്കുന്ന വയലേലകളുടെയും, ദൂരകാഴ്ച നയന മനോഹരമാണ്.

## ഒറ്റുപാറ

വളരെ ഉയർന്നു നില്ക്കുന്നതും , വിശാലവുമായ പാറയിൽ കയറി നിന്നാൽ ചുറ്റുപാടുമുള്ള കാഴ്ച അതീവഹൃദ്യമാണ്. നിത്യഹരിത വനങ്ങളും കാട്ടി, കുരങ്ങ് തുടങ്ങിയ മൃഗങ്ങളും വിവിധ തരത്തിലുള്ള പക്ഷികളും ഏതൊരാളുടെയും ഹൃദയം കവരും. ഒറ്റുപാറയിലേക്കുള്ള യാത്ര സുഗമമാക്കുന്നതിനു പാത നിർമ്മിച്ചാൽ വളരെപ്പേരെ ഇങ്ങോട്ട് ആകർഷിക്കാം.

## ചരിത്രപ്രാധാന്യമുള്ള സ്ഥലങ്ങൾ

ചരിത്ര പ്രാധാന്യമുള്ളതും , സംരക്ഷണമർഹിക്കുന്നതുമായ സ്ഥാപനമാണിത്. ടിപ്പുവിൻെറ കാലത്ത് കുതിരാലയമായി ഇതുപയോഗിച്ചിരുന്നു. ലോഗൻ സയ്പിൻെറ വയനാട്ടിലേക്കുള്ള യാത്രയിൽ വിശ്രമിച്ചത് ഇവിടെയാണ്. സമീപത്തുള്ള പൊലീസ് സ്റ്റേഷനും അന്നുമുതലേ ഉണ്ടായിരുന്നുവെന്ന് 'മലബാർ മാന്വൽ" എന്ന ഗ്രന്ഥത്തിൽ പറയുന്നു.

## മക്കി ബംഗ്ലാവ്

ബ്രിട്ടീഷുകാർ വയനാടൻ വനമേഖലയുടെ പ്രാധാന്യം മനസ്സിലാക്കിയപ്പോൾ വനസംരക്ഷണത്തിനും വേനൽക്കാല സുഖവാസത്തിനും വേണ്ടി കുഞ്ഞോം റിസർവ് ഫോറസ്റ്റിനുള്ളിൽ പണികഴിച്ചതാണ് ഈ ബഗ്ലാവ്. കാട്ടാനകളുടെ ആക്രമണത്തിൽ നശിച്ചുപോയെങ്കിലും ഇന്നും അവശിഷ്ടങ്ങൾ കാണാം. വില്യം ലോഗൻ ഈ ബംഗ്ലാവിൽ താമസിച്ചിരുന്നു.



മക്കിയാട് മീൻമുട്ടി വെള്ളച്ചാട്ടം



# 5-6. ഗതാഗതവും ഊർജവും മാർക്കറ്റും

## ഗതാഗതം

വയനാട് ജില്ലയിൽ തൊണ്ടർനാട് പഞ്ചായത്ത് പിന്നോക്കം നിൽക്കുന്നതിന്റെ പ്രധാനപ്പെട്ട കാരണങ്ങളിലൊന്ന് ഇവിടുത്തെ റോഡുകളുടെ അവികസിതാവസ്ഥയാണ്. 131.15 ച. കി. മീ. വിസ്തീർണ്ണമുള്ള ഈ പഞ്ചായത്തിൽ ആകെ 22 കി. മീ. പി. ഡബ്ലിയു. ഡി. റോഡും 12 കി. മീ. പഞ്ചായത്ത്റോഡും ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. കോഴിക്കോട് ജില്ലയുമായി ബന്ധിപ്പിക്കുന്ന കുറ്റ്യാടി ചുരം റോഡ് ഗതാഗതയോഗ്യമായതിൽ പിന്നെയാണ് ഈ പ്രദേശത്തിന് ഒരു ഉണർവ്വ് കൈവന്നിട്ടുള്ളത്. ഇവിടത്തെ കൃഷിയുൽപ്പന്നങ്ങൾ കോഴിക്കോട്, വടകര, പേരാമ്പ്ര മാർക്കറ്റുകളിൽ എത്തിക്കുവാൻ ഈ റോഡിനെയാണ് എല്ലാവരും ആശ്രയിക്കുന്നത്.



പട്ടിക – 1

## ടാർ റോഡുകൾ

| റോഡിൻെറ പേര് | ദൂരം | വീതി | ഉടമസ്ഥത | ബസ്സ് | പൊതുഅവസ്ഥ |
|---|---|---|---|---|---|
| പക്രന്തളം 12–ാം മൈൽ | 12 കി.മീ. | 8 മീ. | P. W. D. | ഉണ്ട് | മെച്ചമാണ് |
| പൂരിഞ്ഞി–അഞ്ചാംപീടിക | 6 കി.മീ. | 8 മീ. | –ടി– | ഉണ്ട് | മെച്ചമാണ് |
| നിരവിൽപുഴ–കുഞ്ഞോം | 4 കി.മീ. | 8 മീ. | –ടി– | ഉണ്ട് | വീതി ചിലയിടങ്ങളിൽ വളരെ കുറവ് |
| കാഞ്ഞിരങ്ങാട്–പുതുശ്ശേരി | 6 കി.മീ. | 8 മീ. | പഞ്ചായത്ത് | ഉണ്ട് | മോശമാണ് ടീ ടാർ ചെയ്യണം |
| കോറോം–പാലേരി | 1.400 കി.മീ. | 8 മീ. | പഞ്ചായത്ത് | ഇല്ല | മെച്ചമാണ് |
| കുഞ്ഞോം–കുങ്കിച്ചിറ | 900 മീ. | 8 മീ. | പഞ്ചായത്ത് | ഇല്ല | മെച്ചമാണ് |
| കണ്ടത്തുവയൽ–വഞ്ഞോട് | 1 കി.മീ. | 8 മീ. | പഞ്ചായത്ത് | ഇല്ല | മെച്ചമാണ് |

മെറ്റൽ ചെയ്ത എട്ട് റോഡുകൾ ഇവിടെയുണ്ട്.
മെറ്റൽ ചെയ്ത റോഡുകൾ ടാർ ചെയ്ത് ഗതാഗതയോഗ്യമാക്കേണ്ടതുണ്ട്.

പട്ടിക – 2

## മെറ്റൽ റോഡുകൾ

| റോഡിൻെറ പേര് | മെറ്റൽചെയ്ത ദൂരം | വീതി | ജീപ്പ് സർവ്വീസ് |
|---|---|---|---|
| പാലേരി–കരിമ്പിൽ | 4 കി.മീ. | 8 മീ. | ഉണ്ട് |
| അരീക്കര–കരിമ്പിൽ | 3.500 കി.മീ. | 8 മീ. | ഉണ്ട് |
| ആലക്കുന്ന്–മീൻമുട്ടി | 330 മീ. | 8 മീ. | ഇല്ല |
| തേറ്റമല–വെള്ളമുണ്ട | 2 കി.മീ. | 8 മീ. | ഉണ്ട് |
| ഇണ്ടിയേരിക്കുന്ന്–വെള്ളമുണ്ട രജിസ്ട്രാർ ആപ്പീസ് | 1 കി.മീ. | 8 മീ. | ഉണ്ട് |
| കാപ്പിച്ചെത്ത്–നീലോം | 1.500 കി.മീ. | 8 മീ. | ഇല്ല |
| പാലേരി–നീലോം | 3 കി.മീ. | 8 മീ. | ഇല്ല |
| വെള്ളിലാടി–കൊന്നിയോട് | 500 മീ. | 8 മീ. | ഇല്ല |

മഴക്കാലമായാൽ വാഹനങ്ങൾക്ക് കടന്നു പോകുവാൻ കഴിയാത്ത മൺറോഡുകളാണ് ഇവിടെ കൂടുതലായും ഉള്ളത്. ചളിയും വെള്ളവും കയറിനിൽക്കുന്ന റോഡുകൾ കുട്ടികൾക്കും സ്ത്രീകൾക്കും രോഗികൾക്കും ഭീഷണിയാണ്. ഒരു റോഡ്പോലും ടാർ ചെയ്യാത്ത വാർഡും (എട്ട്) ഒരു കി.മീ. മാത്രം ടാർചെയ്തിട്ടുള്ള വാർഡുകളും (9, 10) ഇവിടെയുണ്ട്. പ്രധാനപ്പെട്ട കാർഷികവിളകളെല്ലാം തന്നെ തലച്ചുമടായാണ് റോഡുകളിൽ എത്തിക്കുന്നത്. ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ കൃഷിക്ക് അധിക ചെലവ് ഉണ്ടാക്കുകയും തന്മൂലം കൃഷി വീണ്ടും അനാകർഷകവും അനാദായകരവുമായിത്തീരുകയും ചെയ്യുന്നു.

ഏകദേശം ഒരു ഇരുപത് വർഷം മുമ്പ് ഇവിടത്തുകാർ പന്ത്രണ്ടും പതിനാലും പതിനെട്ടും കിലോമീറ്റർ നടന്നിട്ടായിരുന്നു യഥാക്രമം വെള്ളമുണ്ടയിലും പേര്യയിലും തൊട്ടിൽപാലത്തും എത്തിയിരുന്നത്. മക്കിയാട് പാലം, കുറ്റ്യാടി ചുരം റോഡ് എന്നിവ നിലവിൽവന്നതോടെ ഈ പ്രദേശത്തിൻെറ വികസനവും ആരംഭിച്ചു.

| | റോഡിൻെറ പേര് | ദൂരം | വീതി | കോഡ് |
|---|---|---|---|---|
| 1. | ആലക്കുന്ന്-പൊർളോം | 3 കി.മീ. | 8 മീ. | 1001 |
| 2. | ആലക്കുന്ന്-മീൻമുട്ടി | 4 കി.മീ. | 8 മീ. | 1002 |
| 3. | ചീപ്പാട്-കുന്നേരി | 3 കി.മീ. | 8 മീ. | 0901 |
| 4. | തൊടുവയൽ-മുണ്ടക്കോമ്പ് | 1.2 കി.മീ. | 8 മീ. | 0201 |
| 5. | കുഞ്ഞോംകോളനി-മട്ടിലയം | 4.25 കി.മീ. | 8 മീ. | 0202 |
| 6. | നെല്ലേരി-പാലേരി | 1.50 കി.മീ. | 8 മീ. | 0920 |
| 7. | മരച്ചുവട്-മക്കിയാട് | 3 കി.മീ. | 8 മീ. | 0301 |
| 8. | വളവിൽ-വീട്ടിയാമ്പറ്റ | | 8 മീ. | 0701 |
| 9. | എടച്ചേരി-പൊറവഞ്ചേരി | 2 കി.മീ. | 8 മീ. | 0801 |
| 10. | പൊർളോം-ഗീത എസ്റ്റേറ്റ് | 1.50 കി.മീ. | 8 മീ. | 0802 |
| 11. | തേറ്റമല-വാളേരി | | 8 മീ. | 0501 |
| 12. | പരിയാരംകുന്ന്-പൊള്ളമ്പാറ | | 8 മീ. | 0601 |
| 13. | വണ്ടിക്കടവ്-കോളിപ്പാട് | 4 കി.മീ. | 8 മീ. | 0203 |
| 14. | അയ്യങ്കാവ്-പൊർളോം | 3 കി.മീ. | 8 മീ. | 0803 |
| 15. | നിരവിൽപുഴ-അതിരംപാറ | 3 കി.മീ. | 8 മീ. | 1003 |
| 16. | പാതിരിമന്ദം-പോർളോം | 2.50 കി.മീ. | 8 കി.മീ. | 0205 |
| 17. | അത്തിയംകോട്-മൊടവൻകൊടി | 2 കി.മീ. | 8 മീ. | 0904 |

| | റോഡിൻെറ പേര് | ദൂരം | വീതി | കോഡ് |
|---|---|---|---|---|
| 18. | നെല്യാട്മുക്ക്-മക്കിയാട് | | 8 മീ. | 0702 |
| 19. | കടയിങ്കൽ-വെങ്കൊയിൽ | 3 കി.മീ. | 8 മീ. | 0302 |
| 20. | പൊർളോം-കൊല്ലിയിൽ | 4 കി.മീ. | 8 മീ. | 0804 |
| 21. | പൊറവഞ്ചേരി-ഇരമനത്തൂർ | 3 കി.മീ. | 8 മീ. | 0805 |
| 22. | കൊല്ലിക്കണ്ടം-നീലോം | 3 കി.മീ. | 8 മീ. | 0905 |
| 23. | പാമ്പോള-ചുരുളി | 2 കി.മീ. | 8 മീ. | 0101 |
| 24. | കുഞ്ഞോം-പേര്യ | 10 കി.മീ. | 8 മീ. | 0102 |
| 25. | കല്ലറ-ഉദിരച്ചിറ | 2 കി.മീ. | 8 മീ. | 0103 |
| 26. | ഒറ്റുപാറ-പെരുവയൽ | 3 കി.മീ. | 8 മീ. | 0206 |
| 27. | വെള്ളിലാടി-വലിയകൊല്ലി | | 8 മീ. | 0401 |
| 28. | മക്കിയാട്-മീൻമുട്ടി | 4 കി.മീ. | 8 മീ. | 0303 |
| 29. | വളവിൽ-പ്ലാമൂല കോളനി | | 8 മീ. | 0703 |
| 30. | ലമ്പ്യക്കുന്ന്-കോന്നിയോട് | 1 കി.മീ. | 8 മീ. | 0404 |
| 31. | ചുങ്കം-മാരാടി | 2.50 കി.മീ. | 8 മീ. | 0207 |
| 32. | വളവിൽ-പ്ലാമൂല കോളനി | | 8 മീ. | 0704 |
| 33. | ഭജനമഠം-പാറക്കടവ് | | 8 മീ. | 0602 |
| 34. | വിട്ടിയാമ്പറ്റ-ഭജനമഠം | | 8 മീ. | 0603 |
| 35. | കോറോം-നാരങ്ങാച്ചാലിൽ | 3 കി.മീ. | 8 മീ. | 0304 |
| 36. | മക്കിയാട്-മണിക്കല്ല് | 4 കി.മീ. | 8 മീ. | 0305 |
| 37. | കേളോത്ത്-ചാത്തങ്കൈ | 1 കി.മീ. | 8 മീ. | 0208 |
| 38. | പുതുശ്ശേരി-തരുവണ കോളനി | | 8 മീ. | 0604 |
| 39. | നെടുമ്പറം-ഭജനമഠം | | 8 മീ. | 0605 |
| 40. | മക്കിയാട്-പൂലാറ്റിൽ | | 8 മീ. | 0306 |
| 41. | നീലോം-മക്കിയാട് | 4 കി.മീ. | 8 മീ. | 0705 |

| | റോഡിന്റെ പേര് | ദൂരം | വീതി | കോഡ് |
|---|---|---|---|---|
| 42. | പൂരിഞ്ഞി-വേരൻകൊല്ലി | | 8 മീ. | 0405 |
| 43. | ചുങ്കം-പന്നിപ്പാട് | 3 കി.മീ. | 8 മീ. | 0209 |
| 44. | കരിവളം-നിരവിൽപുഴ | | 8 മീ. | 1004 |
| 45. | നെല്ല്യാട്ട്മുക്ക്-അമ്പലക്കണ്ടി | | 8 മീ. | |
| 46. | മാവള്ളി-പോർളോം | | 8 മീ. | |
| 47. | ഞാറലോട്-നീലോം | | 8 മീ. | |
| 48. | ചീപ്പാട്-എടച്ചേരി | | 8 മീ. | |
| 49. | മാമ്പട്ടി-ചീപ്പാട് | | 8 മീ. | |
| 50. | നീലോം-കുന്നേരി | | 8 മീ. | |
| 51. | കൂട്ടപ്പാറ-പിലാക്കാവ് | | 8 മീ. | |
| 52. | നിരവിൽപുഴ-കീച്ചേരി | | 8 മീ. | |
| 53. | കഴുന്നി-പിലാക്കാവ് | | 8 മീ. | |
| 54. | എടച്ചേരി-പൊറവഞ്ചേരി | | 8 മീ. | |
| 55. | വെണ്ടേക്ക്മുക്ക്-മക്കിയാട് | | 8 മീ. | |
| 56. | വഞ്ഞോട്-നീലോം | | 8 മീ. | |
| 57. | ചീപ്പാട്-നീലോം | | 8 മീ. | |
| 58. | ഞാറലോട്-മക്കിയാട് | | 8 മീ. | |
| 59. | നിരവിൽപുഴ സ്റ്റേഡിയം-പിലാക്കാവ് | | 8 മീ. | |
| 60. | വഞ്ഞോട്-ഞാറലോട് | | 8 മീ. | |
| 61. | നീലോം-പാലേരി | | 8 മീ. | |
| | നെല്ല്യാട്ട്മുക്ക്-അമ്പലക്കണ്ടി | | | |
| | വിളക്കൊടി-ഒയരോത്ത് | | | |
| | പൊർളോം-ചൂരൽമല | | | |
| | പൊർളോം-കൊടുവിലേരി | | | |

| | റോഡിൻെറ പേര് | |
|---|---|---|
| | പാലേരി-ഇരുമ്പകം | |
| | കോന്നിയോട്-വഞ്ഞോട് | |
| | നീലോംകോളനി-കൊല്ലിക്കണ്ടം | |
| | നീലോം - പച്ച - ഞാറലോട് | |
| | പാലേരി-തോണിമൂല | |
| | വണ്ടിക്കടവ്-ചാത്തൻകൈ-കോളിപ്പാട് | |
| | വഞ്ഞോട്-എടമുണ്ട കോളനി | |

മാനന്തവാടിയും കോഴിക്കോട് ജില്ലയിലെ വിലങ്ങാടും തമ്മിൽ ബന്ധിപ്പിക്കുന്നതും കുങ്കിച്ചിറ, കുഞ്ഞോം, പോർളോം, പാലേരി, കൊല്ലിക്കണ്ടം, ഞാറലോട്, വഞ്ഞോട് എന്നീ പ്രദേശങ്ങളിലൂടെ കടന്നുപോകുന്നതുമായ പഴശിരാജറോഡ്, കണ്ണൂർ, വയനാട് ജില്ലകളെ ബന്ധിപ്പിക്കുന്നതും നൂറ് വർഷത്തിലേറെ പഴക്കുമുള്ളതുമായ കോറോം-പേര്യ റോഡ്, കോറോം-കരിമ്പിൽ റോഡ്, കുഞ്ഞോം-പാമ്പോള - ഇരുമനത്തൂർ റോഡ്, തേറ്റമല-വെള്ളമുണ്ട റോഡ്, പുതുശ്ശേരി-പൊള്ളമ്പാറ റോഡ്, തേറ്റമല-ഇണ്ടിക്കുന്ന് റോഡ്, കുഞ്ഞോം-വാളാട് റോഡ് എന്നിവ ടാർചെയ്ത് ഗതാഗതയോഗ്യമാക്കിയാലേ ഈ പ്രദേശത്തിൻെറ യാത്രാപ്രശ്നവും കാർഷികമുരടിപ്പും മാറുകയുള്ളൂ.

പട്ടിക-4

## അടിയന്തരമായി ടാർചെയ്യേണ്ടവ

| റോഡിൻെറ പേര് | ദൂരം | വീതി | മറ്റു കാര്യങ്ങൾ |
|---|---|---|---|
| പഴശ്ശിരാജ റോഡ് | 15 കി.മീ. | 8 മീ. | പഞ്ചായത്ത് |
| കോറോം-കരിമ്പിൽ-വാളാട് | 4 കി.മീ. | 8 മീ. | പഞ്ചായത്ത് |
| കുഞ്ഞോം-ഇരുമനത്തുർ | 2 കി.മീ. | 8 മീ. | പഞ്ചായത്ത് |
| തേറ്റമല-വെള്ളമുണ്ട | 3 കി.മീ. | 8 മീ. | പഞ്ചായത്ത് |
| പുതുശ്ശേരി-പൊള്ളമ്പാറ | 5 കി.മീ. | 8 മീ. | പഞ്ചായത്ത് |
| ഇണ്ടിയേരിക്കുന്ന്-വെള്ളമുണ്ട | 4 കി.മീ. | 8 മീ. | പഞ്ചായത്ത് |
| കുഞ്ഞോം-വാളാട് | 4 കി.മീ. | 8 മീ. | P.W.D. റോഡ് |
| നിരവിൽപുഴ-പേര്യ | 10 കി.മീ. | 8 മീ. | P.W.D. റോഡ്. |

മിക്കവാറും എല്ലാ ബസ്സുകളും ജീപ്പുകളും നിർത്തിയിടുന്ന നിരവിൽപുഴയിൽ ഒരു ബസ്സ്സ്റ്റാൻറും ടാക്സിസ്റ്റാൻറും അത്യാവശ്യമാണ്. പഞ്ചായത്തിൻെറ ആസ്ഥാനമായ കോറോത്ത് ഒരു ടാക്സിസ്റ്റാൻറും വെയിറ്റിംഗ്ഷെഡും അനുവദിക്കപ്പെടേണ്ടതാണ്.

പട്ടിക – 5

## നടപ്പാലങ്ങൾ

| വാർഡ് | താൽക്കാലിക പാലം-എണ്ണം | സ്ഥിരം എണ്ണം |
|---|---|---|
| ഒന്ന് | 9 | 4 |
| രണ്ട് | 10 | 4 |
| മൂന്ന് | 6 | 0 |
| നാല് | 7 | 0 |
| അഞ്ച് | 4 | 0 |
| ആറ് | 4 | 0 |
| ഏഴ് | 3 | 0 |
| എട്ട് | 5 | 0 |
| ഒമ്പത് | 7 | 1 |
| പത്ത് | 6 | 0 |

## റെയിൽവെ

നിർദ്ദിഷ്ട നഞ്ചൻകോട്-വടകര റെയിൽവെ തൊണ്ടർനാട് പഞ്ചായത്തിൽകൂടി കടന്നുപോകുകയാണെങ്കിൽ തൊണ്ടർനാടിൻെറ സമഗ്രവികസനത്തിന് കാരണമാവും. റെയിൽവെക്കുവേണ്ടി ബ്രിട്ടീഷുകാർ റെയിൽവെ സ്ലീപ്പറുകൾ ഉണ്ടാക്കിക്കൊണ്ടുപോയതിൻെറ അവശിഷ്ടങ്ങൾ പെരിഞ്ചേരിമല, പന്നിപ്പാട് എന്നിവിടങ്ങളിൽ ഇപ്പോഴും കാണാനുണ്ട്.

## പ്രശ്നങ്ങൾ

- ❒ മഴക്കാലമായാൽ നിലവിലുള്ള മൺറോഡുകൾ ഗതാഗതയോഗ്യമല്ലാതായിത്തീരുന്നു.
- ❒ റോഡുകളിലെ ഓടയുടെ പണി കാര്യക്ഷമമായി യഥാസമയം നടക്കുന്നില്ല.
- ❒ തേറ്റമല, പുതുശ്ശേരി, വഞ്ഞോട്, കുഞ്ഞോം എന്നീ ഭാഗങ്ങളിലേക്ക് ബസ്സുകളുടെ ട്രിപ്പ് താരതമ്യേന കുറവാണ്.
- ❒ ഡി. ആർ. ഡി. എ. പോലുള്ള വികസന ഏജൻസികൾ മുഖന്തരം നടപ്പിലാക്കപ്പെടുന്നന പദ്ധതികളുടെ നിർണയത്തിലും നിർവഹണത്തിലും അവിഹിത സ്വാധീനവും ബാഹ്യമായ ഇടപെടുകലുളും നിമിത്തം ക്രമക്കേടുകളും അഴിമതിയും സർവസാധാരണമായിരിക്കുന്നു.
- ❒ ബസ്സുകൾ നിർത്തിയിടാനും യാത്രക്കാർക്ക് കയറി നിൽക്കാനും വേണ്ട സൗകര്യം നിരവിൽപുഴയിൽ ഇല്ല.
- ❒ ടാക്സി ജീപ്പുകൾ നിർത്തിയിടുന്നതിനാൽ പലപ്പോഴും നിരവിൽപുഴയിലും കോറോത്തും ഗതാഗതക്കുരുക്കും അപകടങ്ങളും ഉണ്ടാവുന്നു.
- ❒ മഴക്കാലത്തിന് മുമ്പ് താൽക്കാലിക പാലങ്ങളുടെ അറ്റകുറ്റപ്പണി നടക്കുന്നില്ല.

## സാധ്യതകൾ

- ❑ പ്രധാന റോഡ് ടാർചെയ്യാൻ പദ്ധതി.
- ❑ മുൻഗണനാക്രമത്തിൽ പുതിയ റോഡുണ്ടാക്കാൻ പദ്ധതി.
- ❑ റോഡ് സംരക്ഷണത്തിന് വാർഡ് അടിസ്ഥാനത്തിൽ ജനകീയ സമ്മിറ്റി രൂപീകരണം.
- ❑ ജനകീയ കമ്മിറ്റിയുടെ നേതൃത്വത്തിൽ താൽക്കാലിക പാലങ്ങൾ നിർമ്മിക്കൽ.
- ❑ റവന്യൂബോർഡ് നിർത്തലാക്കിയതുപോലെ അഴിമതിയിൽ മുങ്ങിക്കുളിച്ചുനിൽക്കുന്ന ഡി. ആർ. ഡി. എ. പോലുള്ള ഏജൻസികളും പിരിച്ചുവിട്ട് അധികാരവികേന്ദ്രീകരണം യാഥാർത്ഥ്യമാക്കുക.
- ❑ പഞ്ചായത്ത് കേന്ദ്രമായി ഒരു എഞ്ചിനീയറിംഗ് വിഭാഗം ആരംഭിക്കുകയും പഞ്ചായത്തിനകത്തുള്ള എല്ലാ മരാമത്തുപണികളുടെയും നടത്തിപ്പും മേൽനോട്ടവും ഇവരെ ഏല്പിക്കുകയും ചെയ്യുക.

## ഊർജം

ഈ പഞ്ചായത്തിലെ ഏതാണ്ട് 25 ശതമാന

ത്തോളം വീടുകൾ വൈദ്യുതീകരിച്ചതാണ്. വൈദ്യുതി കടന്നചെല്ലാത്ത ധാരാളം പ്രദേശങ്ങൾ ഇവിടെയുണ്ട്. വൈദ്യുതിയുടെ 99% ഉപയോഗിക്കപ്പെടുന്നത് ഗാർഹിക മേഖലയിലാണ്. നാമമാത്രമായ വൈദ്യുത ഉപഭോഗമേ കൃഷിമേഖലയിലുള്ളൂ. മഴക്കാലത്ത് ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന വൈദ്യുതി തടസ്സം, വോൾട്ടേജ് കമ്മി എന്നിവയാണ് ഇവിടത്തെ വൈദ്യുതി ഉപഭോക്താക്കൾ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ. അഴിമതിയിൽ മുങ്ങിക്കുളിച്ച കെ. എസ്. ഇ. ബി. സ്ഥാപനവും അവിടുത്തെ ഇടനിലക്കാരായ കോൺട്രാക്ടർമാരും ഈ മേഖലയിലെ പ്രശ്നങ്ങൾ കൂടുതൽ ഗുരുതരമാക്കുന്നു.

റിസർവ്വ്, വെസ്റ്റഡ് ഫോറസ്റ്റ് സാമീപ്യം കുറച്ച് പ്രദേശങ്ങളിൽ വിറകുകൾ സുലഭമാക്കുന്നുവെങ്കിലും ഭൂപരിപക്ഷം പ്രദേശങ്ങളിലും വിറക്ക്ഷാമം നേരിടുന്നു. കോഴിക്കോട് ജില്ലയിൽനിന്നും ഇറക്കുമതി ചെയ്യുന്ന ചകിരിയും ചിരട്ടയും കരിഞ്ചന്തയിൽനിന്നും വാങ്ങുന്ന മണ്ണെണ്ണ എന്നിവയെ ആശ്രയിച്ചാണ് ഇവിടങ്ങളിലെ ഗാർഹികാവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. പൊതുവിതരണ കേന്ദ്രത്തിലൂടെ ലഭിക്കേണ്ടുന്ന അർഹമായ മണ്ണെണ്ണ പലപ്പോഴും കൃത്യമായ അളവിൽ വിതരണം ചെയ്യപ്പെടുന്നില്ല. പരിഷത്ത് അടുപ്പുകൾ ഇവിടങ്ങളിൽ ഫലപ്രദമായി കാണുന്നില്ല. മിക്കവരും അത്തരം അടുപ്പുകൾ ഫലപ്രദമല്ലെന്ന് കണ്ട് ഉപേക്ഷിക്കുന്നു.

**വോൾട്ടേജ് ക്ഷാമമുള്ള പ്രദേശം**

| |
|---|
| നിരവിൽപുഴ, കോറോം |

**നിലവിലുള്ള ട്രാൻസ്ഫോർമർ**

| |
|---|
| 1) തേറ്റമല |
| 2) മക്കിയാട് |
| 3) കോറോം |
| 4) കുഞ്ഞോം |
| 5) കരിമ്പിൽ |
| 6) നാരോച്ചാൽ |

## പ്രശ്നങ്ങൾ

- വൈദ്യുതി ലഭിക്കാത്ത ഭൂരിപക്ഷം വീടുകൾ പ്രദേശങ്ങൾ.
- വോൾട്ടേജ് കുറവ്, മഴക്കാലത്ത് ദിവസങ്ങളോളം വൈദ്യുതി നിലക്കുന്ന സംഭവങ്ങൾ.
- വൈദ്യുതി ബിൽ അടയ്ക്കാൻ മുപ്പത് കിലോമീറ്റർ യാത്രചെയ്യേണ്ടിവരുന്നു.
- മണ്ണെണ്ണ കൃത്യമായ അളവിൽ ലഭിക്കായ്മ.
- അനെർട്ട്, ഖാദിബോർഡ് തുടങ്ങിയ സ്ഥാപനങ്ങൾ ഊർജരംഗത്ത് നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ച് അജ്ഞത.
- പരിഷത്ത് അടുപ്പുകൾ കൈകാര്യം ചെയ്യുന്നതിനുള്ള പരിചയക്കുറവ്.
- ഗാൾഹികാവശ്യത്തിനുള്ള ഇന്ധനക്ഷാമം.

## സാധ്യതകൾ

- വൈദ്യുതി ലൈൻ കടന്നുപോകുന്ന സ്ഥലങ്ങളിലും വൈദ്യുതി ലൈൻ വലിക്കാൻ ടെണ്ടർ ആയ പ്രദേശങ്ങളിലും സമയബന്ധിതമായി വിദ്യുഛക്തി കണക്ഷൻ നൽകുക.
- വൈദ്യുതി ലൈനുകളിൽ തട്ടുന്ന വൃക്ഷകൊമ്പുകളും മറ്റും ജനകീയപങ്കാളിത്തത്തോടെ നീക്കി പ്രസരണനഷ്ടം കുറക്കുന്നതിനുള്ള പദ്ധതി തയ്യാറാക്കുക.
- ഒറ്റപ്പെട്ട പ്രദേശങ്ങളിൽ അനർട്ടിൻെറ സഹായത്തോടെ സൗരോർജ വിളക്കുകൾ സ്ഥാപിക്കുക.
- വോൾട്ടേജ് കുറവുള്ള പ്രദേശത്ത് ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
- തെരുവ് വിളക്കുകൾ കുഞ്ഞോം, തേറ്റമല, വെള്ളിലാടി എന്നിവിടങ്ങളിലും സ്ഥാപിക്കുക.
- ലൈനിൽ നടത്തേണ്ടുന്ന പണി കൃത്യസമയത്ത് നടത്തുക.
- കാർഡുടമകൾക്ക് അർഹമായ മണ്ണെണ്ണ വിതരണം ചെയ്യപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താനുള്ള പദ്ധതി.
- അനെർട്ട്, ഖാദിബോർഡ് എന്നിവയുടെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ലഘുലേഖകൾ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ വിതരണം ചെയ്യുകയും പതിക്കുകയും ചെയ്യുക.
- പരിഷത്ത് അടുപ്പുകൾ സ്ഥാപിക്കുന്നതിനും അവ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുവാനും വേണ്ടി വിദഗ്ദ്ധ സമിതി രൂപീകരിക്കണം.
- പാചകവാതക വിതരണത്തിന് ഒരു ഏജൻസി ഡിപ്പോ സ്ഥാപിക്കുക.
- തെങ്ങുകൃഷി വ്യാപനം, തരിശുഭൂമികളിൽ വറകിന് യോജിച്ച വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കൽ എന്നിവ ഭാവിയിലെ ഇന്ധനക്ഷാമത്തെ നേരിടാനുതകും.

## മാർക്കറ്റ്

ഇവിടുത്തെ പ്രധാനപ്പെട്ട കാർഷിക വിളകളായ നേന്ത്രവാഴ, നെല്ല്, കാപ്പി, ഇഞ്ചി, പച്ചക്കറികൾ എന്നിവയുടെ വിപണനം കൃഷിക്കാർക്ക് എപ്പോഴും വിഷമകരമാണ്. കാർഷികോൽപ്പന്നങ്ങൾക്ക് ന്യായമായ വില പലപ്പോഴും ലഭിക്കുന്നില്ല. ഇടത്തട്ടുകാരുടെ ചൂഷണം ഈ മേഖലയിൽ കൂടുതലായും കാണപ്പെടുന്നു. കൈതോലകൊണ്ട് പായ ഉണ്ടാക്കുന്നവരും ഈറ്റ, ചൂരൽ എന്നിവ ഉപയോഗിച്ച് വിവിധതരം വസ്തുക്കൾ നിർമ്മിക്കുന്നവരും ഇവിടെ ധാരാളമുണ്ട്. ന്യായമായ വില പലപ്പോഴും അവരുടെ ഉൽപ്പന്നങ്ങൾക്ക് ലഭിക്കുന്നില്ല. ന്യായമായ വില ലഭ്യമാക്കിയാൽ ഈ കൈത്തൊഴിൽ വളരെയേറെ ആദിവാസികൾക്കും സ്ത്രീകൾക്കും തൊഴിൽ നൽകും. മത്സ്യം, ഇറച്ചി എന്നിവ ഇവിടങ്ങളിൽ വിൽക്കപ്പെടുന്നത് പലപ്പോഴും വഴിയോരങ്ങളിൽ വൃത്തിഹീനമായ സ്ഥലത്തുവെച്ചാണ്.

## സാധ്യതകൾ

- പഞ്ചായത്ത് ആസ്ഥാനത്ത് ഒരു ആഴ്ചച്ചന്ത തുടങ്ങുക.
- ട്രൈബൽ ഡിപ്പാർട്ടുമെൻറ് നടത്തുന്ന പ്രീമെട്രിക്ക് ഹോസ്റ്റലിലേക്ക് ആവശ്യമായ പായ, കൊട്ട എന്നിവ ആദിവാസികളിൽനിന്ന് നേരിട്ട് വാങ്ങുക.
- പഞ്ചായത്തിൻെറ പ്രധാനപ്പെട്ട കേന്ദ്രങ്ങളിൽ മത്സ്യം-ഇറച്ചി എന്നിവ വിൽക്കുവാൻ പ്രത്യേക സ്ഥലവും ഗുണനിലവാരം ഉറപ്പുവരുത്തുവാൻ വേണ്ട നടപടിയും ഉണ്ടാവുക.



# 5.7 – പാർപ്പിടവും സാമൂഹ്യക്ഷേമവും

## പാർപ്പിടം

മാനവ സമൂഹത്തിൻെറ പ്രാഥമികമായ മൂന്ന് ആവശ്യങ്ങളാണ് ഭക്ഷണം, പാർപ്പിടം, വസ്ത്രം എന്നിവ. പ്രാചീനയുഗങ്ങളിൽ വന്യമൃഗങ്ങളിൽ നിന്നും പ്രകൃതിശക്തികളിൽ നിന്നും രക്ഷ നേടുന്നതിനായി മനഷ്യരാശി ഗുഹകളെയും മരപ്പൊത്തുകളെയും ആശ്രയിക്കാൻ തുടങ്ങിയതുമുതൽ പാർപ്പിടത്തിൻെറ ചരിത്രവും ആരംഭിക്കുകയാണ്. കൃഷിയും സ്വകാര്യ സ്വത്തു സമ്പ്രദായവും ആവിർഭവിച്ചപ്പോൾ പാർപ്പിടം എന്ന സങ്കല്പം മനഷ്യന് തലചായ്ക്കാനും അന്തിയുറങ്ങാനും ഒരിടം എന്നതിനേക്കാൾ എത്രയോ മാറിപ്പോയിരിക്കുന്നു. ഒരു വിഭാഗത്തിന് പാർപ്പിടം അന്തിയുറങ്ങാനുള്ള ഒരിടം മാത്രമാണെങ്കിൽ മറ്റൊരു വിഭാഗത്തിന് അന്തസ്സും പ്രൗഢിയും അതിലുപരി പൊങ്ങച്ചവും പ്രദർശിപ്പിക്കുന്നതിനുള്ള ഒരുപാധി കൂടിയായി മാറിയിരിക്കുകയാണ്.

വയനാട് ജില്ലയിലെ പിന്നോക്ക പഞ്ചായത്തുകളിൽ ഒന്നായ തൊണ്ടർനാട് ഗ്രാമപഞ്ചായത്ത് ഇതര മേഖലകളിലെന്നതുപോലെ പാർപ്പിടരംഗത്തും ജില്ലയിലെ മറ്റു പ്രദേശങ്ങളേക്കാൾ ബഹുദൂരം പിന്നിലാണ്. പഞ്ചായത്തിലെ ഭൂരിഭാഗം വരുന്ന കുടുംബങ്ങളും ഇന്നും പച്ചക്കട്ടയും 'പട്ടിവാലൻ' പുല്ലും ഉപയോഗിച്ചു നിർമ്മിച്ചിട്ടുള്ള പ്രാകൃത ഭവനങ്ങളിലാണ് അന്തിയുറങ്ങുന്നത് എന്നതു തന്നെ ഇതിനു ദൃഷ്ടാന്തമാണ്. പഞ്ചായത്തിലെ ജനസംഖ്യയിൽ 22%-ൽ അധികംവരുന്ന പട്ടികജാതി പട്ടിക വർഗ വിഭാഗക്കാരാവട്ടെ മറ്റു പല കാരണങ്ങളാലും പരമ്പരാഗത ശൈലിയിലുള്ള വീടുകളിൽ തന്നെ പാർക്കാൻ താല്പര്യമുള്ളവരുമാണ്.

പഞ്ചായത്തിലെ പത്തു വാഡുകളിലായി ആകെ 5094 വീടുകൾ ഉണ്ട്. ഇതിൽ 68 കോൺക്രീറ്റ് വീടുകളും 1824 ഓടുമേഞ്ഞ വീടുകളും 1123 ഓല, പുല്ല്, വൈക്കോൽ എന്നിവ ഉപയോഗിച്ച് മേഞ്ഞ വീടുകളും 115 ആസ്ബറ്റോസ് മേൽകൂരയുള്ള

വീടുകളുമാണ്. സ്വന്തമായി വീടില്ലാത്ത 340 ഓളം കുടുംബങ്ങൾ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇവരിൽ ഭൂരിഭാഗവും വാടകവീടുകളിൽ താമസിക്കുന്നവരാണ്.




ചിത്രം 5-7.1

ലക്ഷംവീടു പദ്ധതി പ്രകാരം പഞ്ചായത്തിലെ 5-ാം വാർഡിൽപെട്ട തേറ്റമലയിലും ഒമ്പതാം വാർഡിലെ എടച്ചേരിയിലും പത്താം വാർഡിൽ ചിറമൂലയിലും വർഷങ്ങൾക്കുമുമ്പു തന്നെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് വീടും സ്ഥലവും അനുവദിച്ചിരുന്നുവെങ്കിലും ഈ കോളനികളിലെല്ലാം തന്നെ അന്ന് പ്രസ്തുത പദ്ധതി പ്രകാരം വീട് അനുവദിക്കപ്പെട്ടിട്ടുള്ള പലരും അവർക്ക് ലഭ്യമായ വീടും സ്ഥലവും മറ്റു പലർക്കും അനധികൃതമായി കൈമാറുകയോ ഉപേക്ഷിച്ചുപോവുകയോ ലഭ്യമായ സ്ഥലത്ത് ഇതുവരെ പ്രവേശിക്കാതിരിക്കുകയോ ചെയ്തിട്ടുണ്ട്. ഇന്ന് കോളനികളിൽ താമസമാക്കിയിട്ടുള്ള പലരും യഥാർത്ഥ അവകാശികളല്ല. മറിച്ച് നിയസാധുതയുള്ള യാതൊരു രേഖയുമില്ലാതെ അനധികൃതമായി താമസമാക്കിയവരാണ്. അതുപോലെ തന്നെ ചിലരെങ്കിലും അവർക്ക് അനുവദിക്കപ്പെട്ടിട്ടുള്ള 4 സെൻറ് ഭൂമിയിലും കൂടുതലായി കൈവശപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ താമസിക്കുന്നതിൽ അർഹതയുള്ളവർക്ക് കൈവശരേഖ നൽകാനും മറ്റുള്ളവർക്ക് പകരം താമസസൗകര്യം കണ്ടെത്താനും നടപടികൾ സ്വീകരിക്കണം.

ഈ കോളനികൾക്കുപുറമെ ഭൂരഹിത കർഷകത്തൊഴിലാളികൾക്ക് ഭൂമി വിതരണം ചെയ്യുന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ പത്താംവാർഡിൽപെട്ട അത്തിയംകോട് എന്ന സ്ഥലത്ത് 48 ഗുണഭോക്താക്കൾക്ക് 4 സെൻറ് വീതം ഭൂമി അളന്നു തിരിച്ചു കൊടുത്തിട്ടുണ്ട്. ഇവർക്ക് ഭവനനിർമ്മാണത്തിനായി അടുത്ത പഞ്ചവത്സര പദ്ധതിക്കാലത്ത് പരിപാടികൾ ആവിഷ്കരിക്കേണ്ടതാണ്. ഭവനരഹിതരും ദുർബലവിഭാഗക്കാരുമായ ജനവിഭാഗത്തെ സഹായിക്കുന്ന സന്നദ്ധ സംഘടനകളുടെയും മിഷനറികളുടെയും പ്രവർത്തനവും ഇതിലേക്കായി പ്രയോജനപ്പെടുത്താവുന്നതാണ്.

ഭവനനിർമ്മാണ രംഗത്തു പ്രവർത്തിക്കുന്ന ഹൗസിംഗ് സൊസൈറ്റികൾപോലുള്ള ധനകാര്യസ്ഥാപനങ്ങൾ ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. പഞ്ചായത്തിലുള്ള ദേശസാൽകൃതബേങ്കും സഹകരണ ബേങ്കും അവരുടേതായ സ്കീമുകളുണ്ടായിട്ടും പ്രത്യുല്പാദനപരമല്ലെന്ന കാരണത്താൽ ഈ മേഖലയിൽ വായ്പ നൽകുന്നതിൽ വിമുഖത പ്രകടിപ്പിക്കുകയും ചെയ്യുന്നു. ഭവനനിർമ്മാണ ബോഡിൻെറ ജില്ലാ ഓഫീസ് മുഖേനയും ജില്ലാ കാർഷിക വികസന വികസനബേങ്ക് മുഖേനയുമാണ് നമ്മുടെ പഞ്ചായത്തിലെ നാമമാത്രമായ ആളുകൾക്കെങ്കിലും ഭവനനിർമ്മാണ വായ്പ അനുവദിക്കുന്നത്. വായ്പകൾക്ക് അപേക്ഷിക്കുന്നതിനുള്ള വ്യവസ്ഥകളും നടപടിക്രമങ്ങളും ലഘൂകരിക്കുക, പലിശനിരക്ക് കുറക്കുക, കൃത്യമായി വായ്പ തിരിച്ചടക്കുന്നവർക്ക് നൽകിയിരുന്ന പലിശ സബ്സിഡി പുനഃസ്ഥാപിക്കുക എന്നീ പ്രവർത്തനങ്ങളിലൂടെ മാത്രമേ കൂടുതൽ ആളുകൾക്ക് യഥാസമയം വായ്പ ലഭ്യമാക്കുവാൻ സാധിക്കുകയുള്ളൂ. സ്ഥിര വരുമാനക്കാരല്ലാത്ത സാധാരണക്കാർക്ക് വായ്പ നൽകുന്നതിൽ ധനസഹായസ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നു എന്നതും ഈ രംഗത്തെ പ്രശ്നമാണ്.

പണ്ടുണ്ടായിരുന്നതുപോലെ തന്നെ പിന്നോക്ക-ദുർബല വിഭാഗങ്ങളിൽപെട്ടവർ പുതുതായി ഉണ്ടാക്കുന്ന വീടുകളും എളുപ്പത്തിൽ നിർമ്മിക്കാവുന്നതും വാസസൗകര്യവും ഗുണനിലവാരവും കുറഞ്ഞതുമാണ്. ഇടത്തരക്കാരായ കർഷകരും ഇതര ജനവിഭാഗങ്ങളും ഓടുമേഞ്ഞ വീടുകൾ ഉണ്ടാക്കുന്നുണ്ട്. മുമ്പുള്ളതിൽ നിന്നും വ്യത്യസ്തമായി കോൺക്രീറ്റ് വീടുകളും ആധുനിക രീതിയിലുള്ള കെട്ടിട നിർമ്മാണ സാമഗ്രികൾ ഉപയോഗിച്ചുള്ള ധാരാളിത്തവും പ്രൗഢിയും പ്രകടമാക്കുന്ന ചുരുക്കം

ചില വീടുകളും ഇപ്പോൾ നിർമ്മിച്ചുവരുന്നുണ്ട്.

വിവിധ വകുപ്പുകൾ മുഖേന പട്ടികവർഗ വിഭാഗത്തിൽപ്പെട്ടവർക്കായി മുമ്പ് പലപ്പോഴായി നിർമ്മിച്ചുകൊടുത്തിട്ടുള്ള വീടുകളിൽ ഭൂരിഭാഗവും ഇപ്പോൾ തീർത്തും വാസയോഗ്യമല്ലാത്ത അവസ്ഥയിലാണ്. ഇത്തരം വീടുകളിൽ താമസിക്കുന്നതിന് ആ വിഭാഗത്തിൽപ്പെട്ട ആളുകൾ താത്പര്യം പ്രകടിപ്പിക്കാതിരിക്കുന്നതിന് ചില കാരണങ്ങൾ ഉണ്ട്. വീടു നിർമ്മിക്കുന്നതിൽ സ്വന്തമായ പങ്കാളിത്തമില്ലായ്മ, പ്രദേശത്തിൻെറ കാലാവസ്ഥക്കും താമസിക്കുന്ന ജന വിഭാഗത്തിൻെറ ആചാരാനുഷ്ഠാനങ്ങൾക്കും ഇണങ്ങാത്ത രൂപകല്പന എന്നിവ ഇതിൽ മുഖ്യ കാരണങ്ങളാണ്. വരുംകാല പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോഴും പ്രയോഗത്തിൽ വരുത്തുമ്പോഴും ഇത്തരം ന്യൂനതകൾ പരിഹരിക്കപ്പെടേണ്ടതാണ്.

ഈയടുത്തകാലത്തായി കെട്ടിട നിർമ്മാണ മേഖലയിൽ തൊഴിലെടുക്കുന്നവരുടെ എണ്ണം നമ്മുടെ പ്രദേശത്തും വർദ്ധിച്ചുവരുന്നുണ്ട്. പ്രത്യേകിച്ചും സ്ത്രീതൊഴിലാളികൾ. അടുത്തകാലം വരെ അന്യദേശക്കാരായ തൊഴിലാളികളെ മാത്രമാണ് ഈ മേഖലയിൽ ആശ്രയിക്കാനുണ്ടായിരുന്നത്.

ഇതരതൊഴിലുകളെ അപേക്ഷിച്ച് കൂടിയ കൂലി നിരക്കും കൂടുതൽ തൊഴിൽ ദിനങ്ങളുടെ ലഭ്യതയും കൂടുതൽ ആളുകളെ നിർമ്മാണ തൊഴിൽരംഗത്തേക്ക് ആകർഷിക്കുന്ന ഘടകങ്ങളാണ്. ഈ മേഖലയിൽ ഇനിയും ധാരാളം ആളുകൾക്ക് തൊഴിൽ സാധ്യതകൾ കണ്ടെത്താവുന്നതാണ്. ഈ രംഗത്ത് കഴിഞ്ഞ പത്തുവർഷങ്ങളിലുണ്ടായ കൂലി വർദ്ധനവ് താഴെ കാണിക്കുന്നു.

വീടു നിർമ്മാണത്തിനായി ഉപയോഗിക്കുന്ന അസംസ്കൃത സാധനങ്ങൾ അധികവും മറ്റു സംസ്ഥാനങ്ങളിൽ നിന്നും നമ്മുടെ നാടിൻെറ ഇതരഭാഗങ്ങളിൽ നിന്നും ഇറക്കുമതി ചെയ്യുന്നവയാണ്. നമ്മുടെ പഞ്ചായത്തിൽ കെട്ടിട നിർമ്മാണത്തിനുള്ള അസംസ്കൃത സാധനങ്ങളായ ഇഷ്ടിക ഒന്നാം വർഡിൽപ്പെട്ട കുഞ്ഞോത്തും രണ്ടാം വർഡിൽപ്പെട്ട മട്ടിലയത്തും ഒമ്പതാം വാർഡിലെ പാലേരിയിലും നിർമ്മിക്കുന്നുണ്ട്. മൂന്നാംവാർഡിൽ കോറോത്ത് ഹോളോ ബ്ലോക്ക്, സിമൻറ് കട്ട, ക്രാസി എന്നിവ നിർമ്മിക്കുന്ന ഒരു യൂണിറ്റ് പ്രവർത്തിക്കുന്നുണ്ട്. എട്ടാം വാർഡിൽപ്പെട്ട പോണ്ടറ എന്ന സ്ഥലത്ത് പട്ടികവർഗ വിഭാഗത്തിൽപ്പെട്ട നിർമ്മാണതൊഴിലാളികളുടെ ഒരു സഹകരണ സംഘവും രണ്ടാം വാർഡിൽ വളാംതോട് എന്ന സ്ഥലത്ത് പ്രവർത്തിക്കുന്ന ജസീം ഹോളോബ്രിക്സ് ആൻറ് സ്റ്റോൺ ക്രഷർ എന്ന സ്ഥാപനവും ഈ മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണ്. ഇതൊക്കെയാണെങ്കിലും യഥാസമയങ്ങളിൽ കെട്ടിട നിർമ്മാണ സാമഗ്രികൾ ആവശ്യക്കാർക്ക് ലഭിക്കുന്നില്ല എന്ന യാഥാർത്ഥ്യം ഇവിടെ നിലനിൽക്കുന്നു.

പഞ്ചായത്തിലെ തൊഴിൽരഹിതരായ അഞ്ചോ ആറോ ചെറുപ്പക്കാർ ചേർന്ന് രൂപം കൊടുക്കുന്ന സെൽഫ് എംപ്ലോയ്മെൻറ് ഗ്രൂപ്പുകൾക്ക് ചുരുങ്ങിയകാലത്തെ പരിശീലനത്തിലൂടെ ഈ മേഖലയിൽ തൊഴിൽ കണ്ടെത്താവുന്നതാണ്. ഗ്രാമവികസന ബ്ലോക്ക് മുഖേന ഇത്തരം ഗ്രൂപ്പുകൾക്ക് വായ്പാ ധനസഹായം നൽകുന്നതിനുള്ള പദ്ധതികൾ ഇവർക്ക് പ്രയോജനപ്പെടുത്താവുന്നതാണ്. കെട്ടിടങ്ങളുടെ വാർഷിക അറ്റകുറ്റപ്പണികളും പെയിൻറിംഗും മറ്റും നടത്തുന്ന

**കെട്ടിട നിർമ്മാണ മേഖലയിലെ കൂലിനിരക്ക് -താരതമ്യം**

| തൊഴിൽ ഇനം | 1985-ലെ കൂലി | 1990-ലെ കൂലി | 1995-ലെ കൂലി |
|---|---|---|---|
| വിദഗ്ദ്ധതൊഴിലാളികൾ (കൽപ്പണി, മരപ്പണി തുടങ്ങിയവ | 50 | 100 | 150 |
| അവിദഗ്ദ്ധ തൊഴിലാളി-പുരുഷൻ | 35 | 60 | 100 |
| സ്ത്രീ | 20 | 40 | 60 |

പട്ടിക 5-71

തിനും തൊഴിൽ രഹിതരായ ചെറുപ്പക്കാരുടെ ചെറുസംഘങ്ങൾക്ക് ചുരുങ്ങിയ പരിശീലനത്തിലൂടെ തൊഴിൽ കണ്ടെത്താൻ കഴിയുന്നതാണ്.

വാസയോഗ്യമായ ഒരു ഭവനം എന്ന സാധാരണക്കാരൻെറ സ്വപ്നത്തിൽ കരിനിഴൽ പടർത്തുന്ന രീതിയിലാണ് ഇന്ന് കെട്ടിട നിർമ്മാണ സാമഗ്രികൾക്ക് വിലക്കയറ്റം അനുഭവപ്പെട്ടുകൊണ്ടിരിക്കുന്നത്. 1985-ൽ ഒരു ചാക്ക് സിമൻറിൻെറ വില 45 രൂപയായിരുന്നത് 90-ൽ 70-രൂപയും 95-ൽ 140 രൂപയും ഇപ്പോൾ 180 രൂപയായും വർദ്ധിച്ചിരിക്കുകയാണ്. ഇതുപോലെ തന്നെയാണ് മറ്റു സാധനങ്ങളുടെയും അവസ്ഥ. ചെലവുകുറഞ്ഞ നിർമ്മാണ രീതിയും സാങ്കേതിക വിദ്യയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്നതുമാത്രമാണ് ഈ പ്രശ്നത്തിനുള്ള ഏക പ്രതിവിധി. ഈ രംഗത്തു പ്രവർത്തിക്കുന്ന നിർമ്മിതികേന്ദ്രം പോലുള്ള സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് തോറും യൂണിറ്റുകൾ ആരംഭിച്ചാൽ ഒരു പരിധിവരെ സാധാരണക്കാരനും ഇടത്തരക്കാരനും പ്രയോജനപ്രദമായിരിക്കും.

വേനൽക്കാലത്തിനുശേഷമുള്ള മഴക്കാലത്തിൻെറ ആരംഭത്തിലോ ഇടമഴപെയ്യാൻ തുടങ്ങുന്ന സമയങ്ങളിലോ മാനത്ത് കരിമേഘങ്ങൾ പ്രത്യക്ഷപ്പെട്ടാൽ നമ്മുടെ പ്രദേശത്തെ വലിയവിഭാഗം ആളുകളുടെ ഉള്ളിൽ തീ പടരുകയായി. ഇത്തരം സമയങ്ങളിൽ മഴ പെയ്യുന്നതുമൂലം ഓലക്കുടിലുകൾ മിക്കതും ചോർന്നൊലിക്കുന്നു. കുടിലുകളുടെയും ഓലപ്പുരകളുടെയും വർഷം തോറുമുള്ള കെട്ടിമേച്ചിലിന് ഭീമമായ തുക തന്നെ ചെലവഴിക്കപ്പെടുന്നുണ്ട്. ഇതിനുപയോഗിക്കുന്ന ഓലയുടെ വിലയും വർഷംതോറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി, നാദാപുരം മേഖലകളിൽ നിന്നാണ് ഇവിടേക്ക് മേച്ചിൽ ഓല കൊണ്ടുവരുന്നത്. ഇടത്തട്ടുകാരുടെ ഇടപെടലുകൾ മൂലമാണ് ഇത്രയധികം രൂക്ഷമായ വിലവർദ്ധനവ് അനുഭവപ്പെടുന്നത്.

അധികം ഡിമാൻറില്ലാത്ത സീസണിൽ തന്നെ ഓല സംഭരിച്ചുവെക്കുന്നതിലൂടെയും ഒരു പ്രദേശത്തെ പത്തോഇരുപതോ ആവശ്യക്കാർ ഒത്തുചേർന്നുകൊണ്ട് ഇടത്തട്ടുകാരെ ഒഴിവാക്കി ഉല്പാദന കേന്ദ്രത്തിൽ നിന്നും നേരിട്ട് കൊണ്ടു വരികയും ചെയ്യുകയാണെങ്കിൽ ഇന്നുള്ളതിൻെറ 30% വിലക്കുറവ് അനുഭവപ്പെടുന്നതാണ്. ചില പ്രത്യേക രാസമിശ്രിതങ്ങളുടെ പ്രയോഗത്തിലൂടെ പുരമേയാനുപയോഗിക്കുന്ന ഓല മൂന്നോ നാലോവർഷം കേടുകൂടാതെ ഇരിക്കുമെന്ന് അടുത്തകാലത്ത് കണ്ടെത്തിയിട്ടുണ്ട്. ഇത്തരം സാങ്കേതിക വിദ്യകൾ വ്യാപകമായി പ്രചരിപ്പിക്കുന്നതുമൂലം സാധാരണക്കാരായ ജനങ്ങൾക്ക് ഒരു പരിധിവരെയെങ്കിലും ആശ്വാസപ്രദമായിരിക്കും. പഞ്ചായത്തിൽനിന്നും പട്ടികജാതി-പട്ടികവർഗ വികസനവകുപ്പുകളിൽ നിന്നും നിർദ്ധനരായ കുടുംബങ്ങൾക്ക് പുരകെട്ടി മേയുന്നതിനായി ചെറിയ തോതിൽ ധനസഹായം നൽകിവരുന്നുണ്ട്. പഞ്ചായത്തിൽ നിന്ന് 1995-96ൽ 40 ഗുണഭോക്താക്കൾക്ക് 500രൂപ വീതവും 1996-97 ൽ 75 ഗുണഭോക്താക്കൾക്ക് 400 രൂപ വീതവും ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. ഇത്തരം ക്ഷേമപദ്ധതികൾ വ്യാപകമാക്കുന്നതിന് പഞ്ചായത്തിൻെറ മോശമായ സാമ്പത്തിക സ്ഥിതി പ്രതികൂലമായി വർത്തിക്കുന്നു.

## ഭവന നിർമ്മാണ രംഗത്ത് പ്രവർത്തിക്കുന്ന ഏജൻസികൾ

നിർദ്ധനരും പിന്നോക്ക ജനവിഭാഗത്തിൽ പെട്ടവരുമായ ആളുകൾക്ക് വീടു നിർമ്മിക്കുന്നതിന് ധനസഹായം ലഭ്യമാക്കുന്ന വിവിധ ഏജൻസികളും ഡിപ്പാർട്ടുമെൻറുകളുടെ നേതൃത്വത്തിലുള്ള വിവിധ പദ്ധതികളും ഇന്നു നിലവിലുണ്ട്. പഞ്ചായത്ത്, ഗ്രാമവികസനവകുപ്പ്, റവന്യൂ വകുപ്പ്, വനംവകുപ്പ്, ഫിഷറീസ് വകുപ്പ് എന്നിവ ഇതിൽ ചിലതാണ്. പഞ്ചായത്തിൽ നിന്നും ജെ ആർ വൈ, അൺടൈഡ് പദ്ധതികളിൽ ഉൾപ്പെടുത്തിയും ഗ്രാമവികസനവകുപ്പ് ഐ എ വൈ മില്യൺവെൽ പദ്ധതികളിലൂടെയും റവന്യൂ വകുപ്പ് പുനരധിവാസ ഭവന നിർമാണ പദ്ധതി മുഖേനയും വനംവകുപ്പിൻെറ ഗിരിവർഗ്ഗ നിർമ്മാണ പദ്ധതികൾ മുഖേനയുമാണ് ഭവനനിർമ്മാണ ധനസഹായം ലഭ്യമാകുന്നത്.

വകുപ്പുകൾ തമ്മിൽ പരസ്പര ബന്ധമില്ലാതെ പദ്ധതികൾ നടപ്പിലാക്കുന്നതുമൂലവും ഓരോ വകുപ്പുകളും അവരുടെ ടാർജറ്റ് പൂർത്തീകരിക്കുക എന്ന ലക്ഷ്യം മാത്രം മുന്നിൽകണ്ട് പ്രവർത്തിക്കുന്നതിനാലും ഇത്തരം ആനുകൂ

ല്യങ്ങൾ പലപ്പോഴും ദുരുപയോഗം ചെയ്യപ്പെടുന്നു. പഞ്ചായത്ത് ജെ ആർ വൈ പദ്ധതിയിൽ വീടു ലഭിച്ച് പണി ആരംഭിച്ച ഗുണഭോക്താവിനു തന്നെ വനവകുപ്പിൽ നിന്നും വീടു നിർമ്മാണത്തിനായി ധനസഹായം ലഭിച്ച സംഭവം ഇതിന് ഒരു ഉദാഹരണമാണ്. വിവിധ വകുപ്പുകൾ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുമ്പോൾ അർഹരായവരെ ഗ്രാമപഞ്ചായത്ത് ശുപാർശ മുഖേന മാത്രം തെരഞ്ഞെടുക്കുകയാണെങ്കിൽ ഇത്തരം പാകപ്പിഴകൾ ഒഴിവാക്കാവുന്നതാണ്.

ഓരോ വകുപ്പും നൽകിവരുന്ന ധനസഹായം വ്യത്യസ്ത നിരക്കിലാണ്. ഇവയാകട്ടെ ഇന്നത്തെ കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലയും കൂലി നിരക്കുകളുമായി തട്ടിച്ചു നോക്കുമ്പോൾ തീരെ അപര്യാപ്തവുമാണ്. ഒരു വീടിന് ഏറ്റവും കുറഞ്ഞ ധനസഹായം 25000 രൂപയെങ്കിലും നൽകുന്നതിനു നടപടി സ്വീകരിച്ചാൽ ഇന്നത്തേതിലും ഗുണ നിലവാരമുള്ള വീടുകൾ നിർമ്മിക്കാൻ സാധിക്കുന്നതാണ്. നിർദ്ധനവിഭാഗക്കാർക്ക് ഭവന നിർമ്മാണ ധനസഹായം ലഭ്യമാക്കുന്ന സന്നദ്ധ സംഘടനകളുടെയും മിഷനറിമാരുടെയും സേവനങ്ങളും നമ്മുടെ പഞ്ചായത്തിൽ അങ്ങിങ്ങ് ഉണ്ടായിട്ടുണ്ട്. എന്നാൽ ഈ സാധ്യത വ്യാപകമായ തോതിൽ ഉപയോഗപ്പെടുത്താവുന്നതാണ്.

## നടപ്പുപദ്ധതികൾ

നടപ്പുവർഷത്തിൽ പഞ്ചായത്ത് ജെ ആർ വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 19 പട്ടികജാതി പട്ടിക വർഗ ഗുണഭോക്താക്കൾക്ക് വീടു നിർമ്മിക്കുന്നതിനു ധനസഹായം അനുവദിച്ചിട്ടുണ്ട്. ഗ്രാമവികസന വകുപ്പു മുഖേന നടപ്പിലാക്കുന്ന ഐ എ വൈ പദ്ധതി പ്രകാരം 55 ഗുണഭോക്താക്കൾക്ക് വീട് അനുവദിച്ചിട്ടുണ്ട്. ഇതിൽ 60% ദാരിദ്ര്യരേഖക്ക് താഴെയുള്ള പിന്നോക്ക വിഭാഗത്തിൽ പെട്ടവർക്കും 40% പട്ടികജാതി പട്ടിക വർഗത്തിൽപെട്ടവർക്കുമാണ്. ഒമ്പതാം പഞ്ചവത്സര പദ്ധതിയുടെ അവസാനത്തിലെങ്കിലും " എല്ലാവർക്കും പാർപ്പിടം" എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി തീരട്ടെ നമ്മുടെ ഇനിയുള്ള പ്രവർത്തനങ്ങൾ.

## പ്രശ്നങ്ങൾ

1. ഭവന നിർമ്മാണ വായ്പാദ്ധതികളുടെ അപ്രാപ്യത.

2. കെട്ടിട നിർമ്മാണ സാമഗ്രികളുടെ അടിക്കടിക്കുള്ള വിലക്കയറ്റവും ദൗർലഭ്യവും.

3. വിദഗ്ധ തൊഴിലാളികളുടെ ദൗർലഭ്യം

4. ലക്ഷം വീടു കോളനികളിലെ അനധികൃത കയ്യേറ്റം.

5. വിവിധ ഏജൻസികളുടെ പരസ്പര ബന്ധമില്ലാത്ത പദ്ധതി നടപ്പാക്കൽ.

6. നിർമ്മിച്ചു നൽകുന്ന വീടുകളുടെ ഗുണനിലവാരമില്ലായ്മ.

7. ഗുണഭോക്താവിൻെറ പങ്കാളിത്തമില്ലായ്മ.

8. മേച്ചിൽ സാധനങ്ങളുടെ മേഖലയിൽ ഇടത്തട്ടുകാരുടെ ചൂഷണം.

## സാധ്യതകൾ

ഭവന നിർമ്മാണ വായ്പാ സ്ഥാപനങ്ങൾക്ക് താലൂക്ക് തലത്തിലെങ്കിലും ശാഖകൾ ഉണ്ടാവുക.

2. അപേക്ഷകൻ തന്നെ ഒന്നിലധികം ഓഫീസുകളിൽ കയറിയിറങ്ങി അപേക്ഷ തയ്യാറാക്കുന്ന രീതി നിർത്തി അപേക്ഷ സമർപ്പിക്കുന്ന ഓഫീസിൽ നിന്നും ബന്ധപ്പെട്ട മറ്റു ഓഫീസുകളിൽ അന്വേഷിച്ച് തീർപ്പു കൽപിക്കുന്ന രീതി ആരംഭിക്കുക.

3. വായ്പാ വ്യവസ്ഥകൾ ലളിതമാക്കുക. വായ്പ കൃത്യമായി തിരിച്ചടക്കുന്ന ഗുണഭോക്താവിന് പലിശ സബ്സിഡി അനുവദിക്കുക.

4. ലക്ഷം വീടു കോളനികളിലെ സ്ഥലങ്ങൾ യഥാർത്ഥ ഗുണഭോക്താക്കൾക്ക് പതിച്ചു നൽകുകയും പുനരധിവാസ ഭവന നിർമ്മാണ പദ്ധതികൾക്ക് പ്രാധാന്യം നൽകുകയും ചെയ്യുക.

5. ഭൂരഹിതരായവരെ പുരധിവസിപ്പിക്കുന്നതിനായി പുതിയ സ്ഥലങ്ങൾ കണ്ടെത്തുക.

6. പ്രാദേശികമായി കെട്ടിട നിർമ്മാണ സാമഗ്രികളുടെ നിർമ്മാണത്തിനായി യുവാക്കളുടെ സെൽഫ് എംപ്ലോയ്മെൻറ് ഗ്രൂപ്പുകളെ പ്രോത്സാഹിപ്പിച്ച് ഭവനസഹായം ലഭ്യമാക്കുക.

7. നിർമ്മാണ മേഖലയിലെ തൊഴിലുകൾ പരിശീലിക്കുന്നതിന് യുവാക്കൾക്ക് ട്രൈസം മാതൃകയിൽ ധനസഹായം ലഭ്യമാക്കുക.

8. ചെലവുകുറഞ്ഞ നിർമ്മാണ രീതി

കളും സാങ്കേതികവിദ്യകളും വ്യാപകമായി പ്രചരിപ്പിക്കുക.

9. വലിയ മുടക്കുമുതൽ ഉപയോഗിച്ചു നിർമിക്കുന്ന വീടുകൾക്ക് നികുതി നിരക്ക് വർദ്ധിപ്പിക്കുക.

10.വിവിധ ഏജൻസികളും ഡിപ്പാർട്ടുമെൻറുകളും വഴി നടപ്പിലാക്കുന്ന ഭവന നിർമ്മാണ പദ്ധതികളുടെ ഗുണഭോക്താക്കളെ ഗ്രാമപഞ്ചായത്ത് മുഖേന തെരഞ്ഞെടുക്കുക.

11. ഭവന നിർമ്മാണ പ്രവർത്തനങ്ങളിൽ സന്നദ്ധ സംഘടനകളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തുക.

12. മേച്ചിൽ സാധനങ്ങൾ ഉല്പാദന സ്ഥലങ്ങളിൽ നിന്നും ഗുണഭോക്താക്കൾ ഗ്രൂപ്പടിസ്ഥാനത്തിൽ നേരിട്ടു ശേഖരിക്കുക.

## സാമൂഹ്യക്ഷേമം

1991-ലെ സെൻസസ് കണക്കുകൾ അനുസരിച്ച് തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ 3844 കുടുംബങ്ങളിലായി 19639 ആളുകൾ താമസിക്കുന്നുണ്ട്. ഇതിൽ 9893 പുരുഷന്മാരും 9746 സ്ത്രീകളുമാണ്. 1992-ലെ ഐ ആർ ഡി പി സർവെ പ്രകാരം തൊണ്ടർനാട് വില്ലേജിൽപ്പെട്ട 1841 കുടുംബങ്ങളും കാഞ്ഞിരങ്ങാട് വില്ലേജിൽപ്പെട്ട 1211 കുടുംബങ്ങളും ദാരിദ്ര്യരേഖക്ക് താഴെയുള്ളവരാണ്. ഇത് ആകെ കുടുംബങ്ങളുടെ ഏതാണ്ട് 79% വരും. ഈ പഞ്ചായത്തിൻെറ സാമൂഹ്യമായ പിന്നോക്കാവസ്ഥയുടെ ഒരു വ്യക്തമായ ചിത്രം ഇതിൽനിന്നുംതന്നെ ലഭ്യമാണല്ലോ.

ദാരിദ്ര്യ നിർമ്മാർജന പദ്ധതികളുടെ ഭാഗമായി ഐ ആർ ഡി പി ലിസ്റ്റിൽ ഉൾപ്പെടുന്ന കുടുംബങ്ങളെ ഉദ്ദേശിച്ച് ഗ്രാമവികസന വകുപ്പ് മുഖേന നടപ്പിലാക്കിയിട്ടുള്ള വായ്പാ ധനസഹായ പദ്ധതികളായ സ്വയം തൊഴിൽ വായ്പ, ട്രൈസം, ഡി ഡബ്ല്യൂ സി ആർ എ, റൂറൽ ആർട്ടിസാൻസ് പ്രോഗ്രാം എന്നിവയിലായി കഴിഞ്ഞ നാലുവർഷം കൊണ്ട് 514 ഗുണഭോക്താക്കൾ സഹായം ലഭ്യമാക്കിയിട്ടുണ്ട്.

ഇത്തരം ധനസഹായപദ്ധതികൾ നിലവിലുണ്ടെങ്കിലും കഴിഞ്ഞ നാലുവർഷത്തിനുള്ളിൽ ആകെ നിർധന കുടുംബങ്ങളുടെ 17%-ൽ കുറഞ്ഞ കുടുംബങ്ങൾക്കു മാത്രമേ ഇവയുടെ പ്രയോജനം ലഭ്യമായിട്ടുള്ളു. ദരിദ്രരുടെ എണ്ണം അനുദിനമെന്നോണം ഏറിവരുന്ന ഈ കാലഘട്ടത്തിൽ ദാരിദ്ര്യ നിർമ്മാർജന പദ്ധതികളുടെ വ്യാപകമായ തോതിലുള്ള നടപ്പാക്കലിൻെറ ആവശ്യകതയിലേക്ക് വിരൽ ചൂണ്ടുന്ന ഒരു വസ്തുതയാണിത്.

വായ്പാ ധനസഹായം ലഭ്യമായിട്ടുള്ള ഗുണഭോക്താക്കളിൽ പലരും അവ ശരിയായ രീതിയിൽ പ്രയോജനപ്പെടുത്തിക്കാണുന്നില്ല. സയംതൊഴിൽ വായ്പാ പദ്ധതിപ്രകാരം

**IRDP ധനസഹായം ലഭ്യമായവരുടെ എണ്ണം.**

| വർഷം | സ്വയംതൊഴിൽ വായ്പ | ട്രൈസം | ഡി ഡബ്ല്യൂ സി ആർ എ | ആർ എ പി |
|---|---|---|---|---|
| 1991-93 | 69 | 7 | 21 | |
| 1993-94 | 80 | 5 | 20 | 44 |
| 1994-95 | 77 | 10 | 29 | |
| 1995-96 | 89 | 7 | 56 | |
| ആകെ | 315 | 29 | 126 | 44 |

പട്ടിക 5-7 . 2

ധനസഹായം സ്വീകരിക്കുന്ന പലരും പ്രാദേശികമായ തൊഴിൽസാധ്യതയില്ലാത്ത സംരംഭങ്ങൾക്ക് തുക വിനിയോഗിക്കുന്നതുമൂലം ഫലപ്രാപ്തി കൈവരിക്കുന്നില്ല. ഡി ഡബ്ല്യു സി ആർ എ യൂണിറ്റുകളിൽ അംഗങ്ങളായി വായ്പ എടുക്കുന്നവർ മറ്റു പല തൊഴിൽ മേഖലകളിലേക്കും തിരിയുന്നതും യൂണിറ്റിന്റെ പരാജയത്തിന് കാരണമായിത്തീരുന്നുണ്ട്. ട്രൈസം പദ്ധതി പ്രകാരം തൊഴിൽ പരിശീലനം നേടുന്നവർക്ക് തുടർന്നും അവർ അഭ്യസിച്ച തൊഴിൽ സംരംഭം സ്വന്തമായി തുടങ്ങുന്നതിന് പലപ്പോഴും കഴിയാതെ വരുന്നതിനാൽ പരിശീലനം വൃഥാവിലായിപ്പോകുന്ന അവസ്ഥയും നിലവിലുണ്ട്. ഇത്തരം ന്യൂനതകൾ പരിഹരിക്കുന്നതിലൂടെയും കൂടുതൽ കുടുംബങ്ങൾക്ക് സഹായം ലഭ്യമാക്കുന്നതിലൂടെയും മാത്രമേ പദ്ധതി ലക്ഷ്യപ്രാപ്തി കൈവരിക്കുകയുള്ളൂ.

ഐ ആർ ഡി പി ഗുണഭോക്താക്കളുടെ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ചിലരെങ്കിലും ഇത്തരം ആനുകൂല്യങ്ങൾക്ക് അർഹതയില്ലാത്തവരാണെന്ന വസ്തുതയും കണക്കിലെടുക്കേണ്ടതാണ്. ജനകീയ സമിതികളുടെ നേതൃത്വത്തിൽ ലിസ്റ്റ് പരിശോധിച്ച് അനർഹരായവരെ ഒഴിവാക്കുന്നതിലൂടെ ആനുകൂല്യങ്ങൾ യഥാർത്ഥത്തിൽ അർഹതയുള്ളവർക്കു ലഭിക്കുന്നു എന്നുറപ്പുവരുത്തേണ്ടതാണ്.

സെൻസസ് റിപ്പോർട്ടുകൾ പ്രകാരം നമ്മുടെ പഞ്ചായത്തിലെ 11540 പേർ തൊഴിൽ രഹിതരാണ്. ഇത് മൊത്തം ജനസംഖ്യയുടെ 58.59% വരും. ഈ കണക്ക് പ്രകാരം സർക്കാർ മേഖലയിലും തോട്ടം മേഖലയിലും തൊഴിലെടുക്കുന്നവരെ മാത്രമാണ് മുഖ്യമായും തൊഴിലുള്ളവരുടെ എണ്ണത്തിൽ പെടുത്തിയിരിക്കുന്നത്. ഇതിനു പുറമെ കാർഷിക- വാണിജ്യമേഖലകളിൽ തൊഴിലെടുക്കുന്ന വലിയ ഒരു വിഭാഗവും നമ്മുടെ പഞ്ചായത്തിലുണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്ട്രർ ചെയ്ത 278 അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ നമ്മുടെ പഞ്ചായത്തിലുണ്ട്. ഇതിൽ 168 പേർക്ക് തൊഴിലില്ലായ്മ വേതനം ലഭിക്കുന്നുണ്ട്. അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് നമ്മുടെ പ്രദേശത്ത് സാധ്യതയുള്ള തൊഴിൽ സംരംഭങ്ങളെപ്പറ്റിയും അവ തുടങ്ങുന്നതിനാവശ്യമായ പരിശീലനം നൽകുന്നതും ധനസഹായങ്ങൾ ലഭ്യമാകുന്നതുമായ ഏജൻസികളെക്കുറിച്ചും അറിവുനൽകേണ്ടത് അത്യാവശ്യമാണ്. ഇതിനായി പഞ്ചായത്ത്തലത്തിൽ ഒരു കരിയർഗൈഡൻസ് സെൻറർ ആരംഭിക്കാവുന്നതാണ്. വിവിധ ജോലികൾക്കായി നടത്തപ്പെടുന്ന മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിന് പരിശീലനം നൽകുന്നതിനും ഇത്തരം കേന്ദ്രങ്ങളുടെ സേവനം ലഭ്യമാക്കാവുന്നതാണ്. നമ്മുടെ പ്രദേശത്തുള്ള യുവജനങ്ങളുടെ തൊഴിൽ രംഗത്തെ പിന്നോക്കാവസ്ഥ ഒരു പരിധിവരെയെങ്കിലും പരിഹരിക്കാൻ ഇത്തരം നടപടികളിലൂടെ സാധ്യമാവുന്നതാണ്.

## പെൻഷൻ പദ്ധതികൾ

സമൂഹത്തിലെ അവശതയനുഭവിക്കുന്ന ജന വിഭാഗങ്ങളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആവിഷ്കൃമായിട്ടുള്ളതാണ് വിവിധ പെൻഷൻ പദ്ധതികൾ എങ്കിലും വിവിധ പെൻഷനുകൾ ലഭിക്കുവാൻ അർഹതയുള്ള നല്ലൊരു വിഭാഗം ആളുകൾക്ക് ഇത്തരം പദ്ധതികളുടെ പ്രയോജനം ലഭ്യമാകുന്നില്ല. നമ്മുടെ പഞ്ചായത്തിലെ വിവിധ വാർഡുകളിൽ ഉള്ള വിധവകളുടെയും വികലാംഗരുടെയും എണ്ണം കാണിക്കുന്ന പട്ടിക താഴെ കൊടുക്കുന്നു. ➡

| വാർഡ | വിധവകൾ | വികലാംഗർ | | | | |
|---|---|---|---|---|---|---|
| | | അന്ധർ | മൂകർ | ബധിരർ | മറ്റു വികലാംഗർ | ആകെ വികലാംഗർ |
| I | 32 | 4 | 1 | 2 | 9 | 16 |
| II | 58 | 15 | 4 | 7 | 9 | 35 |
| III | 41 | 2 | 2 | 3 | 7 | 14 |
| IV | 41 | 11 | 6 | 2 | 7 | 26 |
| V | 84 | 5 | 5 | 1 | 2 | 13 |
| VI | 60 | 4 | - | 4 | 8 | 16 |
| VII | 68 | 7 | 1 | 2 | 6 | 16 |
| VIII | 44 | 1 | 4 | - | 3 | 8 |
| IX | 26 | 3 | 1 | - | 5 | 9 |
| X | 79 | 4 | 3 | 1 | 12 | 20 |
| ആകെ | 533 | 56 | 27 | 22 | 68 | 173 |

അവലംബം പ്രാഥമിക സ്ഥിതിവിവരപട്ടിക 1996
പട്ടിക 5–7. 4

ഇവരിൽ പെൻഷൻ ലഭിക്കുന്നവരുടെ എണ്ണം പരിശോധിച്ചാൽ പെൻഷൻ പദ്ധതികളുടെ അപര്യാപ്തത മനസ്സിലാക്കാവുന്നതാണ്.

**വിവിധ പെൻഷനുകൾ ലഭിക്കുന്നവരുടെ എണ്ണം**

| വില്ലേജ് | വിധവാ പെൻഷൻ | വികലാംഗ പെൻഷൻ | വാർധക്യ പെൻഷൻ | ക്ഷയരോഗി പെൻഷൻ | കർഷകത്തൊഴിലാളി പെൻഷൻ |
|---|---|---|---|---|---|
| തൊണ്ടർനാട് | 48 | 38 | 12 | – | 258 |
| കാഞ്ഞിരങ്ങാട് | 19 | 9 | 2 | 3 | 25 |
| ആകെ | 67 | 47 | 14 | 3 | 283 |

പട്ടിക 5–7. 5

വിധവകളിൽ 12.5 ശതമാനത്തിനും വികലാംഗരിൽ 27.1 ശതമാനത്തിനും മാത്രമേ പെൻഷൻ ലഭിക്കുന്നുള്ളു. വിവിധ പെൻഷൻ ലഭിക്കാനർഹതയുള്ള പലർക്കും ഇക്കാര്യത്തെക്കുറിച്ച് അറിവില്ലായ്മമൂലം ബന്ധപ്പെട്ട അധികാരികൾക്ക് അപേക്ഷ സമർപ്പിച്ചിട്ടില്ല. അപേക്ഷിച്ചവരിൽ തന്നെ നല്ലൊരു വിഭാഗത്തിനും ഒന്നിലധികം ഓഫീസുകളിൽ കയറിയിറങ്ങി മാസ

ങ്ങളോളം അപേക്ഷയുടെ പിന്നാലെ നടക്കേണ്ട അവസ്ഥയുള്ളതിനാൽ ഇടക്കുവെച്ച് ശ്രമം ഉപേക്ഷിക്കേണ്ടി വന്ന സ്ഥിതി ഉണ്ട്. പെൻഷൻ ആനുകൂല്യങ്ങൾക്ക് അപേക്ഷിക്കുന്നതിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുന്നതിലൂടെ മാത്രമേ ഇതിനു പരിഹാരം കാണാൻ കഴിയുകയുള്ളു. പെൻഷൻ വിതരണം ജില്ലാ പഞ്ചായത്തിന്റെ അധികാരപരിധിയിൽ ആണെങ്കിലും ഇപ്പോൾ കുറെ മാസങ്ങളായി വിതരണം മുടങ്ങിക്കിടക്കുകയാണ്. വിവിധ പെൻഷൻ അനുവദിക്കുന്നതിനുള്ള അധികാരവും പെൻഷൻ വിതരണത്തിനുള്ള ചുമതലയും ഗ്രാമപഞ്ചായത്തിനെ ഏൽപ്പിക്കുകയാണെങ്കിൽ ഈ പദസതി കൊണ്ടുള്ള പ്രയോജനം യഥാർത്ഥത്തിൽ അർഹരായ മുഴുവനാളുകൾക്കും ലഭ്യമാക്കാൻ കഴിയും.



## അങ്കണവാടികൾ

പഞ്ചായത്തിൽ ആകെ 17 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുടെ പ്രവർത്തന പരിധിക്കുള്ളിൽ 5 വയസ്സിനു താഴെ പ്രായമുള്ള 1981 കുട്ടികളും 175 ഗർഭിണികളും 177 മുലയൂട്ടുന്ന അമ്മമാരും (6 മാസം വരെ പ്രായമായ കുട്ടികളുള്ളവർ) ഉണ്ട്. കുട്ടികളിൽ 388പേർ ഒരു വയസ്സിനു താഴെ പ്രായമുള്ളവരും 374 പേർ 1 മുതൽ 2 വയസ്സുവരെയും 376 പേർ 2 മുതൽ 3വയസ്സുവരെയും 843 പേർ 3മുതൽ 5 വയസ്സുവരെയും പ്രായമുള്ളവരാകുന്നു. ഇവരിൽ 742 കുട്ടികൾക്ക് അങ്കണവാടികളിൽ നിന്നും അനുപൂരക പോഷകാഹാരങ്ങൾ ലഭിക്കുന്നു. ഇത് യഥാർത്ഥത്തിൽ അർഹതയുള്ളവരുടെ 88% വരും. ഗർഭിണികളിൽ 58%, അതായത് 102 പേർക്ക് മാത്രമാണ് അനുപൂരക പോഷകാഹാരങ്ങൾ ലഭ്യമാകുന്നത്. മുലയൂട്ടുന്ന അമ്മമാരിൽ 55% (97 പേർ) ഈ പദ്ധതിയുടെ ഗുണം അനുഭവിക്കുന്നുണ്ട്. ചില പ്രദേശങ്ങളിൽ നിന്നും ഏറ്റവും അടുത്തുള്ള അങ്കണവാടിയിലേക്ക് 2 കി.മീറ്ററിലധികം ദൂരമുണ്ട്. അർഹതയുള്ള മുഴുവനാളുകൾക്കും പദ്ധതികളുടെ പ്രയോജനം ലഭിക്കാതിരിക്കുന്നതിന് ഇതും ഒരു കാരണമാണ്. ഇത്തരം പ്രദേശങ്ങളിൽ പുതിയ അങ്കണവാടികൾ ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. ഒന്നാം വാർഡിൽപ്പെട്ട കല്ലറ, കുഞ്ഞോം അങ്ങാടി, രണ്ടാം വാർഡിലെ പാതിരിമന്ദം, വളാന്തോട്, നാലാം വാർഡിൽ വെള്ളിച്ചാടി ഏഴാം വാർഡിൽപെട്ട പെരിഞ്ചേരിമല ഞാറലോട് ഒമ്പതാം വാർഡിൽ മാമ്പട്ടി ചൂരൽമൂല എന്നീ സ്ഥലങ്ങളിൽ ഇപ്രകാരം അങ്കണവാടികൾ ആരംഭിക്കേണ്ടതുണ്ട്.

നിലവിലുള്ള അങ്കണവാടികളുടെ സ്ഥിതി വളരെ ശോചനീയമാണ്. കുട്ടികൾക്ക് പ്രാഥമിക കാര്യങ്ങൾ നിർവഹിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരു അങ്കണവാടിയിലും നിലവിലില്ല. ശിശുക്കളുടെ ശാരീരികവും മാനസികവുമായ വികാസത്തിനുതകുന്ന കളിക്കോപ്പുകൾ എല്ലാ അങ്കണവാടികൾക്കും നിർബന്ധമായും ലഭ്യമാക്കണം. അങ്കണവാടി വർക്കർമാർക്ക് പിഞ്ചു കുഞ്ഞുങ്ങളെ ശുശ്രൂഷിക്കുന്നതിനും അവരുടെ വികാസത്തിന് ഉതകുന്ന രീതിയിലുള്ളതുമായ പരിശീലനം അത്യാവശ്യമാണ്. വളരെ ചുരുങ്ങിയ വേതനത്തിന് ജോലിചെയ്യാൻ നിർബന്ധിക്കപ്പെടുന്നതുമൂലം മറ്റേതെങ്കിലും ഒരു നല്ല ജോലി തരപ്പെടുന്നതുവരെയുള്ള ഒരു ഇടത്താവളം മാത്രമായാണ് ചിലരെങ്കിലും ഈ ജോലിയെ കാണുന്നത്. അതുകൊണ്ടു തന്നെ ഇത്തരക്കാരുടെ മുഴുവൻ കഴിവുകളും ഈ രംഗത്ത് പ്രകടിപ്പിക്കാറുമില്ല. അങ്കണവാടികളിൽ ജോലിചെയ്യുന്നവരുടെ സേവന വേതന വ്യവസ്ഥകൾ മെച്ചപ്പെടുത്തുന്നതിലൂടെ ഈ സ്ഥിതിക്ക് മാറ്റം വരുത്താവുന്നതാണ്.

പിഞ്ചുകുഞ്ഞുങ്ങളുടെ അമ്മമാരായ സ്ത്രീകൾക്ക് തൊഴിൽചെയ്യുന്നതിന് സൗകര്യപ്പെടുത്താനുതകുന്ന രീതിയിൽ അങ്കണവാടികളോട് ചേർന്ന് ശിശു സംരക്ഷണകേന്ദ്രങ്ങളായ ക്രഷെകൾ സ്ഥാപിക്കുന്നതിലൂടെ ഈ വിഭാഗത്തിന് തൊഴിലവസരമുണ്ടാകുന്നതാണ്.

## ഗ്രാമസഭാ നിർദ്ദേശങ്ങൾ

ഇപ്പോൾ നിലവിലുള്ള അങ്കണവാടികളിൽ കോറോം, തേറ്റമല, കരിമ്പിൽ എന്നിവിടങ്ങളിൽ സ്വന്തമായി കെട്ടിടങ്ങളില്ല. ഇവ പ്രവർത്തിക്കുന്നത് വാടകക്കെട്ടിങ്ങളിലാണ്. കോറോം അങ്കണവാടിക്ക് വേണ്ടി കെട്ടിടം നിർമ്മിക്കാൻ സ്ഥലം വിട്ടുകൊടുക്കുന്നതിനു പ്രദേശവാസികൾ തയ്യാറാണ്. അതുപോലെ കരിമ്പിൽ അങ്കണവാടിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സ്ഥലവും മനുഷ്യാദ്ധ്വാനവും സംഭാവന ചെയ്യുന്നതിനു പ്രദേശവാസികൾ തയ്യാറായിട്ടുണ്ട്. കൊന്നയോട്, പൊള്ളമ്പാറ അങ്കണവാടി കെട്ടിടങ്ങൾ അപകടാവസ്ഥയിലായതിനാൽ സമീപത്തുള്ള വീടുകളിലാണ് കേന്ദ്രം പ്രവർത്തിക്കുന്നത്. അടിയന്തിര പ്രാധാന്യത്തോടെ അറ്റകുറ്റപണികൾ നടത്തി കെട്ടിടം ഉപയോഗ യോഗ്യമാക്കേണ്ടതാണ്. വർഷങ്ങൾക്കു മുമ്പ് പഞ്ചായത്ത് അൺടൈഡ് ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച നല്ല കെട്ടിടം ഉണ്ടായിട്ടും പൂരിഞ്ഞി അങ്കണവാടി തുറന്നു പ്രവർത്തിക്കുന്നില്ല.

## പൊതുവിതരണം.

ഇതര സംസ്ഥാനങ്ങളിൽ നിന്നും വ്യത്യസ്തമായി കേരളത്തിൽ ഈയടുത്തകാലം വരെ വ്യവസ്ഥാപിതവും വ്യാപകവുമായ രീതിയിൽ സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം നിലനിന്നിരുന്നു. റേഷൻ കടകളുടെ പേരുമാറ്റി പൊതു

വിതരണ കേന്ദ്രങ്ങളാക്കിയെങ്കിലും പൊതുവിതരണ രംഗത്ത് പ്രശ്നങ്ങൾ നാൾക്കുനാൾ ഏറിവരികയാണ്. 7 പൊതു വിതരണ കേന്ദ്രങ്ങളിലായി പഞ്ചായത്തിൽ 3005 റേഷൻ കാർഡുടമകൾ ഉണ്ട്. കാർഡുകൾ സംബന്ധിച്ചും വിവരങ്ങൾവ്യക്തമാക്കുന്ന ഒരു പട്ടിക താഴെ കൊടുക്കുന്നു.

| കാർഡുടമകളുടെ എണ്ണം | | | ഗുണഭോക്താക്കളുടെ എണ്ണം | | | |
|---|---|---|---|---|---|---|
| NE(വൈദ്യുതി ലഭിക്കാത്തവർ) | E (ലഭിച്ചവർ) | ആകെ | മേജർ (12 വയസിന് മേൽ) | മൈനർ (3-12 വയസ്സ്) | ആകെ | മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം |
| 2634 | 371 | 3005 | 12607 | 2994 | 15601 | 75 |

ലഭ്യമായ കണക്കുകൾ പ്രകാരം 418 കുടുംബങ്ങൾക്ക് സ്വന്തമായി റേഷൻ കാർഡുകൾ ഇല്ല. പഞ്ചായത്തിലെ മൂവായിരത്തിലധികം ആളുകൾ റേഷൻ കാർഡുകളിൽ പേരില്ലാത്തവരാണ്. അന്യസ്ഥലങ്ങളിൽനിന്നും കുടിയേറിയവരും സ്വന്തമായി കിടപ്പാടമില്ലാത്തതോ ഉള്ള സൗകര്യത്തിൽ തന്നെ ആവശ്യമായ രേഖകൾ ലഭിച്ചിട്ടില്ലാത്തവരോ ആദിവാസി വിഭാഗത്തിപെടുന്നവരോ ദൂരസ്ഥലങ്ങളിൽ ദീർഘകാലമായി ജോലിചെയ്ത ശേഷം തിരികെ വരുന്നവരുമാണ് ഇങ്ങനെ വിഷമിക്കുന്നതിൽ കൂടുതലും.

പൊതുവിതരണ രംഗത്തെ ഉദ്യോഗസ്ഥരുടെ ഒത്താശയോടെ റേഷൻ ഉടമകൾ ഒരു പ്രദേശത്തെ ജനങ്ങളെ മുഴുവൻ ചൂഷണവിധേയമാക്കിയ ഗുരുതരമായ സംഭവവും മാനന്തവാടി താലൂക്കിൽ ഉണ്ടായിട്ടുണ്ട്. കാർഡുടമകൾക്ക് അർഹമായ റേഷൻ സാധനങ്ങളും മണ്ണെണ്ണയും പൊതുവിതരണ കേന്ദ്രങ്ങളിൽ നിന്ന് വിതരണം ചെയ്യാതിരിക്കുന്ന ഇത്തരം ചില കേന്ദ്രങ്ങളെങ്കിലും ഇന്നും നിലനിൽക്കുന്നുണ്ട്. പൊതുവിതരണ കേന്ദ്രങ്ങൾ കേന്ദ്രീകരിച്ച് ജനപ്രതിനിധികളെയും ഗുണഭോക്താക്കളുടെ പ്രതിനിധികളെയും ഉൾപ്പെടുത്തി ജനകീയ സമിതികൾ രൂപീകരിക്കുകയും പൊതുവിതരണ കേന്ദ്രങ്ങൾ പരിശോധനക്ക് വിധേയമാക്കുകയും ചെയ്യാവുന്നതാണ്. ഇത്തരം സ്ഥാപനങ്ങൾക്ക് പഞ്ചായത്ത് ലൈസൻസ് നിർബന്ധിതമാക്കേണ്ടതും പരിശോധന കർശനമാക്കേണ്ടതുമാണ്.

1995-96 വർഷത്തിൽ ആകെ വിതരണം ചെയ്ത ഭക്ഷ്യസാധനങ്ങളുടെയും മണ്ണെണ്ണയുടെയും കണക്ക് ചുവടെ ചേർക്കുന്നു.

| | | | |
|---|---|---|---|
| അരി | - | 18203 | കിൻറൽ |
| ഗോതമ്പ് | - | 10668 | ,, |
| റവ | - | 188 | ,, |
| മൈദ | - | 343 | ,, |
| പഞ്ചസാര | - | 762 | ,, |
| ആകെ | - | 30164 | ,, |
| മണ്ണെണ്ണ | - | 148220 | ലിറ്റർ |

ആകെ വിതരണം ചെയ്തതിൽ 6558 ലിറ്റർ മണ്ണെണ്ണ 75 പെർമിറ്റുകളുടെ ഉടമകൾക്ക് കൊടുത്തിട്ടുള്ളതാണ്. കേരളാ ഗവർമ്മെണ്ട് നടപ്പിലാക്കിയിരിക്കുന്ന റേഷൻ സബ്സിഡി പദ്ധതി മുഖേന തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൽ ഒരു വർഷം വിതരണം ചെയ്യുന്നതിന് 673120 കിലോ അരി ആവശ്യമാണ്.

131.15 ച. കി. മീ. വിസ്തൃതിയുള്ള നമ്മുടെ പഞ്ചായത്തിൽ ഒരു മാവേലിസ്റ്റോർ പോലും പ്രവർത്തിക്കുന്നില്ല എന്നുള്ളത് വളരെ വലിയ ഒരു പോരായ്മയാണ്. ഏറ്റവും അടുത്തുള്ള മാവേലി സ്റ്റോറിലേക്ക് 25 കി. മീറ്ററിലധികം ദൂരം സഞ്ചരിക്കേണ്ടിവരുന്നുണ്ട്. അതുകൊണ്ട് പഞ്ചായത്ത് ആസ്ഥാനമായ കോറോത്ത് ഒരു മാവേലിസ്റ്റോർ ആരംഭിക്കുന്നതിന് ഉടനെ നടപടികൾ കൈക്കൊള്ളേണ്ടിയിരിക്കുന്നു. നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം തടയുന്നതിന് ഒരു പരിധിവരെയെങ്കിലും ഇതിലൂടെ സാധിക്കുമെന്ന് ഉറപ്പാണ്. താലൂക്ക് ആസ്ഥാനമായി പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മാവേലിസ്റ്റോറിൻെറ പ്രയോജനം പഞ്ചായത്തിലെ ഒരു ശതമാനം ജനതക്ക്പോലും ലഭ്യമാകുന്നില്ല. പൊതുവിതരണരംഗം ശക്തിപ്പെടുത്തുന്നതിലൂടെ നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റം പിടിച്ചുനിർത്താനും സാധാരണക്കാരന് അനുഭവിക്കേണ്ടിവരുന്ന

ഇടത്തട്ടുകാരൻെറ ചൂഷണത്തിൽനിന്നും മോചനം നേടാൻ സാധിക്കുന്നതാണ്.

## സാമൂഹ്യക്ഷേമരംഗത്തെ പ്രശ്നങ്ങൾ

1) ദാരിദ്ര്യനിർമ്മാർജന പരിപാടികളുടെ ഗുണങ്ങൾ വളരെ ചെറിയ ശതമാനം ആളുകൾക്ക് മാത്രമേ ലഭിക്കുന്നുള്ളൂ.

2) അനർഹരായവർ ക്ഷേമപദ്ധതികളിൽ അംഗങ്ങളാവുകയും ആനുകൂല്യങ്ങൾ കൈപ്പറ്റുകയും ചെയ്യുന്നു.

3) ട്രൈസം പദ്ധതിയിൽ തൊഴിൽ പരിശീലനം നേടുന്നവർക്ക് അതേ മേഖലയിൽ തൊഴിൽ സാധ്യത കണ്ടെത്താൻ കഴിയുന്നില്ല.

4) അനുയോജ്യമായ തൊഴിൽ സംരംഭങ്ങളെക്കുറിച്ചും വായ്പാ പദ്ധതികളെക്കുറിച്ചും അറിവില്ലായ്മ.

5) അർഹതയുള്ള മുഴുവനാളുകൾക്കും പെൻഷൻ പദ്ധതി ലഭിക്കുന്നില്ല.

6) പെൻഷൻ അപേക്ഷകളിൽ തീർപ്പുകൽപ്പിക്കുന്നതിൽ കാലതാമസവും അവ്യക്തതയും അഴിമതിയും നിലനിൽക്കുന്നു.

7) പെൻഷൻ തുക യഥാസമയം ലഭിക്കുന്നില്ല.

8) അങ്കണവാടികളിൽ പ്രാഥമിക സൗകര്യങ്ങൾ ലഭ്യമല്ല.

9) അങ്കണവാടി വർക്കർമാർക്ക് ശാസ്ത്രീയ പരിശീലനം ലഭിക്കുന്നില്ല.

10) കുട്ടികളുടെ മാനസിക ശാരീരിക വികാസത്തിനുതകുന്ന സാഹചര്യങ്ങൾ അപര്യാപ്തമാണ്.

11) അങ്കണവാടി കേന്ദ്രങ്ങളിലേക്കുള്ള ദൂരം.

12) പൊതുവിതരണ രംഗത്തെ അഴിമതിയും ഉദ്യോഗസ്ഥരുടെ ഒത്തുകളിയും.

13) റേഷൻ കാർഡ് ലഭിക്കുന്നതിന് നേരിടുന്ന കാലതാമസം.

14) കാർഡുകളിൽ ആളെ ചേർക്കുന്നതിലുള്ള സാങ്കേതിക തടസ്സങ്ങൾ.

15) കേന്ദ്രസർക്കാറിൻെറ വിവിധ പദ്ധതികളായ J. R. Y., I. A. Y., E. A. S. എന്നിവയിൽ കൂലിനിരക്ക് നമ്മുടെ സംസ്ഥാനത്ത് നിലവിലുള്ള കൂലിയുമായി തീരെ ബന്ധമില്ലാത്തതാണ്. ഇത് കോൺട്രാക്ടർമാർക്ക് ക്രമക്കേടുകൾ നടത്തുന്നതിന് മറയായി പ്രവർത്തിക്കുന്നു.

## സാദ്ധ്യതകൾ

1) ദാരിദ്ര്യ നിർമാർജന പദ്ധതികളിലൂടെ കൂടുതൽ കുടുംബങ്ങൾക്ക് പ്രയോജനം ലഭിക്കുന്ന രീതിയിൽ പദ്ധതി വ്യാപിപ്പിക്കുക.

2) പ്രദേശത്തിൻെറ സാധ്യതകൾക്കനുസരിച്ച് തൊഴിലുകളിൽ മാത്രം പരിശീലനം നൽകുകയും തുടർന്ന് തൊഴിൽ ചെയ്യുന്നതിനുള്ള സാഹചര്യങ്ങൾ ഉറപ്പാക്കുകയും ചെയ്യുക.

3) പഞ്ചായത്ത് ആസ്ഥാനമായി വിവിധ തൊഴിൽ പദ്ധതികളിൽ മാർഗ്ഗനിർദ്ദേശം നൽകുന്ന കരിയർ ഗൈഡൻസ് സെൻറർ തുടങ്ങുക. പഞ്ചായത്ത് തലത്തിൽ ഒന്നോ രണ്ടോ ആളുകളെ പ്രാപ്തരാക്കാവുന്നതാണ്.

4) പെൻഷൻ അപേക്ഷകൾ ഗ്രാമപഞ്ചായത്തിൽ തന്നെ തീർപ്പുകൽപ്പിക്കുന്നതിന് സംവിധാനം ഉണ്ടാക്കുക.

5) പെൻഷൻ വിതരണത്തിലെ കാലതാമസം ഒഴിവാക്കുക.

6) അർഹരായ മുഴുവനാളുകളെയും കണ്ടെത്തി പെൻഷൻ പദ്ധതികളുടെ ആനുകൂല്യം ലഭ്യമാക്കാൻ നടപടികൾ സ്വീകരിക്കുക.

7) ക്ഷേമപദ്ധതികളുടെ ആനുകൂലം കൈപ്പറ്റുന്ന അനർഹരായവരെ ഒഴിവാക്കുക.

8) ആവശ്യമായ സ്ഥലങ്ങളിൽ അങ്കണവാടികൾ സ്ഥാപിക്കുക.

9) മുഴുവൻ അങ്കണവാടികളിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുക.

10) വാടകക്കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ.

11) അങ്കണവാടി വർക്കർമാർക്ക് ശാസ്ത്രീയമായ പരിശീലനം നൽകുക.

12) പൊതുവിതരണ സ്ഥാപനങ്ങൾ പരിശോധിക്കുന്നതിന് ജനകീയസമിതികൾ രൂപീകരിക്കുക.

13) ഓരോ മാസവും വിതരണം ചെയ്യുന്ന സാധനങ്ങളെക്കുറിച്ചും അവയുടെ വില, അളവ് എന്നിവ സപ്ലൈ ഓഫീസർമാർ പത്രപരസ്യത്തിലൂടെ ജനങ്ങളെ അറിയിക്കുക.

14) പഞ്ചായത്ത് കേന്ദ്രമായ കോറോത്ത് ഒരു മാവേലി സ്റ്റോർ ആരംഭിക്കുക.

15) ജെ. ആർ. വൈ., ഐ. എ. വൈ. തുടങ്ങിയ പ്രവൃത്തികൾക്ക് പ്രാദേശിക നിരക്കിലുള്ള കൂലി ബാധകമാക്കുക.

16) തൊഴിൽദാന പദ്ധതികളായ ജെ. ആർ. വൈ. തുടങ്ങിയ പ്രവൃത്തികളിൽ കോൺട്രാക്ടർമാരുടെ ഇടപെടലുകൾ ഒഴിവാക്കുക

17). റേഷൻകടകളിലൂടെ വിതരണം ചെയ്യുന്ന സാധനങ്ങളുടെ കമ്മീഷൻ നിരക്ക് വർധിപ്പിക്കുകയും കെട്ടിടവാടകയും മറ്റു ചെലവുകളും സർക്കാർ വഹിക്കുകയും പൊതുവിതരണ സ്ഥാപനങ്ങൾ സർക്കാർ ഏജൻസിയായി മാറ്റുകയും ചെയ്യുക.



# 5–8 സംസ്കാരം, കായികരംഗം

## സംസ്കാരം

വിദേശീയാധിപത്യത്തിനെതിരെ പോരാടിയ വീരപഴശിയുമായി തൊണ്ടർനാടിൻെറ സാംസ്ക്കാരികചരിത്രം ബന്ധപ്പെട്ടു കിടക്കുന്നു. ഇവിടെ മുമ്പ് അധിവസിച്ചിരുന്ന പണിയരുടെയും കാടരുടെയും ഇടയിലേക്ക് പഴശിയുടെ പടയാളികളായ നായന്മാരും കുറിച്യന്മാരും കടന്നുവന്നു ധീരദേശാഭിമാനിയായ പഴശിരാജാവ് ബ്രിട്ടീഷുകാരുമായുള്ള പോരാട്ടത്തിനിടയിൽ വയനാടൻ കാടുകളിൽ അഭയം തേടി ഒളിപ്പോർയുദ്ധം തുടർന്നപ്പോൾ ഈ പ്രദേശവും അതിൽ അഭിമാനപൂർവം പങ്കുകൊണ്ടുവെന്ന് ചരിത്രം വെളിപ്പെടുത്തുന്നു.

സംസ്കാര സമ്പന്നമായിരുന്ന ഒരു പ്രദേശമായിരുന്നുവെന്ന് തെളിയിക്കുന്ന പല ചരിത്രാവശിഷ്ടങ്ങളും ഇവിടെ കാണാം. പടയാളികളായെത്തിയ നായന്മാർക്കും കുറിച്യർക്കും ശേഷം കച്ചവടത്തിനായെത്തിയ മുസ്ലിങ്ങളും 50–കളിൽ കുടിയേറിയ ക്രിസ്ത്യാനികളും ഈ പ്രദേശത്തിൻെറ സാംസ്കാരിക ചരിത്രത്തിന് ഗണ്യമായ സംഭാവന നൽകിയിട്ടുണ്ട്.

ഇന്ന് നാമെത്തി നില്ക്കുന്നിടത്ത് നിന്ന് തിരിഞ്ഞുനോക്കുമ്പോൾ ഒട്ടുവളരെ ഘടകങ്ങൾ ഈ പ്രദേശത്തിൻെറ സംസ്കൃതിയുമായി ബന്ധപ്പെട്ടു കിടക്കുന്നു.

ഈ പ്രദേശത്ത് നിവസിച്ചുവരുന്ന ജനവിഭാഗങ്ങളിൽ ഏറ്റവും പഴമ അവകാശപ്പെടാനുള്ളത് പണിയർക്കാണ്. അവരുടെ ആരാധനാമൂർത്തി കൂളി എന്നാണ് അറിയപ്പെടുന്നത്. കൂളിക്കാവുകളും ആൽതറകളും അവരുടെ ആരാധനാസങ്കേതങ്ങളാണ്. കൂളിയെ കാണൽ, സംഘം ചേർന്നുള്ള നൃത്തം, തുടികൊട്ടൽ, കുഴലൂത്ത് തുടങ്ങിയ ചടങ്ങുകൾ ഇന്നും നിലനില്ക്കുന്നു. മറ്റൊരു പ്രധാന ആദിവാസി വിഭാഗമായ കുറിച്യർക്കിടയിൽ ഇന്നും പഴയ ആചാരാനുഷ്ഠാനങ്ങൾ നിലനില്ക്കുന്നു. തീണ്ടൽ തൊടീൽ തുടങ്ങിയ അനാചാരങ്ങൾ പഴമക്കാർ ഇന്നും പിന്തുടരുന്നു.

നാട്ടാചാരങ്ങളിൽ പല അയവുകളും വന്നിട്ടുണ്ടെങ്കിലും വീട്ടാചാരങ്ങളിൽ യാതൊരു മാറ്റവും വന്നിട്ടില്ല. വിവാഹത്തേക്കാൾ കൂടുതൽ പ്രാധാന്യമുള്ള ചടങ്ങായി തിരണ്ടുകല്യാണത്തെ ഇവർ കണക്കാക്കുന്നു. ആർത്തവത്തെ തുടർന്ന് സ്ത്രീകൾ പ്രത്യേക കുടിലിൽ താമസിക്കുന്ന ആചാരം ഇവർക്കിടയിലുണ്ട്. 'തുലാപത്ത്', ഉച്ചാൽ, ആടിപതി നാല് തുടങ്ങിയ ആഘോഷങ്ങൾ ഇന്നും കുറിച്യർക്കിടയിലുണ്ട്. കൃഷിയും വിളവെടുപ്പുമായി ബന്ധപ്പെട്ട് ഈ പഞ്ചായത്തിൽ നിലനിന്നിരുന്ന പുരാതന കാർഷിക ഉത്സവങ്ങളാണ് കമ്പളം, കോയം, വാരൽ എന്നിവ.

പഞ്ചായത്തിൻെറ വിവിധ ഭാഗങ്ങളിൽ തെയ്യം കെട്ടലും തിറയും നടന്നുവന്നിരുന്നു. 'മലയ' വിഭാഗത്തിൽ പെട്ടവാണ് ഈ കലാരൂപം അവതരിപ്പിക്കാറുള്ളത്. ഓണപ്പാട്ട്, വിഷുപ്പാട്ട്, പുലികളി, ശീപോതിപ്പാട്ട് എന്നിവയും ഇവർ നടത്തി വന്നിരുന്നു. കാലത്തിൻെറ ഒഴുക്കിൽ കുറെയേറെ കലാരൂപങ്ങൾ നഷ്ടപ്പെട്ടുപോയി. കേരളതനിമ നിലനിർത്തുന്ന തെയ്യംകെട്ടൽ, കോൽക്കളി, പരിചമുട്ട്, ഓണപ്പാട്ട്, ദഫ്മുട്ട്, തുടങ്ങിയ കലാരൂപങ്ങൾ അസ്തമിച്ചു തുടങ്ങിയെങ്കിലും ചിലയിടങ്ങളിൽ ഇന്നും നിലനില്ക്കുന്നു. പണ്ട് നായർ വീടുകളിലെ കല്യാണത്തിന് പരിചമുട്ടും കോൽക്കളിയും നിർബന്ധമായിരുന്നു.

വിവിധ മതവിഭാഗത്തിൽപ്പെട്ടവർ സാഹോദര്യത്തോടെ നിവസിക്കുന്ന പ്രദേശമാണിത്. വിവിധ മതവിഭാഗങ്ങളുടെ ആരാധനാലയങ്ങളും ഇവിടെയുണ്ട്. ഈ ആരാധനാലയങ്ങൾ സാംസ്കാരിക കേന്ദ്രങ്ങളും മതസൗഹാർദത്തിൻെറ പ്രതീകങ്ങളുമായി നിലകൊള്ളുന്നു. ആരാധനാലയങ്ങളുമായി ബന്ധപ്പെട്ട് നിരവധി ഉത്സവങ്ങളും ആഘോഷങ്ങളും നടക്കാറുണ്ട്. പുരാതന കാലം മുതലെ നടന്നുവരുന്നതും ധാരാളം ജനങ്ങൾ പങ്കെടുക്കുന്നതുമായ ഉത്സവങ്ങളാണ് തൊണ്ടർകോട്ട തിറയുത്സവം, കോറോം മഖാംഉറൂസ് നേർച്ച, നിരവിൽപുഴ, ഭഗവതികാവ് വിഷുവിളക്ക്, അഞ്ചിൽതിറ, തേറ്റമല നിന്ന് വള്ളിയൂർക്കാവിലേക്കുള്ള 'അടിയറവരവ്' എന്നിവ. കൂടാതെ ക്രിസ്ത്യൻ പള്ളികളിലെല്ലാം പള്ളിപ്പെരുന്നാളുകളും നടന്നുവരുന്നു. ഇവയോടൊക്കെയനുബന്ധിച്ച് വിവിധ കലാരൂപങ്ങളും അവതരിപ്പിക്കാറുണ്ട്.

സാമ്പത്തികമായ പിന്നോക്കാവസ്ഥയും വിദ്യാഭ്യാസരംഗത്തെ പരിമിതികളും ഈ പ്രദേശത്തിൻെറ സാംസ്ക്കാരിക പുരോഗതിക്ക് വിഘാതമായിട്ടുണ്ട്. ആദ്യകാലങ്ങളിൽ നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന പല സാംസ്ക്കാരിക സംഘടനകളും നാമാവശേഷമായിപ്പോയിട്ടുണ്ട്. കേരളപിറവിയുടെ കാലഘട്ടത്തിൽ രൂപംകൊണ്ട് നല്ല നിലയിൽ പ്രവർത്തിച്ചുവന്നിരുന്ന വെള്ളിലാടി ജ്ഞാനോദയം വായനശാല, നിരവിൽപുഴ ജവഹർ സ്മാരക വായനശാല, മക്കിയാട് ആർട്സ് ലാൻറ് വായനശാല തുടങ്ങിയവ ഉദാഹരണം. മക്കിയാട് നല്ല നിലയിൽ പ്രവർത്തിച്ചിരുന്ന കൾച്ചറൽ സെൻറർ പൂരിഞ്ഞിയിൽ പ്രവർത്തിച്ചിരുന്ന പ്രതിഭ ക്ലബ്ബ് എന്നിവയും നിലവിലില്ല. ഇന്ന് നിലവിലുള്ള വായനശാലകൾ താഴെപറയുന്നവയാണ്.

1, ജനതാ വായനശാല, പുതുശ്ശേരി.

2). ഗ്രാമീണ ഗ്രന്ഥാലയം, വഞ്ഞോട്

3) എം പി എം അഹമ്മദ് കുരിക്കിൾ സ്മാരക പഞ്ചായത്ത് ഗ്രന്ഥാലയം, കോറോം

4) കെ പി കൃഷ്ണൻ നായർ സ്മാരക വായനശാല, നിരവിൽപുഴ

5) സംസ്ക്കാര വായനശാല, കാഞ്ഞിരംകാട്

6) ഇ എം കണാരൻ നായർ സ്മാരക വയനശാല, കുഞ്ഞോം.

ഇവക്കുപുറമെ ഏതാനും ക്ലബ്ബുകളും ഈ പഞ്ചായത്തിൽ അടുത്ത കാലത്തായി പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാന അടിസ്ഥാനത്തിൽ കേരളോത്സവത്തോടനുബന്ധിച്ച് പഞ്ചായത്ത് തലത്തിൽ കലാകായിക മത്സരങ്ങൾ ആരംഭിച്ചതോടെയാണ് മിക്ക വാർഡുകളിലും ക്ലബുകൾ ആരംഭിച്ചത്. ആവശ്യത്തിനുള്ള കായിക ഉപകരണങ്ങളോ സ്വന്തമായ കെട്ടിടങ്ങളോ മിക്കവാറും ക്ലബ്ബുകൾക്കുമില്ല.

പാലേരി 'ആൽഫ', നിരവിൽപുഴ 'പ്രണവം' തുടങ്ങിയ ചുരുക്കം ക്ലബ്ബുകൾക്കാണ് സ്വന്തമായ കെട്ടിടമുള്ളത്.

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ലബ്ബുകൾ താഴെപറയുന്നവയാണ്.
1) ലേബേഴ്സ് ക്ലബ്ബ്, തേറ്റമല, 2) വൈ എം സി വഞ്ഞോട്, 3) 'യുവധാര' പുതുശ്ശേരി, 4) മേരിഗിരി ആർട്സ് ആൻറ് സ്പോർട്ട്സ് ക്ലബ് ഞാറലോട്, 5) 'ആൽഫ' പാലേരി 6) 'പ്രണവം' നിരവിൽപുഴ, 7) 'ചിയേഴ്സ്' മക്കിയാട്, 8) 'വികാസ്', ചാലിൽ 9) 'തപസ്യ' കലാവേദി, പൊറളോം, 10) 'യുവപ്രതിഭ' കരിമ്പിൽ, 11) 'സരിഗ' ഇടച്ചേരി, 12) 'മിറാക്കിൾ' ആർട്സ് ആൻറ് സ്പോർട്സ് ക്ലബ്, തേറ്റമല.

പല വായനശാലകളിലും ക്ലബ്ബുകളിലും പഞ്ചായത്ത് നൽകുന്ന പത്രങ്ങൾ ഒഴികെ മറ്റ് ആനുകാലിക പ്രസിദ്ധീകരണങ്ങൾ ഒന്നുംതന്നെ വരുത്താറില്ല. ജനശിക്ഷണ നിലയങ്ങളും ജനവിദ്യാകേന്ദ്രങ്ങളും സാംസ്ക്കാരിക - വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന നിലയിലേക്ക് ഉയരുന്നില്ല. തേറ്റമല ലേബേഴ്സ് ക്ലബ്ബ്, മിറാക്കിൾ ക്ലബ് എന്നിവക്ക് സ്വന്തമായ ടെലിവിഷൻ സെറ്റുകളുമുണ്ട്. ചുരുക്കം ക്ലബ്ബുകൾക്ക് സ്വന്തമായ റേഡിയോ സെറ്റുകളുമുണ്ട്. പഞ്ചായത്തിൽ പൊതു ടെലിവിഷൻ സെൻററുകൾ കുറവാണ്. കുഞ്ഞോം കോളനി, ആലക്കൽ കുറിച്യകോളനി, പഞ്ചായത്ത് സാംസ്ക്കാരിക നിലയം, കരിമ്പിൽ സാംസ്കാരിക നിലയം, തേറ്റമലയിൽലെ 'ലേബേഴ്സ്', 'മിറാക്കിൾ' എന്നീ ക്ലബ്ബുകൾ എന്നിവിടങ്ങളിലാണ് പൊതു ടെലിവിഷൻ സെൻററുകളുള്ളത്.

വായന പഞ്ചായത്തിൽ പ്രചാരത്തിലുള്ള പ്രസിദ്ധീകരണങ്ങൾ

| | പത്രങ്ങൾ | വാരിക |
|---|---|---|
| മലയാള മനോരമ | 300 | 500 |
| ദീപിക | 150 | |
| മാതൃഭൂമി | 150 | 75 |
| ദേശാഭിമാനി | 115 | 26 |
| മാധ്യമം | 50 | |
| കേരളകൗമുദി | 20 | |
| ജന്മഭൂമി | 20 | |
| മംഗളം | 15 | 200 |
| ഇന്ത്യൻ എക്സ്പ്രസ്സ് | 15 | |
| ഹിന്ദു | 5 | |
| രാഷ്ട്രദീപിക | 100 | |
| രാഷ്ട്രദീപിക (സിനിമ) | | 50 |
| ചിന്ത | | 43 |

പഞ്ചായത്തിൽ പ്രചാരത്തിലുള്ള മുഖ്യപ്രസിദ്ധീകരണങ്ങളുടെ കണക്കാണ് മേൽ സൂചിപ്പിച്ചിരിക്കുന്നത്. സ്വന്തമായി പത്രം വാങ്ങുന്നവരുടെ കണക്കാണിത്. എന്നാൽ ഇതിൽ കൂടുതൽ പേർ പത്രങ്ങളും മറ്റ് പ്രസിദ്ധീകരണങ്ങളും വായിക്കുന്നുണ്ട്. മാത്രവുമല്ല ഈ പഞ്ചായത്തിൽ ഏജൻസികൾ ഇല്ലാത്ത പ്രസിദ്ധീകരണങ്ങൾ മറ്റു പഞ്ചായത്തുകളിൽ നിന്നും വാങ്ങിച്ചു വായിക്കുന്നവരും ഉണ്ട്. വായന ശീലമുള്ള ആളുകൾ ഇവിടെ തുലോം കുറവാണ്. വായനശീലം വർധിപ്പിക്കാനും ഗൗരവമായ വായന വളർത്തിയെടുക്കാനും വേണ്ട ശ്രമങ്ങൾ നടത്തേണ്ടിയിരിക്കുന്നു. ഇലക്ട്രോണിക്ക് മാധ്യമങ്ങളുടെ കടന്നുകയറ്റം വായനാശീലത്തെ പ്രതികൂലമായി ബാധിക്കുന്നുണ്ട്.

## പ്രശ്നങ്ങൾ

1). വേണ്ടത്ര സാംസ്കാരിക സ്ഥാപനങ്ങൾ പഞ്ചായത്തിലില്ല.

2) ഗ്രന്ഥാലയങ്ങൾ വേണ്ടത്രയില്ല.

3) നിലവിലുള്ള ഗ്രന്ഥാലയങ്ങളിൽ നിലവാരമുള്ള ഗ്രന്ഥങ്ങൾ കുറവാണ്.

4) സാംസ്ക്കാരിക പ്രവർത്തനങ്ങളോട് ജനങ്ങൾക്ക് വേണ്ടത്ര ആഭിമുഖ്യമില്ല.

5) ക്ലബ്ബുകളിലും വായനശാലകളിയും വേണ്ടത്ര ആനുകാലിക പ്രസിദ്ധീകരണങ്ങളോ ഉപകരണങ്ങളോ ഇല്ല.

6) വായനാശീലം പൊതുവെ കുറവാണ്.

7) പഞ്ചായത്ത് ലൈബ്രറി വായനക്കാർക്ക് പ്രയോജനപ്രദമായ സമയത്ത് തുറന്നു പ്രവർത്തിക്കുന്നില്ല.

8) പല വായനശാലകൾക്കും ക്ലബ്ബുകൾക്കും സ്വന്തമായ കെട്ടിടമില്ല.

9) ആദിവാസി കലാരൂപങ്ങൾക്കും നാടൻ കലാരൂപങ്ങൾക്കും പരിഗണന ലഭിക്കുന്നില്ല.

## സാധ്യതകൾ, നിർദ്ദേശങ്ങൾ

1). കഴിയുന്നിടത്തോളം സ്ഥലങ്ങളിൽ വായനശാലകളും ഗ്രന്ഥാലയങ്ങളും സ്ഥാപിക്കുക.

2). നിലവിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുക.

3). വിവിധ സാംസ്കാരിക സ്ഥാപനങ്ങളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിന് പഞ്ചായത്ത് തല സമിതി രൂപീകരിക്കുക.

4) പ്രവർത്തനത്തിൻെറ അടിസ്ഥാനത്തിൽ സാംസ്കാരിക സ്ഥാപനങ്ങളെ പഞ്ചായത്തടിസ്ഥാനത്തിൽ വിവിധ ഗ്രേഡുകളായി തിരിച്ച് ഗ്രാൻറ് നൽകുക.

5). ലഭിക്കുന്ന ആനുകൂല്യങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നു എന്ന് ഉറപ്പുവരുത്തുക.

6) ഏറ്റവും നന്നായി പ്രവർത്തിക്കുന്ന ക്ലബ്ബിന് പഞ്ചായത്തടിസ്ഥാനത്തിൽ അവാർഡ് ഏർപ്പെടുത്തുക.

7) സമൂഹവിരുദ്ധ ശക്തികൾക്കെതിരെ സാംസ്ക്കാരിക സംഘടനകൾ പ്രചരണം സംഘടിപ്പിക്കുക.

8). നാടൻകലാരൂപങ്ങളും ആദിവാസി കലാരൂപങ്ങളും നിലനിർത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക.

9). കോറോം ടി ബി, പി.ഡബ്ല്യ.ഡി. യിൽ നിലന്നും പഞ്ചായത്തിന് കൈമാറ്റം ചെയ്ത് ചരിത്ര സ്മാരകമെന്ന നിലയിൽ സംരക്ഷിക്കുകയും പഞ്ചായത്തിൻെറ സാംസ്കാരിക ആസ്ഥാനമാക്കി മാറ്റുകയും ചെയ്യുക.

10). എല്ലാ സ്കൂളുകളോടും ചേർന്ന് പൊതുവായനശാലകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുക. സ്കൂളുകളുടെ സ്ഥലം തന്നെ വായനശാലാ കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന് പ്രയോജനപ്പെടുത്താവുന്നതാണ്.

പഞ്ചായത്ത് ലൈബ്രറിയിൽ വായനശാല കൂടി ആരംഭിക്കുകയും ഒരു മുഴുവൻ സമയ ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യുക.

## കായികരംഗം

കായികരംഗത്ത് വളരെയേറെ സാധ്യതകൾ നമുക്കുണ്ടെങ്കിലും ചെറുപ്രായത്തിൽ തന്നെ അവരെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാനും വളർത്തിയെടുക്കുവാനും നമുക്ക് കഴിഞ്ഞിട്ടില്ല. നമ്മുടെ വിദ്യാലയങ്ങളിൽ നിന്ന് കായികമേളയിൽ പങ്കെടുക്കുന്ന കുട്ടികൾ നല്ല നിലവാരം പുലർത്താറുണ്ട്. എന്നാൽ അവർക്ക് ശരിയായ രീതിയിൽ പരിശീലനം ലഭിക്കുന്നില്ല. പഞ്ചായത്തിലുള്ള ഏഴ് വിദ്യാലയങ്ങളിലും

ആവശ്യമായ കളിസ്ഥലമില്ല. ലക്ഷങ്ങൾ ചെലവ ഴിക്കപ്പെട്ട പഞ്ചായത്ത് സ്റ്റേഡിയം ഇന്നും ഉപയോഗശൂന്യമായി കിടക്കുകയാണ്. ഹൈസ്കൂളിന് സ്വന്തമായി ഗ്രൗണ്ട് ഉണ്ടെങ്കിലും കുണ്ടും കുഴിയുമായി കിടക്കുകയാണ്. തേറ്റമല എസ്റ്റേറ്റിൽ നല്ലൊരു ഗ്രൗണ്ടുണ്ട്. എന്നാൽ പ്രസ്തുത ഗ്രൗണ്ട് ഡിസംബർ മാസം മുതൽ മെയ് അവസാനം വരെ മാത്രമെ ഉപയോഗിക്കുവാൻ കഴിയൂ. ഹൈസ്കൂളിലും എ.യു.പി.എസ്സ് കുഞ്ഞോത്തും ഓരോ കായികാധ്യാപകർ ഉണ്ട്.

## കായിക ചരിത്രം

നമ്മുടെ പഞ്ചായത്തിന് അഭിമാനാർഹമായ കായിക പാരമ്പര്യമാണ് ഉള്ളത്. കേരളോത്സവത്തിൽ സംസ്ഥാന തലത്തിൽ വരെ എത്തിയ കബഡി ടീമും 88-89ൽ കട്ടക്കിൽ വെച്ച് നടന്ന ദേശീയ 'സ്കൂൾ അത്‌ലറ്റിക് മീറ്റിൽ സ്വർണ്ണമെഡൽ നേടിയ ഷീനാജോർജും കായികകേരളത്തിന് തൊണ്ടർനാടിന്റെ സംഭാവനയാണ്. മിക്ക വാർഡുകളിലും നല്ല കായികതാരങ്ങളെ സൃഷ്ടിച്ചെടുക്കാൻ കഴിയുമെങ്കിലും പരിശീലനക്കുറവും സൗകര്യങ്ങളുടെ കുറവും പ്രതിബന്ധം സൃഷ്ടിക്കുന്നു. തേറ്റമല എസ്റ്റേറ്റ് ഗ്രൗണ്ട് മാത്രമാണ് ഒരുവിധം ഉപയോഗിക്കാൻ പറ്റിയ ഏക ഗ്രൗണ്ട്. അതുകൊണ്ടുതന്നെ ഇവിടെ നല്ലൊരു ഫുട്ബോൾ ടീമുണ്ട്. തേറ്റമലയിൽ വർഷംതോറും ജില്ലാതലത്തിൽ എ കെ ജി സ്മാരക ഫുട്ബോൾ മേളയും മക്കിയാട് ആശ്രമം ഗ്രൗണ്ടിൽ ആർ വി ജോർജ് ആന്റ് ടി ആർ സുരേഷ് കുമാർ സ്മാരക റോളിംഗ് ട്രോഫിക്ക് വേണ്ടിയുള്ള സംസ്ഥാനതല വോളിബോൾ ടൂർണമെന്റും നല്ലനിലയിൽ സംഘടിപ്പിച്ചു വരുന്നു.

## പ്രശ്നങ്ങൾ

1) ഒരു വിദ്യാലയത്തിലും പര്യാപ്തമായ രീതിയിൽ കളിസ്ഥലമില്ല.

2) കായികാധ്യാപകരുടെ സേവനം എല്ലാ വിദ്യാലയങ്ങളിലും ലഭിക്കുന്നില്ല.

3) ഭൗതിക സാഹചര്യങ്ങളുടെ അഭാവം മൂലം കായികാധ്യാപകരുടെ കഴിവുകൾ ശരിയായി ഉപയോഗിക്കുവാൻ കഴിയുന്നില്ല.

4) ക്ലബ്ബുകൾ കായികരംഗത്ത് കാര്യമായ സംഭാവനകൾ ചെയ്യുന്നില്ല.

5) വിദ്യാലയത്തിൽ കായിക പരിശീലനത്തിന് പ്രാധാന്യം നല്കുന്നില്ല.

6) സാമ്പത്തികമായ പിന്നോക്കാവസ്ഥ.

## നിർദ്ദേശങ്ങൾ

1). എല്ലാ വിദ്യാലയത്തിലും ആവശ്യമായ കളിസ്ഥലം നിർമിക്കുക. 2). കുട്ടികളുടെ എണ്ണം പരിഗണിക്കാതെ എൽ.പി. സ്കൂളിലടക്കം കായികാധ്യാപകരെ നിയമിക്കുക. 3). കുങ്കിച്ചിറ പുനരുദ്ധരിച്ച് നീന്തൽ പരിശീലനം നല്കുക. 4). ക്ലബ്ബുകൾക്ക് കായികോപകരണങ്ങൾ ലഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുക. 5) ക്ലബ്ബുകൾക്ക് പ്രവർത്തനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് നിശ്ചയിച്ച് ഗ്രാന്റ് നല്കുക. 6) യോഗാഭ്യാസത്തിന് ഒരു കേന്ദ്രം സ്ഥാപിക്കുക. കോറോത്ത് ജീർണിച്ച് നശിച്ചുകൊണ്ടിരിക്കുന്ന പഴയ സഹകരണബേങ്കിന്റെ കെട്ടിടം ഇതിനുവേണ്ടി ഉപയോഗിക്കാം. 7) കായികരംഗത്ത് നല്ല നിലവാരം പുലർത്തുന്ന വിദ്യാലയത്തിനെ കണ്ടെത്തി ആദരിക്കുക. 8) പഞ്ചായത്തിലെ സ്കൂൾ കുട്ടികൾക്കായി കായികമത്സരം സംഘടിപ്പിക്കുക 9) കായികരംഗത്തിന്റെ അഭിവൃദ്ധിക്കായി ഒരു കായിക വികസന സമിതി രൂപീകരിക്കുക. 10) കായികാധ്യാപകരുടെ സേവനം മെച്ചപ്പെടുത്തുന്നതിന്നാവശ്യമായ നടപടികൾ സ്വീകരിക്കുക.



# 5 9. വനിത

പുരഷന്മാരും സ്ത്രീകളും തമ്മിൽ ജനസംഖ്യയിൽ നേരിയ വ്യത്യാസം മാത്രം നിലനിൽക്കുന്ന പഞ്ചായത്താണിത്. സ്ത്രീകളുടെ സാമൂഹ്യവും സാമ്പത്തികവുമായ പദവി വളരെ താഴ്ന്നതാണ്. സ്ത്രീവിദ്യാഭ്യാസത്തിൻെറ കാര്യത്തിലും പിന്നോക്കാവസ്ഥ നിലനിൽക്കുന്നു. സ്ത്രീകളിൽ ഭൂരിഭാഗവും അടുക്കളയിൽത്തന്നെ കഴിയുന്ന അവസ്ഥയാണുള്ളത്. മൊത്തം സ്ത്രീജനസംഖ്യയിൽ 1837 പേർ ആദിവാസി സ്ത്രീകളാണ്. നമ്മുടെ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ അവശതയനുഭവിക്കുന്ന വിഭാഗവും ഇവരാണ്. ദാരിദ്ര്യം, പട്ടിണി, തൊഴിലില്ലായ്മ, നിരക്ഷരത, അന്ധവിശ്വാസം എന്നിവയെല്ലാം ഇവരെ വേട്ടയാടുന്നു. ഇവരിൽ പണിയ വിഭാഗങ്ങളിൽ സ്ത്രീപുരുഷ വിവേചനം കുറവാണ്. ഇവിടത്തെ മറ്റൊരു പ്രമുഖ ആദിവാസി വിഭാഗമായ കുറിച്യരുടെ ഇടയിൽ അനാചാരങ്ങൾ വളരെ കൂടുതലാണ്. ഇത് സ്ത്രീകളെയാണ് ഏറെ ബാധിക്കുന്നത്.



സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണമെടുത്താലും പെൺകുട്ടികളുടെ എണ്ണം കുറവാണെന്ന് കാണാം. എന്നാൽ ഭീമമായ അന്തരം ആ രംഗത്ത് നിലനിൽക്കുന്നില്ല. ഇടയ്ക്കുവെച്ച് പഠനം നിർത്തുന്നവരിൽ പെൺകുട്ടികളാണ് കൂടുതൽ. ഉന്നതവിദ്യാഭ്യാസത്തിന് അവസരം ലഭിക്കുന്ന പെൺകുട്ടികൾ വളരെ കുറവാണ്. യു. പി. സ്കൂൾ വിദ്യാഭ്യാസം കഴിയുമ്പോൾ വിദ്യാഭ്യാസം അവസാനിപ്പിക്കുന്നവരിൽ വിദ്യാർത്ഥിനികളാണ് അധികവും. രക്ഷിതാക്കളുടെ അജ്ഞതയും ദാരിദ്ര്യവും പെൺകുട്ടികളെ ചെറുപ്രായത്തിൽതന്നെ തൊഴിൽമേഖലയിലേക്ക് തിരിച്ചുവിടുന്നു. ഇന്നാട്ടിലും ദൂരസ്ഥലങ്ങളിലുമുള്ള വീടുകളിൽ ജോലിക്ക് കുട്ടികളെ പറഞ്ഞുവിടുന്ന രക്ഷിതാക്കളുണ്ട്. ഈ മേഖല പലവിധ ചൂഷണങ്ങൾക്കും ഇടനൽകുന്നുണ്ട്. പ്രായപൂർത്തിയാകാത്ത പെൺകുട്ടികളുടെ വിവാഹം നടത്താൻ വ്യഗ്രത കാട്ടുന്ന രക്ഷിതാക്കൾ നമ്മുടെ പഞ്ചായത്തിൽ ധാരാളമുണ്ട്. പക്വതയും പാകതയും ആകാതെ കുടുംബജീവിതത്തിലേക്ക് കാലൂന്നുന്ന കുട്ടികൾക്ക് ഭാവിജീവിതത്തിൽ ഒട്ടേറെ പ്രശ്നങ്ങൾ നേരിടേണ്ടിവരുന്നു.

പുരുഷന്മാരിൽ 46 ശതമാനത്തിന് സ്ഥിരം തൊഴിൽ ഉള്ളപ്പോൾ സ്ത്രീകളിൽ 16% പേർക്ക് മാത്രമേ തൊഴിലുള്ളൂ. ഇവിടെ എല്ലാ തൊഴിൽമേഖലയിലും പുരുഷന്മാർക്കാണ് ആധിപത്യം. തേറ്റമല, ആസ്സാം ബ്രൂക്ക് തേയിലത്തോട്ടത്തിലെ ജോലിക്കാരിൽ ഭൂരിഭാഗവും പേരും സ്ത്രീകളാണ്. ഇന്ന് പഞ്ചായത്തിൽ വ്യാപകമായി വരുന്ന തേയിലകൃഷിയിൽ ഒട്ടേറെ സ്ത്രീകൾക്ക് തൊഴിൽ ലഭിക്കുമെങ്കിലും തങ്ങളുടെ തോട്ടത്തിൽ സ്ഥിരം തൊഴിൽ നൽകാതിരിക്കാനും താൽക്കാലിക തൊഴിൽമാത്രം നൽകി മറ്റാനുകൂല്യങ്ങൾ കൊടുക്കാതിരിക്കാനുമുള്ള ശ്രമത്തിലാണ് ചെറുകിട തോട്ടമുടമകൾ. സ്ത്രീകളുടെ തൊഴിൽനിരക്ക് കുറഞ്ഞിരിക്കുന്നതിന് കാരണം തൊഴിലില്ലാത്തത് മാത്രമല്ല സ്ത്രീകളെ തൊഴിലിന് വിടാനുള്ള പുരുഷന്മാരുടെ താൽപര്യക്കുറവും കൂടിയാണ്. സ്ത്രീകളുടെ സാമൂഹ്യപദവി ഉയരാൻ അവരുടെ തൊഴിലിലുള്ള പങ്കാളിത്തം ഇനിയും വർധിക്കേണ്ടിയിരിക്കുന്നു. സ്ത്രീകളുടെ സാമ്പത്തികപരാശ്രയത്വം അവരുടെ സാമൂഹ്യപദവിയെ പ്രതികൂലമായി ബാധിക്കുമെന്നതിൽ തർക്കമില്ല.

നമ്മുടെ പഞ്ചായത്തിൽ രണ്ട് ഡി. ഡബ്ലിയു. സി. ആർ. എ. യൂനിറ്റുകൾ നല്ലനിലയിൽ പ്രവർത്തിക്കുന്നുണ്ട. ഇതിൽ 15 സ്ത്രീകൾ തൊഴിൽ ചെയ്യുന്നു. ഇത്തരം യൂനിറ്റുകൾ സ്ത്രീകളുടെ സ്വശ്രയത്വം വർധിപ്പികുകയും നേതൃത്വപരമായിതന്നെ ഉയരാൻ സ്ത്രീകളെ പ്രാപ്തരാക്കുകയും ചെയ്യും. കാർഷികമേഖലയിലും നിർമ്മാണമേഖലയിലും ധാരാളം സ്ത്രീകൾ ജോലി ചെയ്യുന്നുണ്ടെങ്കിലും വ്യക്തമായ കണക്ക് ലഭ്യമല്ല. എന്നാൽ ഈ മേഖലയിൽ തുല്യതൊഴിലിന് തുല്യവേതനമെന്ന നയം ഇനിയും നടപ്പിലായിട്ടില്ല.

## വിവിധ തൊഴിൽമേഖലകളിലെ സ്ത്രീ-പുരുഷാപാതം.

| മേഖല | സ്ത്രീകൾ | പുരുഷന്മാർ |
|---|---|---|
| കൃഷിക്കാർ | 250 | 1370 |
| കർഷകതൊഴിലാളികൾ | 980 | 1837 |
| വ്യവസായം | 49 | 95 |
| പ്ലാൻേറഷൻ | 465 | 303 |
| മൃഗപരിപാലനം | 240 | 348 |
| സർക്കാർസേവനം | 34 | 123 |

**പൊതു പ്രവർത്തകർക്ക് കുറവുള്ള ഈ പഞ്ചായത്തിൽ പൊതുപ്രവർത്തകരായ സ്ത്രീകൾ തുലോം തുച്ഛമാണ്. എന്നാൽ ഇപ്പോൾ നിലവിലുള്ള പഞ്ചായത്ത് ഭരണ സമിതിയിൽ നാല് വനിതകളുണ്ട്. ഈ പഞ്ചായത്തിലെ ആദ്യത്തെ വനിതാ പ്രസിഡണ്ട് ഇന്നത്തെ ഭരണസമിതിയിലെ ശ്രീമതി ലക്ഷ്മിസോമനാണ്. ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂളായ തൊണ്ടർനാട് എം ടി ഡി ഹൈസ്കൂളിൻെറയും, യു പി സ്കൂളിലൊന്നായ വഞ്ഞോട് സ്കൂളിൻെറയും നേതൃത്വം വഹിക്കുന്നത് വനിതകളാണ്.**

**6. മഹിളാ സമാജങ്ങൾ ഈ പഞ്ചായത്തിലുണ്ടെങ്കിലും ശരിയായ രീതിയിൽ പ്രവർത്തിക്കുന്നുണ്ടെന്നവകാശപ്പെടാനാവില്ല. കൊന്നിയോട് നാലാം വാർഡിൽ കഴിഞ്ഞ വർഷം അവിടുത്തെ അക്ഷര സംഘത്തിൻെറ ആഭിമുഖ്യത്തിൽ സഹകരണാടിസ്ഥാനത്തിൽ പഠിതാക്കളുടെ പച്ചക്കറി കൃഷി മാതൃകാപരമായി നടത്തിയിരുന്നു. ഈ പ്രവർത്തനത്തിൽ എല്ലാ തലത്തിലും പ്രവർത്തിച്ചത് വനിതകൾ മാത്രമാണെന്നത് എടുത്തു പറയേണ്ടതാണ്.**

**ചാരായ നിരോധനം നിലവിൽ വന്നിട്ടും വ്യാപകമായ കള്ളവാറ്റും, ബാവലി, മാഹി പോലുള്ള സ്ഥലങ്ങളിൽ നിന്നും ഒളിച്ചുകടത്തുന്ന മദ്യവും ഉൾപ്രദേശങ്ങളിൽ കൂടി വ്യാപിച്ചവരുന്നതും കുടിൽ വ്യവസായമായി വ്യാജവാറ്റ് പെരുകി വരുന്നതും സമൂഹത്തിനാകെയും, വിശിഷ്യാ സ്ത്രീകൾക്കും കുട്ടികൾക്കും ഭീഷണിയുയർത്തുന്ന തരത്തിൽ കാര്യങ്ങളെ കൊണ്ടെത്തിച്ചിരിക്കുന്നു.**

## പ്രശ്നങ്ങൾ

പെൺകുട്ടികൾക്ക് വിദ്യാഭ്യാസം വേണ്ടത്ര ലഭിക്കുന്നില്ല.

2.വിവാഹപ്രായമാകാത്ത പെൺകുട്ടികൾ വിവാഹത്തിന് നിർബന്ധിതരാകുന്നു.

3. തൊഴിൽ മേഖലയിൽ പങ്കാളിത്തം കുറവാണ്.

4. കൂലി നിരക്കിൽ അന്തരം നിലനിൽക്കുന്നു.

5. പൊതുരംഗത്ത് വനിതകളുടെ പ്രവർത്തനം അപര്യാപ്തമാണ്.

6.വനിതകൾക്ക് തൊഴിൽ നൽകുന്ന തൊഴിൽ സംരഭങ്ങളുടെ കുറവ്.

7. മഹിളാ സമാജങ്ങളുടെ പ്രവർത്തനം തൃപ്തികരമല്ല.

8. മദ്യനിരോധനം ഫലപ്രദമായി നടപ്പിലായില്ല. (വ്യാജവാറ്റ്, വിദേശമദ്യം, കർണാടകയിൽ നിന്നും വരുന്ന പേക്കറ്റ് ചാരായം)

9. സ്ത്രീധന സമ്പ്രദായം നിലനിൽക്കുന്നത് നിർധനകുടുംബങ്ങളിലെ പെൺകുട്ടികളെ പ്രതികൂലമായി ബാധിക്കുന്നു.

10. പൊതുപ്രവർത്തകരായ സ്ത്രീകളോടുള്ള സമൂഹത്തിൻെറ അവജ്ഞ, പൊതുപ്രവർത്തകരാവാനുള്ള സാഹചര്യങ്ങളുടെ അഭാവം.

11. ആരോഗ്യരംഗത്തെ പിന്നോക്കാവസ്ഥ, പോഷണക്കുറവ്.

12. വീട്ടുവേലക്കുവേണ്ടി മറ്റു സ്ഥലങ്ങളിലേക്കു പോവുന്ന പെൺകുട്ടികളുടെ പ്രശ്നങ്ങൾ.

13. അന്ധവിശ്വാസം, അജ്ഞത.

14 വിധവപെൻഷൻ അർഹരായ പലർക്കും ലഭിക്കായ്ക.

15. ക്രഷ് ഇല്ലാത്തത് അമ്മമാരായ തൊഴിലാളികളെ ബാധിക്കുന്നു.

16. അങ്കണവാടികളിലൂടെയുള്ള അനുപൂരക പോഷണ പരിപാടി ഫലപ്രദമല്ല.

17. ബോധവൽക്കരണ പ്രവർത്തനങ്ങൾ നടക്കുന്നില്ല.

18.സംഘടിക്കാനുള്ള സ്വതന്ത്രവേദികളുടെ അഭാവം.

19. സ്ത്രീകൾ പരസ്യങ്ങൾക്ക് വളരെ വേഗം വശംവദരാകുന്നു.

20. അടുക്കളയിൽ നിന്ന് മോചനമില്ലായ്മ.

## പരിഹാരങ്ങൾ

1. പെൺകുട്ടികളെ പഠിപ്പിക്കുന്നതുകൊണ്ട് ഗുണമില്ലെന്ന ധാരണ മാറ്റിയെടുക്കുക. സ്ത്രീ വിദ്യാഭ്യാസത്തിൻെറ പ്രാധാന്യം പ്രചരിപ്പിക്കുക. സാക്ഷരതാ പ്രവർത്തനം ഊർജിതപ്പെടുത്തുക. സാക്ഷരതാ പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുക്കുകയും 1990 ലേതുപോലെ സന്നദ്ധ പ്രവർത്തനത്തിലൂടെ സാക്ഷരതാ യജ്ഞം സംഘടിപ്പിക്കുകയും ചെയ്യുക.

2. രക്ഷിതാക്കളെ ബോധവൽക്കരിച്ച് വിവാഹപ്രായമാകാത്ത കുട്ടികളുടെ വിവാഹം നിരുത്സാഹപ്പെടുത്തുക. വിവാഹപ്രായത്തെക്കുറിച്ച് പോസ്റ്റർ പ്രചാരണം, വാർഡുതല സെമിനാറുകൾ നടത്തുക.

3. സ്വയം തൊഴിൽ കണ്ടെത്താനും, അവയ്ക്ക് അർഹമായ സാമ്പത്തിക സഹായം ലഭ്യമാക്കാനും വേണ്ട സംവിധാനമുണ്ടാക്കുക. നിന്നുപോയ യൂണിറ്റ് പുനഃരുദ്ധരിപ്പിക്കുക.

4. തുല്യജോലിക്ക് തുല്യകൂലി ലഭിക്കാനുള്ള സംവിധാനമുണ്ടാക്കുക.

5. സമൂഹത്തിൽ അംഗീകാരം ലഭിച്ച മഹിളാസമാജ പ്രസ്ഥാനങ്ങൾ വ്യാപിപ്പിക്കുക. മാതൃസമാജങ്ങൾ ശക്തിപ്പെടുത്തുക.

6. മദ്യത്തിൻെറ വിപത്തിനെതിരെ ജനകീയ സമിതി രൂപീകരിച്ച് ബോധവൽക്കരണം നടത്തുക.

7. സ്ത്രീധനത്തിനെതിരായ പ്രവർത്തനവും, മിശ്രവിവാഹവും പ്രോത്സാഹിപ്പിക്കുക.

8. അങ്കണവാടികളിലൂടെ നടത്തുന്ന പ്രവർത്തനം ശക്തിപ്പെടുത്തുക.

9. സ്ത്രീ തൊഴിലാളികൾ കൂടുതൽ ജോലി ചെയ്യുന്നിടത്ത് ക്രഷുകൾ സ്ഥാപിക്കുക.

10. തുടർ സാക്ഷരതാ പ്രവർത്തനത്തിൽ വനിതകളെ പങ്കാളികളാക്കുക.

11. ഓരോ പൊലീസ് സ്റ്റേഷനിലും എസ് ഐ അല്ലെങ്കിൽ എ എസ് ഐ വനിതയായിരിക്കണം.

12. സർകാർ ജോലിയിൽ മുപ്പത്തിമൂന്ന് ശതമാനം വനിതകൾക്ക് സംവരണം ഏർപ്പെടുത്തുക. ഓരോ ഓഫീസിലും ജീവനക്കാരുടെ മൂന്നിലൊന്ന് വനിതകളായിരിക്കണം.



# 5-10. സഹകരണമേഖല

വയനാടൻഗാന്ധി എന്നപേരിലറിയപ്പെടുന്ന തൊണ്ടർനാട് പഞ്ചായത്തിന്റെ പ്രഥമ പ്രസിഡണ്ട് കെ പി കൃഷ്ണൻനായർ അധ്യക്ഷനായുള്ള ഐക്യനാണയ സംഘത്തിൽ നിന്നാണ് സഹകരണ മേഖലയുടെ ചരിത്രം ഇവിടെ ആരംഭിക്കുന്നത്. ഈ സ്ഥാപനം പിന്നീട് തൊണ്ടർനാട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്ന പേരിൽ റജ്സട്രർ ചെയ്യപ്പെടുകയും പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. കാര്യക്ഷമമല്ലാത്തതും നിരുത്തരവാദപരവുമായ മാനേജ്മെന്റ് ഈ സ്ഥാപനത്തെ നശിപ്പിക്കുകയും , അങ്ങനെ ഇത് ലികിഡേറ്റ് ചെയ്യപ്പെടുകയും ചെയ്തു.

15-11-1991ൽ സ്ഥാപിതമായ തൊണ്ടർനാട് സർവീസ് സഹകരണസംഘം ക്ലിപ്തം ആണ് ഈ മേഖലയിൽ പ്രവർത്തിക്കുന്ന ശക്തമായ സ്ഥാപനം. 4254 അംഗങ്ങളും 905000 രൂപയുടെ അംഗീകൃത ഓഹരി മൂലധനമുള്ള ഈ സ്ഥാപനം 39,27,620 രൂപ ഹ്രസ്വകാല, ദീർഘകാല വായ്പകളായി വിതരണം ചെയ്തിട്ടുണ്ട്. മക്കിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ക്ഷീരസഹകരണസംഘമാണ് ഈ മേഖലയിലെ പഴക്കം ചെന്ന സ്ഥാപനം.നിരവിൽപുഴ, നീലോം, പുതുശ്ശേരി എന്നിവിടങ്ങളിൽ നല്ല നിലയിൽ പ്രവർത്തിക്കുന്ന ക്ഷീര സഹകരണ മേഖലകൾ ഉണ്ട്. മക്കിയാട്, തോറ്റമല എന്നിവിടങ്ങളിൽ ലേബർ കോൺട്രാക്ട് സൊസൈറ്റി രജിസ്ട്രർ ചെയ്യപ്പെട്ടിട്ടുണ്ടെങ്കിലും , ഒരു പ്രവർത്തനവും നടക്കുന്നില്ല. പട്ടികജാതി, പട്ടികവർഗ ലേബർ കോൺട്രാക് സൊസൈറ്റി കരിമ്പിൽ ആസ്ഥാനമായി രജസ്ട്രർ ചെയ്യപ്പെട്ടിട്ടുണ്ട്.

സഹകരണ രംഗത്ത് പ്രവർത്തിക്കുന്ന വനിതാ സ്ഥാപനങ്ങളാണ് കോറോം വനിതാ ഗാർമെൻറ്സും, വെള്ളിലാടി വനിതാ ഗാർമെൻറ്സും. മക്കിയാട് ആസ്ഥാനമായി പ്രവർത്തിക്കേണ്ട ഗിരിജന സർവീസ് സഹകരരസംഘം നിർജീവമാണ്. തവിഞ്ഞാൽ പഞ്ചായത്തിലെ ഗിരിജന സർവീസ് സൊസൈറ്റിയാണ് ഇവിടങ്ങളിൽ നിന്ന് വനവിഭവങ്ങൾ ശേഖരിക്കുന്നത്. ഈ സൊസൈറ്റി രംഗത്തുവന്നതോടെയാണ് ആദിവാസികൾക്ക് അവർ ശേഖരിച്ചുകൊണ്ടുവരുന്ന വനവിഭവങ്ങൾക്ക് ന്യായമായ വില ലഭിച്ചു തുടങ്ങിയത്. വഞ്ഞോട്, കുഞ്ഞോം എന്നീ യു പിസ്കൂളി

ലും ഓരോ സഹകരണ യൂനിറ്റ് നിലവിലുണ്ട്. തേറ്റമല ആസ്സാംബ്രൂക്ക് തേയില തോട്ടത്തിൽ 'തേറ്റമല എസ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി" ക്ലിപ്തം എന്നപേരിൽ ഒരു സഹകരണസ്റ്റോർ നിലവിലുണ്ട്. ആകെ 14 സഹകരണ സംഘങ്ങളാണ് ഇപ്പോഴിവിടെ പ്രവർത്തിച്ചുവരുന്നത്. അവയുടെ പേരു വിവരം താഴെ കൊടുക്കുന്നു.

1. തൊണ്ടർനാട് സർവീസ് സഹകരണസംഘം ക്ലിപ്തം.

2. ക്ഷീരസഹകരണ സംഘം നിരവിൽപ്പുഴ

3. ക്ഷീരസഹകരണസംഘം മക്കിയാട്.

4. ക്ഷീര സഹകരണസംഘം നീലോം.

5. ക്ഷീര സഹകരണസംഘം പുതുശ്ശേരി.

6. ലേബർ കോൺട്രാക്ട് സൊസൈറ്റി മക്കിയാട്.

7. ലേബർ കോൺട്രാക്ട് സൊസൈറ്റി തേറ്റമല.

8 വനിതാ ഗാർമെൻറ്സ് – കോറോം

9. വനിതാ ഗാർമെൻറ്സ് – വെള്ളിലാടി

10. ഗിരിജന സർവീസ് സഹകരണ സംഘം -മക്കിയാട്.

11. എയു പി എസ് വഞ്ഞോട് സഹകരണ സംഘം

12. എ യു പി എസ് കഞ്ഞോം സഹകരണ സംഘം.

13. പട്ടിക ജാതി, പട്ടികവർഗ ലേബർ കോൺട്രാക്ട് സൊസൈറ്റി- കരിമ്പിൽ

14. തേറ്റമല എസ്റ്റേറ്റ് എംപ്ലോയീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്

## പ്രശ്നങ്ങൾ

1. പഞ്ചായത്തിൻെറ പൊതു വികസന പദ്ധതികളിൽ സഹകരണ സംഘങ്ങൾക്ക് നിർണായക പങ്കു വഹിക്കുവാൻ കഴിയുന്നില്ല.

2. വനിതാ സഹകരണ സംഘങ്ങൾ ഇനിയും രൂപീകരിക്കപ്പെടാനുള്ള സാധ്യത. ട്രൈസത്തിൽ നിന്നും പ്രാദേശികമായും തൊഴിൽ പരിശീലനം ലഭിച്ച ഒട്ടേറെ വനിതകൾ.

3. വനങ്ങളിൽ നിന്നും ആദിവാസികൾ ശേഖരിച്ചു കൊണ്ടുവരുന്ന വനവിഭവങ്ങൾ ശേഖരിക്കുവാനുള്ള പ്രാപ്തി ഇവിടെയുള്ള സഹകരണ സംഘങ്ങൾക്ക് ഇല്ല.

4. പൊതുനിലവാരത്തിൽ കൂടുതൽ വില കച്ചവടക്കാർ ഈടാക്കുന്നു.

5. കാർഷിക വിളകൾക്ക് ന്യായമായ ലഭിക്കുന്നില്ല.

6. സഹകരണ സംഘങ്ങളുടെ ജനറൽ ബോഡി കൂടുകയോ വരവ്-ചെലവ് കണക്കുകൾ അവതരിപ്പിക്കുകയോ ചെയ്യുന്നില്ല.

## സാധ്യതകൾ

1. പഞ്ചായത്ത് ഏറ്റെടുക്കുന്ന പ്രധാനപ്പെട്ട പ്രവർത്തനങ്ങളിൽ സഹകരണസംഘങ്ങളുടെ നിക്ഷേപം ഉണ്ടാവണം. പഞ്ചായത്തു ബോർഡും സഹകരണസംഘങ്ങളും യോജിച്ച് ആസൂത്രിതമായി പരസ്പര ധാരണയോടെ മുമ്പോട്ട് പോകണം.

2. നിരവിൽപുഴ, വഞ്ഞോട്, കോറോം, പുതുശ്ശേരി, തേറ്റമല എന്നിവിടങ്ങളിൽ ഗാർമെൻറ്സ്, പായ കുട്ട എന്നിവ നിർമ്മിക്കുന്ന വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കണം.

3.മക്കിയാട് കേന്ദ്രമായി പ്രവർത്തിക്കുന്ന ഗിരിജന സർവീസ്സഹകരണ സംഘം പുനരുജീവിപിക്കണം.

5. തൊണ്ടർനാട് സർവീസ് സഹകരണ സംഘത്തിൻെറ നേതൃത്വത്തിൽ കുഞ്ഞോം, നിരവിൽപുഴ, കോറോം, മക്കിയാട്, തേറ്റമല, പുതുശ്ശേരി വളഞ്ഞോട് എന്നിവിടങ്ങളിൽ സഹകരണ സ്റ്റോർ നിർമിക്കണം.

5. വാഴകൃഷിക്കാരുടെ ഒരു സഹകരണ സംഘം രൂപീകരിക്കണം.

6. തൊണ്ടർനാട് സർവീസ് സഹകരണ സംഘത്തിൻെറ നേതൃത്വത്തിൽ മലഞ്ചരക്ക് ശേഖരണ ഡിപ്പോ ആരംഭിക്കണം.

7. സഹകരണ സംഘങ്ങളുടെ ജനറൽ ബോഡി വർഷം തോറും വിളിച്ചു ചേർക്കാനും, വരവു-ചെലവ് കണക്ക് അവതരിപ്പിക്കാനുള്ള സംവിധാനം ഉണ്ടാവണം.

8. അടയ്ക്ക, വാഴക്കുല, ഇഞ്ചി എന്നീ കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനുള്ള യൂനിറ്റുകൾ ആരംഭിക്കണം.

9. ഭക്ഷ്യസംസ്കരണരംഗത്ത് വനിതാ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കാം.



# 5-11 പട്ടികജാതി-പട്ടികവർഗക്ഷേമം

1991 ലെ കാനേഷുമാരി പ്രകാരം ഈ ഗ്രാമപഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 18.9 ശതമാനം പട്ടികവർഗക്കാരും 2.4 ശതമാനം പട്ടികജാതിക്കാരുമാണ്. പട്ടികവർഗക്കാരിൽ പ്രധാന വിഭാഗങ്ങൾ പണിയരും കുറിച്യരുമാണ്. പട്ടികജാതിക്കാരിൽ മലയർ, കുറവർ, പറയർ, പുലയർ, വണ്ണാൻ തുടങ്ങിയവർ ഉൾപ്പെടുന്നു.

ഇവിടത്തെ പട്ടികവർഗക്കാരുടെ പൂർവകാലചരിത്രം പരിശോധിക്കുമ്പോൾ ഇന്നത്തെ പരിതാപകരമായ അവസ്ഥയുടെ കാരണം വ്യക്തമാകും. കോട്ടയം രാജാവും കുറുമ്പ്രനാട് രാജാവും ചേർന്ന് വയനാട്ടിലെ വേട രാജാവിനെ യുദ്ധത്തിൽ ചതിച്ചു കൊല്ലുകയും വയനാടിനെ രണ്ടായി പങ്കിട്ടെടുക്കുകയും ചെയ്തു. ഈ രാജാക്കന്മാർ പതിനൊന്ന് നായർ പ്രമാണിമാർക്കായി വയനാടിനെ വീതിച്ചു കൊടുത്തു. ഇവർ ഇവിടത്തെ ആദിവാസികളെ ഇഛാനുസരണം അടിമപ്പണി ചെയ്യിച്ചുപോന്നു. ഇന്ന് ഈ സ്ഥിതിക്ക് മാറ്റം വന്നിട്ടുണ്ടെങ്കിലും പണിയവിഭാഗത്തിന്റെ ജീവിതരീതിക്ക് കാര്യമായ മാറ്റമൊന്നും വന്നിട്ടില്ല. ഇന്നും ഇവരുടെ ജീവിതം വളരെ പരിതാപകരമാണ്.

പണിയർ:- ആദ്യകാലങ്ങളിൽ കാടുകളിൽ താമസിച്ചും കാട്ടുകിഴങ്ങുകളും പഴങ്ങളും മറ്റും ഭക്ഷിച്ചും ജീവിച്ചുപോന്നു. നഗ്നതമറയ്ക്കാൻ ഇലയും തോലുമാണ് ഉപയോഗിച്ചിരുന്നത്. കുടിയേറ്റക്കാരുടെ വരവോടുകൂടി ഇവരുടെ തനതായ സംസ്കാരത്തിനു മങ്ങലേറ്റുതുടങ്ങി. മഴയത്ത് ചൂടാൻ ഉപയോഗിച്ചിരുന്ന "കൊരമ്പ"പോലും കാലത്തിന്റെ കുത്തൊഴുക്കിൽപ്പെട്ട് അപ്രത്യക്ഷമായിരിക്കുന്നു.

കുറിച്ച്യർ:- കോട്ടയം രാജാവായ പഴശ്ശിതമ്പുരാന്റെ പടയാളികളായിട്ടാണ് ഇവർ വയനാട്ടിൽ എത്തിയത്. 69 തറവാട്ടുകളിലായിട്ടാണ് ആദ്യകാലങ്ങളിൽ ഇവിടെ ജീവിച്ചുപോന്നത്. ഓരോ തറവാട്ടിലെയും സർവാധികാരിയായ 'മൂപ്പനെ' അവിടത്തുകാർ തന്നെ ജനാധിപത്യരീതിയിൽ തെരഞ്ഞെടുത്തിരുന്നു. പണ്ടുകാലങ്ങളിൽ 'അയിത്തം' കർശനമായി പാലിച്ചുപോന്നു. ഇന്ന് ഈ ആചാരത്തിന് ഭാഗികമായ മാറ്റം പ്രകടമാണ്. ആദ്യകാലങ്ങളിൽ നെല്ലും മുത്താറിയും ആയിരുന്നു കൃഷിചെയ്തിരുന്നത്. ഇവർ കൂട്ടംകൂട്ടമായാണ് താമസിച്ചിരുന്നത്. ഇതിനെ 'മിറ്റം' എന്ന പേരിലാണ് അറിയപ്പെടുന്നത്.

## പട്ടിക – 1

| ക്രം. നം. | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | നിലവിലുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ളകക്കൂസുകളുടെ എണ്ണം | ആവശ്യമുള്ള കിണറുകളുടെ എണ്ണം | വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 1. | ചുരുളി/അതിയോട്ടി/ ചിറക്കൻപാടി | 38 | 165 | 9 | 29 | 38 | 5 | – | 9 |
| 2. | കല്ലറ പണിയകോളനി | 12 | 43 | 10 | 2 | 10 | 2 | 3 | 7 |
| 3. | അരിമല പണിയ/ കുറിച്യ കോളനി | 6 | 40 | 4 | 2 | 6 | 1 | – | 4 |
| 4. | ഇട്ടിലാട്ടിൽ പണിയകോളനി | 22 | 77 | 8 | 14 | 22 | 2 | – | 8 |
| 5. | കുറുക്കൻകുന്നേൽ കോടംപെട്ടി | 10 | 43 | 3 | 7 | 8 | 1 | – | 3 |
| 6. | കാരക്കോട്ടിൽ | 4 | 16 | 1 | 3 | 4 | 2 | 1 | 3 |
| 7. | ഉദിരച്ചിറ പണിയകോളനി | 8 | 25 | 5 | 3 | 8 | 2 | – | 5 |
| 8. | ഇടലയിൽ പണിയകോളനി | 4 | 11 | 4 | – | 4 | 1 | 4 | – |
| 9. | ചിറക്കൽ കുറിച്യ പണിയകോളനി | 5 | 21 | 3 | 2 | 5 | 1 | – | 3 |
| 10. | മട്ടിലയം/മണപ്പാട് കോളനി | 29 | 137 | 5 | 24 | 29 | 6 | – | 5 |
| 11. | ചേമ്പിലോട് പണിയകോളനി | 13 | 44 | 5 | 8 | 8 | 1 | – | 5 |
| 12. | പന്നിപ്പാട് | 10 | 52 | 6 | 4 | 8 | – | – | 5 |
| 13. | പാലിയോട്ടിൽ | 11 | 46 | 6 | 5 | 10 | 1 | – | 6 |
| 14. | മരാടി പണിയ / കുറിച്യ | 18 | 80 | 6 | 12 | 18 | 3 | – | 6 |
| 15. | ചുങ്കം പണിയ | 10 | 52 | 2 | 8 | 10 | 2 | – | 2 |
| 16. | കരുവളം കേളോത്ത് | 43 | 136 | 15 | 28 | 43 | 10 | – | 15 |
| 17. | പുതിയടത്ത് കോമ്പ് / നറുനുറുക്കി അയ്യൻകാവ് | 19 | 77 | 9 | 10 | 19 | 5 | – | 9 |
| 18. | ചപ്പയിൽ മുണ്ടയിൽ | 8 | 31 | 3 | 5 | 8 | 1 | – | 3 |
| 19. | കുഞ്ഞോം പണിയ കോളനി | 64 | 195 | 45 | 19 | 50 | 2 | – | 45 |
| 20. | കാട്ടിയേരി / കല്ലുങ്കൽ പണിയ | 18 | 70 | 10 | 8 | 16 | 2 | – | 10 |

| ക്ര. ന. | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | നിലവിലുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ളകക്കൂസുകളുടെ എണ്ണം | ആവശ്യമുള്ള കിണറുകളുടെ എണ്ണം | വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 21. | പാതിരിമന്ദം | 32 | 95 | 13 | 19 | 30 | 1 | 8 | 5 |
| 22. | ചക്കാല/കടയിങ്കൽ പണിയ | 10 | 44 | 6 | 4 | 10 | 3 | – | 6 |
| 23. | മാട്ടവൻ കോടി/മൊട്ടൽ | 21 | 68 | 11 | 10 | 21 | 5 | – | 11 |
| 24. | പൂരിഞ്ഞി കുറിച്യ | 13 | 61 | 3 | 10 | 13 | 2 | – | 3 |
| 25 | കൊന്നിയോടി കുറിച്യ | 14 | 55 | 5 | 9 | 14 | 2 | – | 5 |
| 26. | കോന്നിയോട് പണിയ | 16 | 50 | 14 | 2 | 16 | 4 | – | 14 |
| 27. | പെരിഞ്ചേരിമല/ പണിയ | 36 | 135 | 16 | 20 | 36 | 5 | – | 16 |
| 28. | ആക്കാപുര/ എടത്തറ പണിയ | 11 | 48 | 5 | 6 | 11 | 2 | – | 5 |
| 29. | കാരാമ/എടത്തറ കുറിച്യ | 8 | 35 | 1 | 7 | 8 | 2 | – | 1 |
| 30. | തേറ്റമല പാലിയത്ത്/ പണിയ | 12 | 35 | 10 | 2 | 12 | 1 | 2 | 8 |
| 31. | ഇണ്ടേരി മഞ്ഞക്കണ്ടം കുറിച്യ | 17 | 13 | 10 | 7 | 17 | 6 | 14 | – |
| 32. | കാവുമ്മൽ/നടുക്കൊല്ലി | 11 | 32 | 8 | 3 | 11 | 3 | – | 8 |
| 33. | പള്ളിവാതുക്കൽ പണിയ | 5 | 23 | 3 | 2 | 5 | 1 | – | 3 |
| 34. | ആലക്കുറ്റം കുറിച്യ | 43 | 175 | 35 | 8 | 43 | 3 | – | 35 |
| 35. | എടക്കൊട നിലോം കുറിച്യ | 11 | 36 | 8 | 3 | 11 | 2 | – | 8 |
| 36. | വീട്ടിയമ്പറ്റ കുറിച്യ | 16 | 103 | 9 | 7 | 16 | 5 | – | 9 |
| 37. | വെങ്ങലോട് കുറിച്യ | 13 | 37 | 9 | 4 | 13 | 2 | 2 | 7 |
| 38. | ചക്കാല നെല്ലിയാറ/ തൊച്ചക്ക | 9 | 39 | 3 | 6 | 9 | 2 | – | 3 |
| 39. | തരുവണതാഴെ മേലെ | 20 | 60 | 13 | 7 | 20 | 3 | – | 13 |
| 40. | ചാലിൽ പണിയ | 3 | 16 | 3 | – | 3 | 3 | – | 13 |

| ക്ര. ന. | കോളനികളുടെ പേര് | കുടുംബങ്ങളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | നിലവിലുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ള വീടുകളുടെ എണ്ണം | ആവശ്യമുള്ളകക്കൂസുകളുടെ എണ്ണം | ആവശ്യമുള്ള കിണറുകളുടെ എണ്ണം | വൈദ്യുതീകരിച്ച വീടുകളുടെ എണ്ണം | വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം |
|---|---|---|---|---|---|---|---|---|---|
| 41. | പ്ലാമൂല കോളനി നിശായി | 7 | 32 | 7 | - | 7 | 2 | - | 7 |
| 42. | എടമുണ്ട / എടക്കൊല്ലി | 21 | 58 | 9 | 12 | 21 | 4 | - | 9 |
| 43. | ഇടച്ചേരി കുറിച്യ | 15 | 61 | 5 | 10 | 15 | 3 | - | 5 |
| 44. | ഞാറലോട് കുറിച്യ | 21 | 89 | 7 | 14 | 17 | 4 | - | 7 |
| 45. | ചേരിക്കൊല്ലി | 4 | 18 | 1 | 3 | 4 | 1 | - | 1 |
| 46. | പെറവൻചേരി | 8 | 38 | 5 | 3 | 8 | 2 | - | 5 |
| 47. | പേർകോം പണിയ | 18 | 71 | 4 | 14 | 18 | 4 | - | 4 |
| 48. | പന്തിയപാറ / കൊള്ളമക്കൊല്ലിപൊയിൽ | 10 | 41 | 7 | 3 | 9 | 4 | - | 7 |
| 49. | പാലേരി കുറിച്യ-പണിയ | 33 | 90 | 5 | 28 | 24 | 4 | - | 5 |
| 50. | ചൂരൽമൂല പണിയ | 10 | 58 | 2 | 8 | 10 | 1 | - | 2 |
| 51. | നിലോം മാറബെട്ടി | 18 | 67 | 15 | 3 | 11 | 2 | 2 | 12 |
| 52. | കുഞ്ഞോം പുല്ലൂർഞ്ഞി | 6 | 26 | 5 | 1 | 1 | 2 | - | 5 |
| 53. | ചിറമൂല പണിയ | 26 | 87 | 8 | 18 | 26 | 2 | - | 8 |
| 54. | പിലാക്കാവിൽ മേലാറ്റിൽ | 21 | 98 | 5 | 16 | 21 | 2 | - | 5 |
| 55. | അന്ന്യംകോട് പണിയ-കുറിച്യ | 14 | 48 | 4 | 10 | 13 | 3 | - | 4 |
| 56. | നാരങ്ങച്ചാൽ പണിയ | 19 | 55 | 10 | 9 | 19 | 4 | - | 10 |
| 57. | ചാലിൽ പണിയ | 12 | 42 | 2 | 10 | 12 | 2 | - | 2 |
| 58. | നെല്ലിയേരി കുറിച്യ | 6 | 24 | 3 | 3 | 5 | - | - | 3 |
| 59. | പട്ടികജാതി കുടുംബങ്ങൾ | 103 | 469 | 53 | 50 | 40 | 5 | - | 53 |

തോട്ടിലെ മീനും കാട്ടിറച്ചിയും ഇവരുടെ ഭക്ഷണത്തിലെ പ്രധാന ഇനമായിരുന്നു. നിലവിലുണ്ടായിരുന്ന മരുമക്കത്തായ സമ്പ്രദായത്തിന് അൽപ്പം മാറ്റം വന്നുതുടങ്ങി. വൃത്താകൃതിയിൽ ഉള്ള ഓലക്കുടകളാണ് മഴക്കാലങ്ങളിൽ ഉപയോഗിച്ചിരുന്നത്.

സാക്ഷരതാ പ്രസ്ഥാനത്തിലൂടെ സാമൂഹ്യ-രാഷ്ട്രീയ രംഗത്തേക്ക് കടന്നുവന്ന പട്ടികവർഗ വനിതയാണ് ഇന്ന് നമ്മുടെ പഞ്ചായത്ത് പ്രസിഡണ്ട് എന്നത് അഭിമാനകരമാണ്.

പട്ടികജാതി:-ഈ ഗ്രാമപഞ്ചായത്തിലെ പട്ടികജാതിവിഭാഗത്തിൽപ്പെട്ടവർ മറ്റ് ജില്ലകളിൽ നിന്ന് കുടിയേറിപ്പാർത്തവരാണ്. ജീവിതനിലവാരത്തിൽ പട്ടികവർഗക്കാരെക്കാൾ അൽപം മുന്നിലാണ്. ഏകദേശം 103 കുടുംബങ്ങൾ ഈ വിഭാഗത്തിലുണ്ട്.

വിദ്യാഭ്യാസം:- മറ്റ് വിഭാഗങ്ങളേക്കാൾ വിദ്യാഭ്യാസപരമായി പട്ടികജാതി-പട്ടികവർഗ വിഭാഗങ്ങൾ വളരെയധികം പിന്നിലാണ്. ഇവരിൽ ബഹുഭൂരിപക്ഷവും നിരക്ഷരരുമാണ്. ഒന്നാം ക്ലാസിൽ 95 ശതമാനം കുട്ടികളെയും പ്രവേശിപ്പിക്കുന്നുണ്ടെങ്കിലും ഇതിൽ യു പി സ്കൂളിൽ എത്തുന്നത് 65 ശതമാനവും ഹൈസ്കൂളിൽ 26 ശതമാനവുമായി ചുരുങ്ങുന്നു. എസ്എസ്എൽസി പൂർത്തിയാക്കുന്നതോ ജയിക്കുന്നതോ ആയ കുട്ടികളുടെ എണ്ണം വളരെ കുറവാണ്. പണിയവിഭാഗത്തിലെ കുട്ടികളാണ് സ്കൂളിൽ പോകാൻ വളരെ വിമുഖതകാണിക്കുന്നത്.

പാർപ്പിടം:-ആകെ (978+103) 1081 കുടുംബങ്ങളിൽ (459+53) കുടുംബങ്ങൾക്ക് മാത്രമേ സ്വന്തമായി പാർപ്പിടമുള്ളു. ഉള്ളതിൽ തന്നെ മിക്കവയും ജീർണ്ണാവസ്ഥയിലാണ്. പുതിയതായി (498+548) വീടുകൾ ആവശ്യമുണ്ട്. കക്കൂസുള്ള വീടുകളുടെ എണ്ണം വളരെ പരിമിതമാണ്. ആകെ കുടുംബങ്ങളുടെ എണ്ണം 1081 ആണ്.

വീട് നിർമ്മിക്കുമ്പോൾ കാലാവസ്ഥക്ക് അനുയോജ്യമായ കെട്ടുറപ്പുള്ള വീടുകൾ നിർമ്മിക്കണം. (ആവശ്യമുള്ള വീട്, കക്കൂസ്, കിണർ, വൈദ്യുതി എന്നിവയുടെ വിവരം പട്ടിക ഒന്നിൽ കൊടുത്തിട്ടുണ്ട്.)

ആരോഗ്യം, കുടിവെള്ളം:- പകർച്ചവ്യാധികളായ ചൊറി, ചിരങ്ങ് മുതലായ രോഗങ്ങൾ ഇവർക്കിടയിൽ സർവസാധാരണമാണ്. കോളണികളായി താമസിക്കുന്നതുകൊണ്ട് രോഗം പടർന്ന് പിടിക്കാനുള്ള സാധ്യത വളരെ കൂടുതലാണ്. മിക്ക വീടുകളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്.

കൃഷി-തൊഴിൽ:- കാർഷികമേഖലയുമായി ജീവിക്കുന്നവരാണ് ഇവിടെ പട്ടികജാതി പട്ടികവർഗക്കാർ. ഇവരിൽ മിക്കവരും കർഷകതൊഴിലാളികളാണ്. ഈ മേഖലയിൽ വേണ്ടത്ര തൊഴിൽദിനങ്ങൾ ലഭിക്കാത്തതിനാൽ മറ്റ് അസംസ്കൃതവസ്തുക്കളുടെ അഭാവംമൂലം പായ, കുട്ട, പനമ്പ് തുടങ്ങിയവയുടെ നിർമ്മാണം സ്തംഭനാവസ്ഥയിലാണ്. ഇതുമൂലം ഈ പരമ്പരാഗത തൊഴിൽമേഖലയിൽ യുവതലമുറക്ക് പരിശീലനം ലഭിക്കാറുമില്ല. അസംഘടിത തൊഴിലാളികൾ ആയതുകൊണ്ട് കൂലിനിരക്കിൽ ഏകീകരണമില്ല. സർക്കാർ സർവീസുകളിലും മറ്റും ജോലിയുള്ളവരുടെ എണ്ണം വിരളമാണ്. നെല്ലാണ് പ്രധാനകൃഷി.

വൈദ്യുതി, ഗതാഗതം-ആദിവാസികൾക്ക് വൈദ്യുതിക്ക് മുൻതൂക്കം നൽകുന്നുണ്ടെങ്കിലും ഫലത്തിൽ കിട്ടുന്നില്ല. വൈദ്യുതീകരിച്ച വീടുകൾ 35 എണ്ണം മാത്രമാണ്. ടി എസ് പിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുന്ന റോഡുകൾ ഒന്നുംതന്നെ കോളനികൾക്ക് വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. പുതിയ റോഡുകളുടെ നിർമ്മാണം കോളനികളെ ബന്ധപ്പെടുത്തിയായിരിക്കണം. 71 കോളനികൾ ഉണ്ടെങ്കിലും 19 കോളനികളിലേക്ക് മാത്രമേ റോഡുകൾ ഉള്ളു. ഇത് വേണ്ടത്ര ഗതാഗതയോഗ്യമല്ല. ഈ പഞ്ചായത്തിൽ കോളനി റോഡുകൾ ഒന്നും ചെയ്തിട്ടില്ല. (റോഡുകളുടെ വിശദ വിവരങ്ങൾ അടങ്ങിയ പട്ടിക -2 നോക്കുക)

## നടപ്പുപദ്ധതികൾ

നടപ്പുപദ്ധതിക്കാലത്തെ സ്ഥിതി അവലോകനം ചെയ്താൽ ആദിവാസികളുടെ ക്ഷേമത്തിനായി നിരവധി പദ്ധതികൾ നിലവിൽ ഉണ്ടെങ്കിലും ഇവയൊന്നും തന്നെ ലക്ഷ്യപ്രാപ്തിയിൽ എത്തുന്നില്ല. സംയോജിത ഭവനനിർമ്മാണ പദ്ധതിയിലൂടെ വളരെ കുറച്ചു വീടുകൾ മാത്രമേ നിർമ്മിക്കപ്പെട്ടിട്ടുള്ളു. ഈ പദ്ധതിപ്രകാരം കക്കൂസ് അടക്കമുള്ള വീടുകൾക്ക് വളരെ തുച്ഛമായ സംഖ്യയാണ് വകയിരുത്തിയിട്ടുള്ളത്. അതുകൊണ്ട് തന്നെ കെട്ടുറപ്പുള്ള ഉപയോഗയോഗ്യമായ വീടുകൾ നിർമ്മിക്കാൻ സാധിക്കുന്നില്ല. മില്ല്യൺവെൽ സ്കീമിൽ പല കോളനികളിലും കിണറുകൾ, കുളങ്ങൾ എന്നിവ നിർമ്മിച്ചിട്ടുണ്ടെങ്കിലും അവ ഒന്നുംതന്നെ വേണ്ടത്ര പ്രയോജനപ്പെടുന്നില്ല. വിദ്യാർഥികൾക്കുള്ള പഠനസഹായ പദ്ധതികൾ നിലവിലുണ്ടെങ്കിലും വേണ്ടവിധത്തിൽ

## പട്ടിക – 2

| ക്ര. ന. | കോളനികളുടെ പേര് പട്ടികവർഗ കോളനി | റോഡ് | റോഡ് ഗതാഗതയോഗ്യമാണോ | പുതിയ റോഡ് ആവശ്യമുണ്ടോ | റോഡ് മെറ്റൽ ചെയ്തതാണോ | ടാറിങ്ങ് ചെയ്തതാണോ | നീളം |
|---|---|---|---|---|---|---|---|
| 1. | ആനിയോട്ടിൽചുരുളി റോഡ് | ഇല്ല | – | ഉണ്ട് | – | – | 3 കി.മീ. |
| 2. | അരിമല | ഉണ്ട് | – | – | അതെ | ഇല്ല | 2 കി.മീ. |
| 3. | കല്ലറ/ഇടലയിൽ | ഇല്ല | – | ഉണ്ട് | – | – | 1 കി.മീ. |
| 4. | ഇട്ടിലാട്ടിൽ കാട്ടിയേരി കല്ലുങ്ങൽ | ഉണ്ട് | അല്ല | – | – | – | 2 കി.മീ. |
| 5. | കുറുക്കൻകുന്നിൽ കൊടംബെട്ടി | ഇല്ല | – | ഉണ്ട് | – | – | 900 മീ. |
| 6. | കാരക്കോട്ടിൽ | ഇല്ല | – | ഉണ്ട് | – | – | 500 മീ. |
| 7. | ഉദിരച്ചിറ | ഇല്ല | – | ഉണ്ട് | – | – | 2 കി.മീ. |
| 8. | ചിറക്കൽ/കുങ്കിച്ചിറ | ഉണ്ട് | അല്ല | ഇല്ല | ഇല്ല | – | 2.500 കി.മീ |
| 9. | മട്ടിലയം | ഇല്ല | – | ഉണ്ട് | – | – | 600 മീ. |
| 10. | മണപ്പാട് | ഇല്ല | – | ഉണ്ട് | – | – | 500 മീ. |
| 11. | ചേമ്പിലോട് | ഉണ്ട് | ഇല്ല | – | അല്ല | ഇല്ല | 900 മീ. |
| 12. | പന്നിപ്പാട് | ഉണ്ട് | അല്ല | – | ഇല്ല | ഇല്ല | 2 കി.മീ. |
| 13. | പാലിയോട്ടിൽ | ഇല്ല | അല്ല | ഉണ്ട് | – | – | 500 മീ. |
| 14. | മരാടി | ഇല്ല | – | ഉണ്ട് | – | – | 1200 മീ. |
| 15. | കേളോത്ത് | നിർമ്മാണത്തിൽ | – | – | ഇല്ല | ഇല്ല | 15 കി.മീ. |
| 16. | കരുവളം | ഇല്ല | – | ഉണ്ട് | – | – | 1 കി.മീ. |
| 17. | പുതിയേടത്ത് കോമ്പ് | ഉണ്ട് | അല്ല | – | ഇല്ല | ഇല്ല | 1.500 മീ. |
| 18. | പാതിരിമന്ദം | ഉണ്ട് | അല്ല | ഇല്ല | അതെ | ഇല്ല | 800 മീ. |
| 19. | കടയിങ്കൽ | ഇല്ല | – | ഉണ്ട് | – | – | 1 കി.മീ. |
| 20. | പുരിഞ്ഞി | ഇല്ല | – | – | – | – | 800 മീ. |
| 21. | കൊന്നിയോട് | ഇല്ല | – | – | – | – | 900 മീ. |
| 22. | പെരിഞ്ചേരി മല | ഉണ്ട് | അല്ല | – | – | – | 3 കി.മീ. |

| ക്ര. ന. | കോളനികളുടെ പേര് പട്ടികവർഗ കോളനി | റോഡ് | റോഡ് ഗതാഗതയോഗ്യമാണോ | പുതിയ റോഡ് ആവശ്യമുണ്ടോ | റോഡ്മെറ്റൽ ചെയ്തതാണോ | ടാറിങ്ങ് ചെയ്തതാണോ | നീളം |
|---|---|---|---|---|---|---|---|
| 23. | തേറ്റമല പാലിയണ | ഇല്ല | – | ഉണ്ട് | – | – | 1 കി.മീ. |
| 24. | ഇണ്ടേരിക്കുന്ന് | ഉണ്ട് | – | – | – | – | 900 മീ. |
| 25. | കാവുമ്മിൽ | ഇല്ല | – | – | – | – | 1 കി.മീ. |
| 26. | അപക്കമുറ്റം | ഉണ്ട് | ഇല്ല | – | – | – | 2 കി.മീ. |
| 27. | വീട്ടിയമ്പറ്റ | ഇല്ല | – | – | – | – | 1 കി.മീ. |
| 28. | മട്ടിലയംചമ്പയിൽ മുണ്ടയിൽ | ഇല്ല | – | – | – | – | 3 കി.മീ. |
| 29. | തരുവണ്ണ താഴെ / മേലെ | ഇല്ല | – | – | – | – | 800 മീ. |
| 30. | വെണ്ടലോട് | ഇല്ല | – | – | – | – | 1 കി.മീ. |
| 31. | ഞാറലോട് | ഇല്ല | – | – | – | – | 900 മീ. |
| 32. | എടമുണ്ട / എടമുണ്ടക്കൊല്ലി | ഉണ്ട് | അല്ല | – | – | – | 19 കി.മീ. |
| 33. | പുറവഞ്ചേരി ഇല്ലത്തുമല | ഉണ്ട് | അല്ല | – | – | – | 4 കി.മീ. |
| 34. | നെടുമ്പിലാശ്ശേരി | ഉണ്ട് | അല്ല | – | – | – | 3 കി.മീ. |
| 35. | എടച്ചേരി | ഉണ്ട് | അല്ല | – | – | – | 3 കി.മീ. |
| 36. | പൊർളോം | ഇല്ല | – | – | – | – | 2 കി.മീ. |
| 37. | പന്നിയമ്പാറ | ഉണ്ട് | – | – | – | – | 1.500 മീ. |
| 38. | പാലേരി | ഉണ്ട് | – | – | – | – | 800 മീ. |
| 39. | ചൂരൽമല | ഉണ്ട് | ഇല്ല | – | – | – | 800 മീ. |
| 40. | മാമ്പട്ടി | ഉണ്ട് | ഇല്ല | – | – | – | 900 മീ. |
| 41. | ചിറമൂല | ഇല്ല | – | – | – | – | 800 മീ. |
| 42. | പിലാക്കാവ്, ചേലാറ്റിൽ | ഉണ്ട് | അല്ല | – | – | – | 1500 മീ. |
| 43. | അത്യങ്കോട് | ഇല്ല | അല്ല | – | – | – | 1 കി.മീ. |
| 44. | നാരങ്ങച്ചാൽ | ഉണ്ട് | അല്ല | – | – | – | 2 കി.മീ. |
| 45. | നെല്ലിയേരി | ഇല്ല | – | – | – | – | 1 കി.മീ. |

പ്രയോജനപ്പെടുന്നില്ല. ചികിത്സാ സഹായപദ്ധതി, മിശ്രവിവാഹിതർക്കുള്ള ധനസഹായം, ഐ ആർ ഡി പി, ഐ എച്ച് ഡി പി മുതലായ പദ്ധതികൾ നിലവിലുണ്ടെങ്കിലും ഇതിൻെറ പ്രയോജനം തൃപ്തികരമല്ല. സ്ഥലം വാങ്ങി വീടുവെക്കുന്ന പദ്ധതി നിലവിലുണ്ടെങ്കിലും ഇതിൻെറ നടത്തിപ്പ് ഫലപ്രദമാകുന്നില്ല എന്നുമാത്രമല്ല, ഇതിൽ സർക്കാരിന് ലക്ഷങ്ങൾ നഷ്ടപ്പെടുന്നു.

ഫുഡ്സപ്പോർട്ട് പ്രോഗ്രാം അർഹരായവർക്ക് ലഭിക്കുന്നില്ല. എസ് സി-എസ് ടി കോർപറേഷൻ മുഖേന നടപ്പാക്കുന്ന പദ്ധതിയുടെ ഗുണഭോക്താക്കളായി വളരെ ചുരുക്കം പേർ മാത്രമാണുള്ളത്. അപകട ഇൻഷുറൻസ് പദ്ധതി നിലവിൽ ഉണ്ടെങ്കിലും ഇതിൽ അംഗങ്ങളായിട്ടുള്ളവർ നാമമാത്രമാണ്. പ്രസ്തുത പദ്ധതികളെക്കുറിച്ചുള്ള അജ്ഞതയും നടത്തിപ്പുകാരുടെ അലംഭാവവും കാരണം ഫലപ്രാപ്തിയിൽ എത്തുന്നില്ല.

## പ്രശ്നങ്ങൾ

- സാമ്പത്തിക പരാധീനത
- കുട്ടികൾ സ്കൂളിൽ പോകാത്തതിൻെറ കാരണം രക്ഷിതാക്കൾ വേണ്ടത്ര ബോധവാന്മാരല്ലാത്തതാണ്.
- കുട്ടികൾ വിദ്യാഭ്യാസപരമായി താഴ്ന്ന നിലവാരം പുലർത്തുന്നു. സമൂഹത്തിലെ മറ്റ് വിഭാഗങ്ങളുടെ സമീപനം. കുട്ടികളെക്കൊണ്ട് തൊഴിലെടുപ്പിക്കുന്ന പ്രവണത.
- ശിഥിലീകരിക്കപ്പെട്ട കുടുംബബന്ധങ്ങൾ കാരണം മക്കളുടെ കാര്യത്തിൽ രക്ഷിതാക്കൾക്ക് താൽപര്യം കുറയുന്നു.
- രക്ഷിതാക്കൾ ഉപേക്ഷിക്കുന്നതുകൊണ്ട് ചെറുപ്പത്തിലേ കുടുംബബാധ്യത പേറേണ്ടിവരുന്ന കുട്ടികൾ.
- അന്ധവിശ്വാസങ്ങളും അനാചാരങ്ങളും വെച്ചുപുലർത്തുന്നതുകൊണ്ടുള്ള പ്രശ്നങ്ങൾ.
- സമൂഹത്തിൽ അർഹമായ പ്രാതിനിധ്യക്കുറവു മൂലം ചൂഷണത്തിന് വിധേയമാകുന്നു.
- മദ്യത്തിനും മയക്കുമരുന്നിനും അടിമകളാകുന്നു.
- പൊതുരംഗത്തും സാമൂഹ്യരംഗത്തും സർക്കാർ ഉദ്യോഗങ്ങളിലും എത്തിപ്പെടുന്നില്ല.
- വീടുകൾക്ക് സർക്കാർ ഗ്രാൻറുകൾ കൊടുക്കുന്നുണ്ടെങ്കിലും ആ ഗ്രാൻറുകൊണ്ട് വീട് നിർമ്മിക്കാൻ കഴിയാത്തതിൻെറ ബുദ്ധിമുട്ട് പല കുടുംബങ്ങൾക്കും അനുഭവപ്പെടുന്നുണ്ട്.
- സർക്കാർ ഉണ്ടാക്കിക്കൊടുക്കുന്ന വീടുകളോടുള്ള ഉത്തരവാദിത്വമില്ലായ്മ.
- ആവശ്യമുള്ള വീടുകളും കക്കൂസുകളും ഇല്ല.
- പോഷകാഹാര കുറവ് കൊണ്ടുണ്ടാകുന്ന രോഗങ്ങളും പകർച്ചവ്യാധികളും ഉണ്ടാകാറുണ്ട്.
- കാട്ടുമൃഗങ്ങളുടെ (പ്രത്യേകിച്ച് പന്നിയുടെ) ശല്യംകാരണം കൃഷിനാശം നേരിടുന്നു.
- തൊഴിൽ പരിശീലന സ്ഥാപനങ്ങളുടെ കുറവ്.
- ബാങ്കുകളിൽ നിന്നും മറ്റ് ധനകാര്യസ്ഥാപനങ്ങളിൽ നിന്നും വായ്പ കിട്ടാനുള്ള ബുദ്ധിമുട്ട്.
- പരമ്പരാഗത വ്യവസായങ്ങളായ പായ്, കുട്ട, പനമ്പ് നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുക്കളുടെ അഭാവം.
- ചികിത്സാ കുറവ്.
- മുതിർന്നവരുടെ നിരക്ഷരത.
- യാത്രാ സൗകര്യങ്ങളുടെ അഭാവം.
- 35 വീടുകൾ മാത്രമേ വൈദ്യുതീകരിച്ചിട്ടുള്ളു.
- അഭ്യസ്തവിദ്യരായ തൊഴിൽരഹിതരുടെ എണ്ണം വർദ്ധിച്ചുവരുന്നു.
- മിക്ക കോളനികളിലും ബന്ധപ്പെട്ട ശ്മശാനങ്ങളില്ല.
- നേതൃത്വമില്ലായ്മ.

## സാധ്യതകൾ

- വീട് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും വീട് നിർമ്മിച്ചു നൽകുക. ചരിഞ്ഞ മേൽക്കൂരയുള്ള കോൺക്രീറ്റ് വീടുകളായിരിക്കണം.
- നിലവിലുള്ള വീടുകൾ അറ്റകുറ്റപണി നടത്തി വാസയോഗ്യമാക്കുക. വീടു നിർമ്മിക്കാനുള്ള ധനസഹായം പരമാവധി വർദ്ധിപ്പിക്കുക.
- പട്ടികജാതി പട്ടിക വർഗക്കാരുടെ ഭവന നിർമ്മാണം സർക്കാർ ഏജൻസിയായ നിർമ്മിതി കേന്ദ്രത്തെ ഏല്പിക്കുക.

○ കക്കൂസ് ഇല്ലാത്ത മുഴുവൻ വീടുകൾക്കും കക്കൂസ് നിർമ്മിച്ച് നൽകുക. ഇതിൻെറ പ്രാധാന്യത്തെക്കുറിച്ചും ഉപയോഗത്തെക്കുറിച്ചും ബോധവൽക്കരണം നടത്തുക. ഈ വിഭാഗങ്ങളിൽപ്പെടുന്ന വിദ്യാസമ്പന്നരെ ഇതിനായി ഉപയോഗപ്പെടുത്താം.

○ ആവശ്യമുള്ള എല്ലാവർക്കും കുടിവെള്ളം എത്തിക്കുക. കിണറുകുഴിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിൽ കിണർ കുഴിക്കുകയും മറ്റിടങ്ങളിൽ മിൻമുട്ടി പദ്ധതി വഴി കുടിവെള്ളം എത്തിക്കുകയും ചെയ്യുക.

ഭൂമി ഇല്ലാത്ത ആദിവാസികൾക്ക് മിച്ചഭൂമി പതിച്ചുനൽകുക.

മുഴുവൻ ആളുകളുടെയും ഭൂമി അളന്ന് തിരിച്ച് കൈവശരേഖയില്ലാത്തവർക്ക് രേഖകൊടുക്കാൻ നടപടി സ്വീകരിക്കുക.

തേറ്റമല തേയിലതോട്ടത്തിനു അടുത്തുള്ള ഏകദേശം 500 ഏക്കർ വരുന്ന മിച്ചഭൂമിയിൽ പ്രിയദർശിനി തേയിലതോട്ടത്തിൻെറ യൂനിറ്റ് സ്ഥാപിക്കുക.

കാർഷിക മേഖലയെ പ്രോത്സാഹിപ്പിച്ചാൽ തൊഴിൽസാധ്യതയും വരുമാനവും വർദ്ധിപ്പിക്കാൻ സാധിക്കും.

ആവശ്യമുള്ള സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കുക.

കൃഷിഭവൻ മുഖേന നല്ലയിനം നടീൽ വസ്തുക്കൾ, കാർഷികോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുക.

കന്നുകാലി വളർത്തലിനു സാമ്പത്തിക സഹായവും പരിശീലനവും നൽകുക.

വനഭൂമിക്കുള്ളിൽ സ്ഥിതിചെയ്യുന്ന ആദിവാസികളുടെ ഭൂമി ഏറ്റെടുത്ത് വനത്തിനോട് ചേർക്കുകയും ജനങ്ങൾ തിങ്ങിപ്പാർക്കുന്ന സ്ഥലങ്ങളിൽ ഒറ്റപ്പെട്ടുകിടക്കുന്ന നിക്ഷിപ്തവനഭൂമി പകരം നൽകുകയും ചെയ്യുക.

ഗ്രാൻറ് കൊടക്കുന്ന അവസരങ്ങളിൽ ആദിവാസി രക്ഷിതാക്കളെ, കുട്ടികളെ സ്കൂളിൽ അയക്കുന്നതിൻെറ ആവശ്യകതയെപ്പറ്റി ബാധവാന്മാരാക്കുക.

പഞ്ചായത്തിലെഎല്ലാ എൽ പി സ്കൂളുകളും അപ്ഗ്രേഡ് ചെയ്യുകയും.

കരിമ്പിൽ, മക്കിയാട്, എന്നീ സ്ഥലങ്ങളിൽ എൽ പി സ്കൂൾ അനുവദിക്കുക.

ട്രൈബൽ ഹോസ്റ്റൽ ബോഡിംഗ് സ്കൂൾ ആക്കി മാറ്റുകയും അതിൻെറ നടത്തിപ്പ് ജനകീയ കമ്മറ്റിക്ക് വിട്ടുകൊടുക്കുകയും ചെയ്യുക.

പട്ടികജാതി പട്ടികവർഗ കോളനികളിൽ സന്നദ്ധ പ്രവർത്തകരെ ഉപയോഗപ്പെടുത്തി സാക്ഷരതാ പ്രവർത്തനം ഊർജിതപ്പെടുത്തുക.

പട്ടികവർഗ വിദ്യാർഥികൾ കൂടുതൽ പഠിക്കുന്ന കുഞ്ഞോം ഗവഃ എൽ പി സ്കൂൾ അപ്ഗ്രേഡ് ചെയ്യുക.

അഭ്യസ്ത വിദ്യരായ തൊഴിൽ രഹിതർക്ക് തൊഴിൽ ഉറപ്പുവരുത്തുക

കോളനികളിൽ ടി വി, വായനശാല, സാംസ്കാരിക നിലയം എന്നിവ സ്ഥാപിക്കുക.

ട്രൈബൽഹോസ്റ്റലുകളിൽ പണിയ വിഭാഗത്തിൽപ്പെടുന്ന മുഴുവൻ കുട്ടികളെയും, മറ്റു പട്ടികജാതി പട്ടികവർഗ വിഭാഗങ്ങളിൽപ്പെട്ട താൽപര്യമുള്ള കുട്ടികളെയും മുന്നോക്ക വിഭാഗങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന കുട്ടികളെയും പ്രവേശിപ്പിക്കുക.

ബാല തൊഴിൽ നിർബന്ധമായും നിർത്തലാക്കുക.

ഈ പഞ്ചായത്തിലുള്ള കുട്ടികളെ ദൂരസ്ഥലങ്ങളിൽ ഉള്ള ബോർഡിംഗ് സ്കൂളിൽ ചേർക്കുക.

സ്കൂളിൽ നിന്ന് വിതരണം ചെയ്യുന്ന ഗ്രാൻറുകൾ വർദ്ധിപ്പിക്കുകയും കൃത്യമായി വിതരണം ചെയ്യുകയും ആറ് മാസത്തിൽ ഒരിക്കൽ ഓഡിറ്റ് നടത്തുകയും ചെയ്യുക.

ആദിവാസി വിദ്യാർഥികൾക്ക് ട്യൂഷൻ ഏർപ്പെടുത്തുക.

ഡി പി ഇ പി, ട്രൈബൽ, വളണ്ടിയർമാർ എന്നിവരുടെ സേവനം ഫലപ്രദമാക്കുക.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിനു സൗകര്യം ഏർപ്പെടുത്തുക.

ചുരുളി, കുഞ്ഞോം, എന്നീ സ്ഥലങ്ങളിലുള്ള ട്രൈബൽ ബാലവാടികളുടെ പ്രവർത്തനം മെച്ചപ്പെടുത്തുകയും വളാതോട്, കോന്നിയോട്

പെരിഞ്ചേരിമല, ചാലിൽ ചിറമൂല തുടങ്ങിയ കോളനികളിൽ ട്രൈബൽ ബാലവാടികൾ ആരംഭിക്കുകയും ചെയ്യുക.

ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ ഗതാഗതയോഗ്യമാക്കുകയും ആവശ്യമായ പുതിയ റോഡുകൾ നിർമ്മിക്കുകയും ചെയ്യുക.

വൈദ്യുതീകരിക്കാത്ത മുഴുവൻ വീടുകളും വൈദ്യുതീകരിക്കുക. വൈദ്യുതീകരിക്കാത്ത വീടുകളുടെ എണ്ണം പട്ടിക 1 നോക്കുക

റേഷൻ കാർഡ് ഇല്ലാത്ത മുഴുവൻ ആദിവാസികൾക്കും റേഷൻ കാർഡ് നൽകുക. റേഷൻ കാർഡ് ലഭിക്കാനുള്ള നടപടി ലഘൂകരിക്കുക.

അനർട്ടിൻെറ പുകയില്ലാത്ത അടുപ്പുകളും സൂര്യറാന്തൽ വിളക്കുകളും കോളനികളിൽ സ്ഥാപിക്കുക.

പഞ്ചായത്തിൻെറ ആസ്ഥാനമായ കോറോത്ത് 50 കിടക്കകളുള്ള ആശുപത്രി സ്ഭാപിക്കുക.

കുഞ്ഞോത്ത് പ്രൈമറി ഹെൽത്ത് സെൻറർ സ്ഥാപിക്കുക.

മാസത്തിൽ ഒരിക്കൽ ഡോക്ടർ ഉൾപ്പെടെയുള്ള ആരോഗ്യപ്രവർത്തകർ കോളനികൾ സന്ദർശിക്കുക.

കോറോത്തുള്ള ആശുപത്രിയിൽ ജീവനക്കാരും മരുന്നും ഉണ്ടെന്ന് ഉറപ്പ് വരുത്തുക.

പരിസര ശുചിത്വത്തെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.

പച്ചക്കറി കൃഷിയും ഉപയോഗവും പ്രോത്സാഹിപ്പിക്കുക.

പുകവലി, മുറുക്ക്, മദ്യപാനം, മയക്കുമരുന്ന് ഉപയോഗം ഇവ നിരുത്സാഹപ്പെടുത്തുക.

ഈറ, മുള കൈത, ചൂരൽ എന്നിവയുടെ ലഭ്യത ഉറപ്പുവരുത്താൻ വേണ്ടി പുഴയോരങ്ങളിൽ നട്ടുപിടിപ്പിക്കുക. കൂടാതെ ഇവ വനങ്ങളിൽ നിന്ന് ശേഖരിക്കാൻ അനുവാദം കൊടുക്കുകയും ചെയ്യുക.

തേൻ, പന്തം, തുടങ്ങിയ വനവിഭവങ്ങൾ ശേഖരിക്കാൻ അനുവാദം കൊടുക്കുകയും അവയ്ക്ക് ന്യായമായ വില ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

വനം വകുപ്പിൽ സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾ ആദിവാസികൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

അസംഘടിത മേഖലയിൽ കൂലിനിരക്ക് ഏകീകരിക്കുക.

ഐ ആർ ഡി പി മുഖേന സ്വയം തൊഴിൽ കണ്ടെത്താനുള്ള പരിശീലനവും ധനസഹായവും ആവശ്യക്കാർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ഫുഡ് സപോർട്ട് പ്രോഗ്രാമിൻെറ ഫലം അർഹതപ്പെട്ടവർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുക.

ഗിരിജൻ സർവീസ് സൊസൈറ്റിയുടെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കുക.

നിർബന്ധിത വിദ്യാഭ്യാസം നിയമവിധേയമാക്കുക.

വിവിധ ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന ക്ഷേമപ്രവർത്തനങ്ങൾ ഒറ്റ ഏജൻസിക്ക് കീഴിലാക്കുക.

സമ്പൂർണ്ണ മദ്യനിരോധനം ഏർപ്പെടുത്തുക.

ട്രൈബൽ ഓഫീസുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

സ്വന്തമായി ശ്മശാനം ഇല്ലാത്ത കോളനിക്ക് ശ്മശാനം ലഭ്യാമാക്കുക.

മറ്റു ജനവിഭാഗങ്ങളുമായി ഇടപഴകാൻവേണ്ടി പഞ്ചായത്തിൻെറ ആഭിമുഖ്യത്തിൽ ആഘോഷപരിപാടികൾ സംഘടിപ്പിക്കുക.

മിശ്രവിവാഹത്തിനുള്ള ഗ്രാൻറും രക്ഷിതാക്കൾ ഇല്ലാത്ത പെൺമക്കളുടെ ഗ്രാൻറും കാലോചിതമായി വർദ്ധിപ്പിക്കുക.

വനംവകുപ്പ് പിടിച്ചെടുത്ത ആദിവാസികളുടെ ഭൂമിതിരിച്ച് നൽകാൻ നടപടി സ്വീകരിക്കുക.

ആദിവാസി കോളനികൾ കേന്ദ്രീകരിച്ച് നടത്തുന്ന വ്യാജവാറ്റ് തടയുക.

ആദിവാസികളുടെ തനതായ കലാരൂപങ്ങളും പാട്ടുകളും സംരക്ഷിക്കാൻ നടപടി സ്വീകരിക്കുക.



# 5-12 വിഭവസമാഹരണം

മൂന്ന് ഭാഗവും വനനിബിഡമായ തൊണ്ടർനാട് ഗ്രാമപഞ്ചായത്തിൻെറ വിസ്തീർണ്ണം 131.15 ച.കി.മീ. ആണ്. ആകെ ഭൂവിസ്തൃതിയുടെ 55.56 ശതമാനം വനഭൂമിയാണ്. ഭൂമിശാസ്ത്രപരമായി കുന്നുകൾ, മലനിരകൾ, താഴ്വരകൾ, നിരപ്പായ കരഭൂമികൾ, അങ്ങിങ്ങായി ചിതറിക്കിടക്കുന്ന വയലുകൾ, താഴ്ന്ന സമതലങ്ങൾ, ചെറു അരുവികൾ, തോടുകൾ, പുഴകൾ, ചെറുതരം കുളങ്ങൾ എന്നിവയെല്ലാം ഉൾക്കൊള്ളുന്നതാണ് പഞ്ചായത്ത്. വളക്കൂറില്ലാത്ത മണ്ണും വ്യവസായിക പുരോഗതിക്ക് വിഘാതം നിൽക്കുന്ന ഭൂപ്രകൃതിയും പഞ്ചായത്തിൻെറ വികസന സാധ്യതകൾക്ക് വിലങ്ങുതടിയിയിത്തീരുകയാണ്.

വികസന പ്രകിയ പ്രാവർത്തികമാക്കണമെങ്കിൽ വിഭവം അത്യന്താപേക്ഷിതമാണ്. പഞ്ചായത്തിൻെറ സമഗ്രവികസനത്തിന് ഉപയുക്തമാകുന്ന രൂപത്തിൽ മനുഷ്യ-പ്രകൃതി വിഭവങ്ങളെ ഉദ്ഗ്രഥനപ്പെടുത്തുകയെന്ന കർമ്മമാണ് ആസൂത്രണ പ്രക്രിയയിലൂടെ നാം ഏറ്റെടുക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് ഇവിടെ വിഭവസാധ്യതകളെപ്പറ്റി ചിന്തിക്കുന്നത്.

ഈ പഞ്ചായത്ത് കാർഷികപ്രധാനമായ ദരിദ്ര-പിന്നോക്ക മേഖലയാണ്. ആദ്യകാലങ്ങളിൽ തെരുവപ്പുല്ല്, കാപ്പി, നെല്ല് എന്നിവയിൽ നിന്നുള്ള വരുമാനം മാത്രമാണ് ഉണ്ടായിരുന്നത്. അദ്ധ്വാന പ്രകിയ നിർവഹിച്ചിരുന്നത് മുഖ്യമായും കാർഷികമേഖലയിലാണ്. വ്യവസായ മേഖലയിൽ തോട്ടംവ്യവസായം ഒഴികെ കാര്യമായി മറ്റൊന്നുമില്ല. തേറ്റമല തേയില പ്ലാൻേറഷൻ ഈ പഞ്ചായത്തിലാണ് കൂടാതെ ചെറുതും വലുതുമായ 12 ഓളം പ്ലാൻേറഷനുകളാണ് ഇവിടെയുള്ളത്. ധനകാര്യസ്ഥാപനങ്ങളുടെയും മറ്റും വരവോടെ ചില ചെറുകിട വ്യവസായയൂനിറ്റുകളും മറ്റും പ്രവർത്തിക്കുന്നതൊഴിച്ചാൽ വ്യവസായരംഗത്ത് മനുഷ്യാദ്ധ്വാനം നിർവഹിക്കുന്ന മേഖലകൾ കാര്യമായി ഇല്ല. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആശുപത്രികൾ സർക്കാർ ഓഫീസുകൾ മുതലായ സേവന മേഖലയിലും ചെറിയ ഒരു വിഭാഗം ജനതയുടെ കർമ്മശേഷി വിനിയോഗിക്കപ്പെടുന്നുണ്ട്.

## വനവിഭവം

ഇതിൽ പ്രധാനമായും തേൻ, ചൂരൽ, പന്തം, പച്ചമരുന്ന്, മുള, ഈറ്റ, തഴ, ചീനിക്ക മുതലായവയാണ്. പ്രകൃതി, വിഭവവിഭാഗത്തിലെ പാറ, മണൽ, ചെങ്കല്ല് മുതലായവയും വിഭവ ഇനങ്ങളാണ്. ആകെ പഞ്ചായത്തിന്റെ ഭൂവിസ്തൃതിയുടെ 44.44 ശതമാനമാണ് ജനവാസയോഗ്യമായിട്ടുള്ളത്.

മനുഷ്യാദ്ധ്വാനത്തിലൂടെ കാർഷിക മേഖലയിൽ കൂടുതൽ വിഭവസമാഹരണം നടക്കുന്നു. തോട്ടം മേഖലയിലെ ലാഭം മറ്റും പഞ്ചായത്തിന് പുറത്തേക്ക് ഒഴുകുന്നു. തോട്ടം ഉടമകളിൽ മുഴു വൻ പേരും പഞ്ചായത്തിന് പുറത്തുള്ളവരാണ്.

## ധനകാര്യസ്ഥാപനങ്ങൾ

ഈ പഞ്ചായത്തിൽ പ്രധാനമായും രണ്ട് ധനകാര്യസ്ഥാപനങ്ങൾ ഉണ്ട്. ഒന്ന് കനറാബേങ്ക് രണ്ട് സഹകരണബേങ്ക്. അതിൽ കനാറാബേങ്ക് കാർഷികവും വ്യാവസായികവുമായ രംഗങ്ങളിൽ ഉപാധികളുടെ അടിസ്ഥാനത്തിൽ വായ്പകൾ നൽകിവരുന്നു. പ്രത്യുല്പാദനപരമായ കാര്യങ്ങൾക്ക് മാത്രമാണ് വായ്പ നൽകുന്നത്. തൊണ്ടർനാടിന്റെ പ്രവർത്തന പരിധിയിലുള്ള ബേങ്ക് എന്ന നിലയിൽ സാമ്പത്തിക പ്രധാന്യം അർഹിക്കുന്നു.

വിവിധ വാർഡുകളിൽ നിന്നായി ഏകദേശം 500 പേർ വിദേശത്ത് വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ട്. വിദേശത്ത് തൊഴിലെടുക്കുന്നവർ അയക്കുന്ന പണം (NRI Accounts കനറാ ബേങ്കിൽ ലഭിക്കുന്നുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും ജില്ലകളിൽനിന്നും നിർമ്മാണ മേഖലയിൽ തൊഴിലാളികൾ കടന്നുവരികയും, അദ്ധ്വാനം നിർവഹിക്കുകയും ചെയ്യുന്നു. ഇവർക്ക് ലഭിക്കുന്ന വേതനം ധനരൂപത്തിലും മറ്റും പഞ്ചായത്തിന് പുറത്തേക്ക് പ്രവഹിക്കുന്നു. ഇതിലൂടെ ഈ പ്രദേശത്തെ തൊഴിലാളികളുടെ സാധ്യത കുറയുകയും പ്രത്യുല്പാദന പ്രക്രിയയിലൂടെ നേടാൻ കഴിയുന്ന വരുമാനം കുറയുകയും ചെയ്യുന്നു. നേരെമറിച്ചും അതായത് ഇവിടങ്ങളിൽനിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് കാർഷിക തൊഴിലാളികളുടെ പ്രവാഹവും സംഭവിക്കുന്നുണ്ട്. ഇത് ചില പ്രത്യേക സമയങ്ങളിൽ ഈ പഞ്ചായത്തിലെ അദ്ധ്വാനരംഗത്തുള്ള വിഭവസമാഹരണത്തിലെ സന്തുലനാവസ്ഥ തകിടം മറിക്കുന്നു.

| വായ്പ | നിക്ഷേപം |
|---|---|
| കനറാ ബേങ്ക് | സഹകരണ ബേങ്ക് |
| ആകെ വായ്പ: 2,96,65,000<br>വ്യവസായം: 4,50,000<br>കാർഷികം: 2,45,00,000<br><br>കൃഷി: 39,27,620/-<br>മറ്റു വായ്പകൾ:4,84,000/- | 1,85,00,000/-<br>(6500 Accounts)<br>NRI-55,00,000/-<br>(500 Accounts)<br>ഓഹരി നിക്ഷേപം<br>അംഗീകൃത അംഗസംഖ്യ: 4254<br>അംഗീകൃത ഓഹരിതുക:9,05,000/- |

ധനകാര്യ സംസ്ഥാനങ്ങളിലെ വായ്പാ നിക്ഷേപ അനുപാതം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വികസനപ്രവർത്തനങ്ങളിൽ സഹകരണമേഖലയുടെ പങ്കാളിത്തവും പ്രാതിനിധ്യവും അനിവാര്യമാക്കേണ്ടതാണ്. ഐക്യത്തോടെയുള്ള പദ്ധതി ആസുത്രണം ചെയ്യുകയാണെങ്കിൽ വിവിധ തുറകളിൽ മൂലധനം നിക്ഷേപിക്കുന്നതിന് സഹകരണ സ്ഥാപനങ്ങളെ പഞ്ചായത്തിന് ആശ്രയിക്കാവുന്നതാണ്. കാർഷിക മേഖലയിലും ഭവന നിർമ്മാണ മേഖലയിലും മറ്റും സഹകരണസ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതികൾക്ക് രൂപം കൊടുക്കേണ്ടത് അത്യാവശ്യമാണ്.

മേൽപ്പറഞ്ഞ ബേങ്കുകളിലെ നിക്ഷേപ സമാഹരണങ്ങളിലൂടല്ലാതെ, പോസ്റ്റ് ഓഫീസ്, എൽ ഐ സി തുടങ്ങിയ സ്ഥാപനങ്ങളിലൂടെയും റജിസ്റ്റർ ചെയ്യാത്ത ചിട്ടികളിലൂടെയും ജനങ്ങൾ പണം സമാഹരിക്കുന്നുണ്ട്. നിയമാനുസൃതമല്ലാത്ത ചിട്ടി ഇടപാടുകൾ വഴി പൊതുഖജനാവിന് സാമ്പത്തിക നഷ്ടം സംഭവിക്കുന്നു. സഹകരണ മേഖലയിൽ പാൽ സംഭരിക്കുന്ന 4 കേന്ദ്രങ്ങളാണ് പഞ്ചായത്തലുള്ളത്. ഇവയുടെ സേവനം എല്ലാ പ്രദേശങ്ങളിലെ ജനങ്ങൾക്കും ലഭ്യമല്ല. ഇന്ദിരാ വികാസ് പത്രയിലൂടെ സമാഹരിക്കുന്ന തുകയുടെ ഒരു നിശ്ചിത വിഹിതം പഞ്ചായത്തിന് അർഹതപ്പെട്ടതാണ്. ഈ രംഗത്ത് കൂടുതൽ നിക്ഷേപകരെ കണ്ടെത്താൻ ശ്രമിക്കുന്നതിലൂടെ പഞ്ചാദയത്തിൻെറ വികസനപ്രവർത്തനങ്ങൾക്ക് മൂലധനം സ്വരൂപിക്കാൻ കഴിയുന്നതാണ്.

## ഫാർമേഴ്സ് റിലീഫ് ഫോറം

കടക്കെണിയിൽ അകപ്പെടുന്ന വ്യവസായ കാർഷിക സംരംഭകർക്ക് താങ്ങായി പ്രവർത്തിക്കുന്ന ഒരു സംഘടനയാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഫാർമേഴ്സ് റിലീഫ് ഫോറം. 220 രൂപയാണ് അംഗത്വഫീസ്. ഇതിലൂടെ സമാഹരിക്കുന്ന തുക മൂലധനമായി ഉപയോഗിക്കപ്പെടുന്നു. തൊണ്ടർനാട് പഞ്ചായത്തിലെ ശാഖക്ക് 300 അംഗങ്ങളുണ്ട്. വായ്പാ തുക അടക്കാൻ കഴിയാതെ വരുമ്പോൾ ഫോറം പണമടച്ച് ലോൺ പുതുക്കി എടുത്തുകൊടുക്കുന്നു. കടക്കെണിയിലകപ്പെടുന്ന സംരംഭകന് വലിയ ഒരളവുവരെ ആശ്വാസം പകരാൻ ഇതിലൂടെ കഴിയുന്നു. ഇതിൻെറ പ്രവർത്തനം ബേങ്കുകൾക്കും സഹായകമാകുന്നു. ഇതുമൂലം ബേങ്കുകൾക്ക് എളുപ്പത്തിൽ വായ്പ കൊടുക്കുവാൻ കഴിയും.

## പഞ്ചായത്തിൻെറ വരുമാനം

നമ്മുടെ പഞ്ചായത്തിന് സ്വന്തമായി ധനാഗമ മാർഗങ്ങൾ കാര്യമായി ഒന്നും ഇല്ലെന്ന് തന്നെ പറയാം. ഗവർമെണ്ടിൽനിന്നും വിവിധ ഇനങ്ങളിലായി ലഭിക്കുന്ന ഗ്രാൻറുകളെ ആശ്രയിച്ചാണ് ഇവിടത്തെ വികസന പ്രവർത്തനങ്ങൾ നടത്തപ്പെടുന്നത്. 1990-91 വർഷത്തിലും 1995-96 വർഷത്തിലും പഞ്ചായത്തിന് വിവിധ ഇനങ്ങളിലായി ഉണ്ടായിട്ടുള്ള വരവ്-ചെലവ് ഇനങ്ങളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| ഇനം | 1991-92 ലെ വരവ് | 1995-96 ലെ വരവ് |
|---|---|---|
| **വരവ്** | | |
| കെട്ടിട നികുതി | 52337.88 | 150235.00 |
| തൊഴിൽ നികുതി | 42128.00 | 94775.00 |
| കന്നുകാലി പൗണ്ട് വരവ് | 525.00 | – |
| ലൈസൻസ് ഫീസ് | 6233.00 | 8007.25 |
| പി എഫ് എ ലൈസൻസ് ഫീസ് | 646.00 | 806.00 |
| നോട്ടീസ് ഫീസ് | 667.25 | 539.50 |
| മണൽ ലേലം | 30800.00 | 181800.00 |
| വസ്തു കൈമാറ്റ നികുതി | 169377.00 | 223867.00 |
| വിവിധയിനം ഗ്രാൻറുകൾ | 566942.00 | 1199835.00 |
| നിക്ഷേപങ്ങൾ | – | 285759.00 |
| മറ്റു വരവുകൾ | 32621.96 | 454628.50 |
| ആകെ | 9022278.09<br>========== | 2600252.25<br>=========== |
| **ചെലവ്** | | |
| ഭരണപരമായ ചെല്വ് | 192775.20 | 421742.00 |
| പൊതുപ്രവൃത്തികൾ | 102190.44 | 812959.00 |
| വിദ്യാഭ്യാസം | 6895.00 | 98786.85 |
| പൊതുജനാരോഗ്യം കുടിവെള്ളം | 9870.00 | 22370.00 |
| മറ്റിനം ചെലവുകൾ | 283988.80 | 1088106.90 |
| ആകെ | 595739.44<br>========== | 2443964.75<br>============ |

1990-91 കാലയളവിൽ ജീവനക്കാരുടെ ശമ്പളത്തിനുപോലും സർക്കാർ ഗ്രാൻറുകളെ ആശ്രയിക്കേണ്ടിവന്നിരുന്ന നമ്മുടെ പഞ്ചായത്തിന് ഇന്ന് അതിൽനിന്നും ചെറിയ മാറ്റം വന്നിട്ടുണ്ടെന്ന് കാണാവുന്നതാണ്. അന്നത്തേക്കാൾ മൂന്നിരട്ടി വരുമാനവർദ്ധനവുണ്ടായിട്ടുണ്ട്. പഞ്ചായത്തുകളുടെ പ്രധാന വരുമാന മാർഗമായ വിനോദനികുതി നമ്മുടെ പഞ്ചായത്തിൽ തീരെ ലഭിക്കുന്നില്ല. പഞ്ചായത്തിൽ സിനിമാശാല ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല. അതുപോലെ തന്നെ ജനസാന്ദ്രത കുറഞ്ഞ പ്രദേശമായതിനാലും തദ്ദേശവാസികളിൽ ഭൂരിഭാഗവും ദരിദ്രജന വിഭാഗമായതിനാലും സർക്കസ്സ്, കാർണിവെൽ, ട്രേഡ് ഫെയർ തുടങ്ങിയ മാർഗങ്ങളിലൂടെയുള്ള നികുതി വരുമാനവും തീരെയില്ല.

90-91 ൽ ആകെ വരവിൻെറ 21% തുക ഭരണപരമായ ചെലവുകൾക്ക് വിനിയോഗിച്ചിരുന്നെങ്കിൽ 95-96-ല അത് 16% ആയി കുറഞ്ഞിട്ടുണ്ട്. ഇത് തീർച്ചയായും നല്ല ഒരു പ്രവണതയാണ് കാണിക്കുന്നത്. ഭരണച്ചെലവ് കുറയുന്നതിലൂടെ പ്രസ്തുത തുക മറ്റുവികസന മേഖലകളിലേക്ക് ഉപയോഗിക്കാൻ സാധിക്കുന്നതാണ്. ഇക്കാരണത്താൽ തന്നെ 90-91 -ൽ ആകെ വരുമാനത്തിൻെറ 18.25% തുക മാത്രം പൊതുപ്രവൃത്തികൾക്ക് ചെലവാക്കാൻ കഴിഞ്ഞപ്പോൾ 95-96-ൽ അത് 33.26% ആയി വർദ്ധിച്ചു. പൊതുജനാരോഗ്യം വിദ്യാഭ്യാസം എന്നീ മേഖലകളിലും ചെലവഴിക്കാൻ സാധിച്ച തുകയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

പഞ്ചായത്ത്രാജ് നിയമം നടപ്പിൽ വന്നപ്പോൾ വിവിധ വകുപ്പുകൾ മുഖേന പഞ്ചായത്തിന് ഫണ്ട് ലഭിച്ച വരുന്നുണ്ട്. ഇങ്ങനെ ലഭിക്കുന്ന ഫണ്ടിൽ വലിയ ഒരു ഭാഗം തുക വിനിയോഗിക്കുന്നതിനായി പദ്ധതികൾ ആസൂത്രണം ചെയ്യുന്നതിനുള്ള അധികാരവും പഞ്ചായത്തിനുണ്ട്. എന്നാൽ ഇന്നുള്ള നിയമപ്രകാരം പഞ്ചായത്തിൻെറ സാഹചര്യങ്ങളും സാധ്യതകളും കണക്കിലെടുത്ത് യഥേഷ്ടം പദ്ധതി ആസൂത്രണം ചെയ്യാൻ പഞ്ചായത്തുകൾക്ക് സാധ്യമല്ല. ഫണ്ട് അനുവദിക്കുന്ന ഡിപ്പാർട്ടുമെൻറുകൾ നിർദേശിക്കുന്ന പദ്ധതികൾക്ക് മാത്രമാണ് പണം വിനിയോഗിക്കാൻ സാധിക്കുന്നത്. ഇത് നിശ്ചയമായും ആസൂത്രണ പ്രവർത്തനങ്ങളുടെ അടിസ്ഥാന തത്വങ്ങൾക്ക് യോജിക്കുന്നതല്ല.

1995-96 വർഷത്തിൽ വിവിധ വകുപ്പുകളിൽ നിന്നും പഞ്ചായത്തിന് ലഭിച്ച തുക താഴെ കാണിക്കുന്നു.

കൃഷി: 42,930/-രൂപ
മൃഗസംരക്ഷണം: 4,244/-
പി ഡബ്ല്യൂ ഡി : 2,68,000/-
ആരോഗ്യം: 1,32,003/-
ഹരിജനക്ഷേമം : 34086/-
ക്ഷീരവികസനം : 5,100/-
----------
ആകെ: 4,86,363/-
=======

വർഷംതോറും താൽക്കാലിക പാലങ്ങളുടെയും ഗ്രാമീണ റോഡുകളുടെയും അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തിൽനിന്നും ചെലവാക്കുന്ന തുക ആകെ മരാമത്ത് പണികൾക്ക് ചെലവാക്കുന്നതിൻെറ 30 ശതമാനത്തോളം വരും. ഇത് തികച്ചും അനാശാസ്യമായ ഒരു പ്രവണതയാണ്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി സാധ്യതയുള്ള സ്ഥലങ്ങളിലെല്ലാം തന്നെ സ്ഥിരം പാലങ്ങൾ നിർമ്മിക്കുകയാണ് ഇതിന് ഒരു പരിഹാരമാർഗം. അതുപോലെ ഓരോ പ്രദേശത്തെയും ഗ്രാമീണ റോഡുകൾ പ്രദേശവാസികളായ ജനങ്ങളുടെയും അവിടെ പ്രവർത്തിക്കുന്ന സന്നദ്ധസംഘടനകളുടെയും കൂട്ടായ ശ്രമദാനങ്ങളിലൂടെ വർഷംതോറും അറ്റകുറ്റപ്പണി നടത്തുവാൻ പ്രേരിപ്പിക്കുന്നതിലൂടെ പഞ്ചായത്ത് ഈ ഇനത്തിൽ ചെലവാക്കുന്ന തുക കൂടി ഇതര നിർമ്മാണ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കാവുന്നതാണ്. ഓരോ പ്രദേശത്തും റോഡുകളുടെയും പാലങ്ങളുടെയും സംരക്ഷണത്തിനായി സന്നദ്ധസേന രൂപീകരിച്ച് അവ സംരക്ഷിക്കുന്നതിനാവശ്യമായ മനുഷ്യാദ്ധ്വാനം ഇപ്രകാരം രൂപീകൃതമാകുന്ന സേനകൾ മുഖാന്തിരം സ്വരൂപിക്കാൻ സാധിക്കും.

## പ്രശ്നങ്ങൾ

1) വികസന പ്രവർത്തനങ്ങൾക്കാവശ്യമായ ധനാഗമന മാർഗങ്ങൾ പഞ്ചായത്തിനില്ല.

2) വിനോദ നികുതി, ചന്തനികുതി, വാഹനനികുതി, ലാൻറ് സെസ് എന്നീ നികുതികൾ പഞ്ചായത്തിനില്ല.

3) ടൂറിസം സാദ്ധ്യതയുള്ള പഞ്ചായത്താണെങ്കിലും ഈ മേഖലയിൽ മുതൽമുടക്കാനുള്ള സാമ്പത്തിക ശേഷി പഞ്ചായത്തിനില്ല.

4) വനവിഭവങ്ങൾ, മണൽ, കരിങ്കല്ല് എന്നിവയുടെ ഉപയോഗപ്പെടുത്തലിലൂടെയുള്ള സാമ്പത്തിക സാദ്ധ്യത പഞ്ചായത്തിന് രപയോജനപ്പെടുത്താൻ കഴിയുന്നില്ല.

5) പുറമ്പോക്ക് ഭൂമി വ്യക്തികൾ അനധികൃതമായി കൈവശപ്പെടുത്തി കൃഷി നടത്തുന്നു.

6) മാനുഷിക വിഭവം സേവനതലത്തിൽ ഏകോപിപ്പിക്കുവാൻ കഴിയുന്നില്ല.

7) സഹകരണ മേഖലകളിലെ സാദ്ധ്യതകളെ ചൂഷണം ചെയ്യാൻ കഴിയുന്നില്ല.

8) വിദേശ തൊഴിലാളികളുടെ വരുമാനം പഞ്ചായത്തിന് ഉപയോഗപ്പെടുത്തുവാൻ സാധിക്കുന്നില്ല.

9) ശാസ്ത്രീയമായ നികുതിഘടനയുടെ അഭാവത്തിൽ പഞ്ചായത്തിന് നികുതി നഷ്ടം സംഭവിക്കുന്നു.

10) മനുഷ്യരുടെ കർമ്മശേഷിയെ വികസനപ്രവർത്തനങ്ങളിൽ വേണ്ടവിധം വിനിയോഗിക്കാൻ കഴിയുന്നില്ല.

## പരിഹാരങ്ങൾ, നിർദ്ദേശങ്ങൾ

1) തൊഴിൽസേന: എല്ലാ മേഖലകളിലും അദ്ധ്വാനം നിർവഹിക്കുവാൻ കഴിയുന്ന സന്നദ്ധ സേവകരുടെ ഒരു തൊഴിൽസേന കെട്ടിപ്പടുക്കണം. ഇതിന് താൽപ്പര്യമുള്ളവരുടെ പേർവിവരം പഞ്ചായത്തിൽ റജിസ്റ്റർ ചെയ്യണം.

2) ആഴ്ചചന്തകൾ സ്ഥാപിക്കുക മൂലം പഞ്ചായത്തിന് വരുമാനമുണ്ടാക്കാൻ കഴിയും.

3) കുറ്റിച്ചിറ, മീൻമുട്ടിപോലുള്ള ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ചെറിയ മുതൽമുടക്കിയാൽ ക്രമേണ ഒരു വലിയ വരുമാനമാക്കിയെടുക്കാൻ കഴിയും. കൂടാതെ ടൂറിസം പ്രോത്സാഹിപ്പിക്കാൻ വേണ്ടി പഞ്ചായത്ത് തല സമിതി ഉണ്ടാക്കുക.

4) കരിങ്കൽ ക്വാറികൾ സ്വകാര്യ മേഖലക്ക് നൽകാതെ പഞ്ചായത്തിൻെറ മേൽനോട്ടത്തിൽ വികസിപ്പിക്കുക.

5) പുറമ്പോക്ക് ഭൂമി അനധികൃത കൈവശക്കാരിൽ നിന്നും ഒഴിപ്പിച്ചെടുത്ത് തഴ, ഈറ്റ, ചൂരൽ എന്നിവ വെച്ചുപിടിപ്പിച്ചാൽ അത് കുട്ടവട്ടി നിർമ്മാണം, തഴപ്പായ നിർമ്മാണം മുതലായ കുടിൽവ്യവസായ സംരംഭങ്ങൾക്ക് അസംസ്കൃത പദാർഥങ്ങളായി ഉപയോഗപ്പെടുത്തുകയും അതേസമയം പഞ്ചായത്തിന് വരുമാന മാർഗമായിത്തീരുകയും ചെയ്യും.

6) നിലവിൽ മാംസവ്യവസായത്തിന് വിൽപ്പന ലൈസൻസ് മാത്രമേ സംരംകർ വാങ്ങുന്നുള്ളു. ഇത് അറവുശാലകൾക്ക് കൂടി ബാധകമാക്കണം.

7) വിദേശ തൊഴിലാളികളുടെ വരുമാനം പഞ്ചായത്തിലെ പ്രത്യുല്പാദന പരമായ മേഖലകളിൽ നിക്ഷേപിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.

8) അതത് പ്രദേശത്തെ തൊഴിൽ അതത് പ്രദേശത്തെ തൊഴിലാളികൾക്ക് നൽകുന്നതിനായി പ്രാദേശിക തൊഴിൽ സഹകരണ സംഘങ്ങളുടെ രൂപീകരണം നടത്തണം. (ലേബർ കോൺട്രാക്ട് സൊസൈറ്റി)

9) പരമ്പരാഗത വ്യവസായങ്ങൾ പഞ്ചായത്തിൻെറ നേതൃത്വത്തിൽ പ്രോത്സാഹിപ്പിക്കുകയും അവരുടെ ഉല്പന്നങ്ങൾക്ക് കേന്ദ്രീകൃത വിപണനസൗകര്യം നൽകുകയും ചെയ്യണം.

10) നികുതി നഷ്ടം ഒഴിവാക്കുന്നതിനായി പഞ്ചായത്തിൻെറ നികുതിഘടന

പരിഷ്ക്കരിക്കണം.

11) പഞ്ചായത്ത് പുറമ്പോക്കിലുള്ള ഉണങ്ങിയ മരങ്ങൾ പഞ്ചായത്ത് നേരിട്ട് ശേഖരിച്ച് വിൽപ്പന നടത്തുക.

12) പഞ്ചായത്ത് അധീനതയിലുള്ള തരിശ് ഭൂമികളിൽ ജനകീയ സമിതികളുടെ സഹകരണത്തോടെ മരംവെച്ച് പിടിപ്പിക്കുക. മരത്തിന് കേടുവരാതെ പച്ചിലവളം ശേഖരിക്കുന്നതിനുള്ള അവകാശം കർഷകർക്ക് നൽകുക. (ജനകീയ ആസൂത്രണ സമിതികളുടെ ശ്രദ്ധ അനിവാര്യം) വളത്തിന് വില ഈടാക്കണം.

13) പഞ്ചായത്ത് വക പുഴ, തോട് വക്കുകളിൽ തഴ, ഈറ്റ ചൂരൽ ഇവ നട്ടുപിടിപ്പിക്കുകയും കൈത്തൊഴിലുകളുടെ സഹകരണ സംഘത്തിന് നൽകുകയും അസംസ്കൃത വസ്ത്തുക്കളുടെ വില ഈടാക്കുകയും ചെയ്യുക.

14) പഞ്ചായത്ത് സ്റ്റേഡിയം ഉപയോഗ്യമാക്കി പൊതുപരിപാടികൾക്ക് നൽകുകയും അവരിൽനിന്ന് വാടക ഈടാക്കുകയും ചെയ്യാം.

15) പഞ്ചായത്തിലെ സ്വകാര്യ ആശുപത്രികൾ അൺ എയിഡഡ് സ്കൂളുകൾ, പാരലൽ കോളേജുകൾ ടൈപ്പ് റൈറ്റിംഗ് ഇൻസ്റ്റിട്ടൂകൾ എന്നിവക്ക് നികുതി ഏർപ്പെടുത്തുക.

16) വീട്ടുനികുതി ശാസ്ത്രീയമായി പുനഃസംഘടിപ്പിക്കുകയും നിർമ്മാണച്ചെലവ്, ആഡംബരം, വിസ്തീർണ്ണം ഇവ പരിശോധിച്ച് നികുതി ചുമത്തുക. വ്യക്തമായ മാനദണ്ഡുകൾ ആവിഷ്ക്കരിച്ച ഉടമയെ ബോദ്ധ്യപ്പെടുത്തുക.

17) റോഡുകളുടെ അരികിൽ മരംവെച്ച് പിടിപ്പിക്കുക. പ്രത്യേകിച്ചും ഫലവൃക്ഷങ്ങൾ, ഫലങ്ങൾ വരുമാന മാർഗമാവും.

18) സാംസ്കാരിക നിലയത്തോട് ചേർത്തുള്ള ഹാൾ പൊതുപരിപാടികൾക്ക് വടകക്ക് നൽകുക.

19) ജനപങ്കാളിത്തത്തോടെ കോട്ടയിൽ തിറ നടത്തുകയും അതോടൊപ്പം ചന്തയും മറ്റ് രപദർശനങ്ങളും സംഘടിപ്പിക്കുക. അല്ലെങ്കിൽ കൊയ്ത്ത് കഴിയുമ്പോൾ ഏതെങ്കിലും പാടത്ത് ചന്തയും കാർണിവല്ലും നടത്തുക.

20) ജനകീയ സമിതികൾ ഏറ്റെടുത്തു നടത്തുന്ന പണികൾക്കാവശ്യമായ വിഭവങ്ങൾ (മണൽ, കരിങ്കല്ല് ഇവ സൗജന്യനിരക്കിൽ ലഭ്യമാക്കുക.

21) വർഷാവർഷങ്ങളിൽ പുഴക്ക് കുറുകെ താൽക്കാലിക പാലങ്ങൾ നിർമ്മിക്കുന്നതിന് ജനപങ്കാളിത്തത്തോടെ കഴിയുന്നത്ര സ്ഥലങ്ങളിൽ സ്ഥിരപാലങ്ങളാക്കുക.

22) റജിസ്റർ ചെയ്യപ്പെട്ട ക്ലബ്ബുകൾക്കായി 58,080 രൂപ വർഷാവർഷം പഞ്ചായത്ത് ദിനപത്രങ്ങൾ നൽകുന്നതിനായി ചെലവാക്കുന്നു. ഇത് ക്ലബ്ബുകളുടെ പൊതുപ്രവർത്തനത്തിൻെറ അടിസ്ഥാനത്തിൽ ഗ്രേഡുകളാക്കുകയും ഗ്രേഡുകൾക്കനുസരിച്ച് ഗ്രാൻറ് അനുവദിക്കുകയും ചെയ്യുക.

വികസന പ്രശ്നങ്ങൾക്ക് അവസാനമില്ല.

വികസന പ്രവർത്തനങ്ങൾക്കും.

ആസൂത്രണത്തിലും നിർവ്വഹണത്തിലും വന്ന

അപാകതകൾ മൂലം സമൂഹത്തിൻെറ

വികസന സങ്കല്പവും വികലമായിത്തീർന്നിരിക്കുന്നു.

സമൂഹത്തിൻെറ മുന്നോട്ടുള്ള കുതിപ്പിന്

ആക്കം കൂട്ടുന്ന പ്രക്രിയക്ക് നാന്ദികുറിക്കാനും

ഒരു പുത്തൻ വികസന സങ്കല്പം കരുപ്പിടിപ്പിക്കാനും

ജനകീയാസൂത്രണ പ്രസ്ഥാനത്തിന്

കരുത്തേകാനും ഈ രേഖ

മാർഗദർശകമാകുമെന്ന വിശ്വാസത്തോടെ.............

| വാർഡ് | | ജനസംഖ്യ | | എസ്.സി | | | എസ്.ടി. | | തൊഴിലുള്ളവർ | | തൊഴിൽ രഹിതർ | | സാക്ഷരത | |
|---|---|---|---|---|---|---|---|---|---|---|---|---|---|---|
| | സ്ത്രീ | പു | ആകെ | | | സ്ത്രീ | പു | | പു | സ്ത്രീ | | പു | സ്ത്രീ | |
| I | 1037 | 1034 | 2071 | 54 | 777 | 235 | 439 | 6074 | 563 | 790 | 1351 | 729 | 570 | 1299 |
| II | 1377 | 1429 | 2866 | 36 | 651 | 228 | 698 | 9026 | 667 | 1061 | 1738 | 1054 | 895 | 1952 |
| III | 863 | 982 | 1845 | 11 | 213 | 61 | 408 | 469 | 504 | 730 | 1234 | 760 | 534 | 1294 |
| IV | 1416 | 1358 | 2774 | 27 | 392 | 213 | 593 | 96 | 552 | 1135 | 1787 | 1011 | 9029 | 1940 |
| V | 1092 | 1050 | 2142 | 21 | 197 | 132 | 385 | 517 | 557 | 920 | 1477 | 798 | 703 | 1501 |
| VI | 842 | 921 | 1763 | 101 | 388 | 190 | 434 | 624 | 481 | 650 | 1131 | 721 | 576 | 1297 |
| VII | 996 | 969 | 1965 | 82 | 287 | 198 | 497 | 695 | 458 | 766 | 1224 | 761 | 913 | 1474 |
| VIII | 1039 | 1071 | 2160 | 86 | 361 | 230 | 568 | 798 | 499 | 782 | 1281 | 812 | 706 | 1518 |
| IX | 1034 | 1079 | 2113 | 51 | 445 | 165 | 527 | 692 | 538 | 777 | 1315 | 842 | 715 | 1557 |
| ആകെ | 9746 | 9833 | 19639 | 469 | 3711 | 1652 | 4547 | 6199 | 4929 | 7611 | 12540 | 7488 | 6344 | 13832 |

അവലംബം 1991 ലെ സെൻസസ് റിപ്പോർട്ട്

ജനപ്രകൃതി



"നമ്മൾക്ക് മുമ്പോട്ടു മുമ്പോട്ടു പോയ്
നന്മയോ തിന്മയോ നേടാമൊപ്പം
കേരളത്തിന്റെ വിളർപ്പുമാറ്റി-
ച്ചേരട്ടെ വർണ്ണശബളതകൾ
കുറും പൊരുത്തവുമൊത്ത നമ്മൾ
തോളിൽ കയ്യിട്ടേ നടന്നുകൂടൂ."

-ഇടശ്ശേരി
(ഇസ്ലാമിലെ വന്മല)



തൊണ്ടർനാട് ഗ്രാമപഞ്ചായത്ത്
വാർഡ് ഭൂപടം
കണ്ണൂർ ജില്ല
കോഴിക്കോട് ജില്ല
തവിഞ്ഞാൽ ഗ്രാമപഞ്ചായത്ത്
വെള്ളമുണ്ട ഗ്രാമപഞ്ചായത്ത്
I കുഞ്ഞോം
VIII കരിമ്പിൽ
IX പാലേരി
VII മക്കിയാട്
VI പുതുശ്ശേരി
IV വെള്ളിലാടി
V തേറ്റമല
II നിരവിൽപുഴ
III കോറോം
X കുട്ടപ്പാറ
പ്രധാനറോഡുകൾ
വാർഡുകളുടെ അതിർത്തി
പഞ്ചായത്ത് അതിർത്തി
കോഴിക്കോട്



അധികാരം ജനങ്ങളിലേക്ക്

അച്ചടി: ദേശാഭിമാനി പ്രസ്സ്, കോഴിക്കോട്